# സുറിയാനി സഭയുടെ
# ശ്ലീഹാ വായനകൾ

സുറിയാനി സഭയുടെ ഔദ്യോഗിക വേദപുസ്തകം സുറിയാനി പെഷീത്തായാണല്ലോ. ആരാധനഭാഷ സുറിയാനിയായിരിക്കുന്ന സഭ, ആരാധനയിൽ അതിൽനിന്നുള്ള തർജ്ജമയാണ് ഉപയോഗിക്കേണ്ടത്. അത് എളുപ്പത്തിൽ ഇന്ന് ലഭ്യമല്ല. അതുകൊണ്ട് അതു ലഭ്യമാക്കാനുള്ള ഒരു എളിയ പരിശ്രമമാണിത്.

മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ സുറിയാനി പെഷീത്തായിൽ നിന്ന് മലയാളത്തിലേക്ക് തർജ്ജമ ചെയ്ത പുതിയ നിയമത്തിൽ നിന്നാണ് (കോനാട്ട് അബ്രഹാം കത്തനാർ പ്രസിദ്ധീകരിച്ചത്) ഈ ശ്ലീഹാ വായനപ്പടിഭാഗം ക്രമപ്പെടുത്തിയിരിക്കുന്നത്. (എന്നാൽ അനിവാര്യമായി തോന്നിയ നേരിയ വ്യത്യാസം ഭാഷയിൽ വരുത്തിയിട്ടുണ്ട്.) പഴയ വായനപ്പടിപ്രകാരമുള്ള ഭാഗങ്ങൾ സാധാരണ അക്ഷരത്തിൽ ചേർത്തിരിക്കുന്നു. വായനപ്പടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ സുന്നഹദോസ് നടത്തിയ പരിഷ്കരണമനുസരിച്ച് വ്യത്യാസമുള്ള വായനഭാഗങ്ങൾ ഉണ്ടെങ്കിൽ അത് ഇറ്റാലിക്സ് അക്ഷരങ്ങളിലും കൊടുത്തിരിക്കുന്നു.

പഠനത്തിനും പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി കൊത്തിനേ ഞായര്റാഴ്ച മുതൽ പുതുഞായറാഴ്ച വരെയുള്ള ഭാഗങ്ങൾ മാത്രം ഇവിടെ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**പി.തോമസ്, പിറവം.**

## 31
# കൊത്നെ ഞായറാഴ്ച
## വി.കുർബ്ബാന

പ്രവൃത്തി 11:19-26

എന്നാൽ എസ്തേപ്പാനോസിന്റെ മേൽ ഉണ്ടായ പീഡനം മൂലം ചിതറിപ്പോയവരോ യീഹൂദന്മാരോടല്ലാതെ മറ്റാരോടും വചനം സംസാരിക്കാതെ പൂനീക്കി, കുപ്രോസ്, അന്ത്യോഖ്യാ, എന്നീ ദേശങ്ങൾ വരെ വ്യാപിച്ചു. അവരിൽ ചിലർ കുപ്രോസ്കാരും കുറീനിക്കാരും ആയിരുന്നു. അവർ അന്ത്യോഖ്യായിൽ പ്രവേശിച്ച് യവനന്മാരോട് നമ്മുടെ കർത്താവായ യേശുവിനെ കുറിച്ച് പ്രസംഗിച്ചു. കർത്താവിന്റെ കൈയ് അവരിലുണ്ടായിരുന്നു. വളരെപ്പേർ വിശ്വസിച്ച് കർത്താവിങ്കലേക്ക് തിരിയുകയും ചെയ്തു. ഈ വർത്തമാനം ഊർശ്ലേമിലുള്ള സഭക്കാരുടെ ചെവിയിലെത്തിയപ്പോൾ അവർ ബർന്നാബായെ അന്ത്യോഖ്യായിലേക്കയച്ചു. അവൻ അവിടെ ചെന്ന് ദൈവകൃപ കണ്ട് സന്തോഷിക്കയും, പൂർണ്ണഹൃദയത്തോടെ കർത്താവിൽ ചേർന്നിരിക്കണമെന്ന് അവരോടപേക്ഷിക്കയും ചെയ്തു. എന്തെന്നാൽ അവൻ നല്ല മനുഷ്യനും, പരിശുദ്ധാത്മാവുകൊണ്ടും വിശ്വാസംകൊണ്ടും നിറഞ്ഞവനുമായിരുന്നു. വളരെ ജനങ്ങൾ കർത്താവിൽ ചേരുകയും ചെയ്തു. പിന്നെ അവൻ ശാവോലിനെ അന്വേഷിപ്പാനായിട്ട് തർസോസിലേക്കു പുറപ്പെട്ടു. അവനെ കണ്ടുപിടിച്ച് അന്ത്യോഖ്യായിലേക്കു കൂട്ടിക്കൊണ്ടു പോന്നു. ഒരു സംവത്സരം മുഴുവനും അവർ സഭയിൽ ഒരുമിച്ചു താമസിച്ച് അനേകജനങ്ങളെ പഠിപ്പിച്ചു. അതുമുതൽ-ആദ്യമായി-അന്ത്യോഖ്യായിൽ വച്ച് ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്ന് പേരുണ്ടായി.

*(അല്ലെങ്കിൽ വെളിപാട് 2:1-7)*

*എപ്പേസ്സോസിലെ സഭയുടെ ദൂതന് എഴുതുക. ഏഴു നക്ഷത്രങ്ങളെ വലതുകൈയിൽ പിടിച്ചിരിക്കുന്നവനായി ഏഴു പൊൻവിളക്കുതണ്ടുകളുടെ മദ്ധ്യേ സഞ്ചരിക്കുന്ന സർവ്വശക്തൻ ഇങ്ങനെ പറയുന്നു. നിന്റെ പ്രവൃത്തികളും പ്രയത്നവും സഹിഷ്ണുതയും ദുഷ്ടന്മാരെ വഹിപ്പാൻ നിനക്കു കഴിവില്ലെന്നുള്ളതും ശ്ലീഹന്മാരല്ലാതിരിക്കേ തങ്ങൾ ശ്ലീഹന്മാരാണെന്ന് തന്നത്താൻ പറയുന്നവരെ പരീക്ഷിച്ച് അവരെ അസത്യവാദികളായി നീ കണ്ടു എന്നുള്ളതും നിനക്കു സഹിഷ്ണുതയുണ്ടെന്നുള്ളതും എന്റെ നാമത്തിനു വേണ്ടി നീ (വളരെയൊക്കെ) സഹിച്ചിട്ടും ക്ഷീണിച്ചുപോകാതിരുന്നതും ഞാൻ അറിയുന്നു. എങ്കിലും നീ നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നൊരു കുറ്റം എനിക്കു നിന്നെപ്പറ്റിയുണ്ട്. ആകയാൽ എവിടെ നിന്നാണ് നീ പതിച്ചതെ*

*ന്നോർത്ത് പശ്ചാത്തപിച്ച് ആദ്യകർമ്മങ്ങളെ അനുഷ്ഠിക്കുക. അല്ലെ ങ്കിൽ, നീ പശ്ചാത്താപപ്പെടാതിരുന്നാൽ, ഞാൻ അതിവേഗം നിന്റെ അടുക്കൽ വന്ന് നിന്റെ വിളക്കുതണ്ടിനെ അതിന്റെ സ്ഥാനത്തു നിന്ന് നീക്കം ചെയ്യും. എന്നാൽ നീക്കൊലാവോസുകാരുടെ പ്രവൃത്തികളെ വെറുക്കുന്നു എന്നുള്ള (നന്മ) നിന്നിലുണ്ട്. ഞാനും അവയെ വെറു ക്കുന്നു. ആത്മാവ് സഭകളോട് എന്തുപറയുന്നു എന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ എന്റെ ദൈവത്തിന്റെ പറുദൈസാ യിലുള്ള ജീവവൃക്ഷത്തിൽ നിന്ന് (ഫലം) ഭക്ഷിപ്പാൻ കൊടുക്കും.*

എഫേസ്യർ 4:17–32

ഞാൻ കർത്താവിനെ സാക്ഷീകരിച്ചുകൊണ്ട് പറയുന്നതെന്തന്നാൽ: വ്യർത്ഥബുദ്ധികളായി നടക്കുന്ന മറ്റു വിജാതികളെപ്പോലെ ഇനിമേൽ നിങ്ങൾ നടക്കരുത്. അവർ അജ്ഞതകൊണ്ടും ഹൃദയാന്ധതകൊണ്ടും തമോഹൃദയരായിത്തീർന്നിട്ട് ദൈവികജീവനിൽ നിന്ന് അകന്നുപോ യിരിക്കുന്നു. അവർ പ്രത്യാശയെ വിട്ട് അത്യാശ മൂലം മലിനതയിലും അശുദ്ധകർമ്മങ്ങളിലും തങ്ങളെ സമർപ്പിച്ചുകളഞ്ഞു. നിങ്ങൾ മിശി ഹായെ ഗ്രഹിച്ചത് അപ്രകാരമല്ല. പിന്നെയോ, സത്യമായും അവിട ത്തെക്കുറിച്ച് നിങ്ങൾ കേട്ടും തന്നിൽ സത്യം സ്ഥിതി ചെയ്യുന്നു എന്ന് നിങ്ങൾ പഠിക്കയും ചെയ്യുന്നു. നിങ്ങളുടെ ആദ്യനടപടികളെ, വഞ്ച നാപരങ്ങളായ അത്യാഗ്രഹങ്ങളാൽ മലിനപ്പെടുത്തുന്ന പുരാതന പുരു ഷനെ, നിങ്ങളിൽനിന്ന് അകറ്റുവിൻ. ആന്തരികമായി നിങ്ങൾ പുതു ക്കപ്പെടുവിൻ! ദൈവത്താൽ സത്യനീതിക്കും വിശുദ്ധിക്കും അനുരൂപ മായി സൃഷ്ടിക്കപ്പെട്ട നൂതനപുരുഷനെ ധരിക്കയും ചെയ്‌വിൻ. ആയ തുകൊണ്ട് നിങ്ങൾ അസത്യതയെ നിങ്ങളിൽനിന്ന് തള്ളിക്കളഞ്ഞ് ഓരോരുവനും അവനവന്റെ അയൽവാസിയോടു സത്യം സംസാരി പ്പിൻ. എന്തെന്നാൽ നാം പരസ്പരം അവയവ പ്രത്യവയവങ്ങളാകു ന്നു. കോപിച്ചാലും പാപം ചെയ്യരുത്. നിങ്ങൾ കോപികളായിരിക്കെ (തന്നെ) സൂര്യൻ അസ്തമിക്കാനിടയാകരുത്. ആകൽക്കറൂസായ്ക്ക് ഇട കൊടുക്കയുമരുത്. മോഷ്ടാവ് മേലിൽ മോഷ്ടിക്കരുത്. പിന്നെയോ അപേക്ഷിക്കുന്നവനു ദാനം ചെയ്‌വാൻകൂടി ഉണ്ടാകുവാൻ തക്കവിധം സ്വന്തകൈകൊണ്ട് പ്രയത്നിക്കയും നന്മ ചെയ്കയും വേണം. കേൾക്കു ന്നവർക്ക് കൃപ ലഭിക്കത്തക്കതും നല്ലതും അഭിവൃദ്ധിക്കുതകു ന്നതുമല്ലാതെ നിങ്ങളുടെ വായിൽനിന്ന് ഒരു ദൂഷണവചനവും പുറ പ്പെടരുത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾ ദുഃഖിപ്പിക്കരു ത്. അതിനാലാണല്ലോ, രക്ഷാദിവസത്തിനായി നിങ്ങൾ മുദ്രിതരായി രിക്കുന്നത്. സകല കാഠിന്യവും കോപവും ക്രോധവും കലഹവും

നിന്ദയും സകല തിന്മകളും നിങ്ങളിൽ നിന്ന് നീക്കപ്പെടണം. നിങ്ങൾ പരസ്പരം ദയാലുക്കളും കരുണയുള്ളവരുമായിരിപ്പിൻ. ദൈവം മിശിഹാ മുഖാന്തരമായി നമ്മോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിക്കുന്നവരുമായിരിപ്പിൻ.

*(കൊലേസ്യർ 3:1–17)*

*നിങ്ങൾ മിശിഹായോടുകൂടി പുനരുത്ഥാനം ചെയ്തുവെങ്കിൽ മിശിഹായുടെ ഇരിപ്പിടമായ ദൈവത്തിന്റെ വലതുഭാഗത്തെ, മുകളിലുള്ളതിനെ, അന്വേഷിപ്പിൻ. ഭൂമിയിലുള്ളതിനെയല്ല, മുകളിലുള്ളതിനെത്തന്നെ ചിന്തിപ്പിൻ. എന്തെന്നാൽ നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ മിശിഹായോടുകൂടി ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ മിശിഹാ പ്രത്യക്ഷപ്പെടുമ്പോൾ നിങ്ങളും അവിടത്തോടൊരുമിച്ച് പ്രഭാവത്തോടുകൂടി പ്രത്യക്ഷപ്പെടും. ആകയാൽ നിങ്ങളുടെ ഭൗമികാവയവങ്ങളായ വ്യഭിചാരം, അശുദ്ധി, ദുർവ്വികാരങ്ങൾ, ദുർമ്മോഹം, വിഗ്രഹാരാധനയ്ക്കു തുല്യമായ അത്യാഗ്രഹം എന്നിവയെ ഹനിക്കുവിൻ! ഇവ നിമിത്തമായിട്ടാകുന്നു അനുസരണമില്ലാത്ത മക്കളുടെമേൽ ദൈവകോപം വരുന്നത്. നിങ്ങളും മുമ്പ് അവയിൽ വർത്തിക്കയും ചരിക്കയും ചെയ്തിരുന്നു. ഇപ്പോൾ കോപം, ക്രോധം, ദുഷ്ടത, ദൂഷണം, അശുദ്ധസംഭാഷണം, എന്നിവയെല്ലാം നിങ്ങളിൽ നിന്ന് അകറ്റുവിൻ! നിങ്ങൾ അന്യോന്യം പൊളി പറയരുത്; പിന്നെയോ പൂർവ്വപുരുഷനെ, അവന്റെ സർവ്വ നടപടികളോടും കൂടി, പരിത്യജിക്കയും സ്രഷ്ടാവിന്റെ സാദൃശ്യത്തിൽ ജ്ഞാനത്താൽ പുതുതാക്കപ്പെടുന്ന നൂതനപുരുഷനെ ധരിക്കയും ചെയ്വിൻ. അവിടെ യീഹൂദനെന്നും പുറജാതിയെന്നുമില്ല. ചേലയെന്നും ചേലയില്ലായ്മയെന്നുമില്ല. യവനനെന്നും ബർബ്ബരനെന്നുമില്ല. ദാസനെന്നും സ്വതന്ത്രനെന്നുമില്ല. സകലരിലും സകലവും മിശിഹാ തന്നെ. ആകയാൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരെപ്പോലെ വിശുദ്ധരും വത്സലരുമായി മനസ്സലിവും കൃപയും ദയയും മനോവിനയവും ശാന്തതയും ദീർഘസഹിഷ്ണുതയും ധരിച്ചുകൊൾവിൻ! പരസ്പരം സഹിക്കയും ക്ഷമിക്കയും ചെയ്വിൻ! ഒരുവന് തന്റെ സഖാവിനോട് നീരസമുണ്ടെങ്കിൽ, മിശിഹാ നിങ്ങളോടു ക്ഷമിച്ചതുപോലെ തന്നെ, ക്ഷമിക്കണം. ഇവയ്ക്കെല്ലാറ്റിനും പുറമേ പരിപൂർണ്ണതാബന്ധമാകുന്ന സ്നേഹവും ഉണ്ടായിരിക്കണം. ഏകശരീരമായി തങ്കലേക്കു നിങ്ങൾ ആരാൽ വിളിക്കപ്പെട്ടുവോ, ആ മിശിഹായുടെ സമാധാനം നിങ്ങളുടെ ഹൃദയത്തെ നയിക്കട്ടെ. അവിടത്തെ വചനം സർവ്വജ്ഞാനസമൃദ്ധമായി നിങ്ങളിൽ സ്ഥിതിചെയ്യുവാൻ വേണ്ടി മിശിഹായെ സ്തുതിക്കുവിൻ. സങ്കീർത്തനങ്ങളാലും സ്തുതി*

*കളാലും ആത്മിയഗീതങ്ങളാലും നിങ്ങൾ പരസ്പരം പഠിപ്പിക്കയും ഉപദേശിക്കയും ചെയ്‌വിൻ. നന്ദിയോടുകൂടി ഹൃദയം കൊണ്ട് നിങ്ങൾ ദൈവത്തിനു കീർത്തനം പാടുകയും ചെയ്യുവിൻ. വാചാ കർമ്മണാ നിങ്ങൾ ചെയ്യുന്ന സകലവും നമ്മുടെ കർത്താവായ യേശുമിശിഹാ യുടെ നാമത്തിലായിരിക്കട്ടെ. അദ്ദേഹം മുഖാന്തരമായി പിതാവായ ദൈവത്തെ സ്തുതിക്കയും ചെയ്യുവിൻ.*

## 32

## വലിയ നോമ്പിലെ ഒന്നാം തിങ്കളാഴ്ച

### പ്രഭാതം

യാക്കോബ് 1:2-12

സഹോദരന്മാരേ! ബഹുലങ്ങളും വിവിധങ്ങളുമായ പരീക്ഷണങ്ങ ളിൽ അകപ്പെടുമ്പോൾ നിങ്ങൾ പൂർണ്ണസന്തോഷമുള്ളവരായിരിക്ക ണം. എന്തെന്നാൽ വിശ്വാസപരിശോധന ക്ഷമയെ *(സ്ഥിരത)* ഉണ്ടാ ക്കുന്നുവെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങൾ പൂർണ്ണരും തികഞ്ഞവരും ഒന്നിലും കുറവില്ലാത്തവരുമായിരിപ്പാൻ ആ ക്ഷമ *(സ്ഥി രത)* പൂർണ്ണകർമ്മയുക്തവുമായിരിക്കണം. നിങ്ങളിൽ ഒരുവനു ജ്ഞാനം കുറവാണെങ്കിൽ അവൻ ഭർത്സിക്കാതെ എല്ലാവർക്കും ധാരാ ളമായി ദാനം ചെയ്യുന്ന ദൈവത്തോടു യാചിക്കട്ടെ. അവനു ലഭിക്കും. അവൻ നിസ്സംശയം വിശ്വാസപൂർവ്വം യാചിക്കണം. എന്തെന്നാൽ സംശ യിക്കുന്നവൻ കാറ്റടിച്ച് ഇളകുന്ന കടലിലെ തിരമാലയ്ക്കു സദൃശനാ കുന്നു. ഉള്ളിൽ സംശയിച്ചും എല്ലാ മാർഗ്ഗങ്ങളിലും കുഴങ്ങിയും ഇരി ക്കുന്നവനായ മനുഷ്യന് കർത്താവിൽനിന്ന് എന്തെങ്കിലും ലഭിക്കുമെന്ന് വിചാരിക്കേണ്ട. വിനീതനായ സഹോദരൻ തന്റെ ഉയർച്ചയിലും, ധന വാൻ തൃണപുഷ്പംപോലെ പൊഴിഞ്ഞുപോകുന്നവനാകയാൽ തന്റെ താഴ്മയിലും അഭിമാനിക്കട്ടെ. സൂര്യൻ ചൂടോടുകൂടി ഉദിച്ച് പുല്ലിനെ ഉണക്കുന്നു. പൂവ് വീണു പോകുന്നു. അതിന്റെ രൂപസൌന്ദര്യം നശി ക്കയും ചെയ്യുന്നു. അങ്ങനെതന്നെ ധനവാനും സ്വന്തനടപടികൾ മൂലം വാടിപ്പോകും. പരീക്ഷകളെ സഹിക്കുന്ന മനുഷ്യൻ ധന്യനാകുന്നു. പരിശോധിക്കപ്പെട്ട ശേഷം, തന്നെ സ്നേഹിക്കുന്നവർക്കായി ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള ജീവകിരീടം അവനു ലഭിക്കുന്നു.

റോമർ 1:18-25

സത്യത്തെ അനീതികൊണ്ട് അടയ്ക്കുന്ന മനുഷ്യരുടെ സകല അനീ തിക്കും ദുഷ്ടതയ്ക്കുമെതിരായി സ്വർഗ്ഗത്തിൽനിന്ന് ദൈവകോപവും വെളിപ്പെടുന്നു.

എന്തുകൊണ്ടെന്നാൽ ദൈവം തന്നെക്കുറിച്ച് അറിയപ്പെടേണ്ടവ അവർക്കു പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളതുകൊണ്ട് അവർക്ക് അതു വിശദമായിട്ടുള്ളതാണ്. അവിടത്തെ അദൃശ്യവ്യാപാരങ്ങളും ശക്തിയും നിത്യദൈവത്വവും ലോകാരംഭം മുതലേ അവന്റെ സൃഷ്ടികൾക്ക് ആന്തരീയമായി പ്രത്യക്ഷപ്പെടുന്നു. അത് അവർക്ക് ഒഴികഴിവിന് വകയില്ലാതിരിപ്പാൻ വേണ്ടിയുമാകുന്നു. അവർ ദൈവത്തെ അറിഞ്ഞിരുന്നിട്ടും ദൈവത്തിന് അനുയോജ്യമാംവിധം സ്തുതിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ വ്യർത്ഥചിന്തകരായിത്തീർന്നു. വിവേകശൂന്യമായ അവരുടെ ഹൃദയം അന്ധമായി പോകയും ചെയ്തു. അവർ സ്വയം ജ്ഞാനികളെന്ന് അഭിമാനിച്ചുകൊണ്ട് ഭോഷരായും തീർന്നു. അക്ഷയനായ ദൈവത്തിന്റെ മഹത്ത്വത്തെ നശ്വരനായ മനുഷ്യന്റെ സ്വരൂപ പ്രതിമയായും, പക്ഷിയുടെയും നാല്ക്കാലിമൃഗത്തിന്റെയും ഭൂമിയിലെ ഇഴജന്തുക്കളുടെയും പ്രതിമയായും, മാറ്റിക്കളകയും ചെയ്തു. ആയതുകൊണ്ട് അവരെക്കൊണ്ടുതന്നെ അവരുടെ ശരീരങ്ങളെ അപമാനിപ്പിക്കുവാൻ തക്കവണ്ണം ദൈവം അവരെ അവരുടെ ഹൃദയത്തിലെ അശുദ്ധമോഹങ്ങൾക്കായിത്തന്നെ വിട്ടുകൊടുത്തു. അവർ ദൈവത്തിന്റെ സത്യത്തെ അസത്യമായി മാറ്റിക്കളകയും. സൃഷ്ടാവിനെക്കാളധികമായി സൃഷ്ടികളെ ആരാധിച്ചു ഭജിക്കയും ചെയ്തു. അവിടത്തേക്കു സ്തുതിയും വന്ദനവും ശാശ്വതമായിരിക്കട്ടെ. ആമ്മീൻ.

## ശുബ്ക്കോനൊ ശുശ്രൂഷ

1 യോഹന്നാൻ 4:11–21

പ്രിയരേ! ദൈവം ഇങ്ങനെ നമ്മെ സ്നേഹിച്ചുവെങ്കിൽ നാമും പരസ്പരം സ്നേഹിപ്പാൻ ചുമതലപ്പെട്ടവരാകുന്നു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. എന്നാൽ നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. അവിടത്തെ സ്നേഹം നമ്മിൽ പൂർണ്ണമായിരിക്കയും ചെയ്യും. നാം തന്നിലും അവിടന്ന് നമ്മിലും വസിക്കുന്നുവെന്ന് ഇതിനാൽ നമുക്കറിയാം. അവിടന്ന് സ്വന്ത ആത്മാവിനെ നമുക്കു തന്നിരിക്കുന്നു. പിതാവ് സ്വപുത്രനെ ലോകരക്ഷിതാവായി അയച്ചുവെന്ന് ഞങ്ങൾ കണ്ടു. അതിന് ഞങ്ങൾ സാക്ഷ്യം വഹിക്കയും ചെയ്യുന്നു. യേശു ദൈവപുത്രനാകുന്നുവെന്ന് സമ്മതിക്കുന്ന ഏവരിലും ദൈവം വസിക്കുന്നു. അവൻ ദൈവത്തിലും വസിക്കുന്നു. ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം വിശ്വസിച്ചും അറിഞ്ഞുമിരിക്കുന്നു. ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്ന ഏവനും ദൈവത്തിൽ വസിക്കുന്നു. ന്യായവിധിദിവസത്തിൽ നമുക്കു മുഖപ്രസാദമുണ്ടാകുമെന്നുള്ളതിനാൽ അവിടത്തെ സ്നേഹം നമ്മിൽ പൂർണ്ണമായിരിക്കു

ന്നു. എന്തെന്നാൽ അവിടന്ന് ഇരുന്നതുപോലെതന്നെ നാമും ലോക ത്തിൽ ഇരിക്കുന്നു. സ്നേഹത്തിൽ ഭയം സ്ഥിതിചെയ്യുന്നില്ല. പിന്നെയോ പൂർണ്ണസ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു. അപക ടാവസ്ഥയിലാണ് ഭയം സ്ഥിതിചെയ്യുന്നത്. ഭയപ്പെടുന്നവൻ സ്നേഹ പൂർണ്ണനല്ല. ആകയാൽ ദൈവം ആദ്യം നമ്മെ സ്നേഹിച്ചതിനാൽ നാമും തന്നെ സ്നേഹിക്കണം. ഒരുവൻ ദൈവത്തെ സ്നേഹി ക്കുന്നുവെന്ന് പറകയും തന്റെ സഹോദരനെ ദ്വേഷിക്കയും ചെയ്താൽ അവൻ കള്ളനാകുന്നു. എന്തെന്നാൽ ദൃശ്യനായ സഹോദരനെ സ്നേഹിക്കാത്തവന് അദൃശ്യനായ ദൈവത്തെ സ്നേഹിപ്പാൻ എങ്ങനെ കഴിയും? ദൈവത്തെ സ്നേഹിക്കുന്ന ഏവനും സ്വസഹോ ദരനെയും സ്നേഹിക്കണമെന്നുള്ള ഈ കല്പന നാം അവിടന്നിൽ നിന്ന് സ്വീകരിച്ചിരിക്കുന്നു.

1 കൊരിന്ത്യർ 13:4-10

സ്നേഹം ദീർഘസഹിഷ്ണുതയുള്ളതും ദയവുള്ളതുമാകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല. സ്നേഹം കലഹിക്കുന്നില്ല. ഗർവ്വിക്കു ന്നില്ല. അതു നിന്ദ്യമായതു പ്രവർത്തിക്കുന്നില്ല. തൻകാര്യം അന്വേഷി ക്കുന്നില്ല. നീരസപ്പെടുന്നില്ല. ദൂഷ്യമായിട്ടുള്ളതു വിചാരിക്കുന്നുമില്ല. അത് അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കു ന്നു. അത് സകലവും സഹിക്കുന്നു. സകലവും വിശ്വസിക്കുന്നു. സക ലവും ആശംസിക്കുന്നു. സകലവും അനുഭവിക്കുന്നു. സ്നേഹം ഒരി ക്കലും അധഃപതിക്കയില്ല. ദീർഘദർശനങ്ങൾ ഇല്ലാതായിപ്പോകും. ഭാഷകൾ നിന്നുപോകും. അറിവ് മാഞ്ഞുപോകും. നാം അറിയുന്നത് ഭാഗികം മാത്രമാണ്. നമ്മുടെ ദീർഘദർശനവും ഭാഗികമാണ്. പൂർണ്ണ മായിട്ടുള്ളത് വരുമ്പോൾ ഭാഗികം മാത്രമായിരുന്നത് മാഞ്ഞുപോകും.

*(1 കൊരിന്ത്യർ 13:1-13)*

*ഞാൻ മനുഷ്യരുടെയും മാലാഖമാരുടെയും ഭാഷകളിൽ സംസാ രിച്ചാലും പ്രേമവിഹീനനായിരുന്നാൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ പോലെ ആയിപ്പോകും. എനിക്കു ദീർഘ ദർശിത്വം ഉണ്ടാവുകയും, സകല രഹസ്യങ്ങളെയും സകല ജ്ഞാന ത്തെയും ഞാൻ ഗ്രഹിക്കയും, പർവ്വതങ്ങളെ മാറ്റുവാൻ തക്കവണ്ണ മുള്ള പൂർണ്ണവിശ്വാസം എന്നിലുണ്ടാവുകയും ചെയ്താലും ഞാൻ സ്നേഹവിഹീനനായിരുന്നാൽ നിസ്സാരൻ തന്നെ. ദരിദ്രർക്ക് അന്ന ദാനം ചെയ്‌വാനായി എനിക്കുള്ള സർവ്വസ്വവും ചെലവഴിച്ചാലും ദഹി പ്പിക്കുവാനായി സ്വശരീരത്തെ നല്കിയാലും ഞാൻ സ്നേഹവിഹീന നാണെങ്കിൽ (അവയെല്ലാംകൊണ്ടും) എനിക്കൊരു പ്രയോജനവുമി*

*ല്ല.* സ്നേഹം ദീർഘസഹിഷ്ണുതയുള്ളതും ദയവുള്ളതുമാകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല. സ്നേഹം കലഹിക്കുന്നില്ല. ഗർവ്വിക്കുന്നില്ല. അതു നിന്ദ്യമായതു പ്രവർത്തിക്കുന്നില്ല. തൻകാര്യം അന്വേഷിക്കുന്നില്ല. നീരസപ്പെടുന്നില്ല. ദൂഷ്യമായിട്ടുള്ളതു വിചാരിക്കുന്നുമില്ല. അത് അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. അത് സകലവും സഹിക്കുന്നു. സകലവും വിശ്വസിക്കുന്നു. സകലവും ആശംസിക്കുന്നു. സകലവും അനുഭവിക്കുന്നു. സ്നേഹം ഒരിക്കലും അധഃപതിക്കയില്ല. ദീർഘദർശനങ്ങൾ ഇല്ലാതായിപ്പോകും. ഭാഷകൾ നിന്നുപോകും. അറിവ് മാഞ്ഞുപോകും. നാം അറിയുന്നത് ഭാഗികം മാത്രമാണ്. നമ്മുടെ ദീർഘദർശനവും ഭാഗികമാണ്. പൂർണ്ണമായിട്ടുള്ളത് വരുമ്പോൾ ഭാഗികം മാത്രമായിരുന്നത് മാഞ്ഞുപോകും. *ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിക്കയും ശിശുവിനെപ്പോലെ വിചാരിക്കയും ശിശുവിനെപ്പോലെ ആലോചിക്കയും ചെയ്തിരുന്നു. എന്നാൽ ഞാൻ പുരുഷനായപ്പോൾ ചെറുപ്പത്തിലെ സ്ഥിതികൾ വിട്ടുകളഞ്ഞു. ഇപ്പോൾ നാം കണ്ണാടിയിൽകൂടി എന്നപോലെ അസ്പഷ്ടമായി കാണുന്നു. അപ്പോഴാകട്ടെ അഭിമുഖമായി കാണാം. ഇപ്പോൾ ഞാൻ അംശം മാത്രമായി അറിയുന്നു. അപ്പോഴാകട്ടെ അറിയപ്പെടേണ്ടപ്രകാരം അറിയും. വിശ്വാസം, പ്രത്യാശ, സ്നേഹം, എന്നീ മൂന്നും നിലനില്ക്കുന്നതാകുന്നു. ഇവയിൽ സ്നേഹമാകുന്നു മഹത്തായിട്ടുള്ളത്.*

## 33

## നോമ്പിലെ ഒന്നാം ചൊവ്വാഴ്ച

## പ്രഭാതം

യാക്കോബ് 1:13-24

ഒരുവൻ പരീക്ഷിക്കപ്പെടുമ്പോൾ, ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നവെന്ന് പറയരുത്. എന്തെന്നാൽ ദൈവം തിന്മകളാൽ പരീക്ഷിക്കപ്പെടാത്തവനും ആരെയും പരീക്ഷിക്കാത്തവനുമാകുന്നു. ഒരോരുത്തരും പരീക്ഷിക്കപ്പെടുകയും മോഹിക്കയും ആകർഷിക്കപ്പെടുകയും ചെയ്യുന്നത് അവനവന്റെ അഭിലാഷം മൂലമാകുന്നു. ഈ അഭിലാഷം ഗർഭം ധരിച്ചിട്ട് പാപത്തെ പ്രസവിക്കുന്നു. പാപം വളർന്നിട്ട് മരണത്തെയും പ്രസവിക്കുന്നു. എന്റെ വത്സലസഹോദരന്മാരേ, നിങ്ങൾ വഴിതെറ്റിപ്പോകരുത്. ഉത്തമവും പൂർണ്ണവുമായ ഏതു ദാനവും, ഒരു അവസ്ഥാന്തരമോ പരിവർത്തന നിഴലോ ഇല്ലാത്തവനായ പ്രകാശങ്ങളുടെ പിതാവിൽനിന്ന് - മുകളിൽനിന്ന് - ഇറങ്ങുന്നു. അവിടത്തെ സൃഷ്ടികളിൽ നാം ആദ്യഫലമായി തീരുമാറ് സ്വയം ഇഷ്ടപ്പെട്ട് സത്യ

വചനത്താൽ അവിടന്ന് നമ്മെ ജനിപ്പിച്ചിരിക്കുന്നു. എന്റെ വത്സലസഹോദരന്മാരേ, നിങ്ങൾ ഓരോരുത്തനും കേൾക്കുന്നതിന് തിടുക്കവും പറയുന്നതിനും കോപിക്കുന്നതിനും താമസവും ഉള്ളവരായിരിക്കണം. എന്തെന്നാൽ മനുഷ്യകോപം ദൈവനീതിയെ ആചരിക്കുന്നില്ല. ആയതിനാൽ എല്ലാ അശുദ്ധിയും ദോഷാധിക്യവും നീക്കി കളഞ്ഞിട്ട് നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തവും നമ്മുടെ സ്വഭാവത്തിൽ നട്ടതുമായ വചനത്തെ സവിനയം സ്വീകരിപ്പിൻ.

വചനത്തിന് കേവലം കേൾവിക്കാരായിരിക്കാതെ കർമ്മകാരികളുമായിരിപ്പിൻ. നിങ്ങൾ ആത്മവഞ്ചന ചെയ്യരുത്. ഒരുവൻ വചനത്തിന് കർമ്മകാരിയായിരിക്കാതെ കേവലം കേൾവിക്കാരനായിരുന്നാൽ അവൻ കണ്ണാടിയിൽ സ്വമുഖത്തെ ദർശിച്ചവനു തുല്യനാകുന്നു. അവൻ തന്നെത്തന്നെ കണ്ടിട്ട് പുറപ്പെട്ട് പിന്നീട് അതെങ്ങനെയിരുന്നു എന്നുള്ളത് മറന്നുപോകുന്നു.

*(യാക്കോബ് 1:12-27)*

*പരീക്ഷകളെ സഹിക്കുന്ന മനുഷ്യൻ ധന്യനാകുന്നു. പരിശോധിക്കപ്പെട്ട ശേഷം, തന്നെ സ്നേഹിക്കുന്നവർക്കായി ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള ജീവകിരീടം അവനു ലഭിക്കുന്നു.* ഒരുവൻ പരീക്ഷിക്കപ്പെടുമ്പോൾ, ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നവെന്ന് പറയരുത്. എന്തെന്നാൽ ദൈവം തിന്മകളാൽ പരീക്ഷിക്കപ്പെടാത്തവനും ആരെയും പരീക്ഷിക്കാത്തവനുമാകുന്നു. ഒരോരുത്തരും പരീക്ഷിക്കപ്പെടുകയും മോഹിക്കയും ആകർഷിക്കപ്പെടുകയും ചെയ്യുന്നത് അവനവന്റെ അഭിലാഷം മൂലമാകുന്നു. ഈ അഭിലാഷം ഗർഭം ധരിച്ചിട്ട് പാപത്തെ പ്രസവിക്കുന്നു. പാപം വളർന്നിട്ട് മരണത്തെയും പ്രസവിക്കുന്നു. എന്റെ വത്സലസഹോദരന്മാരേ, നിങ്ങൾ വ്യതിചലിക്കരുത്. ഉത്തമവും പൂർണ്ണവുമായ ഏതു ദാനവും, ഒരു അവസ്ഥാന്തരമോ പരിവർത്തന നിഴലോ ഇല്ലാത്തവനായ പ്രകാശപിതാവിൽനിന്ന് - മുകളിൽനിന്ന് - ഇറങ്ങുന്നു. അവിടത്തെ സൃഷ്ടികളിൽ നാം ആദ്യഫലമായി തീരുമാറ് സ്വയം ഇഷ്ടപ്പെട്ട് സത്യവചനത്താൽ അദ്ദേഹം നമ്മെ ജനിപ്പിച്ചിരിക്കുന്നു. എന്റെ വത്സലസഹോദരന്മാരേ, നിങ്ങൾ ഓരോരുത്തനും കേൾക്കുന്നതിന് തിടുക്കവും പറയുന്നതിനും കോപിക്കുന്നതിനും താമസവും ഉള്ളവരായിരിക്കണം. എന്തെന്നാൽ മനുഷ്യകോപം ദൈവനീതിയെ ആചരിക്കുന്നില്ല. ആയതുകൊണ്ട് സർവ്വ മാലിന്യത്തെയും ദോഷാധിക്യത്തെയും നീക്കി കളഞ്ഞിട്ട് തങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തമായി നമ്മുടെ സ്വഭാവത്തിൽ സ്ഥാപിതമായിട്ടുള്ള വചനത്തെ സവിനയം സ്വീകരിപ്പിൻ.

വചനത്തിന് കേവലം കേൾവിക്കാരായിരിക്കാതെ കർമ്മകാരികളുമായിരിപ്പിൻ. നിങ്ങൾ ആത്മവഞ്ചന ചെയ്യരുത്. ഒരുവൻ വചനത്തിന് കർമ്മകാരിയായിരിക്കാതെ കേവലം കേൾവിക്കാരനായിരുന്നാൽ അവൻ കണ്ണാടിയിൽ സ്വമുഖത്തെ ദർശിച്ചവനു തുല്യനാകുന്നു. അവൻ തന്നെത്തന്നെ കണ്ടിട്ട് പുറപ്പെട്ട് പിന്നീട് അതെങ്ങനെയിരുന്നു എന്നുള്ളത് മറന്നുപോകുന്നു. *സ്വാതന്ത്ര്യത്തിന്റെ പൂർണ്ണമായ പ്രമാണത്തെ നോക്കി കണ്ടിട്ട് അതിൽ നിലനില്ക്കുന്നവൻ വിസ്മരണശീലനായ ശ്രോതാവല്ല. പിന്നെയോ, കർമ്മങ്ങളെ ആചരിക്കുന്നവനാകുന്നു. അവൻ സ്വകർമ്മംമൂലം ധന്യനായി ഭവിക്കയും ചെയ്യും. ഒരുവൻ ദൈവശുശ്രൂഷ ചെയ്യുന്നുവെന്ന് സ്വയം വിചാരിക്കയും തന്റെ നാവിനെ നിയന്ത്രിക്കാതെ ഹൃദയത്തെ വഞ്ചിക്കയും ചെയ്യുന്നെങ്കിൽ അവന്റെ ശുശ്രൂഷ വ്യർത്ഥമാകുന്നു. എന്തെന്നാൽ അനാഥരെയും വിധവകളെയും അവരുടെ ക്ലേശങ്ങളിൽ ദർശിക്കുന്നതും, ലോകത്തിൽനിന്ന് നിഷ്കളങ്കമായി തന്നത്താൻ കാത്തുകൊള്ളുന്നതുമാകുന്നു, പിതാവായ ദൈവത്തിന്റെ സന്നിധിയിലുള്ള നിർമ്മലവും വിശുദ്ധവുമായ ശുശ്രൂഷ*

എഫേസ്യർ 4:32–5:4; 15–21

നിങ്ങൾ പര്സപരം ദയാലുക്കളും കരുണയുള്ളവരുമായിരിപ്പിൻ. ദൈവം മിശിഹാ മുഖാന്തരമായി നമ്മോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിക്കുന്നവരുമായിരിപ്പിൻ.

ആകയാൽ വത്സലസന്താനങ്ങൾ എന്നപോലെ നിങ്ങൾ ദൈവത്തെ അനുകരിപ്പിൻ. നിങ്ങൾ സ്നേഹത്തിൽ വസിപ്പിൻ. മിശിഹായും നമ്മെ സ്നേഹിക്കയും നമുക്കു വേണ്ടി ദൈവത്തിങ്കൽ സുഗന്ധാർത്ഥകമായ ഉപഹാരവും ബലിയുമായി തന്നെത്തന്നെ സമർപ്പിക്കയും ചെയ്തുവല്ലോ.

വ്യഭിചാരം, അശുദ്ധികൾ, അത്യാഗ്രഹം ഇവയുടെ ശബ്ദം പോലും നിങ്ങളുടെ ഇടയിൽ കേൾക്കരുത്. ഇതാണ് വിശുദ്ധന്മാർക്ക് ഉചിതം. നിന്ദനങ്ങളോ, ഭോഷവചനങ്ങളോ, പരിഹാസവാക്കുകളോ, കളിവാക്കുകളോ കേൾക്കപ്പെടരുത്. ഇവ അനാവശ്യങ്ങളാകുന്നു. ഇവയ്ക്കു പകരം സ്തോത്രമാണ് വേണ്ടത്.

5:15–21

ആകയാൽ നന്നായി നടക്കുവാൻ സൂക്ഷിച്ചുകൊൾവിൻ! അജ്ഞരെപ്പോലെ ആകരുത്. ദിവസങ്ങൾ ഉപകാരപ്രദങ്ങളല്ലാത്തതുകൊണ്ട് സമയത്തെ തക്കത്തിൽ ഉപയോഗിക്കുന്ന ജ്ഞാനികളെപ്പോലെ ആയി

ത്തീരുവിൻ. ആകയാൽ നിങ്ങൾ ബുദ്ധിഹീനരാകാതെ ദൈവത്തിന്റെ ഇഷ്ടം എന്തെന്ന് മനസ്സിലാക്കുവിൻ! നാശകരമായ വീഞ്ഞിനാൽ ഉന്മത്തരാകാതെ ആത്മാവിനാൽ നിറയുവിൻ! സങ്കീർത്തനങ്ങളാലും സ്തുതികളാലും സ്വയം സംസാരിക്കുവിൻ! കർത്താവിനെ ഉദ്ദേശിച്ച് സ്വഹൃദയംകൊണ്ട് ആത്മീയഗീതങ്ങൾ പാടുവിൻ! നമ്മുടെ കർത്താവായ യേശുമിശിഹായുടെ നാമത്തിൽ എല്ലായ്പോഴും എല്ലാറ്റിനും വേണ്ടി പിതാവായ ദൈവത്തെ സ്തുതിക്കുവിൻ! മിശിഹായിലുള്ള സ്നേഹത്താൽ പരസ്പരം കീഴ്പ്പെടുകയും ചെയ്വിൻ.

*(എഫേസ്യർ 4:32-5:21)*

നിങ്ങൾ പര്സപരം ദയാലുക്കളും കരുണയുള്ളവരുമായിരിപ്പിൻ. ദൈവം മിശിഹാ മുഖാന്തരമായി നമ്മോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിക്കുന്നവരുമായിരിപ്പിൻ.

ആകയാൽ വത്സലസന്താനങ്ങൾ എന്നപോലെ നിങ്ങൾ ദൈവത്തെ അനുകരിപ്പിൻ! നിങ്ങൾ സ്നേഹത്തിൽ വസിപ്പിൻ. മിശിഹായും നമ്മെ സ്നേഹിക്കയും നമുക്കു വേണ്ടി ദൈവത്തിങ്കൽ സുഗന്ധാർത്ഥകമായ ഉപഹാരവും ബലിയുമായി തന്നെത്തന്നെ സമർപ്പിക്കയും ചെയ്തുവല്ലോ.

വ്യഭിചാരം, അശുദ്ധികൾ, അത്യാഗ്രഹം ഇവയുടെ ശബ്ദംപോലും നിങ്ങളുടെ ഇടയിൽ കേൾക്കരുത്. ഇതാണ് വിശുദ്ധന്മാർക്ക് ഉചിതം. നിന്ദനങ്ങളോ, ഭോഷവചനങ്ങളോ, പരിഹാസവാക്കുകളോ, കളിവാക്കുകളോ കേൾക്കപ്പെടരുത്. ഇവ അനാവശ്യങ്ങളാകുന്നു. ഇവയ്ക്കു പകരം സ്തോത്രമാണ് വേണ്ടത്. *വ്യഭിചാരിക്കോ, മലിനനോ, വിഗ്രഹാരാധകനായ അത്യാഗ്രഹിക്കോ മിശിഹായുടെയും ദൈവത്തിന്റെയും രാജ്യത്തിന് അവകാശമില്ലെന്നുള്ളത് നിങ്ങൾ അറിഞ്ഞുകൊൾവിൻ. വ്യർത്ഥവാക്കുകൾകൊണ്ട് ഒരുവനും നിങ്ങളെ വഞ്ചിക്കരുത്. അനുസരണമില്ലാത്ത മക്കളുടെമേൽ ദൈവകോപം പതിക്കുന്നത് ഇവ മൂലമാകുന്നു. അതുകൊണ്ട് നിങ്ങൾ അവരുടെ കൂട്ടുകാരായിരിക്കരുത്. മുമ്പേ നിങ്ങൾ അന്ധകാരമായിരുന്നു. ഇപ്പോൾ നമ്മുടെ കർത്താവു മൂലം പ്രകാശമായിരിക്കുന്നു. ആകയാൽ പ്രകാശത്തിന്റെ സന്താനങ്ങളെപോലെ നടക്കുവിൻ. എന്തെന്നാൽ പ്രകാശത്തിന്റെ ഫലം, സകല നന്മയിലും നീതിയിലും സത്യത്തിലും വെളിപ്പെടുന്നു. നമ്മുടെ കർത്താവിന്റെ സന്നിധിയിൽ പ്രസാദമാകുന്നതെന്തെന്ന് വിവേചിപ്പിൻ. നിങ്ങൾ നിഷ്ഫലങ്ങളായ അന്ധകാരകർമ്മങ്ങൾക്കു കൂട്ടുകാരാകാതെ അവയെ ശാസിക്കുവിൻ. അവർ ഗൂഢമായി പ്രവർത്തിക്കുന്നതു പറവാൻ പോലും അറയ്ക്കുന്നതാകുന്നു. സകലവും പ്രകാ*

*ശത്താൽ ശാസിക്കപ്പെടുകയും പരസ്യമായിത്തീരുകയും ചെയ്യും. വെളി പ്പെട്ടിരിക്കുന്നതെല്ലാം പ്രകാശരൂപമാകുന്നു. ഇതിനെ ഉദ്ദേശിച്ചാണ് 'ഉറങ്ങുന്നവനേ! നീ ഉണർന്ന് മരിച്ചവരുടെ ഇടയിൽനിന്ന് എഴു ന്നേൽക്കുക. മിശിഹാ നിന്നെ പ്രകാശിപ്പിക്കും' എന്ന് പറഞ്ഞിരിക്കു ന്നത്.* ആകയാൽ നന്നായി നടക്കുവാൻ സൂക്ഷിച്ചുകൊൾവിൻ! അജ്ഞരെപ്പോലെ ആകരുത്. ദിവസങ്ങൾ ഉപകാരപ്രദങ്ങളല്ലാത്തതു കൊണ്ട് സമയത്തെ തക്കത്തിൽ ഉപയോഗിക്കുന്ന ജ്ഞാനികളെപ്പോലെ ആയിത്തീരുവിൻ. ആകയാൽ നിങ്ങൾ ബുദ്ധിഹീനരാകാതെ ദൈവ ത്തിന്റെ ഇഷ്ടം എന്തെന്ന് മനസ്സിലാക്കുവിൻ! നാശകരമായ വീഞ്ഞിനാൽ ഉന്മത്തരാകാതെ ആത്മാവിനാൽ നിറയുവിൻ! സങ്കീർത്ത നങ്ങളാലും സ്തുതികളാലും സ്വയം സംസാരിക്കുവിൻ! കർത്താവിനെ ഉദ്ദേശിച്ച് സ്വഹൃദയംകൊണ്ട് ആത്മീയഗീതങ്ങൾ പാടുവിൻ! നമ്മുടെ കർത്താവായ യേശുമിശിഹായുടെ നാമത്തിൽ എല്ലായ്പോഴും എല്ലാ റ്റിനും വേണ്ടി പിതാവായ ദൈവത്തെ സ്തുതിക്കുവിൻ! മിശിഹായി ലുള്ള സ്നേഹത്താൽ പരസ്പരം കീഴ്പ്പെടുകയും ചെയ്വിൻ.

## 34

## നോമ്പിലെ ഒന്നാം ബുധനാഴ്ച

### പ്രഭാതം

യാക്കോബ് 1:22-2:5

വചനത്തിന് കേവലം കേൾവിക്കാരായിരിക്കാതെ പ്രവർത്തിക്കു ന്നവരായിരിപ്പിൻ. നിങ്ങൾ ആത്മവഞ്ചന ചെയ്യരുത്. ഒരുവൻ വചനം പ്രാവർത്തികമാക്കാതെ കേവലം കേൾവിക്കാരനായിരുന്നാൽ അവൻ കണ്ണാടിയിൽ സ്വന്തമുഖം കണ്ടവനു തുല്യനാകുന്നു. അവൻ തന്നെ ത്തന്നെ കണ്ടിട്ട് പുറപ്പെട്ട് അതെങ്ങനെയായിരുന്നെന്നുള്ളത് പിന്നീട് മറന്നുപോകുന്നു. സ്വാതന്ത്ര്യത്തിന്റെ പൂർണ്ണമായ പ്രമാണം നോക്കിക്കണ്ടിട്ട് അതിൽ നിലനില്ക്കുന്നവൻ മറവിയുള്ള ശ്രോതാവ ല്ല. പിന്നെയോ, കർമ്മങ്ങൾ ആചരിക്കുന്നവനാകുന്നു. അവൻ സ്വകർമ്മം മൂലം ധന്യനാകും. ഒരുവൻ ദൈവശുശ്രൂഷ ചെയ്യുന്നുവെന്ന് സ്വയം വിചാരിക്കയും തന്റെ നാവിനെ നിയന്ത്രിക്കാതെ ഹൃദയത്തെ വഞ്ചിക്കയും ചെയ്യുന്നെങ്കിൽ അവന്റെ ശുശ്രൂഷ വ്യർത്ഥമാകുന്നു. എന്തെന്നാൽ അനാഥരെയും വിധവകളെയും അവരുടെ ക്ലേശങ്ങളിൽ ദർശിക്കുന്നതും ലോകത്തിൽനിന്ന് നിഷ്കളങ്കമായി തന്നത്താൻ കാത്തുകൊള്ളുന്നതുമാകുന്നു പിതാവായ ദൈവത്തിന്റെ സന്നിധിയി ലുള്ള നിർമ്മലവും വിശുദ്ധവുമായ ശുശ്രൂഷ.

എന്റെ സഹോദരന്മാരേ! തേജസ്വിയായ കർത്താവായ യേശുമിശിഹായിലുള്ള വിശ്വാസത്തെ നിങ്ങൾ മുഖംനോക്കി സ്വീകരിക്കരുത്. എന്തെന്നാൽ പൊൻമോതിരങ്ങളും വിശേഷവസ്ത്രങ്ങളും ധരിച്ച് ഒരുവനും, മലിനവസ്ത്രങ്ങൾ ധരിച്ച് ഒരു ദരിദ്രനും നിങ്ങളുടെ സംഘാലയത്തിൽ പ്രവേശിച്ചുവെന്നിരിക്കട്ടെ. നിങ്ങൾ വിശേഷവസ്ത്രം ധരിച്ചവനെ നോക്കി 'നീ ഇവിടെ സുഖമായി ഇരിക്കുക' എന്നും ദരിദ്രനോട് 'നീ അങ്ങു നില്ക്കുക' എന്നോ, അല്ലെങ്കിൽ 'ഇവിടെ ഞങ്ങളുടെ പാദപീഠത്തിൻ മുമ്പിൽ ഇരിക്കുക' എന്നോ പറയുന്നപക്ഷം, അതാ, നിങ്ങൾ സ്വയം ഭേദബുദ്ധി കാണിക്കയും ദുർവ്വിചാരകരായി ഭവിക്കയും ചെയ്യുകയില്ലയോ? വത്സലസഹോദരന്മാരേ! കേൾപ്പിൻ. ദൈവം തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്തിട്ടുള്ള രാജ്യത്തിന് അവകാശികളായിരിക്കുവാൻ ലോകത്തിലെ ദരിദ്രന്മാരെയല്ലയോ വിശ്വാസസമ്പന്നരായി തിരഞ്ഞെടുത്തിട്ടുള്ളത്.

*(യാക്കോബ് 2:1-13)*

എന്റെ സഹോദരന്മാരേ! തേജസ്വിയായ കർത്താവായ യേശുമിശിഹായിലുള്ള വിശ്വാസത്തെ നിങ്ങൾ മുഖംനോക്കി സ്വീകരിക്കരുത്. എന്തെന്നാൽ പൊൻമോതിരങ്ങളും വിശേഷവസ്ത്രങ്ങളും ധരിച്ച് ഒരുവനും, മലിനവസ്ത്രങ്ങൾ ധരിച്ച് ഒരു ദരിദ്രനും നിങ്ങളുടെ സംഘാലയത്തിൽ പ്രവേശിച്ചുവെന്നിരിക്കട്ടെ. നിങ്ങൾ വിശേഷവസ്ത്രം ധരിച്ചവനെ നോക്കി 'നീ ഇവിടെ സുഖമായി ഇരിക്കുക' എന്നും ദരിദ്രനോട് 'നീ അങ്ങു നില്ക്കുക' എന്നോ, അല്ലെങ്കിൽ 'ഇവിടെ ഞങ്ങളുടെ പാദപീഠത്തിൻ മുമ്പിൽ ഇരിക്കുക' എന്നോ പറയുന്നപക്ഷം, അതാ, നിങ്ങൾ സ്വയം ഭേദബുദ്ധി കാണിക്കയും ദുർവ്വിചാരകരായി ഭവിക്കയും ചെയ്യുകയില്ലയോ? വത്സലസഹോദരന്മാരേ! കേൾപ്പിൻ. ദൈവം തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്തിട്ടുള്ള രാജ്യത്തിന് അവകാശികളായിരിക്കുവാൻ ലോകത്തിലെ ദരിദ്രന്മാരെയല്ലയോ വിശ്വാസസമ്പന്നരായി തിരഞ്ഞെടുത്തിട്ടുള്ളത്. *നിങ്ങളോ ദരിദ്രനെ അപമാനിച്ചു. ധനവാന്മാർ നിങ്ങളെ ഞെരുക്കുകയും ന്യായസ്ഥലത്തേക്കു നിങ്ങളെ വലിച്ചുകൊണ്ടുപോകയുമല്ലയോ ചെയ്യുന്നത്. നിങ്ങളിൽ വിളിക്കപ്പെട്ടിരിക്കുന്ന ഉത്തമനാമത്തെ അവരല്ലയോ ദുഷിക്കുന്നത്. തന്നെ എന്നപോലെതന്നെ തന്റെ അയല്ക്കാരനെയും സ്നേഹിക്കണമെന്ന് എഴുതപ്പെട്ടിരിക്കുന്നതനുസരിച്ച് അങ്ങനെ ദൈവികന്യായപ്രമാണത്തെ അനുഷ്ഠിക്കുന്നെങ്കിൽ നല്ലതുതന്നെ. നിങ്ങൾ പക്ഷഭേദം കാണിക്കുന്നെങ്കിൽ പാപം ചെയ്യുന്നു. നിയമലംഘകൻ എന്നപോലെ ന്യായപ്രമാണത്താൽ വിധിക്കപ്പെടുകയും ചെയ്യുന്നു.*

*എന്തെന്നാൽ ഒരുവൻ ന്യായപ്രമാണമെല്ലാം ആചരിച്ചിട്ട് ഒന്നിൽ തെറ്റു ചെയ്താൽ, മുഴുവൻ ന്യായപ്രമാണത്തിനും അപരാധിയായിത്തീരുന്നു. വ്യഭിചരിക്കരുതെന്ന് പറഞ്ഞവൻതന്നെ കൊല ചെയ്യരുതെന്നും പറഞ്ഞിട്ടുണ്ട്. നീ വ്യഭിചരിക്കുന്നില്ലെങ്കിലും കൊല ചെയ്യുന്നെങ്കിൽ നീ നിയമലംഘകനായി തീരുന്നു. സ്വാതന്ത്ര്യത്തിന്റെ പ്രമാണമനുസരിച്ച് വിധിക്കപ്പെടുവാനിരിക്കുന്ന ആളുകളെപ്പോലെ പറകയും പ്രവർത്തിക്കയും ചെയ്വിൻ. എന്തെന്നാൽ കരുണയില്ലാത്തവന്റെ മേൽ കരുണ കൂടാതെ ന്യായവിധിയുണ്ടാകും. കരുണ കൊണ്ട് നിങ്ങൾക്കു ദണ്ഡവിധിയിൽ നിന്ന് ഒഴിഞ്ഞുനില്ക്കാം.*

റോമർ 2:7–24

സൽപ്രവൃത്തികൾ ചെയ്തുകൊണ്ട് ക്ഷമയോടെ മഹത്ത്വത്തെയും ബഹുമാനത്തെയും അനശ്വരതയെയും അന്വേഷിക്കുന്നവർക്ക് അവിടന്ന് നിത്യജീവനെ നൽകുന്നു. ശാഠ്യം പിടിച്ച് സത്യത്തെ ആദരിക്കാതെ അനീതിയെ ആദരിക്കുന്നവർക്ക് കോപവും ക്രോധവും പ്രതികാരം ചെയ്യും. ദുഷ്കർമ്മിയായ ഏതൊരു മനുഷ്യനും, ആദ്യമേ യീഹൂദന്മാർക്കും പിന്നെ വിജാതികൾക്കും, ഞെരുക്കവും പീഡയുമുണ്ടാകും. സല്ക്കർമ്മിയായ ഏതൊരുവനും മഹത്ത്വവും ബഹുമാനവും സമാധാനവും ഉണ്ടാകും; ആദ്യമേ യീഹൂദർക്കും പിന്നെ പുറജാതികൾക്കും. എന്തെന്നാൽ ദൈവസന്നിധിയിൽ മുഖംനോട്ടമില്ല. ന്യായപ്രമാണമില്ലാതെ പാപം ചെയ്തവർ ന്യായപ്രമാണം കൂടാതെതന്നെ നശിക്കും. ന്യായപ്രമാണത്തിൻകീഴ് ഇരുന്നുകൊണ്ട് പാപം ചെയ്തവരാകട്ടെ ന്യായപ്രമാണം കൊണ്ടുതന്നെ വിധിക്കപ്പെടും. ന്യായപ്രമാണത്തെ കേൾക്കുന്നവരല്ല, ദൈവസന്നിധിയിൽ നീതിമാന്മാർ. പിന്നെയോ ന്യായപ്രമാണത്തെ ആചരിക്കുന്നവരാകുന്നു നീതികരിക്കപ്പെടുന്നത്.

ന്യായപ്രമാണമില്ലാത്ത വിജാതികൾ സ്വാഭാവികമായിത്തന്നെ ന്യായപ്രമാണാനുസരണം പ്രവർത്തിച്ചാൽ, ന്യായപ്രമാണമില്ലാതിരുന്നിട്ടും, അവർ തങ്ങൾക്കുതന്നെ ന്യായപ്രമാണമായിത്തീരും. അവർ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയെ തങ്ങളുടെ ഹൃദയത്തിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു. അവരുടെ വിചാരങ്ങൾതന്നെ അന്യോന്യം ശാസിക്കയോ പ്രതിപാദിക്കയോ ചെയ്കയും അവരുടെ മനഃസാക്ഷി അവരെ കുറിച്ചു സാക്ഷ്യം വഹിക്കയും ചെയ്യുന്നു. അത് എന്റെ സുവിശേഷപ്രകാരം ദൈവം യേശുമിശിഹാ മൂലം മനുഷ്യരുടെ രഹസ്യങ്ങളെ വിധിക്കുന്ന ദിവസത്തിലാകുന്നു. എന്നാൽ നീ ഒരു യീഹൂദനെന്ന് വിളിക്കപ്പെടുന്നു; ന്യായപ്രമാണത്തെ ആശ്രയിക്കുന്നു; ദൈവ

ഹിതം അറിയാമെന്നും ന്യായപ്രമാണത്തിൽ നിന്ന് പഠിച്ചിട്ടുള്ള ന്യായാ ന്യായങ്ങളെ വിവേചിക്കാമെന്നും അവിടത്തെ പേരിൽ അഭിമാനിക്കുന്നു. കുരുടർക്കു മാർഗ്ഗദർശിയും, അന്ധകാരത്തിൽ സ്ഥിതിചെയ്യുന്നവർക്കു പ്രകാശവും, ബുദ്ധിഹീനർക്ക് ഉപദേഷ്ടാവും, ബാലന്മാർക്ക് ഗുരുഭൂതനും ആണെന്നും ന്യായപ്രമാണപ്രകാരമുള്ള അറിവിന്റെയും സത്യത്തിന്റെയും മാതൃകയാണെന്നും നീ സ്വയം മതിക്കയും ചെയ്യുന്നു. അന്യരെ പഠിപ്പിക്കുന്നവനായ നീ നിന്നെത്തന്നെ പഠിപ്പിക്കുന്നില്ലല്ലോ! മോഷ്ടിക്കരുതെന്ന് പ്രസംഗിക്കുന്ന നീ തന്നെ മോഷ്ടിക്കുന്നു. വ്യഭിചരിക്കരുതെന്ന് പറയുന്ന നീ തന്നെ വ്യഭിചരിക്കുന്നു. വിഗ്രഹങ്ങളെ നിന്ദിക്കുന്ന നീ വിശുദ്ധസ്ഥലത്തെ കൊള്ള ചെയ്യുന്നു. ന്യായപ്രമാണത്തെ പ്രശംസിക്കുന്ന നീ ന്യായപ്രമാണത്തെ ലംഘിച്ചുകൊണ്ട് ദൈവത്തെ അപമാനിക്കുന്നു. എഴുതപ്പെട്ടിരിക്കുന്ന പ്രകാരം ദൈവത്തിന്റെ തിരുനാമം പുറജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നത് നിങ്ങൾ നിമിത്തമാകുന്നു.

## 35
## വലിയ നോമ്പിലെ ഒന്നാം വ്യാഴാഴ്ച
### പ്രഭാതം

യാക്കോബ് 2:14-26

സഹോദരന്മാരേ! ഒരുവൻ തനിക്കു വിശ്വാസം ഉണ്ടെന്ന് പറകയും അവനു പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ എന്തു പ്രയോജനം? അവന്റെ വിശ്വാസത്തിന് അവനെ രക്ഷിപ്പാൻ കഴിയുമോ? ഒരു സഹോദരനോ സഹോദരിയോ വസ്ത്രഹീനരായും, ദൈനംദിനാവശ്യമായ ആഹാരവിഹീനരായും ഇരിക്കയും, നിങ്ങളിൽ ഒരുവൻ അവരോട് 'നിങ്ങൾ സമാധാനത്തോടെ പോയി ചൂടേറ്റു തൃപ്തിപ്പെടുവിൻ' എന്ന് പറകയും ശരീരാവശ്യങ്ങളെ നിർവ്വഹിച്ചു കൊടുക്കാതിരിക്കയും ചെയ്താൽ എന്തു പ്രയോജനം? അപ്രകാരംതന്നെ പ്രവൃത്തിയില്ലാത്ത വിശ്വാസവും, അതു തനിച്ചാകുമ്പോൾ, മൃതമാകുന്നു. ഒരുവൻ ഇങ്ങനെ പറയും: നിനക്കു വിശ്വാസമുണ്ട്; എനിക്കു പ്രവൃത്തികളുമുണ്ട്. പ്രവൃത്തിയില്ലാത്ത നിന്റെ വിശ്വാസം എന്നെ കാണിക്കുക. എന്റെ വിശ്വാസം എന്റെ പ്രവൃത്തികൾകൊണ്ട് നിന്നെ കാണിക്കാം. ദൈവം ഏകനെന്ന് വിശ്വസിക്കുന്നുവല്ലോ. അതു നല്ലതു തന്നെ. പിശാചുക്കളും അങ്ങനെ വിശ്വസിച്ച് വിറയ്ക്കുന്നു.

ദുർബ്ബലമനുഷ്യാ! കർമ്മഹീനമായ വിശ്വാസം മൃതമാകുന്നുവെന്ന് ഗ്രഹിപ്പാൻ നീ ആഗ്രഹിക്കുന്നുവോ? നമ്മുടെ പിതാവായ അബ്രാഹാം

തന്റെ പുത്രനായ ഇസഹാക്കിനെ ബലിപീഠത്തിൽ അർപ്പിച്ച പ്രവൃത്തികൾകൊണ്ടല്ലയോ നീതീകരിപ്പെട്ടത്? അവന്റെ വിശ്വാസം അവന്റെ പ്രവൃത്തികളെ സഹായിച്ചുവെന്നും പ്രവൃത്തികൾകൊണ്ട് അവന്റെ വിശ്വാസം പൂർണ്ണമായി എന്നും നീ കാണുന്നുവല്ലോ. അബ്രാഹാം ദൈവത്തെ വിശ്വസിച്ചുവെന്നും അത് അവങ്കൽ നീതിയായി ഗണിക്കപ്പെട്ടുവെന്നും പറഞ്ഞിട്ടുള്ള തിരുവെഴുത്തു നിവർത്തിതമായി. അവൻ ദൈവവത്സലൻ എന്ന് വിളിക്കപ്പെടുകയും ചെയ്തു. (അതിനാൽ) മനുഷ്യൻ കേവലം വിശ്വാസത്താലല്ല, പ്രവൃത്തികളാൽ നീതീകരിക്കപ്പെടുന്നുവെന്ന് നിനക്കു കാണാമല്ലോ. അപ്രകാരംതന്നെ വേശ്യയായ റാഹാബും ഒറ്റുകാരെ സ്വീകരിക്കയും മറുവഴിയായി അവരെ പുറത്തുവിടുകയും ചെയ്ത പ്രവൃത്തികൾകൊണ്ടല്ലയോ നീതീകരിക്കപ്പെട്ടത്? ആത്മാവില്ലാത്ത ശരീരം മൃതമാകുന്നപ്രകാരംതന്നെ പ്രവൃത്തികളില്ലാത്ത വിശ്വാസവും മൃതമാകുന്നു.

റോമർ 2:28–3:8

പുറമേ യീഹൂദനായിരിക്കുന്നവനല്ല യീഹൂദൻ; ശരീരത്തിൽ കാണപ്പെടുന്നത് ചേലയുമല്ല. അകമേ യീഹൂദനായിരിക്കുന്നവനത്രേ യീഹൂദൻ; ചേലാകർമ്മം എന്നത് അക്ഷരപ്രകാരമമുള്ളതല്ല; ആത്മാവിൻ പ്രകാരം ഹൃദയത്തിലുള്ളതാകുന്നു. അതിന്റെ മഹത്ത്വവും മാനുഷികമല്ല; ദൈവികമാകുന്നു.

ഈ സ്ഥിതിക്ക് യീഹൂദനുള്ള വിശേഷതയെന്ത്? അഥവാ ചേലാകർമ്മം കൊണ്ടുള്ള പ്രയോജനമെന്ത്? എല്ലാവിധത്തിലും വളരെയുണ്ട്. ദൈവവചനങ്ങൾ ആദ്യം അവർക്കായിട്ടാണ് നല്കപ്പെട്ടത്. അവരിൽ ചിലർ അവിശ്വസിച്ചുവെങ്കിൽ ആ അവിശ്വാസംകൊണ്ട് അവർക്കു ദൈവത്തിന്റെ വിശ്വാസ്യതയെ ദുർബ്ബലപ്പെടുത്താമെന്നോ? പാടില്ല. ദൈവം സത്യവാനും മനുഷ്യരെല്ലാം അസത്യവാദികളുമാകുന്നു. 'നിന്റെ വചനങ്ങളിൽ നീ നീതിമാനായിരിക്കും; അവർ നിന്നെ പരിശോധിക്കുമ്പോൾ നീ നിരപരാധിയായിരിക്കും' എന്നിങ്ങനെ എഴുതപ്പെട്ടിട്ടുണ്ട്. നമ്മുടെ അനീതി ദൈവത്തിന്റെ നീതിയെ പ്രബലപ്പെടുത്തുന്നുവെങ്കിൽ എന്തു പറയേണ്ടു? ഞാൻ മനുഷ്യരീതിയിൽ പറയുന്നു; തന്റെ ക്രോധത്തെ നടത്തുന്ന ദൈവം നീതിയില്ലാത്തവനാകുമോ? ഒരിക്കലുമില്ല; (നീതിമാൻ) അല്ലെങ്കിൽ ദൈവം എങ്ങനെ ലോകത്തിനു വിധികർത്താവാകും? എന്റെ അസത്യം ദൈവത്തിന്റെ സത്യത്തിന്, സ്വന്തമഹിമയ്ക്കായി, വിശേഷതയുണ്ടാക്കുന്നുവെങ്കിൽ ഞാൻ എന്തിന് പാപിയെന്ന് വിധിക്കപ്പെടുന്നു? അല്ലെങ്കിൽ നന്മകൾ വരേണ്ടതിനായി തിന്മകൾ പ്രവർത്തിക്കാമെന്ന്, ഞങ്ങൾ പറയുന്നതായി ചിലർ ഞങ്ങ

ളെക്കുറിച്ചു അപവദിക്കുന്നതുപോലെ, ആകരുതോ? അവർക്കു നീതി പരമായ ശിക്ഷാവിധി ലഭിക്കും.

**36**

## നോമ്പിലെ ഒന്നാം വെള്ളിയാഴ്ച

### പ്രഭാതം

യാക്കോബ് 3:13-4:5

നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായുള്ളവൻ ജ്ഞാനസൌമ്യത യോടും സദാചാരത്തോടും കൂടി തന്റെ പ്രവൃത്തികളെ പ്രദർശിപ്പിക്ക ട്ടെ. നിങ്ങൾ കടുത്ത അസൂയയോ ഹൃദയശാഠ്യമോ ഉണ്ടായിട്ട് സത്യ ത്തിനു വിരോധമായി അഹങ്കരിക്കയും വ്യാജം പറകയുമരുത്. എന്തെ ന്നാൽ ഈ വക ജ്ഞാനം മുകളിൽനിന്ന് ഇറങ്ങിയതല്ല. ഭൗമികവും പ്രാണചിന്താപരവും പൈശാചികവുമാകുന്നു. അസൂയയും വിവാദവും എവിടെയുണ്ടോ അവിടെ കലഹവും സകല ദോഷങ്ങളുമുണ്ട്. എന്നാൽ മുകളിൽ നിന്നുള്ള ജ്ഞാനം വിശുദ്ധവും സമാധാന പൂർണ്ണവും വിനീതവും അനുസരണാപരവും കരുണയും സൽഫല ങ്ങളും കൊണ്ട് നിറഞ്ഞതും അഭിന്നവും പക്ഷഭേദരഹിതവുമാകുന്നു. നീതിയുടെ ഫലങ്ങൾ സമാധാനകാരികളാൽ സമാധാനപൂർവ്വം വിതയ് ക്കപ്പെടുന്നു.

ശണ്ഠകളും കലഹങ്ങളും നിങ്ങളുടെ ഇടയിൽ എവിടെനിന്നു ണ്ടായി? നിങ്ങളുടെ അവയവങ്ങളിൽ പോരാടിക്കൊണ്ടിരിക്കുന്ന ദുരഭി ലാഷങ്ങളിൽ നിന്നല്ലയോ? നിങ്ങൾ അഭിലഷിക്കുന്നു; നിങ്ങൾക്കു ലഭിക്കുന്നില്ല. നിങ്ങൾ ഹിംസിക്കയും തീക്ഷ്ണപ്പെടുകയും ചെയ്തിട്ടും നിങ്ങൾക്കു സാധിക്കുന്നില്ല. നിങ്ങൾ ശണ്ഠയുണ്ടാക്കുകയും പോരാ ടുകയും ചെയ്തിട്ടും യാചിക്കാത്തതുകൊണ്ട് നിങ്ങൾക്കു കിട്ടുന്നതു മില്ല. നിങ്ങൾ യാചിക്കുന്നുണ്ട്. (പക്ഷേ) ദുരഭിലാഷങ്ങളെ പൂരിപ്പി ക്കുവാൻ തക്കവണ്ണം ദുഷ്ടയാചന നടത്തുന്നതുകൊണ്ട് നിങ്ങൾക്കു ലഭിക്കുന്നില്ല. വ്യഭിചാരികളേ! ഐഹികസ്നേഹം ദൈവത്തിങ്കൽ ശത്രു തയാകുന്നുവെന്ന് നിങ്ങളറിയുന്നില്ലയോ? ആയതുകൊണ്ട് ഐഹിക ത്തിനു മിത്രമായിരിപ്പാൻ ഇച്ഛിക്കുന്നവൻ ദൈവത്തിനു ശത്രുവായി ത്തീരുന്നു. 'നമ്മിൽ നിവസിക്കുന്ന ആത്മാവ് തീക്ഷ്ണതാപൂർവ്വം അഭി ലഷിക്കുന്നു' എന്ന് തിരുവെഴുത്തിൽ വെറുതെ പറഞ്ഞിട്ടുള്ളതാണെന്ന് നിങ്ങൾ വിചാരിക്കുന്നുവോ?

റോമർ 3:9–26

ആകയാൽ യീഹൂദന്മാരെക്കുറിച്ചും പുറജാതികളെക്കുറിച്ചും, അവർ എല്ലാവരും, പാപത്തിനു കീഴ്പ്പെട്ടിരിക്കുന്നുവെന്ന് മുൻകൂട്ടി തെളിയിച്ചതുകൊണ്ട് നമുക്ക് എന്തു വിശേഷമുണ്ട്? 'നീതിമാനായി ഒരുവൻ പോലുമില്ല. തിരിച്ചറിഞ്ഞ് ദൈവത്തെ അന്വേഷിക്കുന്നവനുമില്ല. എല്ലാവരും ഒരുപോലെ വഴി തെറ്റി കൊള്ളരുതാത്തവരായി തീർന്നു. നന്മ ചെയ്യുന്നവനില്ല; ഒരുവൻ പോലുമില്ല. അവരുടെ തൊണ്ടകൾ തുറക്കപ്പെട്ട ശവക്കല്ലറകളും അവരുടെ നാവുകൾ വഞ്ചനാപരങ്ങളുമാകുന്നു. അവരുടെ അധരങ്ങൾക്കു കീഴിൽ സർപ്പവിഷമുണ്ട്. അവരുടെ വായ് ശാപം കൊണ്ടും വിഷം കൊണ്ടും നിറഞ്ഞിരിക്കുന്നു. അവരുടെ കാലുകൾ രക്തം ചൊരിയുവാൻ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നു. അവരുടെ വഴികളിൽ ഞെരുക്കവും അരിഷ്ടതയുമുണ്ട്. സമാധാനമാർഗ്ഗം അവർ അറിഞ്ഞിട്ടേയില്ല. ദൈവഭയം അവരുടെ ദൃഷ്ടിക്കു (വിഷയ)മാകുന്നില്ല' എന്നിപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ സകല വായും അടയ്ക്കപ്പെടുമെന്നും, ലോകാമാസകലം ദൈവസമക്ഷത്തിൽ കുറ്റക്കാരായി ഗണിക്കപ്പെടുമെന്നും ന്യായപ്രമാണം പറഞ്ഞിരിക്കുന്നത് ന്യായപ്രമാണത്തിലുൾപ്പെട്ടിരിക്കുന്നവരോടാകുന്നു എന്നും നാം അറിയുന്നു. ന്യായപ്രമാണത്തിന് അനുരൂപങ്ങളായ പ്രവൃത്തികൾകൊണ്ട് ഒരുവനും അവിടത്തെ സന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല. എന്തെന്നാൽ ന്യായപ്രമാണത്താൽ പാപപരിജ്ഞാനമത്രേ ഉണ്ടായത്. ഇപ്പോഴാകട്ടെ ന്യായപ്രമാണം കൂടാതെതന്നെ ദൈവനീതി വെളിപ്പെട്ടിരിക്കുന്നു. അതിനെക്കുറിച്ച് ന്യായപ്രമാണവും ദീർഘദർശിമാരും സാക്ഷ്യം വഹിക്കയും ചെയ്യുന്നു. ദൈവനീതി എല്ലാവരിലും വർത്തിക്കുന്നത് യേശുമിശിഹായിലുള്ള വിശ്വാസം മൂലമാകുന്നു. അവനിൽ വിശ്വസിക്കുന്ന ഒരുവനും വ്യത്യാസമില്ല. എന്തെന്നാൽ എല്ലാവരും പാപം ചെയ്ത് ദൈവപ്രഭാവ വിഹീനരായി. അവർ കൃപയാലും യേശുമിശിഹായിലുള്ള രക്ഷയാലും സൗജന്യമായി നീതീകരിക്കപ്പെടുന്നു. തന്റെ ദീർഘസഹിഷ്ണുതയാൽ നമുക്കു നല്കിയ അവസരത്തിൽ, മുമ്പ് നാം ചെയ്തുപോയ പാപങ്ങൾക്ക് യേശുമിശിഹായുടെ രക്തത്തിലുള്ള വിശ്വാസം വഴിയായി പരിഹാരമുണ്ടാകുവാൻ തക്കവിധം അവിടത്തെ ദൈവം മുൻകൂട്ടി നിയോഗിച്ചു. അത് താൻ സ്വയം നീതിമാനായിരിപ്പാനും, നമ്മുടെ കർത്താവായ യേശുമിശിഹായിലുള്ള വിശ്വാസത്തിൽ ഉൾപ്പെട്ടിരിക്കുന്നവനെ നീതീകരിപ്പാനും വേണ്ടിയുള്ള ഇക്കാലത്തെ സ്വന്തനീതിയുടെ പ്രദർശനത്തിനാകുന്നു.

## 37

# നോമ്പിലെ ഒന്നാം ശനിയാഴ്ച

## (മാർ അപ്രേം മല്പാന്റെയും പ. തേവോദോറോസ് സഹദായുടെയും ഓർമ്മ)

## വി.കുർബ്ബാന

പ്രവൃത്തി 12:1–24

അക്കാലത്ത് അഗ്രീപ്പോസ് എന്ന് അപരനാമമുള്ളവനായ ഹേറോദേസ് രാജാവ് സഭയിൽപെട്ട ചിലരെ ഉപദ്രവിപ്പാനാരംഭിച്ചു. അവൻ യോഹന്നാന്റെ സഹോദരനായ യാക്കൂബിനെ വാൾകൊണ്ട് വധിച്ചു. ഇത് യീഹൂദന്മാർക്കു സന്തോഷമായി എന്ന് കണ്ടിട്ട് അവൻ ശെമവൂൻകീപ്പായെ കൂടി പിടിപ്പാനുദ്യമിച്ചു. അതു പത്തീറാ (പെരുന്നാൾ) കാലത്തായിരുന്നു. അവനെ പിടിക്കുകയും പെസഹായ്ക്കു ശേഷം യീഹൂദജനങ്ങളെ ഏല്പിക്കുവാൻ വേണ്ടി കാരാഗൃഹത്തിലിടുകയും, സൂക്ഷിപ്പാൻ പതിനാറു ശിപായിമാരെ നിയോഗിക്കയും ചെയ്തു. ശെമവൂൻ കാരാഗൃഹത്തിൽ സൂക്ഷിക്കപ്പെട്ടിരുന്നപ്പോൾ, അവനു വേണ്ടി ഇടവിടാതെ സഭ പ്രാർത്ഥന നടത്തിക്കൊണ്ടിരുന്നു. താൻ ഏല്പിക്കപ്പെടുവാൻ ഉദ്ദേശിക്കപ്പെട്ടിരുന്ന പ്രഭാതത്തിനു തലേ രാത്രിയിൽ ശെമവൂൻ രണ്ടു ശ്രംഖലകളാൽ ബന്ധിതനായി, രണ്ടു ശിപായിമാരുടെ നടുവിൽ ഉറങ്ങുകയായിരുന്നു. മറ്റു ശിപായിമാർ കാരാഗൃഹത്തിൽ കാത്തുകൊണ്ടും ഇരുന്നു. അപ്പോൾ കർത്താവിന്റെ മാലാഖാ അവന്റെ അടുത്തു വന്നു. ആ ഭവനത്തിലാകെ ഒരു പ്രകാശമുണ്ടായി. (മാലാഖാ) വിലാപ്പുറത്തു തട്ടി അവനെ ഉണർത്തി 'നീ വേഗം എഴുന്നേല്ക്കുക' എന്ന് പറഞ്ഞു. ശ്രംഖലകൾ ഉടൻ തന്നെ അവന്റെ കൈകളിൽ നിന്ന് വീണുപോയി. മാലാഖാ അവനോട് 'നീ നിന്റെ അര മുറുക്കി ചെരിപ്പുമിടുക' എന്ന് പറഞ്ഞു. അവൻ അങ്ങനെ ചെയ്തു. പിന്നെയും 'നീ മേൽവസ്ത്രം ധരിച്ച് എന്റെ പുറകേ വരിക' എന്ന് പറഞ്ഞു. അവൻ പുറപ്പെട്ട് പുറകേ പോയി. മാലാഖാ മൂലം നടന്ന സംഗതി യഥാർത്ഥമെന്ന് അവൻ ധരിക്കയുണ്ടായില്ല; ഒരു ദർശനം കാണുകയാണെന്നേ വിചാരിച്ചുള്ളൂ. അവർ ഒന്നാമത്തെയും രണ്ടാമത്തെയും കാവൽസ്ഥലം കടന്നിട്ട് ഇരുമ്പുവാതില്ക്കലോളം ചെന്നു. അതു സ്വയം തുറക്കപ്പെട്ടു. അവർ പുറത്തിറങ്ങി ഒരു തെരുവു കടന്നു. അനന്തരം മാലാഖാ അവനെ വിട്ടുപോയി. അപ്പോൾ ശെമവൂൻ സുബോധം പ്രാപിച്ചിട്ട് 'കർത്താവ് തന്റെ ദൂതനെ അയയ്ക്കയും, ഹേരോദേസ് രാജാവിന്റെ കൈയിലും യീഹൂദന്മാരുടെ ദുരാലോചനകളിലും നിന്ന് എന്നെ രക്ഷിക്കയും ചെയ്തത് യഥാർത്ഥംതന്നെ എന്ന് ഇപ്പോൾ ഞാനറിയുന്നു'

എന്ന് പറഞ്ഞു. (ഇങ്ങനെ) സുബോധവാനായതിനു ശേഷം അവൻ മർക്കോസ് എന്ന് അപരനാമമുള്ള യോഹന്നാന്റെ മാതാവായ മറിയാമിന്റെ വീട്ടിൽ എത്തി. അവിടെ പല സഹോദരന്മാർ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു. അവൻ പടിവാതിലിൽ മുട്ടി. അപ്പോൾ റോദേ എന്ന് പേരുള്ള ഒരു പെൺപൈതൽ വിളി കേൾപ്പാനായിട്ട് അവിടെ ചെന്നു. അവൾ ശെമവൂന്റെ ശബ്ദം തിരിച്ചറിഞ്ഞു (എങ്കിലും) സന്തോഷത്താൽ വാതിൽ തുറക്കാതെ തിരിച്ചോടിച്ചെന്ന് 'ഇതാ! ശെമവൂൻ പടിവാതില്ക്കൽ നില്ക്കുന്നു' എന്ന് അവരോടു പറഞ്ഞു. അവർ അവളോട്: 'നീ പരിഭ്രമിച്ചുപോയതാണ്' എന്ന് പറഞ്ഞു. അവളാകട്ടെ അല്ല; ഉള്ളതുതന്നെയാകുന്നുവെന്ന് വാദിച്ചു. അവർ 'പക്ഷെ അവന്റെ ദൂതനായിരിക്കാം' എന്ന് പറഞ്ഞു. ശെമവൂൻ വാതിലിൽ മുട്ടിക്കൊണ്ടിരിക്കയായിരുന്നു. അവർ പുറത്തുചെന്ന് അവനെ കണ്ട് വിസ്മയിച്ചു. അപ്പോൾ അവൻ അവരുടെ നേർക്ക് മിണ്ടാതിരിപ്പാൻ ആംഗ്യം കാണിച്ചിട്ട് അകത്തു കടന്ന് കർത്താവ് തന്നെ കാരാഗൃഹത്തിൽ നിന്ന് പുറത്തു വിട്ട വിവരം അറിയിക്കയും, യാക്കൂബിനെയും മറ്റു സഹോദരന്മാരെയും ഈ വിവരം അറിയിക്കണമെന്ന് പറകയും ചെയ്തു. അനന്തരം അവൻ മറ്റൊരു സ്ഥലത്തേക്കു പുറപ്പെട്ടു. പ്രഭാതമായപ്പോൾ, 'ശെമവൂന് എന്തു സംഭവിച്ചു' എന്ന് ശിപായികളുടെ ഇടയിൽ വലിയ പരിഭ്രമമായി.

ഹേരോദേസാകട്ടെ (ശെമവൂനെ) അന്വേഷിച്ചിട്ട് കാണായ്കയാൽ കാവല്ക്കാരെ വിസ്തരിച്ച് വധിക്കുവാൻ ആജ്ഞാപിച്ചു. അനന്തരം യീഹൂദിൽനിന്ന് പുറപ്പെട്ട് അയാൾ കേസറിയായിൽ താമസവുമാക്കി. അയാൾ സൂറുകാരോടും സൈദോൻകാരോടും കോപിച്ചിരുന്നു. അതുകൊണ്ട് അവർ ഒരുമിച്ചുകൂടി രാജാവിന്റെ പള്ളിയറക്കാരനായ ബ്ലീസ്ത്തോസിനെ സ്വാധീനപ്പെടുത്തിയിട്ട് തങ്ങളോടു സമാധാനമായിരിപ്പാൻ അപേക്ഷിച്ചു. എന്തെന്നാൽ അവരുടെ ദേശത്തിന്റെ ഭരണം (ഇരുന്നത്) ഹേരോദേസിന്റെ സംരക്ഷണയിലായിലായിരുന്നു. അനന്തരം ഒരു നിശ്ചിതദിവസം, ഹേരോദേസ് രാജകീയവസ്ത്രം ധരിച്ച് സിംഹാസനത്തിലിരുന്ന് പുരുഷാരത്തോട് സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ ജനങ്ങളെല്ലാവരും ഒത്ത് 'ഇവ ദൈവത്തിന്റെ വാക്കുകളാകുന്നു; മനുഷ്യന്റേതല്ല' എന്ന് ആർത്തു വിളിച്ചു പറഞ്ഞു. ദൈവത്തിന്റെ മഹത്ത്വത്തെ അവൻ അവഗണിച്ചതിനാൽ ഉടൻ കർത്താവിന്റെ മാലാഖാ അവനെ ശിക്ഷിച്ചു. അവൻ പുഴു അരിച്ചു ചാവുകയും ചെയ്തു. ദൈവത്തിന്റെ സുവിശേഷം മേല്ക്കുമേൽ പ്രസിദ്ധമായി.

റോമർ 12:10–21

നിങ്ങളുടെ സഹോദരന്മാരെ സ്നേഹിപ്പിൻ. പരസ്പരം പ്രിയപ്പെടുവിൻ. അന്യോന്യം ആദരിക്കുന്നതിൽ മുമ്പന്മാരാകുവിൻ. ഉത്സാഹികളും മടിയില്ലാത്തവരും ആയിരിപ്പിൻ. ആത്മനാ തീക്ഷ്ണപ്പെടുവിൻ. നിങ്ങളുടെ കർത്താവിനെ സേവിപ്പിൻ. നിങ്ങളുടെ പ്രത്യാശയിൽ സന്തോഷിക്കയും ഞെരുക്കങ്ങളെ സഹിക്കയും സദാ പ്രാർത്ഥിക്കയും ചെയ്വിൻ. വിശുദ്ധന്മാരുടെ ആവശ്യം നിവർത്തിക്കയും, അതിഥികളെ സത്ക്കരിക്കയും ചെയ്വിൻ. നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ; അവരെ അനുഗ്രഹിപ്പിൻ; ശപിക്കരുത്. സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കയും കരയുന്നവരോടുകൂടി കരയുകയും ചെയ്വിൻ. നിങ്ങളെക്കുറിച്ച് വിചാരിക്കുന്നതുപോലെതന്നെ നിങ്ങളുടെ സഹോദരന്മാരെക്കുറിച്ചും (വിചാരിപ്പിൻ). മേന്മ ഭാവിക്കാതെ എളിയവരോടു ചേർന്നുകൊൾവിൻ. ജ്ഞാനികളെന്ന് തന്നത്താൻ ഭാവിക്കരുത്. ഒരുവനോടും തിന്മയ്ക്കു പകരം തിന്മ പ്രവർത്തിക്കാതെ സകല മനുഷ്യരുടെയും സമക്ഷത്തിൽ നന്മ ചെയ്വാൻ തല്പരരായിരിക്കണം. സ്വയം കഴിവുള്ളിടത്തോളം എല്ലാവരോടും സമാധാനമായി വർത്തിപ്പിൻ. പ്രിയപ്പെട്ടവരേ! നിങ്ങൾ സ്വയം പ്രതികാരം ചെയ്യാതെ (ദൈവ)കോപത്തിന് അവസരം കൊടുപ്പിൻ. എന്തെന്നാൽ 'നീ നിനക്കുതന്നെ വിധിക്കയില്ലെങ്കിൽ നിന്റെ വിധി ഞാൻ നടത്തുമെന്ന് ദൈവം പറയുന്നു' എന്ന് എഴുതപ്പെട്ടിരിക്കുന്നു. നിന്റെ ശത്രുവിന് വിശക്കുന്നുവെങ്കിൽ അവനു ഭക്ഷണം കൊടുക്കുക. ദാഹിക്കുന്നുവെങ്കിൽ അവനു കുടിപ്പാൻ കൊടുക്കുക. നീ ഇങ്ങനെ ചെയ്യുന്നത് അവന്റെ നിറുകയിൽ തീക്കനലുകളെ കൂട്ടുകയാകുന്നു. തിന്മ നിങ്ങളെ ജയിക്കാതെ, നന്മകൊണ്ട് അതിനെ ജയിക്കുവിൻ.

## 38

## നോമ്പിലെ രണ്ടാം ഞായറാഴ്ച

## (കുഷ്ഠരോഗിയുടെ)

## വി.കുർബ്ബാന

പ്രവൃത്തി 9:22–31

ശാവോലോ അധികം ശക്തി പ്രാപിച്ച് 'യേശു തന്നെയാകുന്നു മിശിഹാ' എന്ന് തെളിയിച്ചുകൊണ്ട് ദർമ്മസൂക്കിൽ പാർത്തിരുന്ന യീഹൂദന്മാരെ ഇളക്കി. ഇങ്ങനെ ദിവസങ്ങൾ വളരെ കഴിഞ്ഞു. യീഹൂദന്മാർ അവനെ വധിക്കുവാനായി ഒരു ചതിവു ചെയ്വാൻ ആലോചിച്ചു. അവനെ ചതിവിൽ വധിക്കുവാൻ വേണ്ടി അവർ രാവും പകലും പട്ട

ണവാതില്ക്കൽ കാത്തുനിന്നിരുന്ന വിവരം അവന് അറിവു കിട്ടി. ശിഷ്യന്മാർ അവനെ രാത്രിയിൽ ഒരു കുട്ടയിലാക്കി കോട്ടമതിൽ കടത്തിവിട്ടു. പിന്നെ അവൻ ഊർശ്ലേമിൽ പോയി ശിഷ്യന്മാരോട് ചേരുവാനാഗ്രഹിച്ചു. എന്നാൽ അവരെല്ലാവരും 'ഇവൻ ഒരു ശിഷ്യൻതന്നെ' എന്ന് വിശ്വസിക്കാതെ ഭയപ്പെട്ടു. എന്നാൽ ബർന്നാബാ അവനെ ശ്ലീഹന്മാരുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോയി. വഴിയിൽ വച്ച് അവൻ കർത്താവിനെ കണ്ടതും കർത്താവ് അവനോടു സംസാരിച്ചതും ദർമ്മസൂക്കിൽ അവൻ-യേശുവിന്റെ നാമത്തിൽ-പരസ്യമായി സംസാരിച്ചതും വിശദമായി പറഞ്ഞു കേൾപ്പിക്കയും ചെയ്തു. പിന്നെയും അവൻ ഊർശ്ലേമിൽ അവരുടെ ഇടയിൽ വന്നുംപോയുമിരുന്നു. യേശുവിന്റെ നാമത്തിൽ പരസ്യമായി പ്രസംഗിക്കയും യവനഭാഷ അറിയാവുന്ന യീഹൂദന്മാരോട് വാദപ്രതിവാദം നടത്തുകയും ചെയ്തിരുന്നു. യീഹൂദന്മാർ അവനെ വധിക്കുവാൻ ആഗ്രഹിച്ചു. സഹോദരന്മാർ അതറിഞ്ഞ് രാത്രിയിൽ അവനെ കേസറിയായിലേക്കു കൊണ്ടുപോയി. അവിടെ നിന്ന് തർസോസിലേക്കും അയച്ചു. എങ്കിലും യീഹൂദിലെയും ഗ്ലീലായിലെയും ശൊമറീനിലെയും സഭയ്ക്കു സമാധാനമുണ്ടായിരുന്നു. അവ അഭിവൃദ്ധിപ്പെട്ടും ദൈവഭക്തിയിൽ ചരിച്ചും പരിശുദ്ധാത്മാവിന്റെ ആശ്വസനത്താൽ വർദ്ധിച്ചും വന്നു.

*(പ്രവൃത്തി 5:12-16; 9:22-31; 19:8-12)*

*ശ്ലീഹന്മാർ മൂലം ജനങ്ങളുടെ ഇടയിൽ വളരെ അത്ഭുതങ്ങളും വിസ്മയങ്ങളും നടന്നുകൊണ്ടിരുന്നു. അവരെല്ലാവരും ഒരുമിച്ച് ശ്ലേമൂന്റെ മണ്ഡപത്തിൽ കൂടി. ജനങ്ങളിലൊരുവനും അവരോടടുക്കുവാൻ ധൈര്യപ്പെട്ടില്ല. എങ്കിലും അവരെ പുകഴ്ത്തിക്കൊണ്ടിരുന്നു. കർത്താവിൽ വിശ്വസിച്ചവരായ പുരുഷന്മാരുടെയും സ്ത്രീകളുടെയും സംഖ്യ ഏറ്റം വർദ്ധിച്ചുകൊണ്ടുമിരുന്നു. ശെമവൂൻ വരുമ്പോൾ അവന്റെ നിഴലെങ്കിലും തട്ടുവാനായി രോഗികളെ കട്ടിലുകളിൽ കിടത്തി തെരുവുകളിൽ കൊണ്ടുവച്ചിരുന്നു. ഊർശ്ലേമിനു ചുറ്റുമുള്ള മറ്റു പട്ടണങ്ങളിൽ നിന്നും രോഗികളെയും അശുദ്ധാത്മാക്കൾ ബാധിച്ചവരെയും കൊണ്ട് പലരും അവരുടെ അടുക്കൽ വരികയും അവരെല്ലാവരും സൗഖ്യം പ്രാപിക്കയും ചെയ്തിരുന്നു.*

*പ്രവൃത്തി 9:22-31 മുകളിൽ നോക്കുക*

*പ്രവൃത്തി 19:8-12*

*അതിനു ശേഷം പൌലോസ് സംഘാലയത്തിൽ പ്രവേശിച്ച് മൂന്നു മാസക്കാലം ദൈവരാജ്യത്തെക്കുറിച്ച് പരസ്യമായി പ്രസംഗിക്കയും ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. അവരിൽ ചിലർ കഠിനമായി വാദി*

*ക്കയും പുറജാതിസംഘത്തിന്റെ മുമ്പിൽ വച്ച് ദൈവമാർഗ്ഗത്തെ ദുഷിക്കയുംചെയ്തു. അപ്പോൾ പൌലോസ് അവരിൽ നിന്ന് വിട്ടുമാറി. ശിഷ്യന്മാരെ വേർതിരിച്ച് തൂറാനോസ് എന്ന് പേരുള്ള ഒരു മനുഷ്യന്റെ പാഠശാലയിൽ വച്ച് പ്രതിദിനം അവരോട് സംസാരിക്കയും ചെയ്തു. യീഹൂദരും പുറജാതികളുമായി ആസ്യായിൽ പാർത്തിരുന്നവരെല്ലാം കർത്താവിന്റെ വചനം കേൾക്കുവോളം, ഇതു രണ്ടു സംവത്സരത്തേക്കു നീണ്ടുനിന്നു. ദൈവം പൌലോസു മുഖാന്തരം അസാമാന്യങ്ങളായ അത്ഭുതങ്ങൾ സാധിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്ന് വല്ല തുവ്വാലയോ വസ്ത്രശകലമോ കൊണ്ടുപോയി രോഗികളുടെമേൽ വയ്ക്കുകയും രോഗങ്ങൾ വിട്ടുമാറുകയും ചെയ്തിരുന്നു. (ഇതുപോലെ) പിശാചുക്കളും വിട്ടൊഴിഞ്ഞു.*

റോമർ 3:27–4:5

പ്രശംസയെവിടെ? അത് പോയ്പോയി. ഏതു പ്രമാണത്താൽ? കർമ്മപ്രമാണത്താലോ? അല്ല; വിശ്വാസപ്രമാണത്താലത്രേ. അതുകൊണ്ട് മനുഷ്യൻ നീതീകരിക്കപ്പെടുന്നത് ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല; വിശ്വാസത്താലാണെന്ന് നാം അനുമാനിക്കുന്നു. ദൈവം യീഹൂദന്മാർക്കു മാത്രമോ? വിജാതിക്കാർക്കു കൂടിയും അല്ലയോ? അതേ, വിജാതിക്കാർക്കും കൂടിയത്രേ. എന്തെന്നാൽ വിശ്വാസത്താൽ ചേലാകർമ്മത്തെയും വിശ്വാസത്താൽതന്നെ ചേലയില്ലായ്മയെയും നീതീകരിക്കുന്ന ദൈവം ഒരുവനാകുന്നു. അതുകൊണ്ട് നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ ദുർബ്ബലമാക്കുന്നുവോ? ഇല്ല. ന്യായപ്രമാണത്തെ ഉറപ്പിക്കയാകുന്നു ചെയ്യുന്നത്.

പൂർവ്വപിതാവായ അബ്രഹാമിനെക്കുറിച്ച് അദ്ദേഹം ശാരീരികമായി എന്തിനെ പ്രാപിച്ചുവെന്നാണ് നാം പറയുന്നത്? അബ്രഹാം കർമ്മങ്ങളാൽ നീതീകരിക്കപ്പെട്ടിരുന്നുവെങ്കിൽ അവന് ആത്മപ്രശംസയ്ക്കു വകയുണ്ടാകുമായിരുന്നു. എങ്കിലും ദൈവസന്നിധിയിൽ ഇല്ല. തിരുവെഴുത്ത് എന്തു പറഞ്ഞിരിക്കുന്നു? 'അബ്രഹാം ദൈവത്തെ വിശ്വസിച്ചു. അത് അവനിൽ ധാർമ്മികതയായി ഗണിക്കപ്പെട്ടു'. പ്രയത്നം ചെയ്യുന്നവനാകട്ടെ അവന്റെ കൂലി കൃപയായിട്ടല്ല; അർഹതയായിട്ടാണ് ഗണിക്കപ്പെടുന്നത്. എന്നാൽ പ്രയത്നം ചെയ്യാതെ, പാപികളെ നീതീകരിക്കുന്നവനിൽ വിശ്വസിക്ക മാത്രം ചെയ്തവന് ആ വിശ്വാസം നീതിക്കായി ഗണിക്കപ്പെടുന്നു.

1 തീമൊ. 5:23 ?

## 39
## നോമ്പിലെ രണ്ടാം തിങ്കളാഴ്ച
## പ്രഭാതം

യാക്കോബ് 4:7-5:6

ആകയാൽ നിങ്ങൾ ദൈവത്തിനു കീഴ്പ്പെടുവിൻ. സാത്താനോട് എതിർത്തു നില്ക്കുവിൻ. എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. നിങ്ങൾ ദൈവത്തെ സമീപിക്കുവിൻ. എന്നാൽ അവിടന്ന് നിങ്ങളെയും സമീപിക്കും. പാപികളേ! നിങ്ങളുടെ കൈകളെ നിർമ്മലമാക്കുവിൻ. ഇരുമനസ്സുള്ളവരേ! നിങ്ങൾ ഹൃദയത്തെ ശുദ്ധീകരിപ്പിൻ. നിങ്ങൾ വിനീതരാകുവിൻ. വിലപിക്കുവിൻ. നിങ്ങളുടെ ചിരി വിലാപമായും നിങ്ങളുടെ സന്തോഷം ദുഃഖമായും മാറട്ടെ. കർത്താവിന്റെ സന്നിധിയിൽ നിങ്ങൾ വിനീതരാകുവിൻ. എന്നാൽ അവിടന്ന് നിങ്ങളെ ഉയർത്തും. സഹോദരന്മാരേ! നിങ്ങൾ അന്യോന്യം ദുഷിക്കരുത്. എന്തെന്നാൽ തന്റെ സഹോദരനെ ദുഷിക്കയോ സഹോദരനെ വിധിക്കയോ ചെയ്യുന്നവൻ ന്യായപ്രമാണത്തെ ദുഷിക്കയും വിധിക്കയും ചെയ്യുന്നു. നീ ന്യായപ്രമാണത്തെ വിധിക്കുന്നുവെങ്കിൽ ന്യായപ്രമാണത്തെ അനുഷ്ഠിക്കുന്നവനല്ല; അതിനെ വിധിക്കുന്നവനാകുന്നു. എന്തെന്നാൽ ന്യായപ്രമാണകർത്താവും ന്യായാധിപതിയും ഒരുവനത്രേ. അവിടന്ന് രക്ഷിക്കാനും നശിപ്പിക്കാനും പ്രാപ്തനാകുന്നു. നിന്റെ അയല്ക്കാരനെ വിധിക്കുവാൻ നീ ആര്? ഇന്നോ നാളയോ ഞങ്ങൾ ഇന്ന പട്ടണത്തിലേക്കു പോകും; അവിടെ ഒരാണ്ടു താമസിച്ച് കച്ചവടം ചെയ്ത് ലാഭമുണ്ടാക്കുമെന്ന് പറയുന്നവരെക്കുറിച്ച് എന്തു പറയട്ടെ! നാളെ എന്തു സംഭവിക്കുമെന്ന് അവർ അറിയുന്നില്ല. നമ്മുടെ ആയുസ്സ് എന്ത്? അതു കുറച്ചുനേരം കാണപ്പെടുകയും പിന്നെ മാഞ്ഞ് ഇല്ലാതായിത്തീരുകയും ചെയ്യുന്ന ആവിയാകുന്നു. കർത്താവിന് ഇഷ്ടപ്പെട്ട് ഞങ്ങൾ ജീവിച്ചിരിക്കുന്നെങ്കിൽ ഇതോ അതോ ചെയ്യും എന്ന് പറയേണ്ടതിനു പകരം, അവർ വമ്പു പറഞ്ഞ് പ്രശംസിക്കുന്നു. ഇതുപോലെയുള്ള പ്രശംസയെല്ലാം ദോഷമാകുന്നു. ഉത്തമമായത് അറിഞ്ഞിട്ട് അതു ചെയ്യാതിരിക്കുന്നത് ഒരുവനു പാപമാകുന്നു.

ധനവാന്മാരേ! നിങ്ങളുടെമേൽ വരുവാൻ പോകുന്ന ദുരിതങ്ങളെക്കുറിച്ചു വിലപിച്ചു കരയുവിൻ! എന്തെന്നാൽ നിങ്ങളുടെ ധനം ക്ഷയിച്ചു നശിച്ചു; നിങ്ങളുടെ വസ്ത്രങ്ങൾ ചിതൽ തിന്നു. നിങ്ങളുടെ പൊന്നിനും വെള്ളിക്കും കറ പിടിച്ചു. ആ കറ നിങ്ങൾക്കെതിരായി സാക്ഷ്യം വഹിക്കും. അതു നിങ്ങളുടെ ശരീരത്തെ ഭക്ഷിക്കും. നിങ്ങൾ അന്ത്യകാലത്തേക്കു നിങ്ങൾക്കായി തീ കൂട്ടിയിരിക്കുന്നു. ഇതാ നിങ്ങ

ളുടെ വയലുകളിൽ കൊയ്ത കൂലിക്കാരുടെ കൂലി നിങ്ങൾ അപഹരിച്ചതിനാൽ അത് നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സർവ്വശക്തനായ കർത്താവിന്റെ ചെവിയിൽ എത്തിയിരിക്കുന്നു. എന്തെന്നാൽ ഭൂമിയിൽ നിങ്ങൾ സുഖിച്ചു മദിക്കയും വധദിവസത്തേക്കുവേണ്ടി എന്നപോലെ സ്വന്തശരീരങ്ങളെ നിങ്ങൾ പോഷിപ്പിക്കയും ചെയ്തു. ധാർമ്മികനെ നിങ്ങൾ കുറ്റമാരോപിച്ചു കൊന്നു. അവിടന്ന് നിങ്ങളോട് എതിർത്തുനിന്നില്ല.

1 തീമൊത്തിയോസ് 2:1-15

ആകയാൽ ദൈവഭയത്തോടും വിശുദ്ധിയോടും കൂടി ശാന്തവും സമാധാനപരവുമായി ജീവിതം കഴിച്ചുകൂട്ടുവാൻ നമുക്ക് ഇടയാകത്തക്കവിധം, എല്ലാ മനുഷ്യർക്കു വേണ്ടിയും (പ്രത്യേകിച്ച്) രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും വേണ്ടിയും, ആദ്യമായിത്തന്നെ പ്രാർത്ഥനയും അപേക്ഷയും യാചനയും സ്തുതിയും ദൈവത്തിൽ സമർപ്പിക്കണമെന്ന് ഞാൻ നിന്നോടപേക്ഷിക്കുന്നു. എന്തെന്നാൽ അത് നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ പ്രീതികരവും സ്വീകാര്യവുമാകുന്നു. അവിടന്ന് സകല മനുഷ്യരും രക്ഷ പ്രാപിച്ച് സത്യജ്ഞാനത്തിലേക്കു തിരിയുവാൻ ഇച്ഛിക്കുന്നു. ദൈവം ഏകനാകുന്നു. യേശുമിശിഹായെന്ന മനുഷ്യപുത്രൻ ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള ഏകമദ്ധ്യസ്ഥനുമാകുന്നു. അവിടന്ന് തക്കസമയത്തുണ്ടായ സാക്ഷ്യമായി എല്ലാവരുടെയും രക്ഷയ്ക്കു വേണ്ടി സ്വപ്രാണനെ ത്യജിച്ചു. ഞാൻ അതിന്റെ ഉദ്ഘോഷകനും ശ്ലീഹായുമായി നിയമിക്കപ്പെട്ടു. ഞാൻ സത്യം പറയുന്നു; വ്യാജം പറയുന്നതല്ല; സ്ഥിരവിശ്വാസത്താൽ ഞാൻ വിജാതികളുടെ ഉപദേഷ്ടാവായി തീർന്നിരിക്കുന്നു. പുരുഷന്മാർ എല്ലായിടത്തും കോപം കൂടാതെയും സംശയം കൂടാതെയും വിശുദ്ധിയോടുകൂടി തങ്ങളുടെ കൈകളുയർത്തിക്കൊണ്ട് പ്രാർത്ഥിക്കേണ്ടതാണെന്ന് ഞാൻ ആഗ്രഹിക്കുന്നു. അപ്രകാരംതന്നെ സ്ത്രീകൾ വസ്ത്രധാരണത്തിൽ ഒതുക്കമുള്ളവരായിരിക്കണം. അവരുടെ അലങ്കാരം സങ്കോചജന്യവും പരിമിതവുമായിരിക്കണം. പിന്നിയ തലമുടി, സ്വർണ്ണം, രത്നങ്ങൾ, മോടിയുള്ള വസ്ത്രങ്ങൾ ഇവയായിരിക്കരുത്. പ്രതിജ്ഞാപൂർവ്വം ദൈവഭക്തിയെ കൈക്കൊണ്ട സ്ത്രീകൾക്കു യുക്തമായ പ്രകാരം സൽപ്രവൃത്തികളോടുകൂടിയും ഇരിക്കണം. സ്ത്രീയുടെ പഠിത്തം സംപൂർണ്ണാനുസരണത്തോടുകൂടി ഒതുക്കത്തിലായിരിക്കണം. അടങ്ങിയിരിക്കാനല്ലാതെ പഠിപ്പിക്കുവാനോ പുരുഷന്റെ മേൽ അഹങ്കരിക്കുവാനോ ഞാൻ അനുവദിക്കുന്നില്ല. എന്തെന്നാൽ ആദാമാണ് ആദ്യം സൃഷ്ടിക്കപ്പെട്ടത്. പിന്നീടായിരുന്നു ഹവ്വാ.

ആദാം വഴിപിഴച്ചില്ല. സ്ത്രീയാകട്ടെ വഴിപിഴയ്ക്കയും കല്പനയെ ലംഘിക്കയും ചെയ്തു. അവളുടെ മക്കൾ വിശ്വാസത്തോടും സ്നേഹ ത്തോടും വിശുദ്ധിയോടും പരിപാകതയോടും കൂടി വർത്തിക്കുമെ ങ്കിൽ, അവർ മൂലം, അവൾ രക്ഷ പ്രാപിക്കും.

## 40

## നോമ്പിലെ രണ്ടാം ചൊവ്വാഴ്ച

## പ്രഭാതം

പ്രവൃത്തി 10:25-33

ശെമവൂൻ ചെന്നപ്പോൾ കുർനീലിയോസ് എതിരേറ്റ് കാല്ക്കൽ വീണു വന്ദിച്ചു. ശെമവൂൻ: 'എഴുന്നേല്ക്കുക, ഞാനും ഒരു മനുഷ്യൻ തന്നെ' എന്ന് പറഞ്ഞ് അയാളെ എഴുന്നേല്പിച്ചു. അയാളോടു സംസാ രിച്ചുകൊണ്ട് അകത്തു പ്രവേശിച്ച് പലരും അവിടെ വന്നു കൂടിയിരി ക്കുന്നതായി കണ്ടിട്ട് അവരോട്: '(ഒരു) യഹൂദനായ മനുഷ്യന് തന്റെ വംശക്കാരനല്ലാത്ത അന്യമനുഷ്യനോട് ചേരുവാൻ അനുവാദമില്ലെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ ഒരുവനെ കുറിച്ചും (അവൻ) മലി നനോ അശുദ്ധനെന്നോ പറയരുതെന്ന് ദൈവം എനിക്കു കാണിച്ചു തന്നിരിക്കുന്നു. അതുകൊണ്ടാണ് നിങ്ങൾ ആളയച്ചപ്പോൾ ഞാൻ ഒരു ങ്ങി വന്നത്. എന്നാൽ നിങ്ങൾ എനിക്ക് ആളയച്ചത് എന്തിനു വേണ്ടി യെന്ന് ഞാൻ ചോദിച്ചുകൊള്ളുന്നു' എന്ന് പറഞ്ഞു. കുർനീലിയോസ്: 'ഇതാ നാലു ദിവസമായി ഞാൻ ഉപവസിക്കയാകുന്നു. ഒമ്പതുമണിസമ യത്ത് ഭവനത്തിൽ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ വെള്ള വസ്ത്രം ധരിച്ച ഒരു മനുഷ്യൻ എന്റെ മുമ്പിൽ പ്രത്യക്ഷനായി ഇങ്ങനെ എന്നോടു പറഞ്ഞു: 'കുർനീലിയേ, നിന്റെ പ്രാർത്ഥന കേൾക്കപ്പെട്ടു. നിന്റെ ധർമ്മങ്ങളും ദൈവസന്നിധിയിൽ ഓർമ്മിക്കപ്പെട്ടിരിക്കുന്നു. നീ യൂപ്പിപട്ടണത്തിലേക്ക് ആളയച്ച് കീപ്പാ എന്ന് പറയപ്പെടുന്ന ശെമവൂനെ വരുത്തുക. ഇതാ! അവൻ കടൽതീരത്തുള്ള തോല്പണിക്കാരാനായ ശെമവൂന്റെ ഭവനത്തിൽ പാർക്കുന്നു. അവൻ വരികയും നിന്നോടു സംസാരിക്കയും ചെയ്യും.' ഉടൻതന്നെ ഞാൻ അവിടത്തെ അടുക്ക ലേക്ക് ആളയച്ചു. അവിടന്നു വന്നത് സന്തോഷമായി. ഇതാ ഞങ്ങളെ ല്ലാവരും അങ്ങയുടെ മുമ്പിൽ കൂടിയിരിക്കുന്നു. ദൈവം അങ്ങയോടു കല്പിച്ചിട്ടുള്ളതു മുഴുവൻ കേൾപ്പാൻ ഞങ്ങളാഗ്രഹിക്കുന്നു എന്ന് പറ ഞ്ഞു.

1 കൊരിന്ത്യർ 6:1-11

നിങ്ങളിൽ ഒരുവന് തന്റെ സഹോദരനോട് വ്യവഹരിക്കേണ്ടിവരു

മ്പോൾ അവൻ വിശുദ്ധന്മാരുടെ മുമ്പാകെയല്ല, അധർമ്മികളുടെ മുമ്പാകെ വ്യവഹാരം നടത്തുവാൻ തുനിയുന്നുവോ? ലോകംതന്നെയും വിശുദ്ധന്മാരാൽ വിധിക്കപ്പെടുമെന്ന് നിങ്ങൾ അറിയുന്നില്ലയോ? ലോകം നിങ്ങളാൽ വിധിക്കപ്പെടുന്നുവെങ്കിൽ നിസ്സാരകാര്യങ്ങൾക്കു വിധി കല്പിക്കുവാൻ നിങ്ങൾ അയോഗ്യരോ? മാലാഖമാർക്കും നാം വിധി കല്പിക്കുമെന്ന് നിങ്ങൾ അറിയുന്നില്ലയോ? (ആ സ്ഥിതിക്ക്) ഐഹികകാര്യങ്ങളിൽ എത്രയോ അധികമായി (അധികാരപ്പെടുന്നു). നിങ്ങൾക്കു ലോകകാര്യങ്ങളെ കുറിച്ച് വ്യവഹാരപ്പെടേണ്ടിവരുമെങ്കിൽ വിധികല്പിക്കുവാൻ വേണ്ടി സഭയിൽ നിസ്സാരന്മാരായവരെ ഇരുത്തിക്കൊൾവിൻ. നിങ്ങൾ ലജ്ജിക്കുമാറ് ഞാൻ ചോദിക്കുന്നു. സഹോദരന്മാർക്കു മദ്ധ്യേ ശരിയായി കാര്യം തീരുമാനിക്കുവാൻ കഴിയുന്ന ഒരു ജ്ഞാനി പോലും നിങ്ങളുടെ ഇടയിലില്ലയോ? സഹോദരന്മാർ തമ്മിലോ വ്യവഹാരം! അതിനും പുറമേ ആ വ്യവഹാരം അവിശ്വാസികളുടെ മുമ്പിലും! നിങ്ങൾക്കു പരസ്പരം വ്യവഹാരമുണ്ടായാൽ നിങ്ങൾ സ്വയം അപരാധികളായിത്തീർന്നുപോയി. നിങ്ങൾ അക്രമം സഹിക്കാത്തത് എന്തുകൊണ്ട്? നഷ്ടം സഹിക്കാത്തതും എന്തുകൊണ്ട്? മറിച്ച് നിങ്ങൾ സ്വസഹോദരന്മാരുടെ നേർക്കുതന്നെയും അക്രമം പ്രവർത്തിക്കുന്നു. അവർക്കു നഷ്ടം വരുത്തുകയും ചെയ്യുന്നു. ഇനിയും, അധർമ്മികൾ ദൈവരാജ്യം അർഹിക്കുന്നില്ല എന്ന് നിങ്ങൾ അറിയുന്നില്ലയോ? നിങ്ങൾ തെറ്റിപ്പോകരുത്. വേശ്യാലമ്പടർ, വിഗ്രഹാരാധകർ, വ്യഭിചാരികൾ, സ്വയംഭോഗികൾ, പുരുഷസംഗികൾ, അത്യാഗ്രഹികൾ, മോഷ്ടാക്കൾ, മദ്യപന്മാർ, നിന്ദാപരന്മാർ, കവർച്ചക്കാർ, എന്നിവർ ദൈവരാജ്യം അർഹിക്കുന്നില്ല. ഈ (അവസ്ഥകൾ) നിങ്ങളിൽ ഓരോരുത്തരിലും ഉണ്ടായിരുന്നു. എന്നാൽ നിങ്ങൾ നമ്മുടെ കർത്താവായ യേശുമിശിഹായുടെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിലും കുളിച്ചു ശുദ്ധീകൃതരാവുകയും നീതീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

*(2 കൊറിന്ത്യർ 6:1–11)*

*സഹപ്രവർത്തകരെപ്പോലെ ഞങ്ങൾ നിങ്ങളോടപേക്ഷിക്കുന്നു. നിങ്ങൾക്കു ലഭിച്ച ദൈവകൃപ വ്യർത്ഥമായി പോകരുതേ! 'ശുഭകാലത്തിൽ ഞാൻ നിനക്ക് ഉത്തരം നല്കി' എന്നും 'രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു' എന്നും പറയപ്പെട്ടിരിക്കുന്നു. ഇതാ, ഇതുതന്നെ ശുഭകാലം; ഇതുതന്നെ രക്ഷാദിവസം. നിങ്ങൾ വല്ലതിലും വല്ലവർക്കും വിരുദ്ധതയ്ക്കിടകൊടുത്തിട്ട് ഞങ്ങളുടെ ശുശ്രൂഷയിൽ മാലിന്യം സഭവിക്കാതിരിപ്പാൻ വേണ്ടി സർവ്വദാ ദൈവസേവകന്മാ*

*രാണ് ഞങ്ങളെന്ന് സ്വയം വിശദപ്പെടുത്തുന്നു. അത് വലിയ ക്ഷാമം, ഞെരുക്കങ്ങൾ, ബുദ്ധിമുട്ടുകൾ, തടവുകൾ, പ്രഹരങ്ങൾ, ബന്ധനങ്ങൾ, കലഹങ്ങൾ, പ്രയത്നം, ജാഗരണം, ഉപവാസം, ശുദ്ധത, ജ്ഞാനം, ദീർഘഹിഷ്ണുത, അലിവ്, പരിശുദ്ധാത്മാവ്, നിഷ്കളങ്കസ്നേഹം, സത്യവചനം, ദൈവശക്തി, എന്നിവയിലും, വലത്തും ഇടത്തും ഉള്ള നീതിയാകുന്ന ആയുധത്തിലും, മാനാപമാനങ്ങളിലും സൽകീർത്തി ദുഷ്കീർത്തികളിലും (ഉൾപ്പെട്ടും) ആകുന്നു. പിന്നെയും, ഞങ്ങൾ വഞ്ചകരെപ്പോലെ ആയിത്തീർന്നിട്ടും സത്യവാന്മാരായും, അപരിചിതരെപ്പോലെ ഇരുന്നിട്ടും സുപരിചിതരായും, മൃതരെപ്പോലെ ഇരുന്നിട്ടും ജീവിച്ചിരിക്കുന്നവരായും, ശിക്ഷിക്കപ്പെടുന്നവരെപ്പോലെ ഇരുന്നിട്ടും മരിക്കാത്തവരായും, ദുഃഖിതരെപ്പോലെ ഇരുന്നിട്ടും എപ്പോഴും സന്തോഷിക്കുന്നവരായും, ദരിദ്രരെപ്പോലെ ഇരുന്നിട്ടും പലരെയും ധനികരാക്കുന്നവരായും, ഒന്നും ഇല്ലാത്തവരെപ്പോലെ ഇരുന്നിട്ടും സകലവും കൈവശമുള്ളവരായും തീർന്നിരിക്കുന്നു.*

*കൂറിന്തോസുകാരേ! നിങ്ങൾക്കായി ഞങ്ങളുടെ വായ് തുറക്കപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ ഹൃദയവും വികസിതമായിരിക്കുന്നു.*

## 41

## നോമ്പിലെ രണ്ടാം ബുധനാഴ്ച

### പ്രഭാതം

3 യോഹന്നാൻ 1–15

കാശീശൊ ആയ ഞാൻ യഥാർത്ഥമായി സ്നേഹിക്കുന്ന പ്രിയ ഗായോസിന് (എഴുതുന്നത്). വത്സാ! ഞാൻ സർവ്വവിഷയത്തിലും നിനക്കു വേണ്ടി പ്രാർത്ഥിക്കുന്നു. നിന്റെ ആത്മാവ് ശുഭമായിരിക്കുന്ന പോലെതന്നെ നിനക്കു ശുഭവും സ്വസ്ഥതയും ഭവിക്കട്ടെ. നീ സത്യത്തിൽ ചരിക്കുന്നതായി, നിന്റെ സത്യത്തെക്കുറിച്ച് സഹോദരന്മാർ വന്നു സാക്ഷീകരിക്കുന്നതിനാൽ ഞാൻ വളരെ സന്തോഷിക്കുന്നു. എന്റെ മക്കൾ സത്യത്തിൽ ചരിക്കുന്നുവെന്ന് കേൾക്കുന്നതിനെക്കാൾ വലുതായ ഒരു സന്തോഷം എനിക്കില്ല. വത്സാ! നീ സഹോദരന്മാർക്കും പ്രത്യേകിച്ച് അതിഥികൾക്കും വേണ്ടി പ്രാർത്ഥിക്കുന്നതു വിശ്വാസപൂർവ്വമാണല്ലോ. ദൈവഹിതാനുസരണം നീ അവർക്കു വേണ്ടി ഉത്തമമായി പ്രവർത്തിക്കുന്നുവെന്ന് സർവ്വസഭാസമക്ഷം, നിന്റെ സ്നേഹത്തെക്കുറിച്ച് അവർ സാക്ഷ്യം നല്കി. അവർ പുറജാതികളിൽ നിന്ന് ഒന്നും വാങ്ങാതെ (മിശിഹായുടെ) നാമത്തിനു വേണ്ടി പുറപ്പെട്ടവരാകുന്നു. സത്യത്തിനു സഹായിക്കുന്നവരായിരിപ്പാനായി ഇങ്ങനെയു

ള്ളവരെ കൈക്കൊള്ളുവാൻ നാം ചുമതലപ്പെട്ടവരാകുന്നു. സഭയ്ക്കെഴുതുവാൻ എനിക്കാഗ്രഹമുണ്ടായിരുന്നു. എന്നാൽ അവരിൽ പ്രധാനിയായിരിപ്പാൻ ആഗ്രഹിക്കുന്ന ദീയോത്രാപ്പോസ് ഞങ്ങളെ സ്വീകരിക്കുന്നില്ല. ആയതുകൊണ്ട് ഞാൻ വന്നാൽ, അവൻ ഞങ്ങളോടു ദുർവാക്കുകൾ പറഞ്ഞു ജല്പിച്ചുകൊണ്ട് ചെയ്തതായ പ്രവൃത്തികളെ ഞാൻ ഓർമ്മപ്പെടുത്തും. അവ മതിയാകാഞ്ഞിട്ട് അവൻ സ്വയം സഹോദരന്മാരെ സ്വീകരിക്കാതിരിക്കയും സ്വീകരിക്കുന്നവരെ വിരോധിക്കയും സഭയിൽ നിന്ന് ബഹിഷ്കരിക്കയും ചെയ്യുന്നു. വത്സാ! നീ നന്മയ്ക്കല്ലാതെ തിന്മക്കു ദൃഷ്ടാന്തമായിരിക്കരുത്. നന്മ ചെയ്യുന്നവൻ ദൈവസംബന്ധിയാകുന്നു. തിന്മ ചെയ്യുന്നവൻ ദൈവത്തെ കണ്ടിട്ടുള്ളവനല്ല. ദീമെത്രിയോസിനെ കുറിച്ച് എല്ലാവരിൽ നിന്നും സഭയിൽ നിന്നും സത്യത്തിൽ നിന്നും സാക്ഷ്യം ലഭിച്ചിരിക്കുന്നു. ഞങ്ങളും സാക്ഷ്യം നല്കുന്നു. ഞങ്ങളുടെ സാക്ഷ്യം യഥാർത്ഥമാണെന്ന് നിനക്കറിയാമല്ലോ. നിനക്കെഴുതുവാൻ പലതും എനിക്കുണ്ടായിരുന്നു. എങ്കിലും മഷികൊണ്ടും തൂവൽകൊണ്ടും എഴുതുവാൻ എനിക്കാഗ്രഹമില്ല. നിന്നെ വേഗം കാണാമെന്നും മുഖദാവിൽ സംസാരിക്കാമെന്നും ഞാൻ ആശിക്കുന്നു. നിനക്കു കുശലം ഭവിക്കട്ടെ. സ്നേഹിതന്മാർ നിന്റെ കുശലം അന്വേഷിക്കുന്നു. സ്നേഹിതന്മാരുടെ കുശലം എല്ലാവരുടെയും പേരുപറഞ്ഞ് അന്വേഷിക്കുക.

1 കൊരിന്ത്യർ 8:1–13

എന്നാൽ വിഗ്രഹാർപ്പിതങ്ങളെ കുറിച്ചു നമുക്കെല്ലാവർക്കും അറിവുണ്ട്; അതു നമുക്കറിയാം; ജ്ഞാനം ഗർവ്വിനെ ഉളവാക്കുന്നു. സ്നേഹമോ അഭിവൃദ്ധിയെ ഉണ്ടാക്കുന്നു. ഒരുവനു വല്ലതും അറിയാമെന്ന് തോന്നുന്നെങ്കിൽ, ഇതുവരെയും അവൻ ഒന്നും വേണ്ടതുപോലെ അറിഞ്ഞിട്ടില്ല. ഒരുവൻ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ, അവനെ ദൈവം അറിഞ്ഞിരിക്കുന്നു. ആകയാൽ വിഗ്രഹാർപ്പിതങ്ങളെ ഭക്ഷിക്കുന്നതിനെ കുറിച്ചു (പറകയാണെങ്കിൽ) ലോകത്തിൽ വിഗ്രഹം സാരമില്ലെന്നും, ഏകദൈവമല്ലാതെ അപരദൈവമില്ലെന്നും, നാം അറിയുന്നു. അനേക ദേവന്മാരും അനേക കർത്താക്കന്മാരും ഉണ്ടെന്നുള്ളതനുസരിച്ച് ആകാശത്തിലോ ഭൂമിയിലോ ദേവന്മാരെന്ന് വിളിക്കപ്പെടുന്നവർ (പലർ) ഉണ്ടെങ്കിലും, നമുക്കു പിതാവായ ഏകദൈവമേ ഉള്ളൂ. സകലവും അവിടന്നിൽ നിന്ന് (ഉണ്ടായതും) നാം അവിടന്നിൽ (സ്ഥിതിചെയ്യുന്നതും) ആകുന്നു. യേശുമിശിഹാ എന്ന ഏകകർത്താവും ഉണ്ട്. അവിടന്നു മുഖാന്തരം സകലവും നാമും (സൃഷ്ടിക്കപ്പെട്ടു). എല്ലാവർക്കും ഈ അറിവില്ല. ചിലർ ഇനിയും വിഗ്രഹങ്ങളെ കുറി

ച്ചുള്ള തങ്ങളുടെ മനഃസാക്ഷി ഹേതുവായി, വിഗ്രഹാർപ്പിതം എന്നു വച്ച് ഭക്ഷിക്കുന്നു. അവരുടെ മനഃസാക്ഷി ബലഹീനമാകകൊണ്ട് അതു മലിനമായിത്തീരുന്നു. എന്നാൽ ഭക്ഷണം നമ്മെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നില്ല. ഭക്ഷിക്കുന്നു എന്നുവച്ച് നമുക്കു വിശേഷതയില്ല. ഭക്ഷിക്കാതിരുന്നു എന്നുവച്ച് നമുക്ക് കുറവുമില്ല. നിങ്ങളുടെ ഈ സ്വാതന്ത്ര്യം ബലഹീനർക്ക് ഇടർച്ചയാകാതെ കരുതിക്കൊൾവിൻ. ജ്ഞാനിയായ നീ വിഗ്രഹാലയത്തിൽ ഭക്ഷണത്തിനിരിക്കുന്നത് ഒരുവൻ കണ്ടാൽ, അവൻ ബലഹീനനാകയാൽ വിഗ്രഹാർപ്പിതം ഭക്ഷിക്കാമെന്ന് അവന്റെ മനഃസാക്ഷിക്ക് ഉറപ്പു വരുന്നില്ലയോ? മിശിഹാ ആർക്കു വേണ്ടി മരിച്ചുവോ, ആ ബലഹീനൻ നിന്റെ ജ്ഞാനത്താൽ നശിച്ചുപോകുന്നു. ഇങ്ങനെ നിങ്ങൾ സ്വന്തസഹോദരന്മാരോട് അപരാധം ചെയ്ത് അവരുടെ ദുർബ്ബല മനഃസാക്ഷിയെ ദണ്ഡിപ്പിക്കുന്നുവെങ്കിൽ, നിങ്ങൾ ആ അപരാധം ചെയ്യുന്നതു മിശിഹായോടാകുന്നു. ആകയാൽ ഭക്ഷണം എന്റെ സഹോദരനു ഇടർച്ചയുണ്ടാക്കുന്നുവെങ്കിൽ, എന്റെ സഹോദരനു ഇടർച്ച വരാതിരിപ്പാനായി ഞാൻ ഒരിക്കലും മാംസം ഭക്ഷിക്കയില്ല.

## 42

## നോമ്പിലെ രണ്ടാം വ്യാഴാഴ്ച

### പ്രഭാതം

പ്രവൃത്തി 10:34-48

ശെമവൂൻ വായ് തുറന്ന് ഇപ്രകാരം പറഞ്ഞു: 'ദൈവം (ഒരു) പക്ഷപാതിയല്ലെന്നും, നീതി പ്രവർത്തിക്കയും, തന്നെ ആരാധിക്കയും ചെയ്യുന്ന സർവ്വജാതികളിലും നിന്നുള്ളവനെ അവിടന്ന് സ്വീകരിക്കുന്നുവെന്നും ഞാൻ നിശ്ചയമായി ഗ്രഹിച്ചു. എങ്ങനെയെന്നാൽ, അവിടന്ന് ഇസ്രായേല്ക്കാർക്ക് 'വചനം' അയയ്ക്കയും, സകലത്തിന്റെയും കർത്താവാകുന്ന യേശുമിശിഹാ മൂലം സമാധാനവും സംപ്രീതിയും അറിയിക്കയും ചെയ്തു. യോഹന്നാൻ മാമോദീസാ പ്രസ്ഥാപിച്ചതിനു ശേഷം, പരിശുദ്ധാത്മാവുകൊണ്ടും ശക്തികൊണ്ടും ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടവനായ നൊസ്രാതുകാരൻ യേശുവിനെ കുറിച്ച് ഗ്ലീലായിലാരംഭിച്ച് യീഹൂദിലെല്ലാം പരന്ന (ആ) വർത്തമാനം, നിങ്ങൾക്ക് അറിവുണ്ടല്ലോ. ദൈവം കൂടെത്തന്നെയുണ്ടായിരുന്നതിനാൽ അവിടന്ന് ചുറ്റി സഞ്ചരിച്ച് പിശാചിനാൽ ഉപദ്രവിക്കപ്പെട്ടിരുന്നവരെ (എല്ലാം) സുഖപ്പെടുത്തിക്കൊണ്ടിരുന്നു. യീഹൂദ് ദേശത്തിലൊക്കെയും ഊർശ്ലേമിലും അവിടന്ന് ചെയ്തിട്ടുള്ള സകലതിനും ഞങ്ങൾ സാക്ഷികളാകുന്നു. യീഹൂദന്മാർ അവിടത്തെ മരത്തിൽ തൂക്കി കൊന്നു. ദൈവം

മൂന്നാം ദിവസം അവിടത്തെ പുനരുത്ഥാനം ചെയ്യിച്ച് വെളിവായി കാണുമാറാക്കി. പക്ഷെ സർവ്വരും കണ്ടില്ല; പിന്നെയോ അവിടത്തേക്കു സാക്ഷികളായിരിപ്പാൻ മുമ്പുകൂട്ടി ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട വരും, മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനത്തിനു ശേഷം അവനോടൊരുമിച്ച് ഭക്ഷിക്കയും കുടിക്കയും ചെയ്തവരുമായ ഞങ്ങൾ മാത്രമേ (കണ്ടുള്ളൂ). ജീവിച്ചിരിക്കുന്നവരുടെയും മരിച്ചുപോയവരു ടെയും ന്യായാധിപതിയായി ദൈവത്താൽ നിയമിക്കപ്പെട്ടവൻ താൻതന്നെയാകുന്നുവെന്ന് ജനങ്ങളോടു പ്രസംഗിച്ച് സാക്ഷീകരിപ്പാൻ അവിടന്ന് ഞങ്ങളോട് ആജ്ഞാപിച്ചു. 'അവിടത്തെ തിരുനാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം പാപമോചനം ലഭിക്കുമെന്ന് സകല ദീർഘ ദർശിമാരും സാക്ഷ്യപ്പെടുത്തിയുമിരിക്കുന്നു.' ശെമവൂൻ ഈ വചന ങ്ങളെ (ഇങ്ങനെ) സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, അതു കേട്ടുകൊണ്ടിരുന്ന എല്ലാവരിലും പരിശുദ്ധാത്മാവ് ആവസിച്ചു. അവർ ഓരോ ഭാഷയിൽ സംസാരിച്ച് ദൈവത്തെ പുകഴ്ത്തുന്നതു കേട്ടപ്പോൾ ശെമവൂന്റെ കൂടെ വന്നവരായ ചേലാകർമ്മം ഏറ്റിട്ടുള്ള സഹോദര ന്മാർ, പുറജാതികളിലും പരിശുദ്ധാത്മാവിന്റെ ദാനം പ്രവഹിച്ചതിൽ വിസ്മയിക്കയും അത്ഭുതപ്പെടുകയും ചെയ്തു. അപ്പോൾ ശെമവൂൻ പറഞ്ഞു: 'ഇവരും നമ്മെപ്പോലെതന്നെ പരിശുദ്ധാത്മാവിനെ പ്രാപി ച്ചിരിക്കേ, മാമൂദീസാ ഏല്ക്കാതിരിപ്പാൻ തക്കവിധം വെള്ളത്തെ തട യുവാൻ ആർക്കാണ് കഴിയുക?' അനന്തരം കർത്താവായ യേശുമിശി ഹായുടെ നാമത്തിൽ മാമൂദീസാ ഏല്ക്കുവാൻ അവൻ അവരോട് ആജ്ഞാപിച്ചു. അവർ അവനോട് കുറേനാൾ തങ്ങളോടുകൂടി താമ സിക്കണമെന്ന് അപേക്ഷിക്കയും ചെയ്തു.

1 കൊരിന്ത്യർ 9:1–12

ഞാൻ സ്വതന്ത്രനല്ലയോ? ഞാൻ ശ്ലീഹായല്ലയോ? നമ്മുടെ കർത്താ വായ യേശുമിശിഹായെ ഞാൻ കണ്ടിട്ടില്ലയോ? നിങ്ങളും എന്റെ കർത്താവിലുള്ള പരിശ്രമഫലങ്ങളല്ലയോ? മറ്റുള്ളവർക്ക് അല്ലെങ്കിലും നിങ്ങൾക്കു ഞാനാണ് ശ്ലീഹാ. എന്റെ ശ്ലീഹാസ്ഥാനത്തിന്റെ മുദ്രയും നിങ്ങളാണ്. എന്നെ കുറ്റപ്പെടുത്തുന്നവരോട് എന്റെ പ്രതിവാദം ഇതാ കുന്നു: ഭക്ഷിപ്പാനും കുടിപ്പാനും ഞങ്ങൾക്ക് അധികാരമില്ലയോ? ശേഷം ശ്ലീഹന്മാരെപ്പോലെയോ, നമ്മുടെ കർത്താവിന്റെ സഹോദര ന്മാരെപ്പോലെയോ, കീപ്പായെപ്പോലെയോ ഒരു സ്ത്രീയെ സഹോദ രിയായി കൂടെ കൊണ്ടുനടപ്പാൻ ഞങ്ങൾക്കധികാരമില്ലയോ? വേല ചെയ്യാതിരിപ്പാൻ എനിക്കും ബർന്നാബായ്ക്കും മാത്രം അധികാരമി ല്ലയോ? സ്വന്തചെലവിൽ സൈന്യസേവനം ചെയ്യുന്നവനാര്? മുന്തിരി

ത്തോപ്പ് ഉണ്ടാക്കിയിട്ട് അതിന്റെ ഫലം ഭക്ഷിക്കാതിരിക്കുന്നവനാര്? അല്ലെങ്കിൽ ആടുകളെ മേയിച്ചിട്ട് അതിന്റെ പാൽ അനുഭവിക്കാത്ത വനാര്? ഞാൻ ഈ പറയുന്നത് കേവലം മാനുഷികങ്ങളോ? ഇതാ, ന്യായപ്രമാണവും ഇങ്ങനെ പറഞ്ഞിരിക്കുന്നു. 'കറ്റ മെതിക്കുന്ന കാള യുടെ വായ് കെട്ടരുത്' എന്ന് മൂശയുടെ ന്യായപ്രമാണത്തിൽ എഴുതി യിരിക്കുന്നു. ദൈവത്തിനു കാളകളെ കുറിച്ച് ഇത്ര താല്പര്യമോ? അത് നമ്മെ ഉദ്ദേശിച്ചു പറഞ്ഞതാണെന്നും നമുക്കായി എഴുതപ്പെട്ടതാ ണെന്നും സ്പഷ്ടമാണ്. എന്തുകൊണ്ടെന്നാൽ ഉഴുന്നവൻ ആശയോടെ ഉഴുകയും, മെതിക്കുന്നവൻ പ്രതിഫലത്തിന്റെ ആശയോടെ (മെതിക്ക യും) ചെയ്യേണ്ടതാകുന്നു. ആത്മീയ(വിത്ത്) നിങ്ങളിൽ വിതച്ചിട്ട് ശാരീ രികഫലത്തെ നിങ്ങളിൽനിന്ന് ഞങ്ങൾ കൊയ്താൽ അത് ഒരു മഹാ കാര്യമാണോ? നിങ്ങളുടെമേൽ മറ്റുള്ളവർക്ക് അധികാരമുണ്ടെങ്കിൽ ഞങ്ങൾക്ക് അതു കൂടുതൽ വേണ്ടതല്ലയോ? എങ്കിലും മിശിഹായുടെ സുവിശേഷത്തിന് ഒരു വിധത്തിലും വിഘ്നം വരുത്താതിരിപ്പാൻ ഞങ്ങൾ ഈ അധികാരം പ്രയോഗിക്കാതെ സകലവും സഹിക്കുന്നു.

## 43

## നോമ്പിലെ രണ്ടാം വെള്ളിയാഴ്ച

### പ്രഭാതം

പ്രവൃത്തി 11:1–18

പുറജാതികളും ദൈവത്തിന്റെ വചനം കൈയ്ക്കൊണ്ടുവെന്ന് യീഹൂ ദിലുള്ള ശ്ലീഹന്മാരും സഹോദരന്മാരും കേട്ടു. ശെമവൂൻ ഊർശ്ലേമി ലെത്തിയപ്പോൾ 'ഇവൻ ചേലാകർമ്മം ചെയ്യാത്ത ആളുകളുടെ അടു ക്കൽ ചെന്ന് അവരോടുകൂടി ഭക്ഷിച്ചു' എന്ന് പറഞ്ഞുകൊണ്ട് ചേലാ കർമ്മം ചെയ്തിട്ടുള്ളവർ അവനെ എതിർത്തു. ശെമവൂനോ, ക്രമമായി (ഇപ്രകാരം) വിവരിപ്പാൻ തുടങ്ങി. 'യൂപ്പിയിൽ വച്ച് ഞാൻ പ്രാർത്ഥി ച്ചുകൊണ്ടിരുന്നപ്പോൾ നാലു കോണും കെട്ടിയതായി ചണവസ്ത്രം പോലിരുന്നതായ ഒരു പാത്രം ആകാശത്തിൽ നിന്ന് എന്റെ അടുക്ക ലേക്ക് ഇറങ്ങിവന്നതായി ദർശനത്തിൽ കണ്ടു. ഞാൻ സൂക്ഷിച്ചു നോ ക്കിയപ്പോൾ, അതിൽ ഭൂമിയിലുള്ള സകല നാല്ക്കാലിമൃഗങ്ങളും ഇഴ ജന്തുക്കളും ആകാശചാരികളായ പക്ഷികളും ഉള്ളതായി കണ്ടു. ശെമ വൂനേ! നീ എഴുന്നേറ്റ് അറുത്തു ഭക്ഷിക്കുക എന്ന് എന്നോടായി പറ യുന്ന ഒരു ശബ്ദവും ഞാൻ കേട്ടു. അപ്പോൾ ഞാൻ, എന്റെ കർത്താവേ! അതു പാടില്ല; അശുദ്ധവും മലിനവുമായിട്ടുള്ളത് ഒരിക്കലും എന്റെ വായിൽ എത്തിയിട്ടില്ല എന്ന് പറഞ്ഞു. പിന്നെയും എന്നോട് ആകാശ ത്തിൽ നിന്ന് ആ ശബ്ദം, ദൈവം ശുദ്ധമാക്കിയതിനെ നീ അശുദ്ധ

മെന്ന് ഗണിക്കരുത് എന്ന് പറഞ്ഞു. ഇങ്ങനെ മൂന്നു തവണയുണ്ടായി. അനന്തരം അതെല്ലാം ആകാശത്തിലേക്കുയർന്നു. ഉടൻതന്നെ കേസറിയായിൽ നിന്ന് കുർനീലിയോസ് എന്റെ അടുക്കലേക്ക് അയച്ച മൂന്നു മനുഷ്യർ വന്ന് ഞാൻ പാർത്തിരുന്ന (വീടിന്റെ) പടിവാതില്ക്കൽ നിന്നു. അപ്പോൾ ആത്മാവ് എന്നോട് നീ സംശയിക്കാതെ അവരുടെ കൂടെ പോവുക എന്ന് പറഞ്ഞു. ഈ ആറു സഹോദരന്മാരും എന്റെ കൂടെ വരികയും, ഞങ്ങൾ ആ മനുഷ്യന്റെ ഭവനത്തിൽ പ്രവേശിക്കയും ചെയ്തു. നീ യൂപ്പി പട്ടണത്തിലേക്ക് ആളയച്ച് കീപ്പാ എന്ന് വിളിക്കപ്പെടുന്ന ശെമവൂനെ വരുത്തുക എന്നും, നീയും നിന്റെ കുടുംബവും രക്ഷപ്പെടുവാനുള്ള വചനങ്ങൾ അവൻ സംസാരിക്കും എന്നും, ഒരു മാലാഖാ സ്വഭവനത്തിൽ വന്ന് തന്നോട് പറഞ്ഞതായി അവൻ ദർശനത്തിൽ കണ്ടത് ഞങ്ങളോടു വിശദമായി പറയുകയും ചെയ്തു. പിന്നെ ഞാനവിടെ സംസാരിച്ചു തുടങ്ങിയപ്പോൾ പരിശുദ്ധാത്മാവ്, മുമ്പു നമ്മുടെ മേൽ എന്നപോലെ, അവരുടെ മേൽ ആവസിക്കയുണ്ടായി. യോഹന്നാൻ വെള്ളം കൊണ്ട് മാമൂദീസാ നല്കി. എന്നാൽ നിങ്ങൾ പരിശുദ്ധാത്മാവിൽ മാമൂദീസാ ഏൽക്കും എന്ന് നമ്മുടെ കർത്താവ് പറഞ്ഞിട്ടുള്ള വചനം അപ്പോൾ ഞാനോർത്തു. ആകയാൽ, കർത്താവായ യേശുമിശിഹായിൽ വിശ്വസിച്ചവരായ പുറജാതികൾക്ക് ദൈവം നമുക്കു നല്കിയതുപോലെതന്നെ വരം നല്കിയിരിക്കേ, അവിടത്തെ തടുക്കാൻ കഴിയത്തക്കവിധം ഞാനാര്?' അവർ ഈ വചനങ്ങൾ കേട്ടപ്പോൾ അടങ്ങുകയും 'പക്ഷെ ദൈവം പുറജാതികൾക്കും രക്ഷയ്ക്കായി മാനസാന്തരം നല്കിയതായിരിക്കാം' എന്ന് പറഞ്ഞ് ദൈവത്തെ സ്തുതിക്കയും ചെയ്തു.

റോമർ 1:13–25

എന്നാൽ സഹോദരന്മാരേ! മറ്റു പുറജാതികളിൽ എന്നപോലെ നിങ്ങളിലും എനിക്കു സാഫല്യം ഉണ്ടാകുവാൻ തക്കവിധം നിങ്ങളുടെ അടുക്കൽ വരുവാൻ ഞാൻ പലപ്പോഴും ഇച്ഛിക്കയും, ഇതുവരെ വിഘ്നപ്പെടുകയും ചെയ്തുവെന്ന് നിങ്ങളറിവാൻ ഞാനാഗ്രഹിക്കുന്നു. യവനന്മാരും ബർബ്ബരന്മാരും ജ്ഞാനികളും ഭോഷന്മാരുമായ എല്ലാവരുടെയും അടുക്കൽ പ്രസംഗിപ്പാൻ ഞാൻ ചുമതലപ്പെട്ടവനാകുന്നു. അങ്ങനെ തന്നെ റോമായിലുള്ള നിങ്ങളെയും സുവിശേഷം അറിയിപ്പാൻ ഞാൻ താല്പര്യപ്പെടുന്നു. *ഏവൻഗേലിയോനെ കുറിച്ച് എനിക്കു ലജ്ജയില്ല. എന്തെന്നാൽ അതു വിശ്വസിക്കുന്ന ഏവനും, ആദ്യം യഹൂദർക്കും പിന്നീടു പുറജാതികൾക്കും, രക്ഷയ്ക്കുതകുന്ന ദൈവശക്തിയാകുന്നല്ലോ. 'നീതിമാൻ വിശ്വാസംകൊണ്ട് രക്ഷിക്കപ്പെടും' എന്ന് എഴുതിയി*

*രിക്കുന്നതുപോലെ, ആ ഏവൻഗേലിയോനിൽ വിശ്വാസം മൂലവും വിശ്വാസത്തിനായും ദൈവനീതി വെളിപ്പെടുന്നു. സത്യത്തെ അനീതികൊണ്ട് അടയ്ക്കുന്ന മനുഷ്യരുടെ സകല അനീതിക്കും ദുഷ്ടതയ്ക്കുമെതിരായി സ്വർഗ്ഗത്തിൽനിന്ന് ദൈവകോപവും വെളിപ്പെടുന്നു.*

*എന്തുകൊണ്ടെന്നാൽ ദൈവം തന്നെക്കുറിച്ച് അറിയപ്പെടേണ്ടവ അവർക്കു പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളതുകൊണ്ട് അവർക്ക് അതു വിശദമായിട്ടുള്ളതാണ്. അവിടത്തെ അദൃശ്യവ്യാപാരങ്ങളും ശക്തിയും നിത്യദൈവത്വവും ലോകാരംഭം മുതലേ അവന്റെ സൃഷ്ടികൾക്ക് ആന്തരീയമായി പ്രത്യക്ഷപ്പെടുന്നു. അത് അവർക്ക് ഒഴികഴിവിന് വകയില്ലാതിരിപ്പാൻ വേണ്ടിയുമാകുന്നു. അവർ ദൈവത്തെ അറിഞ്ഞിരുന്നിട്ടും ദൈവത്തിന് അനുയോജ്യമാംവിധം സ്തുതിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ വ്യർത്ഥചിന്തകരായിത്തീർന്നു. വിവേകശൂന്യമായ അവരുടെ ഹൃദയം അന്ധമായി പോകയും ചെയ്തു. അവർ സ്വയം ജ്ഞാനികളെന്ന് അഭിമാനിച്ചുകൊണ്ട് ഭോഷരായും തീർന്നു. അക്ഷയനായ ദൈവത്തിന്റെ മഹത്ത്വത്തെ നശ്വരനായ മനുഷ്യന്റെ സ്വരൂപപ്രതിമയായും, പക്ഷിയുടെയും നാല്ക്കാലിമൃഗത്തിന്റെയും ഭൂമിയിലെ ഇഴജന്തുക്കളുടെയും പ്രതിമയായും, മാറ്റിക്കളകയും ചെയ്തു. ആയതുകൊണ്ട് അവരെക്കൊണ്ടുതന്നെ അവരുടെ ശരീരങ്ങളെ അപമാനിപ്പിക്കുവാൻ തക്കവണ്ണം ദൈവം അവരെ അവരുടെ ഹൃദയത്തിലെ അശുദ്ധമോഹങ്ങൾക്കായിത്തന്നെ വിട്ടുകൊടുത്തു. അവർ ദൈവത്തിന്റെ സത്യത്തെ അസത്യമായി മാറ്റിക്കളകയും. സൃഷ്ടാവിനെക്കാളധികമായി സൃഷ്ടികളെ ആരാധിച്ചു ഭജിക്കയും ചെയ്തു. അവിടത്തേക്കു സ്തുതിയും വന്ദനവും ശാശ്വതമായിരിക്കട്ടെ. ആമ്മീൻ.*

*(റോമർ 1:16–25)*

*മുകളിൽ നോക്കുക*

**44**

## നോമ്പിലെ രണ്ടാം ശനിയാഴ്ച

## വി.കുർബ്ബാന

പ്രവൃത്തി 13:40–52

'നിന്ദിക്കുന്നവരേ! നോക്കുവിൻ, നിങ്ങൾ ഭ്രമിച്ചു നശിച്ചുപോകും; എന്തെന്നാൽ കേട്ടാൽ നിങ്ങൾക്കു വിശ്വാസം വരാത്ത പ്രവൃത്തി ഞാൻ നിങ്ങളുടെ കാലത്തു ചെയ്യും' എന്ന് ദീർഘദർശിമാർ എഴുതിയിരിക്കുന്നത് നിങ്ങളിൽ ഫലിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. അനന്തരം പൌലോസും ബർന്നാബായും അവിടെ നിന്ന് പുറപ്പെ

ടാൻ ഭാവിച്ചപ്പോൾ അടുത്ത ശാബതിലും തങ്ങളോട് ഈ കഥകൾ സംസാരിക്കണമെന്ന് അവർ അപേക്ഷിച്ചു. സഭ പിരിഞ്ഞതിനു ശേഷം യീഹൂദന്മാരും ദൈവഭയമുള്ള യീഹൂദമാർഗ്ഗാനുസാരികളുമായ പലരും അവരെ അനുഗമിച്ചു. അവർ ദൈവകൃപയെ അവലംബിക്കുവാൻ പറഞ്ഞ് ഇവരെ അനുസരിപ്പിക്കയും ചെയ്തു.

അടുത്ത ശാബതിൽ പട്ടണമാസകലം ദൈവവചനം കേൾപ്പാൻ തയ്യാറായി. യീഹൂദന്മാർ ആ പുരുഷാരത്തെ കണ്ട് അസൂയ നിറഞ്ഞ് പൌലോസ് സംസാരിച്ചുകൊണ്ടിരുന്ന വചനങ്ങളെ എതിർക്കുകയും അപഹസിക്കയും ചെയ്തു. എന്നാൽ പൌലോസും ബർന്നാബായും സ്പഷ്ടമായി പറഞ്ഞു: ദൈവവചനം ആദ്യമേ (തന്നെ) നിങ്ങളോടായിരുന്നു പ്രസംഗിക്കേണ്ടിയിരുന്നത്; എന്നാൽ നിങ്ങൾ (ആകട്ടെ) അതിനെ തള്ളിക്കളഞ്ഞ് നിത്യജീവന് യോഗ്യരായി തീരരുതെന്ന് സ്വയം നിശ്ചയിച്ചിരിക്കയാൽ, ഞങ്ങൾ ഇതാ പുറജാതികളിലേക്കു തിരിയുന്നു. അതേ, 'ഭൂമിയുടെ അറ്റത്തോളം രക്ഷയായിത്തിരേണ്ടതിന് ഞാൻ നിന്നെ പുറജാതികൾക്കു പ്രകാശമായി നിയമിച്ചു' എന്ന് എഴുതപ്പെട്ടിരിക്കുന്ന പ്രകാരം, കർത്താവ് ഞങ്ങളോടു കല്പിച്ചിട്ടുമുണ്ട്. അതു കേട്ടപ്പോൾ പുറജാതിക്കാർ സന്തോഷിച്ച് ദൈവത്തെ സ്തുതിച്ചു. നിത്യജീവനായി നിയമിതരായവർ വിശ്വസിക്കയും ചെയ്തു. കർത്താവിന്റെ വചനം ആ ദേശത്തെല്ലാം ഘോഷിക്കപ്പെട്ടു. എന്നാൽ യീഹൂദന്മാർ പട്ടണപ്രധാനികളെയും ഭക്തരായ ധനികസ്ത്രീകളെയും പ്രേരിപ്പിച്ച് പൌലോസിനെയും ബർന്നാബായെയും പീഡിപ്പിച്ച് തങ്ങളുടെ അതിർത്തികളിൽ നിന്ന് പുറത്താക്കി. അവർ പുറപ്പെട്ട് കാലുകളിൽ പറ്റിയിരുന്ന പൊടി അവരുടെ നേരെ (തന്നെ) കുടഞ്ഞിട്ട് ഇക്കാനോൻപട്ടണത്തിൽ എത്തി. ശിഷ്യന്മാർ സന്തോഷംകൊണ്ടും പരിശുദ്ധാത്മാവുകൊണ്ടും നിറഞ്ഞു.

*(പ്രവൃത്തി 13:37–52)*

*പ്രവൃത്തി 13:37–39*

*ദൈവത്താൽ ഉദ്ധരിക്കപ്പെട്ടവനോ നാശം പ്രാപിച്ചില്ല. ആകയാൽ സഹോദരന്മാരേ! അവിടന്നുമൂലമായിത്തന്നെ നിങ്ങൾക്കു വേണ്ടി പാപമോചനം പ്രസംഗിക്കപ്പെടുന്നുവെന്നും അവിടന്നിൽ വിശ്വസിക്കുന്നവരെല്ലാം താൻ മൂലം (തന്നെ) മൂശയുടെ ന്യായപ്രമാണത്താൽ നീതികരിക്കപ്പെടുവാൻ സാധിക്കാതിരുന്ന സകലത്തിൽ നിന്നും നീതീകരിക്കപ്പെടുന്നുവെന്നും അറിഞ്ഞുകൊൾവിൻ.*

*പ്രവൃത്തി 13:40–52 ശേഷം മുകളിൽ നോക്കുക*

2 കൊരിന്ത്യർ 8:1–8

പിന്നെയും സഹോദരന്മാരേ! മക്കേദൂനിയായിലെ സഭകൾക്കു ലഭിച്ച ദൈവകൃപയെ കുറിച്ച് ഞങ്ങൾ നിങ്ങളെ അറിയിച്ചുകൊള്ളട്ടെ. ഞെരുക്കത്തിന്റെ കഠിനശോധനയിൽ ഇരുന്നിട്ടും അവരുടെ സന്തോഷം വർദ്ധിക്കയാണുണ്ടായത്. അവർ അതിദാരിദ്ര്യത്തിൽ ഇരുന്നിട്ടും ഔദാര്യാതിശയത്തിനു കുറവു വരുത്തിയില്ല. എങ്ങനെയെന്നാൽ അവർ ശക്തിക്കനുരൂപമായും ശക്തിക്കപ്പുറമായും മനഃപൂർവ്വമായി അതു ചെയ്തുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. വിശുദ്ധന്മാരുടെ ഉപയോഗത്തിനായുള്ള ധനശേഖരത്തിൽ തങ്ങളെയും സംബന്ധിപ്പിക്കണമെന്ന് അവർ ഞങ്ങളോട് കിഴിഞ്ഞു യാചിച്ചു. അതു ഞങ്ങൾ വിചാരിച്ചിരുന്നതുപോലെയുമല്ല. പിന്നെയോ, അവർ ആദ്യമേ നമ്മുടെ കർത്താവിലും പിന്നെ ദൈവഹിതത്താൽ ഞങ്ങളിലും തങ്ങളെത്തന്നെ സമർപ്പിക്കയാണുണ്ടായത്. നിങ്ങളുടെ ഇടയിൽ ആരംഭിച്ചപ്രകാരം തന്നെ ഈ ദാനശേഖരം അവസാനിപ്പിക്കണമെന്ന് ഞങ്ങൾ തീത്തോസിനോട് ആവശ്യപ്പെട്ടു. വിശ്വാസം, വചനം, ജ്ഞാനം, പൂർണ്ണതാല്പര്യം, നിങ്ങളെക്കുറിച്ചുള്ള ഞങ്ങളുടെ സ്നേഹം, എന്നിവയിൽ എല്ലാവിധത്തിലും അഭിവൃദ്ധിപ്പെട്ടിരിക്കുന്നതുപോലതന്നെ ഈ ദാനവിഷയത്തിലും നിങ്ങൾ അഭിവൃദ്ധിപ്പെടുവിൻ. ഞാൻ നിങ്ങളോട് കല്പിക്കയല്ല; നിങ്ങളുടെ സഖാക്കളുടെ താല്പര്യം കണ്ടിട്ട് നിങ്ങളുടെ സ്നേഹത്തിന്റെ യാഥാർത്ഥ്യത്തെ പരീക്ഷിക്കയാണു ചെയ്യുന്നത്.

*(2 കൊരിന്ത്യർ 8:1–9)*

*2 കൊരിന്ത്യർ 8:1–8 മുകളിൽ നോക്കുക*

*2 കൊരിന്ത്യർ 8:9*

*സ്വദാരിദ്ര്യത്താൽ നിങ്ങൾ ധനവാന്മാരായിത്തീരേണ്ടതിന്, താൻ ധനവാനായിരിക്കെത്തന്നെ നിങ്ങൾക്കു വേണ്ടി ദരിദ്രനായിത്തീർന്ന, നമ്മുടെ കർത്താവായ യേശുമിശിഹായുടെ കൃപയെക്കുറിച്ച് നിങ്ങൾക്ക് അറിവുണ്ടല്ലോ.*

## 45

## നോമ്പിലെ മൂന്നാം ഞായറാഴ്ച
## (പക്ഷവാതക്കാരൻ)
## വി.കുർബ്ബാന

പ്രവൃത്തി 28:17–28

മൂന്നു ദിവസം കഴിഞ്ഞിട്ട് പൌലോസ് യീഹൂദന്മാരിൽ പ്രധാനികളെ ആളയച്ച് വിളിച്ചു. അവർ വന്നുകൂടിയപ്പോൾ അവൻ അവരോട് ഇപ്ര

കാരം പറഞ്ഞു: 'സഹോദരന്മാരേ! ഞാൻ സ്വജനത്തിനും പൈതൃക മായ നിയമത്തിനും വിരോധമായി യാതൊന്നും ചെയ്തിട്ടില്ലാതിരിക്കേ ഊർശ്ലേമിൽ നിന്ന് ബന്ധിതനായി പടയാളികളുടെ കൈയിൽ ഏല്പി ക്കപ്പെട്ടു. അവർ എന്നെ വിസ്തരിച്ചതിൽ മരണയോഗ്യമായ യാതൊരു കുറ്റവും എന്നിൽ കാണാത്തതിനാൽ വിട്ടയയ്ക്കണമെന്ന് വിചാരിച്ചു. യീഹൂദന്മാർ എനിക്കു വിരോധമായി നിന്നതുകൊണ്ട് കേസറിനെ അഭയം പ്രാപിപ്പാൻ ഞാൻ നിർബ്ബന്ധിതനായിത്തീർന്നു. ഒന്നിലും സ്വജനങ്ങളെ കുറ്റപ്പെടുത്തുവാൻ എനിക്കില്ല. ഇതു ഹേതുവായി നിങ്ങളെ കണ്ട് ഈ സംഗതികൾ അറിയിക്കാൻ വേണ്ടിയാണ് വരണ മെന്ന് ഞാൻ നിങ്ങളോടപേക്ഷിച്ചത്. എന്തെന്നാൽ ഇസ്രായേലിന്റെ പ്രത്യാശ നിമിത്തം ഈ ശ്രംഖലയാൽ ഞാൻ ബന്ധിതനായിരിക്കുന്നു.' അവർ പൌലോസിനോട് 'യീഹൂദിൽ നിന്ന് അങ്ങയെക്കുറിച്ച് ഞങ്ങൾക്ക് ഒരു ലേഖനവും കിട്ടിയിട്ടില്ല. ഊർശ്ലേമിൽ നിന്ന് വന്ന സഹോദരന്മാരിൽ ആരും ഞങ്ങളോട് അങ്ങയെക്കുറിച്ചു ദോഷമായി പറഞ്ഞിട്ടുമില്ല. എന്നാൽ ഈ ഉപദേശം ആരും സ്വീകരിച്ചിട്ടില്ലെന്ന് ഞങ്ങൾ അറിയുന്നതുകൊണ്ട് അങ്ങു വിചാരിക്കുന്നത് അങ്ങിൽ നിന്ന് തന്നെ കേൾക്കുവാൻ ഞങ്ങളാഗ്രഹിക്കുന്നു' എന്ന് പറഞ്ഞു.

അനന്തരം അവർ നിശ്ചയിച്ച ഒരു ദിവസം പൌലോസ് പാർത്തി രുന്ന സ്ഥലത്ത് വളരെ പേർ വന്നുകൂടുകയും അവൻ യേശുവിനെക്കു റിച്ച് മൂശയുടെ ന്യായപ്രമാണത്തെയും ദീർഘദർശനങ്ങളെയും സാക്ഷീകരിച്ച് സമ്മതം വരുത്തിക്കൊണ്ട് പ്രഭാതം മുതൽ സന്ധ്യ വരെ ദൈവരാജ്യത്തെക്കുറിച്ച് അവർക്കു വെളിപ്പെടുത്തിക്കൊടുക്കു കയും ചെയ്തു. അവരിൽ ചിലർ അവന്റെ വാക്കുകളെ അനുസരി ക്കയും മറ്റു ചിലർ അനുസരിക്കാതിരിക്കയും ചെയ്തു. അവർ തമ്മിൽ യോജിക്കാതെ അവന്റെ അടുക്കൽനിന്ന് പിരിഞ്ഞുപോയി. അപ്പോൾ പൌലോസ് അവരോട് ഇപ്രകാരം പറഞ്ഞു. 'നിങ്ങൾ കേട്ടാലും ഗ്രഹി ക്കാതെയും, കണ്ടാലും തിരിച്ചറിയാതെയുമിരിക്കും. എന്തെന്നാൽ കണ്ണു കൊണ്ട് കാണാതെയും, ചെവികൊണ്ട് കേൾക്കാതെയും, ഹൃദയം കൊണ്ട് ഗ്രഹിക്കാതെയും, എന്നിലേക്കു മാനസാന്തരപ്പെടാതെയും, എന്റെ ക്ഷമ ലഭിക്കാതെയും ഇരിക്കത്തക്കവിധം, ഈ ജനത്തിന്റെ ഹൃദയം തടിച്ചും, ശ്രവണം ഭാരമായും, കണ്ണുകൾ അടഞ്ഞും ഇരി ക്കുന്നു എന്ന് ഏശായാദീർഘദർശിയോട് അരുളിച്ചെയ്തുകൊണ്ട് പരി ശുദ്ധാത്മാവ് നിങ്ങളുടെ പിതാക്കന്മാർക്കെതിരായി അവൻ മൂലം സംസാരിച്ചിട്ടുള്ളത് ശരിതന്നെ. ആകയാൽ ദൈവത്തിന്റെ ഈ രക്ഷാ

മാർഗ്ഗം പുറജാതിക്കായി അയയ്ക്കപ്പെട്ടു. അവർ അതിനെ അനുസരിക്കുമെന്നുള്ളത് നിങ്ങൾക്കറിവായിരിക്കട്ടെ.'

*(പ്രവൃത്തി 5:12–16; 19:8–12)*

*ശ്ലീഹന്മാർ മൂലം ജനങ്ങളുടെ ഇടയിൽ വളരെ അത്ഭുതങ്ങളും വിസ്മയങ്ങളും നടന്നുകൊണ്ടിരുന്നു. അവരെല്ലാവരും ഒരുമിച്ച് ശ്ലേമൂന്റെ മണ്ഡപത്തിൽ കൂടി. ജനങ്ങളിലൊരുവനും അവരോടടുക്കുവാൻ ധൈര്യപ്പെട്ടില്ല. എങ്കിലും അവരെ പുകഴ്ത്തിക്കൊണ്ടിരുന്നു. കർത്താവിൽ വിശ്വസിച്ചവരായ പുരുഷന്മാരുടെയും സ്ത്രീകളുടെയും സംഖ്യ ഏറ്റം വർദ്ധിച്ചുകൊണ്ടുമിരുന്നു. ശെമവൂൻ വരുമ്പോൾ അവന്റെ നിഴലെങ്കിലും തട്ടുവാനായി രോഗികളെ കട്ടിലുകളിൽ കിടത്തി തെരുവുകളിൽ കൊണ്ടുവച്ചിരുന്നു. ഊർശ്ലേമിനു ചുറ്റുമുള്ള മറ്റു പട്ടണങ്ങളിൽ നിന്നും രോഗികളെയും അശുദ്ധാത്മാക്കൾ ബാധിച്ചവരെയും കൊണ്ട് പലരും അവരുടെ അടുക്കൽ വരികയും അവരെല്ലാവരും സൗഖ്യം പ്രാപിക്കയും ചെയ്തിരുന്നു.*

*19:8–12*

*അതിനു ശേഷം പൌലോസ് സംഘാലയത്തിൽ പ്രവേശിച്ച് മൂന്നു മാസക്കാലം ദൈവരാജ്യത്തെക്കുറിച്ച് പരസ്യമായി പ്രസംഗിക്കയും ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. അവരിൽ ചിലർ കഠിനമായി വാദിക്കയും പുറജാതിസംഘത്തിന്റെ മുമ്പിൽ വച്ച് ദൈവമാർഗ്ഗത്തെ ദുഷിക്കയുംചെയ്തു. അപ്പോൾ പൌലോസ് അവരിൽ നിന്ന് വിട്ടുമാറി. ശിഷ്യന്മാരെ വേർതിരിച്ച് തൂറാനോസ് എന്ന് പേരുള്ള ഒരു മനുഷ്യന്റെ പാഠശാലയിൽ വച്ച് പ്രതിദിനം അവരോട് സംസാരിക്കയും ചെയ്തു. യീഹൂദരും പുറജാതികളുമായി ആസ്യായിൽ പാർത്തിരുന്നവരെല്ലാം കർത്താവിന്റെ വചനം കേൾക്കുവോളം ഇതു രണ്ടു സംവത്സരത്തേയ്ക്കു നീണ്ടുനിന്നു. ദൈവം പൌലോസു മുഖാന്തരം അസാമാന്യങ്ങളായ അത്ഭുതങ്ങൾ സാധിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്ന് വല്ല തുവ്വാലയോ വസ്ത്രശകലമോ കൊണ്ടുപോയി രോഗികളുടെമേൽ വയ്ക്കുകയും രോഗങ്ങൾ വിട്ടുമാറുകയും ചെയ്തിരുന്നു. (ഇതുപോലെ) പിശാചുക്കളും വിട്ടൊഴിഞ്ഞു.*

റോമർ 5:1–11

ഇങ്ങനെ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിരിക്കയാൽ നമുക്കു നമ്മുടെ കർത്താവായ യേശുമിശിഹാ വഴിയായി ദൈവത്തിങ്കൽ സമാധാനമുണ്ടാകും. നാം സ്ഥിതിചെയ്യുന്ന ഈ കൃപയിലേക്കു നമുക്കു വിശ്വാസം മൂലമായി പ്രവേശനം ലഭിച്ചത് അവിടന്നു മൂലമാകുന്നു. ദൈവമഹത്ത്വത്തിന്റെ പ്രത്യാശയിൽ നാം അഭിമാനിക്കയും ചെയ്യു

ന്നു. അതു മാത്രമല്ല, ഞെരുക്കം ക്ഷമയെയും, ക്ഷമ പരിശോധന യെയും, പരിശോധന പ്രത്യാശയെയും, ഉളവാക്കുന്നു എന്നറിയുന്ന തുകൊണ്ട് ഞെരുക്കങ്ങളിലും നാം അഭിമാനിക്കുന്നു. പ്രത്യാശ ലജ്ജി പ്പിക്കുന്നില്ല. എന്തെന്നാൽ നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവു മൂലം ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു പ്രവഹിച്ചിരിക്കുന്നു. മിശിഹാ നമ്മുടെ ബലഹീനത നിമിത്തം ഇക്കാലത്തു ദുഷ്ടന്മാർക്കു വേണ്ടി മരിച്ചുവല്ലോ. എന്നാൽ ദുഷ്ടന്മാർക്കു വേണ്ടി ഒരുവൻ മരി ക്കുന്നതു പ്രയാസം തന്നെ. ഉത്തമന്മാർക്കു വേണ്ടി മരിപ്പാൻ പക്ഷെ ഒരുവൻ തുനിഞ്ഞേക്കാം. നാം പാപികളായിരിക്കെത്തന്നെ മിശിഹാ നമുക്കു വേണ്ടി മരിച്ചതിനാൽ ഇവിടെ ദൈവം നമ്മോടുള്ള സ്നേഹ ത്തെ പ്രദർശിപ്പിക്കുന്നു. ഇപ്പോൾ നാം അവിടത്തെ രക്തം മൂലം എത്രയോ അധികമായി നീതീകരിക്കപ്പെടുകയും അതു മൂലം കോപ ത്തിൽ നിന്ന് രക്ഷപെടുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ നാം ശത്രുക്കളായിരിക്കുമ്പോൾ ദൈവം തന്റെ പുത്രന്റെ മരണം മൂലം നമ്മോടു നിരപ്പായെങ്കിൽ ആ നിരപ്പിനാൽ നാം എത്രയോ അധികം അവിടത്തെ ജീവൻ മൂലം രക്ഷ പ്രാപിക്കും? അത്രയുമല്ല, നമ്മുടെ കർത്താവായ യേശുമിശിഹാ മൂലം ദൈവത്തിൽ നാം അഭിമാനിക്കു ന്നു. അവിടന്നു മൂലമാണല്ലോ ഇപ്പോൾ നാം നിരപ്പിനെ പ്രാപിച്ചത്.

*(2 കൊരിന്ത്യർ 12:7-10)*

*ദർശനങ്ങളുടെ ആധിക്യത്തിൽ ഞാൻ അഹങ്കരിക്കാതിരിപ്പാൻ വേണ്ടി സാത്താന്റെ ദൂതനാകുന്ന ഒരു മുള്ള് എനിക്കു ശരീരത്തിൽ ത ന്നിരിക്കുന്നു. അതു ഞാൻ അഹങ്കരിക്കാതെ എന്നെ പ്രഹരിപ്പാനാ ണ്. അത് എന്നിൽ നിന്ന് മാറ്റുവാനായി ഞാൻ മൂന്നു പ്രാവശ്യം എന്റെ കർത്താവിനോട് അപേക്ഷിച്ചു. അവിടന്ന് എന്നോട് 'നിനക്ക് എന്റെ കൃപ മതി. എന്റെ ശക്തി ബലഹീനതയിലാണ് പൂർണ്ണമാകുന്നത്' എന്ന് പറഞ്ഞു. അതുകൊണ്ട് മിശിഹായുടെ ശക്തി എന്റെ മേൽ വസിപ്പാൻ വേണ്ടി ഞാൻ സന്തോഷത്തോടെ എന്റെ ബലഹീനതകളെ പ്രശംസി ക്കും. അതുകൊണ്ട് മിശിഹായ്ക്കു വേണ്ടിയുള്ള ബലഹീനതകളിലും അപമാനത്തിലും ഞെരുക്കങ്ങളിലും പീഡകളിലും വിലങ്ങുകളിലും ഞാൻ ഇഷ്ടപ്പെടുന്നു. എന്തെന്നാൽ ഞാൻ ബലഹീനനായിരിക്കുമ്പോ ഴാണ് ഞാൻ ബലവാനായിത്തീരുന്നത്.*

## 46
## നോമ്പിലെ മൂന്നാം തിങ്കളാഴ്ച
### പ്രഭാതം

പ്രവൃത്തി 28:1-10

അനന്തരം ആ ദ്വീപിന്റെ പേര് മിലീത്തിയെന്നാണെന്ന് ഞങ്ങൾ ഗ്രഹിച്ചു. അവിടെ പാർത്തിരുന്ന ബർബ്ബരന്മാർ ഞങ്ങളോടു വളരെ കരുണ കാണിക്കയും വലിയ മഴയും കുളിരും ഉണ്ടായിരുന്നതുകൊണ്ട് അവർ തീ കത്തിച്ച് ഞങ്ങളെല്ലാവരെയും തീ കായുവാൻ വിളിക്കുകയും ചെയ്തു. പൌലോസ് വളരെ ഉണക്കച്ചുള്ളികളെടുത്തു തീയിൽ വച്ചപ്പോൾ തീയുടെ ചൂടുകൊണ്ട് അതിൽ നിന്ന് ഒരു **ഓക്കെദനൊ പാമ്പ്** പുറപ്പെട്ട് അവന്റെ കൈയിൽ കടിച്ചു. ആ പാമ്പ് അവന്റെ കൈയിൽ തൂങ്ങിക്കിടക്കുന്നത് ബർബ്ബരന്മാർ കണ്ടപ്പോൾ 'ഈ മനുഷ്യൻ കൊലപാതകിയായിരിക്കാം; ഇവൻ സമുദ്രത്തിൽ നിന്ന് രക്ഷപെട്ടിട്ട് ജീവനോടിരിപ്പാൻ നീതി സമ്മതിച്ചില്ല' എന്ന് പറഞ്ഞു. എന്നാൽ പൌലോസ് തന്റെ കൈ കുടഞ്ഞ് **ഓക്കെദനൊ പാമ്പിനെ** തീയിൽ ഇട്ടു. യാതൊരു ദോഷവും അവനു സംഭവിച്ചില്ല. എന്നാൽ അവൻ ഉടനെ തളർന്ന് മരിച്ചു നിലത്തു വീഴുമെന്ന് ബർബ്ബരന്മാർ വിചാരിച്ച് വളരെ നേരം കാത്തിരുന്നിട്ടും, യാതൊരു ദോഷവും അവനു സംഭവിച്ചില്ലെന്ന് കണ്ടപ്പോൾ, അവരുടെ അഭിപ്രായം മാറുകയും 'ഇദ്ദേഹം ദൈവമാകുന്നു' എന്ന് പറകയും ചെയ്തു. ആ ദ്വീപിലെ പ്രമാണിയായ പൂപ്പിലിയോസ് എന്നയാൾക്ക് അവിടെ വസ്തുക്കൾ ഉണ്ടായിരുന്നു. അവൻ ഞങ്ങളെ സന്തോഷത്തോടെ മൂന്നു ദിവസം സ്വന്തവീട്ടിൽ പാർപ്പിച്ചു. പുപ്പിലിയോസിന്റെ പിതാവ് പനിയും വയറുവേദനയുമായി കിടക്കയായിരുന്നു. പൌലോസ് അവന്റെ അടുക്കൽ ചെന്ന് പ്രാർത്ഥിച്ച് അവന്റെ മേൽ കൈ വച്ച് അവനെ സുഖപ്പെടുത്തി. അപ്പോൾ ആ ദ്വീപിൽ ഉണ്ടായിരുന്ന മറ്റു രോഗികളും പൌലോസിന്റെ അടുക്കൽ വന്ന് സുഖം പ്രാപിച്ചു. അവർ ഞങ്ങളെ വളരെ ബഹുമാനിക്കയും ഞങ്ങൾ അവിടെ നിന്ന് പുറപ്പെട്ടപ്പോൾ വഴിയാഹാരം തന്നയയ്ക്കയും ചെയ്തു.

*(അല്ലെങ്കിൽ വെളിപാട് 2:1-7)*

*എപ്പേസ്സോസിലെ സഭയുടെ ദൂതന് എഴുതുക. ഏഴു നക്ഷത്രങ്ങളെ വലതുകൈയിൽ പിടിച്ചിരിക്കുന്നവനായി ഏഴു പൊൻവിളക്കുതണ്ടുകളുടെ മദ്ധ്യേ സഞ്ചരിക്കുന്ന സർവ്വശക്തൻ ഇങ്ങനെ പറയുന്നു. നിന്റെ പ്രവൃത്തികളും പ്രയത്നവും സഹിഷ്ണുതയും ദുഷ്ടന്മാരെ വഹി*

*പ്പാൻ നിനക്കു കഴിവില്ലെന്നുള്ളതും ശ്ലീഹന്മാരല്ലാതിരിക്കേ തങ്ങൾ ശ്ലീഹന്മാരാണെന്ന് തന്നത്താൻ പറയുന്നവരെ പരീക്ഷിച്ച് അവരെ അസത്യവാദികളായി നീ കണ്ടു എന്നുള്ളതും നിനക്കു സഹിഷ്ണുത യുണ്ടെന്നുള്ളതും എന്റെ നാമത്തിനു വേണ്ടി നീ (വളരെയൊക്കെ) സഹിച്ചിട്ടും ക്ഷീണിച്ചുപോകാതിരുന്നതും ഞാൻ അറിയുന്നു. എങ്കിലും നീ നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നൊരു കുറ്റം എനിക്കു നിന്നെപ്പറ്റിയുണ്ട്. ആകയാൽ എവിടെ നിന്നാണ് നീ പതിച്ചതെ ന്നോർത്ത് പശ്ചാത്തപിച്ച് ആദ്യകർമ്മങ്ങളെ അനുഷ്ഠിക്കുക. അല്ലെ ങ്കിൽ, നീ പശ്ചാത്താപപ്പെടാതിരുന്നാൽ, ഞാൻ അതിവേഗം നിന്റെ അടുക്കൽ വന്ന് നിന്റെ വിളക്കുതണ്ടിനെ അതിന്റെ സ്ഥാനത്തു നിന്ന് നീക്കം ചെയ്യും. എന്നാൽ നീക്കൊലാവോസുകാരുടെ പ്രവൃത്തികളെ വെറുക്കുന്നു എന്നുള്ള (നന്മ) നിന്നിലുണ്ട്. ഞാനും അവയെ വെറു ക്കുന്നു. ആത്മാവ് സഭകളോട് എന്തുപറയുന്നു എന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ എന്റെ ദൈവത്തിന്റെ പറുദൈസാ യിലുള്ള ജീവവൃക്ഷത്തിൽ നിന്ന് (ഫലം) ഭക്ഷിപ്പാൻ കൊടുക്കും.*

1 തീമൊത്തിയോസ് 6:1–12

അടിമനുകത്തിനു കീഴ്പ്പെട്ടിരിക്കുന്നവർ, ദൈവത്തിന്റെ നാമവും അവിടത്തെ ഉപദേശവും നിന്ദിക്കപ്പെടാതിരിപ്പാൻ തങ്ങളുടെ യജമാ നന്മാരെ സർവ്വവിധ ബഹുമാനത്തോടുംകൂടി സ്വീകരിക്കണം. വിശ്വാ സികളായ യജമാനന്മാരുള്ളവർ, സഹോദരന്മാർ എന്നുവച്ച് യജ മാനന്മാരെ ധിക്കരിക്കരുത്. പിന്നയോ, തങ്ങളുടെ പരിചരണത്താൽ ആശ്വസിപ്പിക്കപ്പെടുന്നവർ, വിശ്വാസികളും പ്രിയപ്പെട്ടവരുമാകയാൽ, അവരെ അധികമായി പരിചരിക്കണം. നീ അവരെ ഇപ്രകാരം ഉപദേ ശിക്കയും പ്രബോധിപ്പിക്കയും ചെയ്ക. ഒരുവൻ അന്യഥാ ഉപദേശി ക്കയും, നമ്മുടെ കർത്താവായ യേശുമിശിഹായുടെ പത്ഥ്യവചനങ്ങ ളും ദൈവഭക്തിപരമായ ഉപദേശവും അനുസരിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അവൻ അറിവില്ലാതെ, തർക്കത്താലും വാഗ്വാദ ത്താലും അസ്ഥിരനായിരിക്കയാകുന്നു. ആ വാഗ്വാദത്തിൽ നിന്ന് അസൂ യയും, ശണ്ഠയും, നിന്ദനവും, ദുശ്ശങ്കയും, ദുർബ്ബുദ്ധികളും സത്യത്യാ ഗികളും, ദൈവഭക്തിയെ ആദായമാർഗ്ഗമെന്ന് വിചാരിക്കുന്നവരുമായ മനുഷ്യരിൽ നിന്ന് ഞെരുക്കവും ഉണ്ടാകുന്നു. നീ ഇവയിൽനിന്നൊ ഴിഞ്ഞുകൊൾക. നമ്മുടെ ലാഭം മഹത്താകുന്നു; അത് നമ്മുടെ യോഗ്യ മായ പെരുമാറ്റത്തോടുകൂടിയ ദൈവഭക്തിയാകുന്നു. ലോകത്തിലേക്കു നാം ഒന്നും കൊണ്ടുപോന്നിട്ടില്ല. ഇവിടെ നിന്ന് ഒന്നും കൊണ്ടുപോകു വാനും നമുക്കു കഴിയുന്നതല്ലെന്ന് വെളിവായിരിക്കുന്നു. ആകയാൽ

നമുക്കു ഭക്ഷണവും വസ്ത്രവും മതി. സമ്പന്നത ഇച്ഛിക്കുന്നവർ പരീക്ഷണങ്ങളിലും കെണികളിലും, ബുദ്ധിശൂന്യവും ഉപദ്രവകരവുമായ ബഹുമോഹങ്ങളിലും അകപ്പെടുന്നു. അവ മനുഷ്യരെ ദുർവൃത്തിയിലും വിനാശത്തിലും മുക്കിക്കളയുന്നു. സകല തിന്മകൾക്കും മൂലം ദ്രവ്യാഗ്രഹമാകുന്നു. ചിലർ ദ്രവ്യത്തെ ആഗ്രഹിച്ചിട്ട് വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കയും ബഹുക്ലേശങ്ങൾക്കു സ്വയം അധീനരായിത്തീരുകയും ചെയ്തിരിക്കുന്നു. ദൈവികമനുഷ്യാ! നീ ഇവയെ വിട്ടോടി, പുണ്യം, നീതി, വിശ്വാസം, സ്നേഹം, ക്ഷമ, വിനയം, എന്നിവയെ പിന്തുടർന്നുകൊൾക. വിശ്വാസത്തിലൂന്നി നല്ല യുദ്ധം ചെയ്യുക. നിത്യജീവനെ സ്വീകരിച്ചുകൊൾക. അതിലേക്കു നീ വിളിക്കപ്പെട്ടവനും അനേക സാക്ഷികളുടെ സമക്ഷത്തിൽ ഉത്തമശപഥം ചെയ്തവനുമാകുന്നു.

## 47

## നോമ്പിലെ മൂന്നാം ചൊവ്വാഴ്ച

### പ്രഭാതം

യാക്കോബ് 1:27-2:13

എന്തെന്നാൽ അനാഥരെയും വിധവകളെയും അവരുടെ ക്ലേശങ്ങളിൽ ദർശിക്കുന്നതും ലോകത്തിൽനിന്ന് നിഷ്കളങ്കമായി തന്നത്താൻ കാത്തുകൊള്ളുന്നതുമാകുന്നു പിതാവായ ദൈവത്തിന്റെ സന്നിധിയിലുള്ള നിർമ്മലവും വിശുദ്ധവുമായ ശുശ്രൂഷ.

എന്റെ സഹോദരന്മാരേ! തേജസ്വിയായ കർത്താവായ യേശുമിശിഹായിലുള്ള വിശ്വാസത്തെ നിങ്ങൾ മുഖംനോക്കി സ്വീകരിക്കരുത്. എന്തെന്നാൽ പൊൻമോതിരങ്ങളും വിശേഷവസ്ത്രങ്ങളും ധരിച്ച് ഒരുവനും, മലിനവസ്ത്രങ്ങൾ ധരിച്ച് ഒരു ദരിദ്രനും നിങ്ങളുടെ സംഘാലയത്തിൽ പ്രവേശിച്ചുവെന്നിരിക്കട്ടെ. നിങ്ങൾ വിശേഷവസ്ത്രം ധരിച്ചവനെ നോക്കി 'നീ ഇവിടെ സുഖമായി ഇരിക്കുക' എന്നും ദരിദ്രനോട് 'നീ അങ്ങു നില്ക്കുക' എന്നോ, അല്ലെങ്കിൽ 'ഇവിടെ ഞങ്ങളുടെ പാദപീഠത്തിൻ മുമ്പിൽ ഇരിക്കുക' എന്നോ പറയുന്നപക്ഷം, അതാ, നിങ്ങൾ സ്വയം ഭേദബുദ്ധി കാണിക്കയും ദുർവ്വിചാരകരായി ഭവിക്കയും ചെയ്യുകയില്ലയോ? വത്സലസഹോദരന്മാരേ! കേൾപ്പിൻ. ദൈവം തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്തിട്ടുള്ള രാജ്യത്തിന് അവകാശികളായിരിക്കുവാൻ ലോകത്തിലെ ദരിദ്രന്മാരെയല്ലയോ വിശ്വാസസമ്പന്നരായി തിരഞ്ഞെടുത്തിട്ടുള്ളത്. നിങ്ങളോ ദരിദ്രനെ അപമാനിച്ചു. ധനവാന്മാർ നിങ്ങളെ ഞെരുക്കുകയും

ന്യായസ്ഥലത്തേക്കു നിങ്ങളെ വലിച്ചുകൊണ്ടുപോകയുമല്ലയോ ചെയ്യുന്നത്. നിങ്ങളിൽ വിളിക്കപ്പെട്ടിരിക്കുന്ന ഉത്തമനാമത്തെ അവരല്ലയോ ദുഷിക്കുന്നത്. തന്നെ എന്നപോലെതന്നെ തന്റെ അയല്ക്കാരനെയും സ്നേഹിക്കണമെന്ന് എഴുതപ്പെട്ടിരിക്കുന്നതനുസരിച്ച് അങ്ങനെ ദൈവികന്യായപ്രമാണത്തെ അനുഷ്ഠിക്കുന്നെങ്കിൽ നല്ലതുതന്നെ. നിങ്ങൾ പക്ഷഭേദം കാണിക്കുന്നെങ്കിൽ പാപം ചെയ്യുന്നു. നിയമലംഘകൻ എന്നപോലെ ന്യായപ്രമാണത്താൽ വിധിക്കപ്പെടുകയും ചെയ്യുന്നു. എന്തെന്നാൽ ഒരുവൻ ന്യായപ്രമാണമെല്ലാം ആചരിച്ചിട്ട് ഒന്നിൽ തെറ്റു ചെയ്താൽ, മുഴുവൻ ന്യായപ്രമാണത്തിനും അപരാധിയായിത്തീരുന്നു. വ്യഭിചരിക്കരുതെന്ന് പറഞ്ഞവൻതന്നെ കൊല ചെയ്യരുതെന്നും പറഞ്ഞിട്ടുണ്ട്. നീ വ്യഭിചരിക്കുന്നില്ലെങ്കിലും കൊല ചെയ്യുന്നെങ്കിൽ നീ നിയമലംഘകനായി തീരുന്നു. സ്വാതന്ത്ര്യത്തിന്റെ പ്രമാണമനുസരിച്ച് വിധിക്കപ്പെടുവാനിരിക്കുന്ന ആളുകളെപ്പോലെ പറകയും പ്രവർത്തിക്കയും ചെയ്വിൻ. എന്തെന്നാൽ കരുണയില്ലാത്തവന്റെ മേൽ കരുണ കൂടാതെ ന്യായവിധിയുണ്ടാകും. കരുണ കൊണ്ട് നിങ്ങൾക്കു ദണ്ഡവിധിയിൽ നിന്ന് ഒഴിഞ്ഞുനില്ക്കാം.

എഫേസ്യർ 2:4–18

എന്നാൽ കരുണാസമ്പന്നനായ ദൈവം, നമ്മെ അത്യധികമായി സ്നേഹിച്ചതുകൊണ്ട് നാം പാപങ്ങൾകൊണ്ട് മൃതരായിരുന്നപ്പോൾ, മിശിഹായോടുകൂടി ജീവിപ്പിക്കയും, സ്വകൃപയാൽ നമ്മെ രക്ഷിക്കയും ചെയ്തു. അവിടത്തെ കൃപാസമ്പന്നതയുടെ ശ്രേഷ്ഠതയെയും, യേശുമിശിഹാ വഴിയായി നമുക്കു സിദ്ധിച്ച ദയവിനെയും, ഭാവിലോകത്തിനു കാണിച്ചുകൊടുക്കുമാറ് യേശുമിശിഹായോടുകൂടി, അവിടന്നു വഴിയായിത്തന്നെ, നമ്മെ ഉദ്ധരിക്കയും സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു. വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടത് അവിടത്തെ കൃപയാലാണ്. അതു നിങ്ങളിൽ നിന്നുണ്ടായതല്ല. പിന്നെയോ ദൈവത്തിന്റെ ദാനമാകുന്നു. ആരും ആത്മപ്രശംസ ചെയ്യാതിരിക്കുവാൻ അതു കർമ്മങ്ങളിൽ നിന്നുണ്ടായതുമല്ല. സത്ക്കർമ്മങ്ങൾക്കായി യേശുമിശിഹാ മൂലം സൃഷ്ടിക്കപ്പെട്ട അവിടത്തെ സൃഷ്ടിയാകുന്നു നാം. (ആ സത്ക്കർമ്മങ്ങൾ) നാം ആചരിക്കുവാൻ ദൈവം മുൻകൂട്ടി ഒരുക്കിയിട്ടുള്ളവയാണ്. നിങ്ങൾ മുമ്പ് ശരീരപരന്മാരായ വിജാതികൾ ആയിരുന്നു. ചേല എന്ന് വിളിക്കപ്പെടുന്ന ശാരീരികകൈവേലയെ ഏറ്റവരാൽ നിങ്ങൾ ചേലയില്ലാത്തവർ എന്ന് വിളിക്കപ്പെട്ടുമിരുന്നു. ലോകത്തിൽ അക്കാലത്തു നിങ്ങൾക്കു മിശിഹാ ഉണ്ടായിരുന്നില്ല. ഇസ്രായേലിന്റെ നടപടികളിൽ നിന്നകന്നിരുന്നു. വാഗ്ദത്തത്തിന്റെ നിയമത്തിന് അപ

രിചിതരായിരുന്നു. ആശയില്ലാത്തവരായിരുന്നു. ദൈവവിഹീനരായിരുന്നുവെന്നും ഓർത്തുകൊൾവിൻ! എന്നാൽ മുമ്പേ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ യേശുമിശിഹാ മൂലം-മിശിഹായുടെ രക്തം മൂലം-സമീപസ്ഥരായി തീർന്നിരിക്കുന്നു. അദ്ദേഹം നമ്മുടെ സമാധാനമാകുന്നു. അവിടന്ന് രണ്ടിനെയും ഒന്നാക്കിത്തീർക്കുകയും, മദ്ധ്യേ ഉണ്ടായിരുന്ന വേലിയെ പൊളിക്കയും, സ്വശരീരത്താൽ ശത്രുതയെയും സ്വകല്പനകളാൽ ന്യായപ്രമാണകല്പനകളെയും നീക്കിക്കളകയും ചെയ്തു. അത് ഇരുകൂട്ടരെയും അവിടന്നിൽ ഒരു നൂതനമനുഷ്യനായി സൃഷ്ടിപ്പാൻ വേണ്ടിയാകുന്നു. അവിടന്ന് സമാധാനമുണ്ടാക്കുകയും ഏകശരീരത്തിൽ ഇരുകൂട്ടരെയും ദൈവത്തോടു യോജിപ്പിക്കയും സ്വന്തം കുരിശിനാൽ ശത്രുതയെ ഹനിക്കുകയും ചെയ്തു. അവിടന്നു വന്ന് നിങ്ങളെ-ദൂരസ്ഥരെയും സമീപസ്ഥരെയും-സമാധാനം അറിയിച്ചു. അവിടന്നു മൂലമാകുന്നു നാം ഇരുകൂട്ടരും ഏകാത്മാവു മുഖാന്തരമായി പിതൃസന്നിധിയെ സമീപിച്ചത്.

*(എഫേസ്യർ 2:1–18)*

*എഫേസ്യർ 2:1–3*

*നിങ്ങൾ പാപങ്ങൾ മൂലവും അക്രമങ്ങൾ മൂലവും മൃതരായി തീർന്നിരിക്കുന്നു. ഐഹികരീത്യാ അനുസരണമില്ലാത്ത മക്കളിൽ വ്യാപരിക്കുന്ന ആത്മാവാകുന്ന അന്തരീക്ഷാധികാരിയുടെ ഇഷ്ടാനുസരണം നിങ്ങൾ മുമ്പ് അവയിൽ തന്നെ, വർത്തിച്ചുമിരുന്നു. നാമും മുമ്പ് ശാരീരികാഭിലാഷങ്ങൾ മൂലം, ആ കർമ്മങ്ങളിൽതന്നെ ചരിക്കയും, ശരീരത്തിന്റെയും മനസ്സിന്റെയും അഭീഷ്ടങ്ങളെ നിവർത്തിക്കയും ചെയ്തിരുന്നു. മറ്റുള്ളവരെപ്പോലെ നാമും കോപത്തിന്റെ പൂർണ്ണസന്താനങ്ങളായിരുന്നു.*

*എഫേസ്യർ 2:4–18 (മുകളിൽ)*

## 48

## നോമ്പിലെ മൂന്നാം ബുധനാഴ്ച

## പ്രഭാതം

യാക്കോബ് 2:14–26

സഹോദരന്മാരേ! ഒരുവൻ തനിക്കു വിശ്വാസം ഉണ്ടെന്ന് പറകയും അവനു പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ എന്തു പ്രയോജനം? അവന്റെ വിശ്വാസത്തിന് അവനെ രക്ഷിപ്പാൻ കഴിയുമോ? ഒരു സഹോദരനോ സഹോദരിയോ വസ്ത്രഹീനരായും, ദൈനംദിനാവശ്യമായ ആഹാരവിഹീനരായും ഇരിക്കയും, നിങ്ങളിൽ ഒരുവൻ അവ

രോട് 'നിങ്ങൾ സമാധാനത്തോടെ പോയി ചൂടേറ്റു തൃപ്തിപ്പെടുവിൻ' എന്ന് പറകയും ശരീരാവശ്യങ്ങളെ നിർവ്വഹിച്ചു കൊടുക്കാതിരിക്കയും ചെയ്താൽ എന്തു പ്രയോജനം? അപ്രകാരംതന്നെ പ്രവൃത്തിയില്ലാത്ത വിശ്വാസവും, അതു തനിച്ചാകുമ്പോൾ, മൃതമാകുന്നു. ഒരുവൻ ഇങ്ങനെ പറയും: നിനക്കു വിശ്വാസമുണ്ട്; എനിക്കു പ്രവൃത്തികളുമുണ്ട്. പ്രവൃത്തിയില്ലാത്ത നിന്റെ വിശ്വാസം എന്നെ കാണിക്കുക. എന്റെ വിശ്വാസം എന്റെ പ്രവൃത്തികൾകൊണ്ട് നിന്നെ കാണിക്കാം. ദൈവം ഏകനെന്ന് വിശ്വസിക്കുന്നുവല്ലോ. അതു നല്ലതു തന്നെ. പിശാചുക്കളും അങ്ങനെ വിശ്വസിച്ച് വിറയ്ക്കുന്നു.

ദുർബ്ബലമനുഷ്യാ! കർമ്മഹീനമായ വിശ്വാസം മൃതമാകുന്നുവെന്ന് ഗ്രഹിപ്പാൻ നീ ആഗ്രഹിക്കുന്നുവോ? നമ്മുടെ പിതാവായ അബ്രാഹാം തന്റെ പുത്രനായ ഇസഹാക്കിനെ ബലിപീഠത്തിൽ അർപ്പിച്ച പ്രവൃത്തികൾകൊണ്ടല്ലയോ നീതീകരിപ്പെട്ടത്? അവന്റെ വിശ്വാസം അവന്റെ പ്രവൃത്തികളെ സഹായിച്ചുവെന്നും പ്രവൃത്തികൾകൊണ്ട് അവന്റെ വിശ്വാസം പൂർണ്ണമായി എന്നും നീ കാണുന്നുവല്ലോ. അബ്രാഹാം ദൈവത്തെ വിശ്വസിച്ചുവെന്നും അത് അവങ്കൽ നീതിയായി ഗണിക്കപ്പെട്ടുവെന്നും പറഞ്ഞിട്ടുള്ള തിരുവെഴുത്തു നിവർത്തിതമായി. അവൻ ദൈവവത്സലൻ എന്ന് വിളിക്കപ്പെടുകയും ചെയ്തു. (അതിനാൽ) മനുഷ്യൻ കേവലം വിശ്വാസത്താലല്ല, പ്രവൃത്തികളാൽ നീതീകരിക്കപ്പെടുന്നുവെന്ന് നിനക്കു കാണാമല്ലോ. അപ്രകാരംതന്നെ വേശ്യയായ റാഹാബും ഒറ്റുകാരെ സ്വീകരിക്കയും മറുവഴിയായി അവരെ പുറത്തുവിടുകയും ചെയ്ത പ്രവൃത്തികൾകൊണ്ടല്ലയോ നീതീകരിക്കപ്പെട്ടത്? ആത്മാവില്ലാത്ത ശരീരം മൃതമാകുന്നപ്രകാരംതന്നെ പ്രവൃത്തികളില്ലാത്ത വിശ്വാസവും മൃതമാകുന്നു.

*(പ്രവൃത്തി 13:1–3)*

*അന്ത്യോഖ്യയിലെ സഭയിൽ ദീർഘദർശിമാരും ഉപദേഷ്ടാക്കളുമായ ബർന്നാബാ, നീഗെർ എന്ന് വിളിക്കപ്പെട്ടിരുന്ന ശെമവൂൻ, കൂറീനി പട്ടണക്കാരനായ ലൂക്കിയോസ്, തെത്രർക്കാ ഹേരോദേസിന്റെ കൂടെ വളർന്നവനായ മാനായേൽ, ശാവോൽ എന്നിവർ ഉണ്ടായിരുന്നു. അവർ ഉപവസിച്ചും, ദൈവത്തോടു പ്രാർത്ഥിച്ചുംകൊണ്ടിരിക്കുമ്പോൾ, പരിശുദ്ധാത്മാവ് അവരോട്: 'ഞാൻ വിളിച്ചിരിക്കുന്ന വേലയ്ക്കായി ശാവോലിനെയും ബർന്നാബായെയും എനിക്കു വേണ്ടി വേർപിരിക്കുവിൻ' എന്ന് പറഞ്ഞു. അവർ ഉപവസിക്കയും പ്രാർത്ഥിക്കയും ചെയ്തിട്ട് അവരുടെ മേൽ കൈയുംവച്ച് അവരെ പറഞ്ഞയച്ചു.*

എഫേസ്യർ 6:1-9

ബാലന്മാരേ! നിങ്ങൾ കർത്താവിനെ ഓർത്ത് നിങ്ങളുടെ മാതാപിതാക്കന്മാരെ അനുസരിപ്പിൻ. എന്തെന്നാൽ അതു നീതിയാകുന്നു. 'നിനക്കു നന്മ വരുവാനും നീ ഭൂമിയിൽ ദീർഘായുസ്സായിരിപ്പാനുമായി നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക' എന്നുള്ളത് പ്രതിജ്ഞയോടുകൂടിയ പ്രഥമകല്പനയാകുന്നു. പിതാക്കന്മാരേ! നിങ്ങൾ സ്വസന്താനങ്ങളെ കോപിപ്പിക്കാതെ കർത്താവിന്റെ ശിക്ഷണവും ഉപദേശവുംകൊണ്ട് വളർത്തുവിൻ. ദാസന്മാരേ! മിശിഹായെ എന്നപോലെതന്നെ സ്വന്തശാരീരിക യജമാനന്മാരെ ഭയത്തോടും വിറയലോടും പരമാർത്ഥഹൃദയത്തോടും കൂടി അനുസരിപ്പിൻ. നിങ്ങൾ മനുഷ്യർക്കു കാണുവാൻ തക്കവിധം പ്രസാദിപ്പിച്ചാൽ പോരാ. പിന്നെയോ, ദൈവഹിതം അനുഷ്ഠിക്കുന്ന മിശിഹാദാസന്മാരെപ്പോലെ വേണം. മനുഷ്യർക്ക് എന്നപോലെയല്ല; കർത്താവിന് എന്നപോലെ നിങ്ങൾ പൂർണ്ണഹൃദയത്തോടുകൂടി സ്നേഹപൂർവ്വം അവർക്കു ശുശ്രൂഷ നടത്തുവിൻ. ദാസനായാലും സ്വതന്ത്രനായാലും ഓരോരുവൻ ചെയ്യുന്ന നന്മയ്ക്ക് കർത്താവിൽ നിന്ന് പ്രതിഫലം ലഭിക്കുമെന്ന് നിങ്ങളറിയണം. യജമാനന്മാരേ! നിങ്ങൾക്കും യജമാനൻ സ്വർഗ്ഗത്തിൽ ഉണ്ടെന്നും അവിടത്തേക്കു പക്ഷപാതമില്ലെന്നും നിങ്ങൾക്കറിയാവുന്നതുകൊണ്ട് അങ്ങനെതന്നെ നിങ്ങളുടെ ദാസന്മാരോടു പ്രവർത്തിക്കയും അവരുടെ കുറ്റം ക്ഷമിക്കയും ചെയ്വിൻ.

## 49

## നോമ്പിലെ മൂന്നാം വ്യാഴാഴ്ച

### പ്രഭാതം

യാക്കോബ് 4:1-17

ശണ്ഠകളും കലഹങ്ങളും നിങ്ങളുടെ ഇടയിൽ എവിടെ നിന്നുണ്ടായി? നിങ്ങളുടെ അവയവങ്ങളിൽ പോരാടിക്കൊണ്ടിരിക്കുന്ന ദുരഭിലാഷങ്ങളിൽ നിന്നല്ലയോ? നിങ്ങൾ അഭിലഷിക്കുന്നു; നിങ്ങൾക്കു ലഭിക്കുന്നില്ല. നിങ്ങൾ ഹിംസിക്കയും തീക്ഷ്ണപ്പെടുകയും ചെയ്തിട്ടും നിങ്ങൾക്കു സാധിക്കുന്നില്ല. നിങ്ങൾ ശണ്ഠയുണ്ടാക്കുകയും പോരാടുകയും ചെയ്തിട്ടും യാചിക്കാത്തതുകൊണ്ട് നിങ്ങൾക്കു കിട്ടുന്നതുമില്ല. നിങ്ങൾ യാചിക്കുന്നുണ്ട്. (പക്ഷെ) ദുരഭിലാഷങ്ങളെ പൂരിപ്പിക്കുവാൻ തക്കവിധം ദുഷ്ടയാചന നടത്തുന്നതുകൊണ്ട് നിങ്ങൾക്കു ലഭിക്കുന്നില്ല. വ്യഭിചാരികളേ! ഐഹികസ്നേഹം ദൈവമുമ്പാകെ ശത്രുതയാകുന്നുവെന്ന് നിങ്ങളറിയുന്നില്ലയോ? ആയതുകൊണ്ട്

ഐഹികത്തിനു മിത്രമായിരിപ്പാൻ ഇച്ഛിക്കുന്നവൻ ദൈവത്തിനു ശത്രുവായിത്തീരുന്നു. 'നമ്മിൽ നിവസിക്കുന്ന ആത്മാവ് തീക്ഷ്ണതാപൂർവ്വം അഭിലഷിക്കുന്നു' എന്ന് തിരുവെഴുത്തിൽ വെറുതെ പറഞ്ഞിട്ടുള്ളതാണെന്ന് നിങ്ങൾ വിചാരിക്കുന്നുവോ? നമ്മുടെ കർത്താവോ നമുക്കു കൂടുതൽ കൃപ നൽകിയിരിക്കുന്നു. അതുകൊണ്ടത്രേ 'ദൈവം അഹംഭാവികളെ താഴ്ത്തുന്നു' എന്നും 'വിനീതന്മാർക്കു കൃപ നൽകുന്നു' എന്നും പറഞ്ഞിട്ടുള്ളത്.

ആകയാൽ നിങ്ങൾ ദൈവത്തിനു കീഴ്പ്പെടുവിൻ! സാത്താനോട് എതിർത്തു നില്ക്കുവിൻ! എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. നിങ്ങൾ ദൈവത്തെ സമീപിക്കുവിൻ! എന്നാൽ അവിടന്ന് നിങ്ങളെയും സമീപിക്കും. പാപികളേ! നിങ്ങളുടെ കൈകളെ നിർമ്മലമാക്കുവിൻ! ഇരുമനസ്സുള്ളവരേ! നിങ്ങൾ ഹൃദയത്തെ ശുദ്ധീകരിപ്പിൻ! നിങ്ങൾ വിനീതരാകുവിൻ! വിലപിക്കുവിൻ! നിങ്ങളുടെ ചിരി വിലാപമായും നിങ്ങളുടെ സന്തോഷം ദുഃഖമായും മാറട്ടെ. കർത്താവിന്റെ സന്നിധിയിൽ നിങ്ങൾ വിനീതരാകുവിൻ! എന്നാൽ അവൻ നിങ്ങളെ ഉയർത്തും. സഹോദരന്മാരേ! നിങ്ങൾ അന്യോന്യം ദുഷിക്കരുത്. എന്തെന്നാൽ തന്റെ സഹോദരനെ ദുഷിക്കയോ സഹോദരനെ വിധിക്കയോ ചെയ്യുന്നവൻ ന്യായപ്രമാണത്തെ ദുഷിക്കയും വിധിക്കയും ചെയ്യുന്നു. നീ ന്യായപ്രമാണത്തെ വിധിക്കുന്നുവെങ്കിൽ ന്യായപ്രമാണത്തെ അനുഷ്ഠിക്കുന്നവനല്ല; അതിനെ വിധിക്കുന്നവനാകുന്നു. എന്തെന്നാൽ ന്യായപ്രമാണകർത്താവും ന്യായാധിപതിയും ഒരുവനത്രേ. അവൻ രക്ഷിക്കാനും നശിപ്പിക്കാനും പ്രാപ്തനാകുന്നു. നിന്റെ അയല്ക്കാരനെ വിധിക്കുവാൻ നീ ആര്? ഇന്നോ നാളയോ ഞങ്ങൾ ഇന്ന പട്ടണത്തിലേക്കു പോകും; അവിടെ ഒരാണ്ടു താമസിച്ച് കച്ചവടം ചെയ്ത് ലാഭമുണ്ടാക്കുമെന്ന് പറയുന്നവരെക്കുറിച്ച് എന്തു പറയട്ടെ! നാളെ എന്തു സംഭവിക്കുമെന്ന് അവർ അറിയുന്നില്ല. നമ്മുടെ ആയുസ്സ് എന്ത്? അതു കുറച്ചുനേരം കാണപ്പെടുകയും പിന്നെ മാഞ്ഞ് ഇല്ലാതായിത്തീരുകയും ചെയ്യുന്ന ആവിയാകുന്നു. കർത്താവിന് ഇഷ്ടപ്പെട്ട് ഞങ്ങൾ ജീവിച്ചിരിക്കുന്നെങ്കിൽ ഇതോ അതോ ചെയ്യും എന്ന് പറയേണ്ടതിനു പകരം, അവർ വമ്പു പറഞ്ഞ് പ്രശംസിക്കുന്നു. ഇതുപോലെയുള്ള പ്രശംസയെല്ലാം ദോഷമാകുന്നു. ഉത്തമമായത് അറിഞ്ഞിട്ട് അതു ചെയ്യാതിരിക്കുന്നത് ഒരുവനു പാപമാകുന്നു.

ഫിലിപ്യർ 1:1-11

യേശുമിശിഹായുടെ ദാസന്മാരായ പൌലോസും തീമോഥെയോസും കൂടി, യേശുമിശിഹായാൽ വിശുദ്ധരാക്കപ്പെട്ട സകലർക്കും,

കാശീശന്മാരും ശുശ്രൂഷകന്മാരുമായി പീലിപ്പോസിലുള്ള സകലർക്കും, കൂടി എഴുതുന്നത്. നമ്മുടെ പിതാവായ ദൈവത്തിൽ നിന്നും നമ്മുടെ കർത്താവായ യേശുമിശിഹായിൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ. നിങ്ങൾക്കു വേണ്ടിയുള്ള സകല പ്രാർത്ഥനകളിലും സദാ നിങ്ങളെ ഓർത്തുകൊണ്ട് ഞാൻ എന്റെ ദൈവത്തെ സ്തുതിക്കുന്നു. ആദ്യദിവസം മുതൽ ഇന്നുവരെയും, ഏവൻഗേലിയോനിലുള്ള നിങ്ങളുടെ സംബന്ധം നിമിത്തം, ഞാൻ സന്തോഷത്തോടെ പ്രാർത്ഥിക്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ സൽപ്രവൃത്തികൾ നിങ്ങളുടെ ഇടയിൽ ആരംഭിച്ചവൻ, അതിനെ നമ്മുടെ കർത്താവായ യേശുമിശിഹായുടെ ദിവസം വരെ നിർവ്വഹിക്കുമെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഏവൻഗേലിയോന്റെ ദൃഢതയ്ക്കു വേണ്ടിയുള്ള എന്റെ ബന്ധനങ്ങളിലും പ്രതിവാദത്തിലും, കൃപ മൂലം നിങ്ങൾ സംബന്ധികളാകുന്നുവെന്ന് ഞാൻ ഹൃദയത്തിൽ കരുതിയിരിക്കയാൽ, അപ്രകാരം നിങ്ങളെല്ലാവരെയുംപറ്റി ഞാൻ വിചാരിക്കുന്നത് ന്യായയുക്തമാകുന്നു. യേശുമിശിഹായുടെ ആർദ്രതയാൽ ഞാൻ നിങ്ങളെ എത്രമാത്രം സ്നേഹിക്കുന്നുവെന്നുള്ളതിനു ദൈവം സാക്ഷി. നിങ്ങൾ യുക്തമായവയെ വിവേചിക്കുന്നവരും, മിശിഹായുടെ ദിവസത്തിൽ നിർമ്മലരും, നിർവ്വിഘ്നരും, ദൈവമഹിമയ്ക്കും ദൈവബഹുമാനത്തിനുമായി യേശുമിശിഹാ മൂലം ധാർമ്മികഫലംകൊണ്ട് നിറഞ്ഞവരുമായിരിക്കുവാൻ തക്കവിധം നിങ്ങളുടെ സ്നേഹം, ജ്ഞാനംകൊണ്ടും ആത്മികവിവേകസർവ്വസ്വംകൊണ്ടും, മേല്ക്കുമേൽ വർദ്ധിക്കുമാറാകണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

**50**

## നോമ്പിലെ മൂന്നാം വെള്ളിയാഴ്ച

### പ്രഭാതം

1 പത്രോസ് 3:7-15

പുരുഷന്മാരേ, നിങ്ങൾ വിവേകപൂർവ്വം ഭാര്യമാരോടുകൂടി വസിപ്പിൻ. നിങ്ങളുടെ പ്രാർത്ഥനകൾക്ക് മുടക്കമുണ്ടാകാതിരിക്കുവാൻ ദുർബ്ബലപാത്രങ്ങൾ എന്നപോലെ അവരെ ആദരിച്ചുകൊൾവിൻ. എന്തെന്നാൽ നിത്യജീവന്റെ ദാനത്തിൽ നിങ്ങൾക്കു തുല്യം അവരും അവകാശികളാകുന്നു.

ചുരുക്കി പറഞ്ഞാൽ നിങ്ങളെല്ലാവരും ഐക്യതയിലിരിക്കണം; സങ്കടപ്പെടുന്നവരോടുകൂടെ സങ്കടപ്പെടുന്നവരും അന്യോന്യം സ്നേഹിക്കുന്നവരും മനസ്സലിവുള്ളവരും വിനയമുള്ളവരും ആയിരിക്കണം.

ദുഷ്ടതയ്ക്ക് ദുഷ്ടതയും നിന്ദനത്തിന് നിന്ദനവുമായി ഒരുവനോടും നിങ്ങൾ പ്രതികാരം ചെയ്യരുത്. നിങ്ങൾ അനുഗ്രഹം അവകാശമാക്കുവാൻ വിളിക്കപ്പെട്ടവരാകയാൽ അനുഗ്രഹിക്കുന്നവരായിരിപ്പിൻ. ജീവനെ ആഗ്രഹിക്കയും സുദിനങ്ങളെ പ്രതീക്ഷിക്കയും ചെയ്യുന്നവൻ ദുഷ്ടതയിൽനിന്ന് തന്റെ നാവിനെയും വഞ്ചന സംസാരിക്കാതെ തന്റെ അധരങ്ങളെയും സൂക്ഷിച്ചുകൊള്ളട്ടെ. അവൻ ദുഷ്ടതയെ വിട്ട് നന്മ പ്രവർത്തിക്കട്ടെ. സമാധാനത്തെ അന്വേഷിച്ച് അതിനെ പിന്തുടരുകയും ചെയ്യട്ടെ. കർത്താവിന്റെ കണ്ണുകൾ നീതിമാന്മാരിലും അവിടത്തെ ചെവികൾ അവരെ കേൾക്കുവാനും തുറന്നിരിക്കുന്നു. കർത്താവിന്റെ മുഖം ദുഷ്ടന്മാർക്ക് എതിരായിരിക്കുന്നു. നന്മകളിൽ തീക്ഷ്ണതയുള്ളവരായിരുന്നാൽ നിങ്ങളോടു തിന്മ ചെയ്‌വാൻ ആരുള്ളൂ. നീതിക്കു വേണ്ടി കഷ്ടത സഹിക്കേണ്ടിവന്നാൽ നിങ്ങൾ ധന്യന്മാർ. ഭയപ്പെടുത്തുന്നവരെ ഭയപ്പെടുകയോ ചഞ്ചലിക്കയോ അരുത്. കർത്താവായ യേശുമിശിഹായെ നിങ്ങൾ ഹൃദയത്തിൽ ശുദ്ധീകരിപ്പിൻ. വിശ്വാസത്തിന്റെ പ്രത്യാശയെക്കുറിച്ച് ചോദിക്കുന്ന ഏവനോടും ഭക്ത്യാദരപുരസ്സരം ഉത്തരം പറവാൻ തയ്യാറായിരിപ്പിൻ.

റോമർ 2:1–13

അതുകൊണ്ട് കൂട്ടുകാരനെ കുറ്റം വിധിക്കുന്ന മനുഷ്യാ! നിനക്ക് ഒഴികഴിവില്ല. നീ നിന്റെ കൂട്ടുകാരനെ കുറ്റം വിധിക്കുന്നതിനാൽ നിന്നെത്തന്നെയാകുന്നു കുറ്റക്കാരനാക്കുന്നത്. എന്തെന്നാൽ കുറ്റം വിധിക്കുന്ന നീയും അതുതന്നെ പ്രവർത്തിക്കുന്നു. ഇങ്ങനെ പ്രവർത്തിക്കുന്നവരിൽ സത്യമായും ദൈവത്തിന്റെ ശിക്ഷാവിധിയുണ്ടാകുന്നുവെന്ന് നാം അറിയുന്നു. അങ്ങനെ പ്രവർത്തിക്കുന്നവർക്കു കുറ്റം വിധിക്കയും സ്വയം അങ്ങനെതന്നെ പ്രവർത്തിക്കയും ചെയ്യുന്ന മനുഷ്യാ! നീ ദൈവത്തിന്റെ ശിക്ഷാവിധിയിൽ നിന്ന് ഒളിച്ചോടാമെന്ന് വിചാരിക്കുന്നോ? അല്ലെങ്കിൽ അവിടത്തെ കൃപാസമൃദ്ധിയെയും ദീർഘസഹിഷ്ണുതയെയും നിനക്കു തന്നതായ അവസരത്തെയും നീ ധിക്കരിക്കുന്നുവോ? ദൈവകൃപ നിന്നെ അനുതാപത്തിലേക്കു നയിക്കുമെന്ന് നീ അറിയുന്നില്ലയോ? പിന്നെയും അനുതാപമില്ലാത്ത ഹൃദയത്തിന്റെ കാഠിന്യം നിമിത്തം നീ കോപദിവസത്തേക്കും ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന സമയത്തേക്കുമായി തനിക്കുതന്നെ കോപനിക്ഷേപത്തെ സഞ്ചയിക്കുന്നു. അവിടന്ന് എല്ലാവർക്കും പ്രവൃത്തികൾക്കു തക്കവണ്ണം പ്രതിഫലം നൽകുന്നവനാകുന്നു. സത്പ്രവൃത്തികൾ ചെയ്തുകൊണ്ട് ക്ഷമയോടെ മഹത്ത്വത്തെയും ബഹുമാനത്തെയും അനശ്വരതയെയും അന്വേഷിക്കുന്നവർക്ക് അവിടന്ന് നിത്യജീവനെ നൽകുന്നു. ശാഠ്യം

പിടിച്ച് സത്യത്തെ ആദരിക്കാതെ അനീതിയെ ആദരിക്കുന്നവർക്ക് കോപവും ക്രോധവും പ്രതികാരം ചെയ്യും. ദുഷ്കർമ്മിയായ ഏതൊരു മനുഷ്യനും, ആദ്യമേ യീഹൂദന്മാർക്കും പിന്നെ വിജാതികൾക്കും, ഞെരുക്കവും പീഡയുമുണ്ടാകും. സത്ക്കർമ്മിയായ ഏതൊരുവനും മഹത്ത്വവും ബഹുമാനവും സമാധാനവും ഉണ്ടാകും; ആദ്യമേ യീഹൂദർക്കും പിന്നെ പുറജാതികൾക്കും. എന്തെന്നാൽ ദൈവസന്നിധിയിൽ മുഖംനോട്ടമില്ല. ന്യായപ്രമാണമില്ലാതെ പാപം ചെയ്തവർ ന്യായപ്രമാണം കൂടാതെതന്നെ നശിക്കും. ന്യായപ്രമാണത്തിൻകീഴ് ഇരുന്നുകൊണ്ട് പാപം ചെയ്തവരാകട്ടെ ന്യായപ്രമാണം കൊണ്ടുതന്നെ വിധിക്കപ്പെടും. ന്യായപ്രമാണത്തെ കേൾക്കുന്നവരല്ല, ദൈവസന്നിധിയിൽ നീതിമാന്മാർ. പിന്നെയോ ന്യായപ്രമാണത്തെ ആചരിക്കുന്നവരാകുന്നു നീതികരിക്കപ്പെടുന്നത്.

## 51
## നോമ്പിലെ മൂന്നാം ശനിയാഴ്ച
## വി.കുർബ്ബാന

1 പത്രോസ് 2:1-10

സർവ്വ ദുഷ്ടതയും സർവ്വ വഞ്ചനയും പക്ഷപാതവും അസൂയയും ഏഷണിയും നിങ്ങൾ ഉപേക്ഷിക്കുവിൻ. ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ ആയിത്തീരുകയും രക്ഷയിലേക്കു വളർത്തപ്പെടുവാനായി നിർമ്മലവും ആത്മികവുമായ പാലിനെയെന്നപോലെ ആ വചനത്തെ ആഗ്രഹിക്കയും ചെയ്യുവിൻ. എന്തെന്നാൽ കർത്താവ് ഉത്തമനെന്ന് നിങ്ങൾ രുചിച്ചറിഞ്ഞുവല്ലോ. മനുഷ്യർ നിരസിച്ചതും ദൈവത്തിങ്കൽ ശ്രേഷ്ഠവും മാന്യവുമായിത്തീർന്നതുമായ 'ജീവനുള്ള കല്ല്' ആകുന്ന അവിടത്തെ നിങ്ങൾ സമീപിച്ചിരിക്കുന്നു. നിങ്ങളും ജീവനുള്ള കല്ലുകൾ പോലെ മേല്ക്കുമേൽ പണിയപ്പെടട്ടെ. യേശുമിശിഹാ മുഖാന്തരം ദൈവസന്നിധിയിൽ സ്വീകാര്യമായ ആത്മികബലികളെ അർപ്പിക്കുമാറ് ആത്മികഗൃഹങ്ങളും വിശുദ്ധാചാര്യന്മാരും ആയിത്തീരുവിൻ. 'ശ്രേഷ്ഠവും മാന്യവുമായ മൂലക്കല്ലിനെ ഞാൻ ഇതാ സെഹിയോനിൽ സ്ഥാപിക്കുന്നു. അതിൽ വിശ്വസിക്കുന്നവനു ലജ്ജിക്കേണ്ടിവരികയില്ല' എന്ന് തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നു. വിശ്വസിക്കുന്ന നിങ്ങൾക്ക് ഈ മാന്യത ലഭിച്ചിരിക്കുന്നു. അനുസരിക്കാത്തവർക്കോ അത് ഇടർച്ചക്കല്ലും തടങ്കൽപാറയുമാകുന്നു. അവർ വചനത്തെ അനുസരിക്കാത്തതിനാൽ അതിൽ തട്ടി വീഴുന്നു. അതിന് അവർ നിയമിതരായുമിരിക്കുന്നു. നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ ശ്രേഷ്ഠമായ പ്ര

കാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ മഹത്ത്വങ്ങളെ അറിയിപ്പാൻ തെരഞ്ഞെടുക്കപ്പെട്ട രാജകീയ പുരോഹിതവർഗ്ഗവും പരിശുദ്ധജനവും രക്ഷിതസംഘവുമാകുന്നു. മുമ്പേ നിങ്ങൾ സ്വജനമായി ഗണിക്കപ്പെട്ടിരുന്നില്ല. ഇപ്പോഴോ ദൈവജനമായിരിക്കുന്നു. മുമ്പ് നിങ്ങൾക്കു കരുണ ലഭിച്ചിരുന്നില്ല. ഇപ്പോഴോ നിങ്ങളുടെമേൽ കരുണ ചൊരിയപ്പെട്ടിരിക്കുന്നു.

ഫിലിപ്യർ 2:12-30

ഇനിയും പ്രിയപ്പെട്ടവരേ! നിങ്ങൾ സദാ അനുസരിച്ചിരുന്നപ്രകാരം തന്നെ, ഞാൻ അടുത്തിരിക്കുമ്പോൾ മാത്രമല്ല, അകന്നിരിക്കുന്ന ഈ സമയത്തും അധികമായ ഭയത്തോടും വിറയലോടും കൂടി രക്ഷാസേവനം നടത്തുവിൻ. എന്തെന്നാൽ ഇച്ഛിപ്പാനും ഇച്ഛിക്കുന്നത് പ്രവർത്തിപ്പാനും, നിങ്ങളിൽ താത്പര്യമുണ്ടാക്കുന്നത് ദൈവമാകുന്നു. കുടിലവും വക്രവുമായ തലമുറയിൽ വസിക്കുന്ന നിർമ്മലരായ ദൈവപുത്രന്മാരെന്നപോലെ, പരമാർത്ഥികളും നിരപരാധികളും ആയിരിപ്പാൻ തക്കവിധം, സകലവും മുറുമുറുപ്പും ഭിന്നതയും  കൂടാതെ പ്രവർത്തിപ്പിൻ. ഈ ലോകത്തിൽ നിങ്ങൾ അവരുടെ ഇടയിൽ നക്ഷത്രങ്ങൾ എന്നപോലെ ശോഭിക്കയും ചെയ്വിൻ. നിങ്ങൾ അവരുടെ രക്ഷാസ്ഥാനത്താകയാൽ അത് മിശിഹായുടെ ദിവസത്തിൽ എനിക്ക് അഭിമാനകരമാണ്. എന്തെന്നാൽ ഞാൻ ഓടിയത് വ്യർത്ഥമായില്ല; പ്രയാസപ്പെട്ടതും വ്യർത്ഥമായില്ല. എന്നാൽ നിങ്ങളുടെ വിശ്വാസമാകുന്ന ബലിശുശ്രൂഷകൾക്കായി ഞാൻ രക്തം ചൊരിയേണ്ടിവന്നാൽപോലും, നിങ്ങളെല്ലാവരോടും കൂടി, ഞാൻ സന്തോഷിക്കയും ആനന്ദിക്കയും ചെയ്യും. അങ്ങനെതന്നെ നിങ്ങളും എന്നോടൊരുമിച്ച് സന്തോഷിക്കയും ആനന്ദിക്കയും ചെയ്വിൻ! നിങ്ങളുടെ വസ്തുത അറിഞ്ഞിട്ട് എനിക്ക് ആശ്വസിക്കേണ്ടതിനായി തീമോത്തെയോസിനെ വേഗം നിങ്ങളുടെ അടുക്കൽ അയയ്ക്കുവാൻ നമ്മുടെ കർത്താവായ യേശുവിൽ പ്രത്യാശിക്കുന്നു. എന്നെപ്പോലെതന്നെ താല്പര്യമായി നിങ്ങളുടെ കാര്യം നോക്കുന്ന വേറൊരുവനും ഇവിടെ എനിക്കില്ല. എല്ലാവരും, യേശുമിശിഹായുടെ കാര്യമല്ല, സ്വന്തകാര്യംതന്നെ അന്വേഷിക്കുന്നു. ഒരു പുത്രൻ തന്റെ പിതാവിനോടുകൂടിയെന്നപോലെതന്നെ ഏവൻഗേലിയോനിൽ എന്നോടുകൂടി വേല ചെയ്യുന്ന ഇവന്റെ ഉത്തമത്വം നിങ്ങൾക്കറിയാമല്ലോ. എന്റെ സ്ഥിതി കണ്ടതിനു ശേഷം ഇവനെ വേഗം നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കണമെന്ന് ആശിക്കുന്നു. ഞാനും താമസിയാതെ നിങ്ങളുടെ അടുക്കൽ വരാമെന്ന് എന്റെ കർത്താവിൽ പ്രത്യാശിക്കുന്നു. ഇപ്പോഴോ എനിക്കു സഹാ

യിയും, സഹകാരിയും, നിങ്ങൾക്കു ശ്ലീഹായും എന്റെ ആവശ്യങ്ങളിൽ പരിചാരകനുമായ സഹോദരൻ എപ്പപ്രോദീത്തോസിനെ നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കേണ്ടത് അത്യാവശ്യമെന്ന് എനിക്കു തോന്നി. എന്തെന്നാൽ നിങ്ങളെല്ലാവരെയും കാണുവാൻ ഇവൻ ആഗ്രഹിച്ചിരിക്കയായിരുന്നു. തനിക്കുണ്ടായ രോഗത്തെപ്പറ്റി നിങ്ങൾ കേട്ടതായി അറിഞ്ഞ് അവൻ വ്യസനിച്ചിരിക്കയുമായിരുന്നു. അവൻ രോഗത്താൽ ആസന്നമരണനായി; എങ്കിലും ദൈവം അവനിൽ കനിഞ്ഞു. അത് അവനോടു മാത്രമല്ല; എനിക്കു ദുഃഖത്തിനു മീതേ ദുഃഖമുണ്ടാകാതിരിപ്പാൻ തക്കവിധം എന്നിലും കൂടിയാകുന്നു (കനിഞ്ഞത്). ആകയാൽ നിങ്ങൾ അവനെ വീണ്ടും കണ്ടു സന്തോഷിപ്പാനും എനിക്കു കുറെ ആശ്വാസമുണ്ടാകുവാനുമായി താല്പര്യത്തോടെ ഞാൻ അവനെ നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കുന്നു. നിങ്ങൾ അവനെ കർത്താവിനെയോർത്ത് സസന്തോഷം സ്വീകരിപ്പിൻ! ഇപ്രകാരമുള്ളവരെ നിങ്ങൾ ബഹുമാനിപ്പിൻ! എന്തെന്നാൽ എന്റെ സേവനത്തിൽ നിങ്ങൾ വരുത്തിയ കുറവിനെ തീർപ്പാൻ ഇവൻ സ്വപ്രാണനെ വിഗണിക്കയും മിശിഹായ്ക്കു വേണ്ടിയുള്ള വേലയിൽ മരണത്തെ സമീപിക്കയും ചെയ്തു.

## 52

## നോമ്പിലെ നാലാം ഞായറാഴ്ച
## (കനാന്യസ്ത്രീ)
## വി.കുർബ്ബാന

പ്രവൃത്തി 20:22-32

ഇപ്പോളിതാ ആത്മാവിനാൽ ബന്ധിതനായി ഞാൻ ഊർശ്ലേമിലേക്കു പോകുന്നു. അവിടെ എനിക്ക് എന്തെല്ലാം സംഭവിക്കുമെന്ന് അറിയുന്നില്ല. എങ്കിലും 'ബന്ധനങ്ങളും ഞെരുക്കങ്ങളും നിനക്കു വരുവാനിരിക്കുന്നു' എന്ന് പരിശുദ്ധാത്മാവ് പട്ടണംതോറും എന്നോടു സാക്ഷീകരിച്ചു പറയുന്നു. എന്നാൽ ഞാൻ എന്റെ പ്രാണനെ സാരമായി വകവയ്ക്കുന്നില്ല. ദൈവകൃപാസുവിശേഷത്തെ സാക്ഷ്യപ്പെടുത്തുവാൻ വേണ്ടിയുള്ള ഓട്ടത്തെയും കർത്താവായ യേശുവിൽനിന്ന് കൈയേറ്റിരിക്കുന്ന ശുശ്രൂഷയെയും നിവർത്തിക്കണമെന്നേ എനിക്കുള്ളൂ. ചുറ്റി സഞ്ചരിച്ച് നിങ്ങൾക്കായി ദൈവരാജ്യത്തെ ഉദ്ഘോഷിച്ചുവന്ന എന്റെ മുഖം ഇനിമേൽ നിങ്ങൾ കാണുകയില്ലെന്നാണ് ഇപ്പോൾ ഞാൻ അറിയുന്നത്. അതുകൊണ്ട് നിങ്ങളെല്ലാവരുടെയും രക്തത്തിന് ഞാൻ നിരപരാധിയായിരിക്കുമെന്ന് നിങ്ങളെല്ലാവരോടും ഞാൻ സാക്ഷ്യം പറയുന്നു. എന്തെന്നാൽ ഉപേക്ഷ കൂടാതെ ദൈവേച്ഛ മുഴുവനും ഞാൻ

നിങ്ങളെ അറിയിച്ചു. ആകയാൽ ദൈവം (മിശിഹാ) സ്വന്തരക്തം കൊണ്ടു നേടിയ സഭയുടെ പരിപാലനത്തിനായി പരിശുദ്ധാത്മാവിനാൽ നിങ്ങൾ എപ്പിസ്ക്കോപ്പന്മാരായി നിയമിതരായിരിക്കുന്ന ആട്ടിൻകൂട്ടത്തെയും നിങ്ങളെ തന്നെയും സൂക്ഷിച്ചുകൊൾവിൻ. ഞാൻ പൊയ്ക്കഴിഞ്ഞാൽ ആട്ടിൻകൂട്ടത്തോടു ദയയില്ലാത്ത ഉഗ്രചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടന്നുകൂടുമെന്നും തങ്ങളെ അനുഗമിക്കുമാറ് ശിഷ്യന്മാരെ ഇളക്കിമറിക്കുന്ന വികടഭാഷികളായ മനുഷ്യർ നിങ്ങളുടെ ഇടയിൽതന്നെ ഉണ്ടാകുമെന്നും എനിക്കറിയാം. രാവും പകലും ഇടവിടാതെ മൂന്നു സംവത്സരക്കാലം നിങ്ങളിൽ ഓരോരുത്തനോടും കണ്ണുനീരോടുകൂടി ഉപദേശിച്ചവയെ നിങ്ങൾ ഉണർവ്വോടെ ഓർക്കണം. ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിലും, അഭിവൃദ്ധിപ്പെടുത്തി വിശുദ്ധന്മാരുടെ സംഘത്തിൽ നിങ്ങൾക്ക് അവകാശം തരുന്ന, അവന്റെ കൃപാവചനത്തിലും ഭരമേല്പിക്കുന്നു.

*(പ്രവൃത്തി 4:1–12)*

*ഇങ്ങനെ ഇവർ ജനങ്ങളോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ജനങ്ങളെ പഠിപ്പിക്കയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനത്തെക്കുറിച്ച് മിശിഹായെ സാക്ഷീകരിച്ചുകൊണ്ട് പ്രസംഗിക്കയും ചെയ്യുന്നതിൽ ആചാര്യന്മാർ, സാദൂക്യർ, ദേവാലയപ്രമാണികൾ എന്നിവർ കോപിച്ച് എതിരായി നിന്ന് അവരെ പിടിച്ച് സന്ധ്യ അടുത്തിരുന്നതിനാൽ അടുത്ത ദിവസം വരെ സൂക്ഷിപ്പിൽ പാർപ്പിച്ചു. വചനം കേട്ടവരിൽ പലരും വിശ്വസിച്ചു. അവർ എണ്ണത്തിൽ അയ്യായിരം പുരുഷന്മാരോളമുണ്ടായിരുന്നു. അടുത്തദിവസം പ്രമാണികളും കാശീശന്മാരും ശാസ്ത്രാദ്ധ്യാപകന്മാരും ഒരുമിച്ചുകൂടി. പ്രധാനാചാര്യനായ ഹന്നാനും, കയ്യാപ്പായും, അലകസ്ന്ത്രയോസും, പ്രധാനാചാര്യവംശത്തിലുൾപ്പെട്ടവരും (അതിൽ) ഉണ്ടായിരുന്നു. ഇവർ അവരെ നടുവിൽ നിറുത്തിയിട്ട്: 'ഏതു ശക്തികൊണ്ട്, അല്ലെങ്കിൽ ഏതു നാമംകൊണ്ട് നിങ്ങൾ ഇതു പ്രവർത്തിച്ചു' എന്ന് ചോദിച്ചു. അപ്പോൾ ശെമവൂൻകീപ്പാ, പരിശുദ്ധാത്മാവുകൊണ്ട് നിറഞ്ഞ് അവരോട് ഇപ്രകാരം പറഞ്ഞു: 'ജനങ്ങളുടെ പ്രമാണികളും ഇസ്രായേല്ക്കാരുടെ കാശീശന്മാരുമായുള്ളവരേ! കേട്ടുകൊൾവിൻ! രോഗിയായ ഒരു മനുഷ്യനുണ്ടായിട്ടുള്ള ഗുണത്തെക്കുറിച്ച് അവൻ എന്തിനാൽ സുഖപ്പെട്ടു എന്ന് നിങ്ങൾ ഇന്നു ഞങ്ങളെ വിസ്തരിക്കുന്നുവെങ്കിൽ നിങ്ങൾ കുരിശിച്ചവനും ദൈവത്താൽ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടവനുമായ നൊസ്രാതുകാരൻ യേശുമിശിഹായുടെ നാമത്തിൽതന്നെ ഇതാ ഇവൻ സ്വസ്ഥനായി നിങ്ങളുടെ മുമ്പിൽ നിൽക്കുന്നുവെന്നുള്ളത് നിങ്ങൾക്കും ഇസ്രാ*

*യേൽജനങ്ങളെല്ലാവർക്കും അറിവായിരിക്കട്ടെ. പണിക്കാരായ നിങ്ങ ളാൽ ത്യജിക്കപ്പെടുകയും, മൂലാധാരമായി തീരുകയും ചെയ്ത 'കല്ല്' അവിടന്നാകുന്നു. അതിനാൽ രക്ഷയ്ക്കു യോഗ്യമായി ആകാശ ത്തിൻകീഴിൽ വേറൊരു നാമം മനുഷ്യർക്കു നല്കപ്പെട്ടിട്ടില്ലാത്തതു കൊണ്ട് വേറൊരുവനിലും രക്ഷയില്ല.'*

റോമർ 7:14-26

എന്തെന്നാൽ ന്യായപ്രമാണം ആത്മികമാകുന്നുവെന്ന് നാം അറി യുന്നു. ഞാനോ ശാരീരികനും പാപത്തിനായി വില്ക്കപ്പെട്ടവനുമാ കുന്നു. ഞാൻ പ്രവർത്തിക്കുന്നതിനെ അറിയുന്നില്ല. ഇഷ്ടപ്പെടുന്ന തിനെയല്ല, വെറുക്കുന്നതിനെയത്രേ ഞാൻ പ്രവർത്തിക്കുന്നത്. ഇഷ്ട പ്പെടാത്തതിനെ ഞാൻ പ്രവർത്തിക്കുന്നുവെങ്കിൽ, ന്യായപ്രമാണം ഉത്തമമെന്ന് ഞാൻ സാക്ഷ്യം നല്കുന്നു. എന്നാൽ ഇപ്പോൾ അങ്ങനെ പ്രവർത്തിക്കുന്നതു ഞാനല്ല; എന്നിൽ വസിക്കുന്ന പാപമാകുന്നു. എന്തെന്നാൽ എന്നിൽ, അതായത് എന്റെ ശരീരത്തിൽ, നന്മ വസിക്കു ന്നില്ലെന്ന് എനിക്കറിയാം. നന്മയെ ഇച്ഛിക്കുന്നത് എനിക്ക് എളുപ്പമാ കുന്നു; എന്നാൽ അതിനെ അനുവർത്തിക്കുന്നതിന് എനിക്കു കഴിവി ല്ല. അതെന്തുകൊണ്ടെന്നാൽ ഞാൻ പ്രവർത്തിപ്പാൻ ഇച്ഛിക്കുന്ന നന്മയെ അല്ല, പ്രവർത്തിപ്പാൻ ഇച്ഛിക്കാത്ത തിന്മയെ അത്രേ പ്രവർത്തി ക്കുന്നത്. ഞാൻ ഇച്ഛിക്കാത്തതിനെയാണ് പ്രവർത്തിക്കുന്നതെങ്കിൽ ഞാനല്ല, എന്നിൽ വസിക്കുന്ന പാപമാണ് അങ്ങനെ പ്രവർത്തിക്കുന്ന ത്. തിന്മ എന്നോടടുത്തിരിക്കുന്നതുകൊണ്ട് നന്മ ചെയ്‌വാൻ ഇച്ഛി ക്കുന്ന എന്റെ അഭിപ്രായത്തോടു ചേരുന്ന ന്യായപ്രമാണത്തെ ഞാൻ കണ്ടുപിടിക്കുന്നു. ആന്തരികപുരുഷൻ മൂലം ദൈവത്തിന്റെ ന്യായപ്ര മാണത്തിൽ ഞാൻ സന്തോഷിക്കുന്നു. എന്നാൽ എന്റെ ഹൃദയത്തിലെ ന്യായപ്രമാണത്തിനു വിരോധമായി പോരാടുകയും എന്റെ അവയവ ങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ കീഴടക്കുകയും ചെയ്യുന്ന വേറൊരു പ്രമാണത്തെ ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു. ഞാൻ ദുർഭഗനായ ഒരു മനുഷ്യനാകുന്നു. ഈ മൃത്യുപരമായ ശരീര ത്തിൽ നിന്ന് എന്നെ രക്ഷിപ്പാനാരുണ്ട്. നമ്മുടെ കർത്താവായ യേശു മിശിഹാ വഴിയായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അതുകൊണ്ട് ഇപ്പോൾ ഞാൻ ഹൃദയംകൊണ്ട് ദൈവപ്രമാണത്തിനു ദാസനും ശരീ രംകൊണ്ട് പാപപ്രമാണത്തിനു ദാസനുമാകുന്നു.

## 53
## നോമ്പിലെ നാലാം തിങ്കളാഴ്ച
## പ്രഭാതം

പ്രവൃത്തി 14:18-15:3

എന്നാൽ ഇക്കാനോനിൽ നിന്നും അന്തിയോഖ്യായിൽ നിന്നും യീഹൂദന്മാർ വന്ന് ജനങ്ങളെ പ്രേരിപ്പിച്ച് പൌലോസിനെ കല്ലുകൊണ്ട് എറിഞ്ഞുവീഴിച്ചു. മരിച്ചുവെന്നു വിചാരിച്ച് പട്ടണത്തിൽ നിന്ന് പുറത്തേക്ക് വലിച്ചിഴയ്ക്കുകയും ചെയ്തു. ശിഷ്യന്മാർ പൌലോസിനു ചുറ്റും കൂടി. അവൻ എഴുന്നേറ്റ് പട്ടണത്തിൽ പ്രവേശിക്കയും ചെയ്തു.

പിറ്റേ ദിവസം അവൻ അവിടെ നിന്ന് പുറപ്പെട്ട് ബർന്നാബായോടു കൂടി ദർബ്ബി പട്ടണത്തിലെത്തി. ആ പട്ടണക്കാരിൽ സുവിശേഷം അറിയിച്ച് പലരെയും ശിഷ്യപ്പെടുത്തിയതിനു ശേഷം ലുസ്ത്രാ പട്ടണത്തിലേക്കും ഈക്കാനോനിലേക്കും അന്ത്യോഖ്യയിലേക്കും മടങ്ങി. ശിഷ്യന്മാരുടെ മനസ്സിനു ധൈര്യം കൊടുക്കുകയും വിശ്വാസത്തിൽ (തന്നെ) സ്ഥിതിചെയ്യണമെന്ന് അപേക്ഷിക്കയും, വളരെ ക്ലേശിച്ചിട്ടും ദൈവരാജ്യത്തിൽ പ്രവേശിക്കേണ്ടിയിരിക്കുന്നു എന്ന് പറകയും ചെയ്തു. അവർ അവരോടു കൂടി ഉപവസിക്കയും പ്രാർത്ഥിക്കയും ചെയ്തുകൊണ്ട് സഭ തോറും കാശീശന്മാരെ നിയമിച്ചു. അവർ വിശ്വസിച്ച കർത്താവിൽതന്നെ അവരെ ഭരമേല്പിക്കയും ചെയ്തു. അവർ പിസീദിയാ ദേശത്തുകൂടി സഞ്ചരിച്ച് പംപൂലിയായിൽ എത്തി. പിന്നെ പെർഗി പട്ടണത്തിൽ കർത്താവിന്റെ വചനം ഘോഷിച്ചിട്ട് ഇത്താലിയായിലേക്കു പോയി. അവിടെ നിന്ന് കപ്പൽ കയറി അവർ അന്ത്യോഖ്യയിലെത്തി. അവർ നിവർത്തിച്ച ഈ വേലയ്ക്കു കർത്താവിന്റെ കൃപ അവരെ ചുമതലപ്പെടുത്തിയത് ഇവിടെ വച്ചായിരുന്നു. അവർ സഭ മുഴുവൻ വിളിച്ചുകൂട്ടിയിട്ട് ദൈവം തങ്ങൾ വഴിയായി പ്രവർത്തിച്ചതും, പുറജാതികൾക്കു വിശ്വാസവാതിൽ തുറന്നു കൊടുത്തതുമായ സകല വിവരവും പ്രസ്താവിച്ചു. പിന്നെ അവർ അവിടെ ശിഷ്യന്മാരോടുകൂടി വളരെക്കാലം താമസിച്ചു.

അനന്തരം യീഹൂദിൽ നിന്ന് ചിലർ ചെന്ന് 'നിങ്ങൾ ന്യായപ്രമാണമര്യാദപ്രകാരം ചേലാകർമ്മം നടത്താതിരുന്നാൽ രക്ഷ പ്രാപിപ്പാൻ സാധിക്കയില്ല' എന്ന് സഹോദരന്മാരോട് ഉപദേശിച്ചു. പൌലോസിനും ബർന്നാബായ്ക്കും അവരുമായി വളരെ ശണ്ഠകളും വാദങ്ങളും ഉണ്ടാകയും, അതിനാൽ അവർക്കും മറ്റു ചിലർക്കും (ഒരുമിച്ച്) ഊർശ്ലേമിലുള്ള ശ്ലീഹന്മാരുടെയും കാശീശന്മാരുടെയും അടു

ക്കലേക്കു പോകേണ്ടിവരികയും ചെയ്തു. സഭ അനുയാത്ര ചെയ്ത് അവരെ പറഞ്ഞയച്ചു. അവർ പുറജാതികളുടെ മാനസാന്തരത്തെ കുറിച്ച് അറിയിച്ച് എല്ലാ സഹോദരന്മാരെയും വളരെ സന്തോഷിപ്പിച്ചുകൊണ്ട് പൂനിക്കിയിലൊക്കെയും ശെമറീൻകാരുടെ ഇടയിലും സഞ്ചരിച്ചു.

2 കൊരിന്ത്യർ 11:1–15

നിങ്ങൾ എന്റെ നിരർത്ഥകവചനത്തെ അല്പം ക്ഷമിക്കുമെങ്കിൽ നന്നായിരുന്നു. നിങ്ങൾ ക്ഷമിക്കുന്നവരുമാണല്ലോ. ദൈവത്തിലുള്ള തീക്ഷ്ണതയാൽ നിങ്ങളെച്ചൊല്ലി ഞാൻ ശുഷ്കാന്തിപ്പെടുന്നു. എന്തെന്നാൽ മിശിഹായെന്ന ഒരുവന് നിർമ്മലയായ കന്യകയായിട്ട് നിങ്ങളെ നല്കാമെന്ന് ഞാൻ വാഗ്ദത്തം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പത്തിന്റെ കൌശലത്താൽ ഹവ്വാ വഞ്ചിതയായ പോലെ നിങ്ങളുടെ ഹൃദയം മിശിഹായിലുള്ള ഏകാഗ്രത വിട്ട് മലിനമായി പോയേക്കുമോ എന്നുവച്ച് ഞാൻ ഭയപ്പെടുന്നു. ഒരുവൻ നിങ്ങളുടെ അടുക്കൽ വന്നിട്ട് ഞങ്ങൾ സുവിശേഷിക്കാത്ത മറ്റൊരു യേശുവിനെയോ, നിങ്ങൾ പ്രാപിച്ചിട്ടില്ലാത്ത മറ്റൊരാത്മാവിനെയോ, നിങ്ങൾ സ്വീകരിച്ചിട്ടില്ലാത്ത മറ്റൊരു സവിശേഷത്തെയോ കുറിച്ച് പ്രസംഗിച്ചുവെങ്കിൽ നിങ്ങൾ നല്ലപോലെ അനുസരിക്കുമായിരുന്നു. മുഖ്യ ശ്ലീഹന്മാരിൽ നിന്ന് ഞാൻ ഒരു പ്രകാരത്തിലും കുറഞ്ഞവനല്ലെന്ന് വിചാരിക്കുന്നു. ഞാൻ വചനത്തിൽ സമർത്ഥനല്ലെങ്കിലും ജ്ഞാനത്തിൽ അങ്ങനെയല്ല. സർവ്വസംഗതികളിലും ഞങ്ങൾ നിങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. നിങ്ങളുടെ ഉന്നതിക്കായി ഞാൻ താഴ്മയെ സ്വീകരിക്കയും ദൈവത്തിന്റെ സുവിശേഷത്തെ പ്രതിഫലം പറ്റാതെ പ്രസംഗിക്കയും ചെയ്തത് കുറ്റകരമാണോ? നിങ്ങളുടെ ഇടയിൽ ജോലി ചെയ്യുന്നതിനായി ഞാൻ മറ്റു സഭകളെ കവർന്ന് ചെലവു നടത്തി. ഞാൻ നിങ്ങളുടെ അടുക്കൽ എത്തിയ ശേഷം വിഷമിച്ചപ്പോൾ നിങ്ങളിൽ ഒരുവനെയും ഞാൻ ബുദ്ധിമുട്ടിച്ചില്ല; എന്തെന്നാൽ മക്കേദൂനിയായിൽ നിന്ന് വന്ന സഹോദരന്മാർ എന്റെ ആവശ്യം നിവർത്തിച്ചു. നിങ്ങളെ ബുദ്ധിമുട്ടിക്കാതിരിപ്പാൻ സകലത്തിലും സ്വയം സൂക്ഷിച്ചു. ഇനിയും സൂക്ഷിക്കയും ചെയ്യും. മിശിഹായുടെ സത്യം എന്നിൽ സ്ഥിതിചെയ്യുന്നു. ആഖായാപ്രദേശങ്ങളിൽ നിന്ന് എന്റെ ഈ അഭിമാനം മായ്ക്കപ്പെടാവുന്നതല്ല. എന്താണിതിനു കാരണം? നിങ്ങളിൽ എനിക്കു സ്നേഹമില്ലായ്കയാണോ? അതു ദൈവം അറിയുന്നു. അവസരം അന്വേഷിക്കുന്നവർക്ക് അവസരം ലഭിക്കാതിരിപ്പാൻ ഞാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ഇനിയും പ്രവർത്തിക്കും. അത് അവർ അഭിമാനിക്കുന്ന

കാര്യത്തിൽ അവരും ഞങ്ങളെപ്പോലെ തന്നെയാണെന്ന് അറിയപ്പെടേണ്ടതിനാണ്. ഇങ്ങനെയുള്ളവർ വ്യാജശ്ലീഹന്മാരും കപടഭൃത്യന്മാരും മിശിഹായുടെ ശ്ലീഹന്മാരുടെ വേഷം ധരിച്ചിരിക്കുന്നവരുമാകുന്നു. സാത്താൻ പ്രകാശത്തിന്റെ മാലാഖായുടെ വേഷം ധരിക്കുന്നെങ്കിൽ, അതിൽ അത്ഭുതപ്പെടുവാനില്ല. അവന്റെ ശുശ്രൂഷകന്മാർ നീതിയുടെ ശുശ്രൂഷകന്മാരുടെ വേഷം ധരിക്കുന്നെങ്കിൽ, അതു വലിയ കാര്യമല്ല. അവരുടെ അവസാനം അവരുടെ പ്രവൃത്തിക്കനുസരണമായിരിക്കും.

## 54

## നോമ്പിലെ നാലാം ചൊവ്വാഴ്ച

### പ്രഭാതം

പ്രവൃത്തി 15:13-22

അവർ പറഞ്ഞുനിറുത്തിയ ശേഷം യാക്കൂബ് എഴുന്നേറ്റ് ഇപ്രകാരം പറഞ്ഞു: "സഹോദരന്മാരായ മനുഷ്യരേ! ശ്രദ്ധിപ്പിൻ. ദൈവം തനിക്കായി, പുറജാതികളിൽ നിന്ന് ജനങ്ങളെ തിരഞ്ഞെടുക്കുവാൻ തുടങ്ങിയതെങ്ങനെയാണെന്ന് ശെമവൂൻ നിങ്ങളോട് വിവരിച്ചുവല്ലോ. ദീർഘദർശിമാരുടെ വചനങ്ങളും ഇതിനെ അനുകൂലിക്കുന്നു. എങ്ങനെയെന്നാൽ 'അതിനു ശേഷം ബാക്കി ജനങ്ങളും എന്റെ നാമത്തെ കീർത്തിക്കുന്ന പുറജാതികളും എന്നെ അന്വേഷിപ്പാനായിട്ട് ദാവീദിന്റെ വീണുപോയ കൂടാരത്തെ വീണ്ടും നിവർത്തുമെന്നും അതിൽനിന്ന് ഇടിഞ്ഞുപോയ ഭാഗങ്ങൾ പണിതു നേരെയാക്കുമെന്നും സർവ്വവും സൃഷ്ടിച്ചവനായ കർത്താവ് പറയുന്നു' എന്നിപ്രകാരം അവയിൽ എഴുതിയിരിക്കുന്നുവല്ലോ. ദൈവത്തിന്റെ പ്രവൃത്തികൾ ആദിമുതലേ പ്രസിദ്ധങ്ങളാണ്. ആകയാൽ പുറജാതിക്കാരിൽ നിന്ന് ദൈവത്തിങ്കലേക്കു തിരിയുന്നവരെ ഞെരുക്കാതെ (വിഗ്രഹ)ബലിയിൽ നിന്നുള്ള മാലിന്യം, വേശ്യാസംസർഗ്ഗം, ശ്വാസംമുട്ടി ചത്ത (ജന്തുക്കളുടെ മാംസം ഭക്ഷിക്കുക) രക്തം (പാനം) ചെയ്ക എന്നിവയിൽ നിന്ന് ഒഴിഞ്ഞിരിക്കണമെന്ന് നാം അവർക്ക് എഴുതി അയയ്ക്കണമെന്ന് ഞാൻ പറയുന്നു. മൂശയുടെ ന്യായപ്രമാണത്തെ ശാബതുതോറും സംഘാലയങ്ങളിൽവച്ച് വായിക്കുന്ന പ്രാസംഗികന്മാർ പൂർവ്വകാലം മുതലേ സകല പട്ടണങ്ങളിലുമുണ്ടല്ലോ." അനന്തരം ശ്ലീഹന്മാരും കാശീശന്മാരും സഭ മുഴുവനും കൂടി സഹോദരന്മാരിൽ പ്രമാണികളായിരുന്ന ബർശാബാ എന്ന് പറയപ്പെടുന്ന യീഹൂദാ ശീലാ എന്നിവരെ തിരഞ്ഞെടുത്ത് പൗലോസിന്റെയും ബർന്നാബായുടെയും കൂടെ അന്ത്യോഖ്യയിലേക്കയച്ചു.

*(പ്രവൃത്തി 14:8–22)*

*ലുസ്ത്രാ പട്ടണത്തിൽ മാതൃഗർഭം മുതൽ മുടന്തനായ, ഒരിക്കലും നടന്നിട്ടില്ലാത്ത, കാലുകൾക്കു സ്വാധീനമില്ലാതിരുന്ന ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ പൌലോസ് സംസാരിക്കുന്നതു കേട്ടു. പൌലോസ് അവനെ കണ്ട് രക്ഷ പ്രാപിപ്പാൻ തക്കവിധമുള്ള വിശ്വാസം അവനിലുണ്ടെന്നറിഞ്ഞിട്ട് 'കർത്താവായ യേശുമിശിഹായുടെ നാമത്തിൽ നീ നിന്റെ കാലുകൾ ഊന്നി നില്ക്കുക എന്ന് ഞാൻ നിന്നോടു പറയുന്നു' എന്ന് ഉച്ചസ്വരത്തിൽ അവനോടു പറഞ്ഞു. അവൻ ചാടി എഴുന്നേറ്റ് നടക്കയും ചെയ്തു. ജനസമൂഹം പൌലോസിന്റെ പ്രവൃത്തി കണ്ടിട്ട് 'ദേവന്മാർ മനുഷ്യരൂപത്തിൽ നമ്മുടെ അടുക്കലേക്ക് ഇറങ്ങി വന്നിരിക്കുന്നു' എന്ന് ആ ദേശഭാഷയിൽ വിളിച്ചു പറഞ്ഞു. അവർ ബർന്നാബായ്ക്ക് ഇന്ദ്രനെന്നും പൌലോസ് ആദ്യപ്രാസംഗികനായിരുന്നതുകൊണ്ട് അവനു ബുധനെന്നും പേരു വിളിച്ചു. പട്ടണത്തിനു പുറത്തുണ്ടായിരുന്ന ഇന്ദ്രക്ഷേത്രത്തിലെ പൂജകൻ, അവർ പാർത്തിരുന്ന ഗൃഹത്തിന്റെ പടിവാതില്ക്കൽ (ഏതാനും) കാളകളെയും (കുറെ) മാലകളും കൊണ്ടുവന്ന് അവർക്കായി ബലി കഴിപ്പാൻ ആഗ്രഹിച്ചു. എന്നാൽ ബർന്നാബായും പൌലോസും ഈ സംഗതി കേട്ട് തങ്ങളുടെ വസ്ത്രങ്ങളെ വലിച്ചുകീറിക്കൊണ്ട് ചാടി പുറപ്പെട്ട് ജനസമൂഹത്തിന്റെ മുമ്പിൽ ചെന്ന് ഇപ്രകാരം വിളിച്ചുപറഞ്ഞു: 'മനുഷ്യരേ! നിങ്ങളെന്തു ചെയ്യുന്നു? നിങ്ങൾ വ്യർത്ഥകാര്യങ്ങളെ വിട്ട് ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അവയിലുള്ള സകലത്തെയും സൃഷ്ടിച്ചവനായ ജീവനുള്ള ദൈവത്തിങ്കലേക്കു തിരിയണമെന്ന് നിങ്ങളോട് പ്രസംഗിക്കുന്ന ഞങ്ങളും, നിങ്ങളെപ്പോലെ തന്നെ (കേവലം) വികാരപ്രകൃതികളാകുന്നു. മുൻ തലമുറകളിൽ, സകല ജാതികളെയും യഥേഷ്ടം നടപ്പാൻ ദൈവം വിട്ടിരുന്നു. അപ്പോഴും അവിടന്ന് തന്നെപ്പറ്റി തെളിയിക്കാതിരുന്നിട്ടില്ല. എങ്ങനെയെന്നാൽ, ആകാശത്തിൽ നിന്നുകൊണ്ട് അവിടന്ന് അവർക്കു നന്മ ചെയ്തുകൊണ്ടിരുന്നു. മഴ പെയ്യിച്ച് യഥാകാലം ഫലങ്ങളെ പോഷിപ്പിച്ചു. സംരക്ഷണ ചെയ്ത് ഹൃദയാനന്ദം നല്കുകയും ചെയ്തു'. ഇങ്ങനെ പറഞ്ഞിട്ട് അവർ ആരും തങ്ങൾക്കായി പൂജകൾ കഴിക്കേണ്ട എന്ന് ബലമായി ജനങ്ങളെ തടഞ്ഞു. എന്നാൽ ഇക്കാനോനിൽ നിന്നും അന്തിയോഖ്യായിൽ നിന്നും യീഹൂദന്മാർ വന്ന് ജനങ്ങളെ പ്രേരിപ്പിച്ച് പൌലോസിനെ കല്ലുകൊണ്ട് എറിഞ്ഞുവീഴിച്ചു. മരിച്ചുവെന്നു വിചാരിച്ച് പട്ടണത്തിൽ നിന്ന് പുറത്തേക്ക് വലിച്ചിഴയ്ക്കുകയും ചെയ്തു. ശിഷ്യന്മാർ പൌലോസിനു ചുറ്റും കൂടി. അവൻ എഴുന്നേറ്റ് പട്ടണത്തിൽ പ്രവേശിക്കയും ചെയ്തു.*

*പിറ്റേ ദിവസം അവൻ അവിടെ നിന്ന് പുറപ്പെട്ട് ബർന്നാബായോടു കൂടി ദർബ്ബി പട്ടണത്തിലെത്തി. ആ പട്ടണക്കാരിൽ സുവിശേഷം അറിയിച്ച് പലരെയും ശിഷ്യപ്പെടുത്തിയതിനു ശേഷം ലുസ്ത്രാ പട്ടണത്തിലേക്കും ഈക്കാനോനിലേക്കും അന്ത്യോഖ്യയിലേക്കും മടങ്ങി. ശിഷ്യന്മാരുടെ മനസ്സിനു ധൈര്യം കൊടുക്കുകയും വിശ്വാസത്തിൽ (തന്നെ) സ്ഥിതിചെയ്യണമെന്ന് അപേക്ഷിക്കയും, വളരെ ക്ലേശിച്ചിട്ടും ദൈവരാജ്യത്തിൽ പ്രവേശിക്കേണ്ടിയിരിക്കുന്നു എന്ന് പറകയും ചെയ്തു. അവർ അവരോടു കൂടി ഉപവസിക്കയും പ്രാർത്ഥിക്കയും ചെയ്തുകൊണ്ട് സഭ തോറും കാശീശന്മാരെ നിയമിച്ചു. അവർ വിശ്വസിച്ച കർത്താവിൽതന്നെ അവരെ ഭരമേല്പിക്കയും ചെയ്തു.*

1 കൊരിന്ത്യർ 16:13-24

നിങ്ങൾ ഉണർന്നിരിക്കയും വിശ്വാസത്തിൽ സുസ്ഥിരരായിരിക്കയും ചെയ്വിൻ. നിങ്ങൾ പരാക്രമശാലികളായി ശക്തിപ്പെട്ടിരിപ്പിൻ. നിങ്ങളുടെ സകല പ്രവൃത്തികളും സ്നേഹപുരസ്സരമായിരിക്കണം. സഹോദരന്മാരേ! എസ്തേപ്പാനായുടെ ഭവനത്തെക്കുറിച്ച് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നതെന്തന്നാൽ: അവർ ആഖായായുടെ ആദ്യഫലമാണെന്നും വിശുദ്ധന്മാരുടെ ശുശ്രൂഷയ്ക്കുവേണ്ടി സ്വയം നിയമിതരാണെന്നും അറിയാവുന്നതുകൊണ്ട് അപ്രകാരമുള്ളവരെയും, ഞങ്ങളുടെ കൂടെ പ്രയാസപ്പെടുകയും ഞങ്ങളെ സഹായിക്കയും ചെയ്യുന്ന എല്ലാവരെയും നിങ്ങൾ അനുസരിക്കുവിൻ. എസ്തേപ്പാനായുടെയും പർത്തൂനാത്തോസിന്റെയും ആഖായിക്കോസിന്റെയും വരവിനെക്കുറിച്ച് ഞാൻ സന്തോഷിക്കുന്നു. നിങ്ങൾ എന്റെ അടുക്കൽ കുറവു വരുത്തിയത് അവർ എന്റെ അടുക്കൽ നിവർത്തിച്ചിരിക്കുന്നു. അവർ എന്റെയും നിങ്ങളുടെയും മനസ്സിനെ ആശ്വസിപ്പിച്ചു. അതുകൊണ്ട് അങ്ങനെയുള്ളവരെ നിങ്ങൾ തിരിച്ചറിയുവിൻ.

ആസ്യായിലുള്ള സഭകളെല്ലാം നിങ്ങളുടെ കുശലം അന്വേഷിക്കുന്നു. അക്കൂലാസും പ്രിസ്ക്കീലായും അവരുടെ ഭവനത്തിലുള്ള സഭയോടുകൂടെ കർത്താവിൽ നിങ്ങളോട് പല തവണ കുശലം ചോദിക്കുന്നു. എല്ലാ സഹോദരന്മാരും നിങ്ങളുടെ കുശലം അന്വേഷിക്കുന്നു. വിശുദ്ധ ചുംബനത്താൽ അന്യോന്യം അഭിവാദനം ചെയ്വിൻ. പൌലോസായ ഞാൻ സ്വന്ത കൈയെഴുത്താൽ നിങ്ങളോട് കുശലം (ചോദിക്കുന്നു). നമ്മുടെ കർത്താവായ യേശുമിശിഹായെ സ്നേഹിക്കാത്തവൻ ശപിക്കപ്പെട്ടവനാകട്ടെ. മോറാനേതൊ (നമ്മുടെ കർത്താവു വന്നു). നമ്മുടെ കർത്താവായ യേശുമിശിഹായുടെ കൃപ നിങ്ങളുടെ

മേൽ ഉണ്ടായിരിക്കട്ടെ. യേശുമിശിഹാ മൂലം എന്റെ സ്നേഹവും നിങ്ങളെല്ലാവരിലും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## 55
## നോമ്പിലെ നാലാം ബുധനാഴ്ച
## (പാതിനോമ്പ്)
## വി.കുർബ്ബാന

പ്രവൃത്തി 15:22-33

അനന്തരം ശ്ലീഹന്മാരും കശീശന്മാരും സഭ മുഴുവനും കൂടി സഹോദരന്മാരിൽ പ്രമാണികളായിരുന്ന ബർശാബാ എന്ന് പറയപ്പെടുന്ന യീഹൂദാ, ശീലാ എന്നിവരെ തിരഞ്ഞെടുത്ത് പൌലോസിന്റെയും ബർന്നാബായുടെയും കൂടെ അന്ത്യോഖ്യായിലേക്കയച്ചു.

അവരുടെ കൈയിൽ ഇപ്രകാരം ഒരു ലേഖനവും എഴുതിക്കൊടുത്തു. 'ശ്ലീഹന്മാരും കശീശന്മാരും സഹോദരന്മാരുംകൂടി എഴുതുന്നത്: അന്ത്യോഖ്യയിലും സൂറിയായിലും കിലീക്യായിലും ഉള്ള സഹോദരന്മാർക്കു വന്ദനം. ഞങ്ങളിൽ നിന്ന് ചിലർ ഞങ്ങളുടെ കല്പന കൂടാതെ പുറപ്പെട്ട് ചേലാകർമ്മം ചെയ്യണമെന്നും, ന്യായപ്രമാണം ആചരിക്കണമെന്നും പറഞ്ഞുകൊണ്ട് നിങ്ങളെ ഇളക്കിമറിച്ചതായി ഞങ്ങൾ കേട്ടിരിക്കുന്നു. അതുകൊണ്ട് ഞങ്ങളെല്ലാവരും ഒരുമിച്ചുകൂടി ആലോചിച്ച് നമ്മുടെ കർത്താവായ യേശുമിശിഹായുടെ നാമത്തിൽ പ്രാണാർപ്പണം ചെയ്തിട്ടുള്ളവരായ, പ്രിയപ്പെട്ട പൌലോസ്, ബർന്നാബാ ഇവരോടുകൂടി യീഹൂദായെയും ശീലായെയും തിരഞ്ഞെടുത്ത് നിങ്ങളുടെ അടുക്കലേക്കയച്ചിരിക്കുന്നു. ഇവർ ഇക്കാര്യം വാക്കു മൂലം അറിയിക്കയും ചെയ്യും. (വിഗ്രഹ)ബലിയുടെ മാലിന്യത്തിൽ നിന്നും രക്തപാനത്തിൽ നിന്നും ശ്വാസംമുട്ടി ചത്ത (ജന്തുക്കളുടെ മാംസം ഭക്ഷിക്കലിൽ) നിന്നും വേശ്യാസംസർഗ്ഗത്തിൽ നിന്നും നിങ്ങൾ ഒഴിഞ്ഞിരിക്കണം എന്ന അത്യാവശ്യകാര്യം ഒഴികെ, കൂടുതൽ ഭാരം നിങ്ങളുടെ മേൽ ചുമത്തരുതെന്ന് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയിരിക്കുന്നു. ഇവയിൽ നിന്ന് തന്നത്താൻ കാത്തുകൊണ്ടാൽ നിങ്ങൾക്കു നന്നായിരിക്കും. നിങ്ങൾ കർത്താവിൽ സ്ഥിരമായിരിപ്പിൻ.'

അയയ്ക്കപ്പെട്ടവർ അന്ത്യോഖ്യയിലെത്തി, ജനങ്ങളെയെല്ലാം വിളിച്ചുകൂട്ടി ലേഖനം സമർപ്പിച്ചു. അവർ അതു വായിച്ച് സന്തോഷിക്കയും ആശ്വസിക്കയും ചെയ്തു. യൂദാ, ശീലാ മുതലായവരും ദീർഘദർശിമാരായിരുന്നതുകൊണ്ട് ബഹുവാക്യങ്ങളാൽ സഹോദരന്മാരെ ശക്തിപൂർവ്വം സ്ഥിരചിത്തന്മാരാക്കി. കുറേക്കാലം അവർ അവിടെ താമസി

ച്ചശേഷം ആ സഹോദരന്മാരുടെ അടുക്കൽ നിന്ന് ശ്ലീഹന്മാരുടെ അടുക്കലേക്ക് സമാധാനത്തോടെ മടങ്ങിപ്പോയി.

2 കൊരിന്ത്യർ 9:1-15

വിശുദ്ധന്മാർക്കായുള്ള ദാനശേഖരത്തെക്കുറിച്ച് ഞാൻ നിങ്ങൾക്കെഴുതുന്നപക്ഷം അത് ഒരധികപ്പറ്റായിരിക്കും. എന്തെന്നാൽ നിങ്ങളുടെ 'ഒരുക്കം' എനിക്കറിയാം. അതുകൊണ്ട് 'ആഖായ കഴിഞ്ഞ വർഷം മുതലേ ഒരുങ്ങിയിരിക്കുന്നു' എന്ന് മക്കേദൂനിയാക്കാരോട് നിങ്ങളെക്കുറിച്ച് ഞാൻ പ്രശംസിച്ചിട്ടുമുണ്ട്. നിങ്ങളുടെ തീക്ഷ്ണത പലരെയും വാശിപ്പെടുത്തിയിരിക്കുന്നു. ഇക്കാര്യത്തിൽ നിങ്ങളെക്കുറിച്ച് ഞങ്ങൾ ചെയ്തിട്ടുള്ള പ്രശംസ നിരർത്ഥകമാകാതെ, ഞാൻ പറഞ്ഞതുപോലെ നിങ്ങൾ ഒരുങ്ങിയിരിക്കേണ്ടതിനാണ് ഞാൻ സഹോദരന്മാരെ അയച്ചിരിക്കുന്നത്. പക്ഷേ മക്കേദൂനിയാക്കാർ എന്റെ കൂടെ വരികയും നിങ്ങളെ ഒരുക്കമില്ലാത്തവരായി കാണുകയും ചെയ്താൽ, ഞങ്ങൾ ലജ്ജിക്കേണ്ടിവരും. നിങ്ങളെക്കുറിച്ച് ഞങ്ങൾ ചെയ്തിട്ടുള്ള പ്രശംസ നിമിത്തം, നിങ്ങളും ലജ്ജിക്കേണ്ടിവരുമെന്ന് പറയേണ്ടതില്ലല്ലോ. ആകയാൽ അത്യാഗ്രഹപരമല്ലാതെ ദാനപരമായി തയ്യാറാക്കപ്പെടേണ്ടതാണെന്ന് നിങ്ങൾ മുമ്പേ കേട്ടിട്ടുള്ള ആ ദാനശേഖരത്തെ ഒരുക്കിവയ്ക്കത്തക്കവിധം, എനിക്കു മുമ്പായി നിങ്ങളുടെ അടുക്കൽ എത്തണമെന്ന് ഈ സഹോദരന്മാരോട് അപേക്ഷിക്കേണ്ടത് ആവശ്യമായി തോന്നി. എന്നാൽ വെറുപ്പോടെ വിതയ്ക്കുന്നവൻ വെറുപ്പിനെ കൊയ്യും. സംതൃപ്തിയോടെ വിതയ്ക്കുന്നവൻ സംതൃപ്തിയെ കൊയ്യും. എല്ലാവരും അവനവന്റെ ഇഷ്ടാനുസരണം (ചെയ്യട്ടെ). സങ്കടത്തോടെയോ നിർബ്ബന്ധത്തോടെയോ അരുത്. എന്തെന്നാൽ സന്തോഷത്തോടെ ദാനം ചെയ്യുന്നവനെ ദൈവം സ്നേഹിക്കും. എല്ലാറ്റിനും എല്ലായ്പോഴും നിങ്ങൾ തൃപ്തരാവുകയും സർവ്വ സത്കർമ്മങ്ങളിലും അഭിവൃദ്ധിപ്പെടുകയും ചെയ്യുമാറ് സർവ്വ കൃപകളും നിങ്ങളിൽ വർഷിക്കുവാൻ ദൈവത്തിനു ശക്തിയുണ്ട്. 'അവിടന്ന് ദരിദ്രന്മാർക്ക് ചൊരിഞ്ഞുകൊടുത്തു. അവിടത്തെ നീതി ശാശ്വതമായിരിക്കുന്നു' എന്ന് എഴുതപ്പെട്ടിട്ടുമുണ്ട്. വിതയ്ക്കുവാൻ വിത്തും ഭക്ഷിക്കുവാൻ ഭക്ഷ്യവും കൊടുക്കുന്നവൻ നിങ്ങൾക്കും തരികയും നിങ്ങളുടെ വിത്തിനെ പൊലിപ്പിക്കയും നിങ്ങളുടെ ധാർമ്മികഫലങ്ങളെ വർദ്ധിപ്പിക്കയും ചെയ്യും. ഇങ്ങനെ ഞങ്ങൾ മൂലം ദൈവത്തിനു സ്തോത്രം ഉണ്ടാക്കുന്ന സകല ഔദാര്യത്തോടുംകൂടി നിങ്ങൾ സകലതിലും ഐശ്വര്യവാന്മാരായിരിക്കും. ഈ ദാനശേഖരണം വിശുദ്ധന്മാരുടെ ദാരിദ്ര്യത്തെ തീർക്കുന്നതിനു പുറമേ, ദൈവത്തിന്റെ ബഹുസ്തോത്രങ്ങളെ വർദ്ധിപ്പിക്കയും

ചെയ്യുന്നു. എന്തെന്നാൽ ഈ ദാനശേഖരം മൂലമുള്ള ശോധന നിമിത്തം നിങ്ങൾ മിശിഹായുടെ സുവിശേഷത്തെ സമ്മതിപ്പാൻ മനസ്സുവച്ചതിനാലും, വിശുദ്ധന്മാരോടും മറ്റ് എല്ലാവരോടുംകൂടി ഔദാര്യം മൂലം നിങ്ങൾ സംബന്ധിച്ചതിനാലും, അവർ ദൈവത്തെ സ്തുതിക്കയും നിങ്ങളിലുള്ള ദൈവകൃപാബാഹുല്യം നിമിത്തം, അധികസ്നേഹത്തോടെ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കയും ചെയ്യുന്നു. അവർണ്ണനീയമായ ദാനം നിമിത്തം ദൈവത്തിനു വന്ദനം.

**56**

## നോമ്പിലെ നാലാം വ്യാഴാഴ്ച

## പ്രഭാതം

പ്രവൃത്തി 15:35–40

പൌലോസും ബർന്നാബായും അന്ത്യോഖ്യയിൽ പാർത്തുകൊണ്ട് മറ്റു പലരുമൊരുമിച്ച് ദൈവവചനത്തെ ഉപദേശിക്കയും പ്രസംഗിക്കയും ചെയ്തിരുന്നു. കുറേനാൾ കഴിഞ്ഞപ്പോൾ പൌലോസ് ബർന്നാബായോട് 'നാം ദൈവവചനം പ്രസംഗിച്ച പട്ടണങ്ങളിലുള്ള സഹോദരന്മാരെ വീണ്ടും സന്ദർശിച്ച് അവരുടെ സ്ഥിതി എങ്ങനെയിരിക്കുന്നുവെന്ന് ഗ്രഹിക്കണം' എന്ന് പറഞ്ഞു. (അപ്പോൾ) ബർന്നാബാ മർക്കോസ് എന്ന് അപരനാമമുള്ള യോഹന്നാനെ കൂടെ കൊണ്ടുപേകണമെന്നാഗ്രഹിച്ചു. എന്നാൽ ഇവൻ പംപൂലിയായിൽ വച്ച് തങ്ങളെ അനുഗമിക്കാതെ വിട്ടുപോയവനാകയാൽ കൂടെ കൊണ്ടുപോകുവാൻ പൌലോസിനു മനസ്സില്ലായിരുന്നു. ഈ വാദം നിമിത്തം അവർ തമ്മിൽ പിരിഞ്ഞു. ബർന്നാബാ മർക്കോസിനെ കൂട്ടിക്കൊണ്ട് കപ്പൽ കയറി കുപ്രോസിലേക്കു പോകയും ചെയ്തു. പൌലോസ് ശീലായെ സ്വീകരിച്ചുകൊണ്ട് ദൈവകൃപയിങ്കൽ സഹോദരന്മാരാൽ സമർപ്പിതനായിട്ട് പുറപ്പെടുകയും ചെയ്തു. അദ്ദേഹം സൂറിയായിലും കിലീക്കിയായിലും സഞ്ചരിച്ച് സഭകളെ ഉറപ്പിച്ചുപോന്നു.

2 കൊരിന്ത്യർ 1:13–22

നിങ്ങൾ അറിയുന്നതും ഗ്രഹിക്കുന്നതുമായ സംഗതികളല്ലാതെ മറ്റൊന്നും നിങ്ങൾക്കു ഞങ്ങൾ എഴുതുന്നില്ല. നമ്മുടെ കർത്താവായ യേശുമിശിഹായുടെ ദിവസത്തിൽ നിങ്ങൾ ഞങ്ങൾക്കു അഭിമാനമാകുന്നതുപോലെ ഞങ്ങൾ നിങ്ങൾക്കും അഭിമാനമാകുമെന്ന് ഏറെക്കുറെ ഗ്രഹിച്ചപ്രകാരം അവസാനത്തോളവും നിങ്ങൾ ഗ്രഹിക്കുമെന്നും ഞാൻ ആശിക്കുന്നു. ഈ ആശയോടെ നിങ്ങൾക്ക് ഇരട്ടിയായി കൃപ ലഭിക്കുവാൻ വേണ്ടി നിങ്ങളുടെ അടുക്കലേക്കു വരണ

മെന്നും ആ വഴിയെ മക്കേദൂനിയായിലേക്കു പോയിട്ട് പിന്നെ മക്കേദൂനിയായിൽ നിന്ന് നിങ്ങളുടെ അടുക്കലേക്കുതന്നെ വരണമെന്നും യീഹൂദിലേക്കു നിങ്ങൾ എന്നെ യാത്രയാക്കണമെന്നും ഞാൻ വളരെ നാളായി ആഗ്രഹിച്ചിരുന്നു. ഞാൻ ഇങ്ങിനെ വിചാരിച്ചത് ദ്രുതഗതിയിലാണോ? അഥവാ ശാരീരികസംഗതികളെയാണോ ഞാൻ വിചാരിക്കുന്നത്? അവ അതേ! അതേ! എന്നും (ചിലപ്പോൾ) അല്ല, അല്ല എന്നും വന്നേക്കാവുന്നവയാണല്ലോ. അതിനാൽ നിങ്ങളോടുള്ള ഞങ്ങളുടെ വാക്യങ്ങൾ (ചിലപ്പോൾ) അതേ എന്നും ചിലപ്പോൾ അല്ല എന്നും ആയിരുന്നില്ല എന്നുള്ളതിന് വിശ്വസ്തനായ ദൈവം (സാക്ഷി).

എന്തുകൊണ്ടെന്നാൽ ഞങ്ങൾ-ഞാനും, സിൽവാനോസും, തീമോത്തെയോസും-നിങ്ങളുടെ അടുക്കൽ അറിയിച്ച ദൈവപുത്രനായ യേശുമിശിഹാ, അതെയോ അല്ലയോ എന്ന നിലയിൽ അല്ലായിരുന്നു; പിന്നെയോ അതേ എന്നുതന്നെയായിരുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങളെല്ലാം മിശിഹായുടെ വിഷയത്തിൽ, അതെ എന്ന നിലയിൽ തന്നെയായിരുന്നു. അതുകൊണ്ട് അദ്ദേഹം മൂലമായി ദൈവമഹിമയ്ക്കു ഞങ്ങൾ ആമ്മീൻ പറയുന്നു. മിശിഹായിൽ നിങ്ങളോടുകൂടി ഞങ്ങളെയും സ്ഥിരപ്പെടുത്തുന്നവൻ നമ്മെ അഭിഷേകം ചെയ്തവനായ ദൈവമാകുന്നു. അവിടന്ന് നമ്മിൽ മുദ്ര വയ്ക്കയും അവിടത്തെ ആത്മാവ് എന്ന ലക്ഷ്യം നമ്മുടെ ഹൃദയങ്ങളിൽ ഏല്പിച്ചു തരികയും ചെയ്തിരിക്കുന്നു.

## 57

## നോമ്പിലെ നാലാം വെള്ളിയാഴ്ച

## പ്രഭാതം

പ്രവൃത്തി 16:1-7

പിന്നെ അവർ ദർബിപട്ടണത്തിലും ലുസ്ത്രായിലും എത്തി. അവിടെ വിശ്വാസിനിയായ ഒരു യീഹൂദ സ്ത്രീയുടെ മകനായ തീമോത്തേയോസ് എന്ന് പേരുള്ള ഒരു ശിഷ്യനുണ്ടായിരുന്നു. അവന്റെ പിതാവോ പുറജാതിക്കാരനായിരുന്നു. ലുസ്ത്രായിലും ഇക്കാനോനിലും ഉള്ള ശിഷ്യന്മാരെല്ലാവരും അവന് സാക്ഷ്യം വഹിച്ചുമിരുന്നു. അയാളെ തന്റെ കൂടെ കൊണ്ടുപോകണമെന്ന് പൌലോസ് വാഞ്ഛിക്കയും, അയാളുടെ പിതാവ് പുറജാതിക്കാരനായിരുന്നുവെന്ന് ആ ദേശത്തുണ്ടായിരുന്ന എല്ലാ യീഹൂദന്മാരും അറിഞ്ഞിരുന്നതുകൊണ്ട് അവരെ വിചാരിച്ച് അയാൾക്കു ചേലാകർമ്മം നടത്തുകയും ചെയ്തു. അവർ പട്ടണങ്ങളിൽ സഞ്ചരിച്ചുകൊണ്ട് ഊർശ്ലേമിലുള്ള ശ്ലീഹന്മാരും കാശീ

ശന്മാരും എഴുതിയ കല്പനകളെ ആദരിക്കണമെന്ന് (ജനങ്ങളോട്) ഉപദേശിക്കയും പ്രസംഗിക്കയും ചെയ്തുവന്നു. സഭകൾ വിശ്വാസത്തിൽ സ്ഥിരപ്പെട്ടും പ്രതിദിനം എണ്ണത്തിൽ വർദ്ധിച്ചും വന്നു. അനന്തരം അവർ പ്രൂഗിയ, ഗാലാത്തിയാ എന്നീ ദേശങ്ങളിൽ സഞ്ചരിച്ചു. ആസ്യായിൽ ദൈവവചനം സംസാരിക്കേണ്ടാ എന്ന് പരിശുദ്ധാത്മാവ് വിരോധിക്കയാൽ, അവർ മൂസിയാ ദേശത്തു ചെന്നിട്ട് അവിടെ നിന്ന് ബൈത്തുനിയായിലേക്കു പോകുവാനാഗ്രഹിച്ചു. എന്നാൽ യേശുവിന്റെ ആത്മാവ് അതിന് അവരെ അനുവദിച്ചില്ല.

2 കൊരിന്ത്യർ 12:19–13:13

ഇനിയും ഞങ്ങൾ നിങ്ങളോട് ഒഴികഴിവു പറയുന്നുവെന്ന് വിചാരിക്കുന്നുവോ? ദൈവത്തിന്റെ മുമ്പാകെ ഞങ്ങൾ മിശിഹാ മൂലം സംസാരിക്കുന്നു. പ്രിയപ്പെട്ടവരേ! സകലവും നിങ്ങളുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ചാകുന്നു. ഞാൻ നിങ്ങളുടെ അടുക്കൽ വരുമ്പോൾ എന്റെ ഇഷ്ടാനുസരണം നിങ്ങളെ കാണാതിരിക്കയും, നിങ്ങളുടെ ഇഷ്ടാനുസരണം എന്നെ കാണാതിരിക്കയും, തർക്കം, അസൂയ, കോപം, ശണ്ഠ, കുരള, വെറുപ്പ്, ഔദ്ധത്യം, കലഹം എന്നിവ (നിങ്ങളിൽ) ഉണ്ടാവുകയും, ഞാൻ നിങ്ങളുടെ അടുക്കൽ വരുമ്പോൾ, എന്റെ ദൈവം എന്നെ ക്ഷീണിപ്പിക്കയും, പാപം ചെയ്തിട്ടു തങ്ങൾ ചെയ്തുപോയ അശുദ്ധകർമ്മത്തെയും, വ്യഭിചാരത്തെയും, കാമാതുരതയെയും വിട്ട് അനുതപിക്കാത്ത പലരെക്കുറിച്ച് വിലപിക്കേണ്ടിവരികയും ചെയ്തേക്കുമോ എന്നുവച്ച് ഞാൻ ഭയപ്പെടുന്നു.

ഞാൻ നിങ്ങളുടെ അടുക്കൽ വരുവാൻ ഒരുങ്ങുന്നത്, ഇത് മൂന്നാം പ്രാവശ്യമാകുന്നു. രണ്ടോ മൂന്നോ സാക്ഷികളുടെ വാക്കിന്മേൽ സകല വചനവും സ്ഥിരപ്പെടുമെന്നുണ്ടല്ലോ. ഞാൻ മുമ്പ് നിങ്ങളോടു പറഞ്ഞിട്ടുണ്ടായിരുന്നു. രണ്ടു പ്രാവശ്യം ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതുപോലെ, ഇപ്പോഴും പറയുന്നു. പാപം ചെയ്തവരോടും മറ്റു ശേഷം പേരോടും ഞാൻ വരുന്നതായാൽ ദാക്ഷിണ്യം കാണിക്കില്ലെന്ന് അകലെ സ്ഥിതിചെയ്തുകൊണ്ട് ഇപ്പോഴും ഞാൻ എഴുതുന്നു. മിശിഹാ ഞാൻ വഴിയായി സംസാരിക്കുന്നു എന്നുള്ളതിന് നിങ്ങൾ തെളിവന്വേഷിക്കുന്നുവല്ലോ. അവിടന്ന് നിങ്ങളിൽ സ്ഥിതിചെയ്യുന്നത് ദുർബ്ബലനായിട്ടില്ല, ബലവാനായിട്ടത്രേ. അവിടന്ന് ബലഹീനതകൊണ്ട് കുരിശിൽ തറയ്ക്കപ്പെട്ടുവെങ്കിലും ദൈവശക്തികൊണ്ട് ജീവിച്ചിരിക്കുന്നു. അവിടത്തോടുകൂടി ഞങ്ങളും ബലഹീനരായിരിക്കുന്നുവെങ്കിലും നിങ്ങളിലുള്ള ദൈവശക്തികൊണ്ട് അവിടത്തോടുകൂടി

ഞങ്ങളും ജീവിച്ചിരിക്കുന്നു. നിങ്ങൾ വിശ്വാസത്തിൽ തന്നെയോ സ്ഥിതിചെയ്യുന്നതെന്ന് സ്വയം പരിശോധിപ്പിൻ. തങ്ങളെത്തന്നെ സ്വസ്ഥരാക്കുവിൻ. യേശുമിശിഹാ നിങ്ങളിൽതന്നെ സ്ഥിതിചെയ്യുന്നു ണ്ടെന്നുള്ളതിനെ നിങ്ങൾ വിവേചിക്കുന്നില്ലയോ? സ്ഥിതിചെയ്യുന്നി ല്ലെങ്കിൽ നിങ്ങൾ തള്ളപ്പെട്ടവരായി ഭവിക്കുന്നു. ഞങ്ങൾ തള്ളപ്പെട്ട വരല്ലെന്ന് നിങ്ങൾ അറിവാൻ ഞാനാഗ്രഹിക്കുന്നു. ഞങ്ങളുടെ ഉത്ത മത്വം വെളിപ്പെടുവാനായി നിങ്ങൾ ഒരു തിന്മയിലും ഉൾപ്പെടാതെ നന്മ പ്രവർത്തിക്കുന്നവരായിരിക്കണമേ എന്ന് ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. ഞങ്ങൾ തള്ളപ്പെട്ടവരായിരിക്കട്ടെ. സത്യത്തിനു വേണ്ടിയല്ലാതെ സത്യത്തിനെതിരായി ഒന്നും പ്രവർത്തിപ്പാൻ ഞങ്ങൾക്കു സാധിക്കയില്ല. ഞങ്ങൾ ബലഹീനന്മാരും നിങ്ങൾ ബല വാന്മാരും ആയിരിക്കുമ്പോൾ, ഞങ്ങൾ സന്തോഷിക്കുന്നു. നിങ്ങൾ പൂർണ്ണരായിരിപ്പാൻ വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കയും ചെയ്യുന്നു. ഞാൻ വന്ന ശേഷം കർത്താവ് എനിക്കു നല്കീട്ടുള്ള അധികാരപ്രകാരം നിങ്ങ ളുടെ അഭിവൃദ്ധിക്കായല്ലാതെ അധഃപതനത്തിനായി, കഠിനമായി പ്രവർത്തിക്കുവാൻ ഇടയാവാതിരിക്കണമെന്നു കരുതി ദൂരെ ഇരുന്നു കൊണ്ട് ഇതെഴുതുന്നു. ഇനി സഹോദരന്മാരേ! നിങ്ങൾ സന്തോഷി പ്പിൻ. പൂർണ്ണരാകുവിൻ. ആശ്വസിപ്പിൻ. ഐക്യതയും സമാധാനവും നിങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കട്ടെ. സ്നേഹവാനും സമാധാനപ രനുമായ ദൈവം നിങ്ങളോടു കൂടി സ്ഥിതിചെയ്യട്ടെ. വിശുദ്ധചുംബ നത്താൽ അന്യോന്യം കുശലം ചോദിപ്പിൻ. സകല വിശുദ്ധന്മാരും നിങ്ങളുടെ കുശലം അന്വേഷിക്കുന്നു. നമ്മുടെ കർത്താവായ യേശു മിശിഹായുടെ സമാധാനവും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാ ത്മാവിന്റെ സംബന്ധവും നിങ്ങൾ എല്ലാവരിലും സ്ഥിതി ചെയ്യുമാറാ കട്ടെ. ആമ്മീൻ.

**58**

## നോമ്പിലെ നാലാം ശനിയാഴ്ച
## വി.കുർബ്ബാന

പ്രവൃത്തി 16:8-15

അവർ മൂസിയായിൽ നിന്ന് പുറപ്പെട്ട് ത്രോവാസ് ദേശത്തെത്തി. അവിടെ വച്ച് മക്കേദൂനിയാക്കാരനായ ഒരു മനുഷ്യൻ പ്രത്യക്ഷനായി 'അങ്ങ് മക്കേദൂനിയായിൽ വന്ന് എന്നെ സഹായിക്കണം' എന്ന് അപേ ക്ഷിച്ചുപറയുന്നതായി പൌലോസ് രാത്രിയിൽ ഒരു ദർശനം കണ്ടു.

പൌലോസിനുണ്ടായ ഈ ദർശനത്തിൽ നിന്ന് മക്കേദൂനിയാക്കാ

രോട് സുവിശേഷിപ്പാൻ കർത്താവിനാൽ ഞങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നുവെന്നു ഗ്രഹിച്ച് ഉടനെ അങ്ങോട്ടു പുറപ്പെടുവാൻ ഞങ്ങൾ ആഗ്രഹിച്ചു. ഞങ്ങൾ ത്രോവാസിൽനിന്ന് കപ്പൽ നീക്കി നേരെ സാമുത്രാക്കിയിലേക്കും, അവിടെനിന്ന് പിറ്റേ ദിവസം നീയോപോലീസ് പട്ടണത്തിലേക്കും, അവിടെ നിന്ന് മക്കേദൂനിയായിലെ പ്രധാന പട്ടണവും (റോമാക്കാരുടെ) ഉപനിവേശവുമായ പീലിപ്പോസിലും ചെന്നു. നിശ്ചിതകാലം ഞങ്ങൾ ആ പട്ടണത്തിൽ താമസിച്ചു. ശാബതുദിവസം ഞങ്ങൾ പുറപ്പെട്ട് പട്ടണത്തിനു പുറത്ത് ആറ്റിനരികേ ഒരു പ്രാർത്ഥനാലയം കണ്ട് കയറി ഇരുന്നിട്ട് അവിടെ കൂടിയിരുന്ന സ്ത്രീകളോട് ഞങ്ങൾ സംസാരിച്ചു. അവിടെ തോവാത്തീറാ പട്ടണക്കാരിയും, ലൂദിയ എന്ന് പേരുള്ളവളും, ദൈവഭക്തയും, രക്താംബരം വിൽക്കുന്നവളുമായ ഒരു സ്ത്രീ ഉണ്ടായിരുന്നു. കർത്താവ് അവളുടെ ഹൃദയത്തെ തുറക്കുകയും, അവൾ പൌലോസ് പറഞ്ഞതിനെ അനുസരിക്കയും, അവളും ഭവനക്കാരും മാമൂദീസാ ഏല്ക്കുകയും ചെയ്തു. (അനന്തരം) 'ഞാൻ കർത്താവിൽ വിശ്വസിച്ചുവെന്ന് നിങ്ങൾക്കു നല്ല നിശ്ചയമുണ്ടെങ്കിൽ നിങ്ങൾ എന്റെ വസതിയിൽ വന്നു പാർക്കണം' എന്ന് അവൾ ഞങ്ങളോടപേക്ഷിക്കയും, വളരെ നിർബ്ബന്ധിക്കയും ചെയ്തു.

1 കൊരിന്ത്യർ 9:14-27

അപ്രകാരംതന്നെ നമ്മുടെ കർത്താവും, തന്റെ സുവിശേഷത്തെ അറിയിക്കുന്നവർ സുവിശേഷത്താൽതന്നെ ഉപജീവിക്കണമെന്നും കല്പിച്ചിരിക്കുന്നു. എന്നാൽ ഞാനിതൊന്നും പ്രയോഗിച്ചിട്ടില്ല. ഇങ്ങനെ എനിക്കു കിട്ടണമെന്നുവച്ച് ഇത് എഴുതിയതുമല്ല. ഒരുവനിൽനിന്ന് എന്റെ യശസ്സിനു വരുന്ന വ്യർത്ഥതയെക്കാൾ മരണമാണ് എനിക്കുത്തമമായിട്ടുള്ളത്. സുവിശേഷഘോഷണംകൊണ്ട് എനിക്കു യശസ്സുണ്ടാകുന്നില്ല. എന്തെന്നാൽ അതെന്റെ ചുമതലയാകുന്നു. ഞാൻ സുവിശേഷത്തെ ഘോഷിച്ചില്ലെങ്കിൽ എനിക്കു ഹാ! കഷ്ടം. മനഃപൂർവ്വമായി ഞാൻ അതു നിർവ്വഹിച്ചാൽ എനിക്കു പ്രതിഫലം ലഭിക്കും. മനസ്സില്ലാത്ത പക്ഷവും ആ ഭാരവാഹിത്വം എങ്കൽ നിക്ഷിപ്തമായിരിക്കുന്നു. ആകയാൽ എനിക്കുള്ള പ്രതിഫലം എന്തായിരിക്കും? ഞാൻ സുവിശേഷം അറിയിക്കുമ്പോൾ മിശിഹായുടെ ആ സുവിശേഷത്തെ ചെലവുകൂടാതെ നിർവ്വഹിക്കയും ഏവൻഗേലിയോൻ വഴി എനിക്കു ലഭിച്ച അധികാരത്തെ വിനിയോഗിക്കാതിരിക്കയും ചെയ്യുന്നതാകുന്നു. അവയെല്ലാറ്റിലും നിന്ന് വിമുക്തനായിരിക്കേ പലരെയും നേടുവാൻ വേണ്ടി ഞാൻ എല്ലാവരുടെയും ദാസത്വത്തെ സ്വീകരിച്ചു. യീഹൂദന്മാരെ സമ്പാദിക്കുവാൻ യീഹൂദനെപ്പോലെയായി, യീഹൂദരുടെ കൂട്ട

ത്തിൽ കൂടി. ന്യായപ്രമാണാനുസാരികളെ സമ്പാദിക്കുവാൻ ന്യായ പ്രമാണാനുസാരിയെപ്പോലെ ന്യായപ്രമാണാനുസാരികളുടെ കൂട്ട ത്തിൽ കൂടി. ന്യായപ്രമാണരഹിതരെ സമ്പാദിക്കുവാൻ ന്യായപ്രമാ ണരഹിതനെപ്പോലെയായി, ന്യായപ്രമാണരഹിതരുടെ കൂട്ടത്തിൽ കൂടി. അത് ഞാൻ ദൈവത്തിങ്കൽ പ്രമാണരഹിതനാവാതിരിപ്പാൻ, മിശിഹായുടെ പ്രമാണത്തിൽ ഉൾപ്പെട്ടവനായിട്ടായിരുന്നു. ദുർബ്ബല ന്മാരെ സമ്പാദിക്കുവാൻ ദുർബ്ബലനെപ്പോലെ, ദുർബ്ബലരുടെ കൂട്ടത്തിൽ കൂടി. എല്ലാവർക്കും രക്ഷ നല്കുവാനായി ഞാൻ എല്ലാ പ്രകാരത്തിലും എല്ലാവരുടെ കൂട്ടത്തിലും കൂടി. സുവിശേഷവേലയിൽ ഓഹരിക്കാര നായി തീരുവാനായി ഞാൻ ഇങ്ങനെ പ്രവർത്തിക്കുന്നു. ഓട്ടക്കളത്തിൽ എല്ലാവരും കൂടിയാകുന്നു ഓടുന്നതെങ്കിലും, വിരുതു ലഭിക്കുന്നവൻ ഒരുവനേയുള്ളുവെന്ന് നിങ്ങൾക്കറിയാമല്ലോ. നിങ്ങളും വിരുതു ലഭിക്കു വാനായി അങ്ങനെതന്നെ ഓടുവിൻ. സകല മല്ലന്മാരും സർവ്വ(വിഷ യ)ത്തിൽ നിന്നും തന്റെ മനസ്സിനെ നിയന്ത്രിക്കുന്നു. അവർ നശ്വര മായ കിരീടത്തെയും, നാം അനശ്വരമായ കിരീടത്തെയും ലഭിക്കുവാ നായി ഓടുന്നു. ആകയാൽ അജ്ഞാതമായ ഒന്നിനു വേണ്ടി എന്ന പോലെയല്ല ഞാൻ ഓടുന്നത്. അന്തരീക്ഷത്തോട് എന്നപോലെയല്ല ഞാൻ പോരാടുന്നതും. എന്നാൽ മറ്റുള്ളവരോടു പ്രസംഗിച്ചവനായ ഞാൻതന്നെ നിന്ദ്യനായി തീരാതിരിപ്പാൻ വേണ്ടി സ്വന്തശരീരത്തെ അടക്കി കീഴ്പ്പെടുത്തുന്നു.

## 59
## നോമ്പിലെ അഞ്ചാം ഞായറാഴ്ച
## (കൂനിയുടെ)
## വി.കുർബ്ബാന

1 പത്രോസ് 3:8-16

ചുരുക്കി പറഞ്ഞാൽ നിങ്ങളെല്ലാവരും ഐക്യതയിലിരിക്കണം; സങ്കടപ്പെടുന്നവരോടുകൂടെ സങ്കടപ്പെടുന്നവരും അന്യോന്യം സ്നേഹി ക്കുന്നവരും മനസ്സലിവുള്ളവരും വിനയമുള്ളവരും ആയിരിക്കണം. ദുഷ്ടതയ്ക്ക് ദുഷ്ടതയും നിന്ദനത്തിന് നിന്ദനവുമായി ഒരുവനോടും നിങ്ങൾ പ്രതികാരം ചെയ്യരുത്. നിങ്ങൾ അനുഗ്രഹം അവകാശമാ ക്കുവാൻ വിളിക്കപ്പെട്ടവരാകയാൽ അനുഗ്രഹിക്കുന്നവരായിരിപ്പിൻ. ജീവനെ ആഗ്രഹിക്കയും സുദിനങ്ങളെ പ്രതീക്ഷിക്കയും ചെയ്യുന്ന വൻ ദുഷ്ടതയിൽനിന്ന് തന്റെ നാവിനെയും വഞ്ചന സംസാരിക്കാതെ തന്റെ അധരങ്ങളെയും സൂക്ഷിച്ചുകൊള്ളട്ടെ. അവൻ ദുഷ്ടതയെ വിട്ട്

നന്മ പ്രവർത്തിക്കട്ടെ. സമാധാനത്തെ അന്വേഷിച്ച് അതിനെ പിന്തുടരുകയും ചെയ്യട്ടെ. കർത്താവിന്റെ കണ്ണുകൾ നീതിമാന്മാരിലും അവിടത്തെ ചെവികൾ അവരെ കേൾക്കുവാനും തുറന്നിരിക്കുന്നു. കർത്താവിന്റെ മുഖം ദുഷ്ടന്മാർക്ക് എതിരായിരിക്കുന്നു. നന്മകളിൽ തീക്ഷ്ണതയുള്ളവരായിരുന്നാൽ നിങ്ങളോടു തിന്മ ചെയ്‌വാൻ ആരുള്ളൂ. നീതിക്കു വേണ്ടി കഷ്ടത സഹിക്കേണ്ടിവന്നാൽ നിങ്ങൾ ധന്യന്മാർ. ഭയപ്പെടുത്തുന്നവരെ ഭയപ്പെടുകയോ ചഞ്ചലിക്കയോ അരുത്. കർത്താവായ യേശുമിശിഹായെ നിങ്ങൾ ഹൃദയത്തിൽ ശുദ്ധീകരിപ്പിൻ. വിശ്വാസത്തിന്റെ പ്രത്യാശയെക്കുറിച്ച് ചോദിക്കുന്ന ഏവനോടും ഭക്ത്യാദരപുരസ്സരം ഉത്തരം പറവാൻ തയ്യാറായിരിപ്പിൻ. ദുഷ്ടമനുഷ്യരെക്കുറിച്ച് എന്നപോലെ നിങ്ങളെ അപവദിക്കുന്നവർ മിശിഹായിലുള്ള നിങ്ങളുടെ സദാചാരങ്ങളെ പഴിക്കുന്നവർക്കു സമം ലജ്ജിക്കുമാറ് നിങ്ങൾക്ക് ഉത്തമ മനസ്സാക്ഷി ഉണ്ടായിരിക്കണം.

റോമർ 12:1–15

ആകയാൽ സഹോദരന്മാരേ! ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. സാർത്ഥകമായ സേവനം വഴിയായി നിങ്ങൾ അവനവന്റെ ശരീരത്തെ സജീവവും പരിശുദ്ധവും അംഗീകാര്യവുമായ യാഗസാധനമായി ദൈവത്തിനു സമർപ്പിക്കണം. നിങ്ങൾ ഐഹികലോകത്തിന് സാദൃശ്യപ്പെടരുത്. അവനവന്റെ ഹൃദയം പുതുക്കി രൂപാന്തപ്പെട്ടുകൊൾവിൻ! നല്ലതും സ്വീകാര്യവും പരിപൂർണ്ണവുമായ ദൈവഹിതം ഏതെന്ന് വിവേചിക്കയും ചെയ്‌വിൻ. എനിക്കു ലഭിച്ച ദൈവകൃപയാൽ നിങ്ങളെല്ലാവരോടും ഞാൻ പറയുന്നു: അർഹതയുള്ളതിനപ്പുറം നിങ്ങൾ ചിന്തിക്കരുത്. പിന്നെയോ ഓരോരുവനും അവനവനായി ദൈവം അളന്നു ഭാഗിച്ചുതന്നിരിക്കുന്ന വിശ്വാസത്തെ അനുസരിച്ച് പരിപക്വമായി ചിന്തിക്കുവിൻ. ഏകശരീരത്തിൽ നമുക്ക് അവയവം വളരെയുണ്ട്. എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ല. അതുപോലെതന്നെ പലരാകുന്ന നാം മിശിഹായിൽ ഏകശരീരമാകുന്നു. നമ്മിൽ ഓരോരുത്തരും അന്യോന്യം അവയവങ്ങളാകുന്നു. എന്നാൽ ലഭിച്ച കൃപയനുസരിച്ച് നമുക്ക് വിവിധ വരങ്ങളുണ്ട്. അവവനവന്റെ വിശ്വാസത്തിന്റെ പരിമാണപ്രകാരം ദീർഘദർശിത്വം ഉള്ളവനുമുണ്ട്. അവനവന്റെ സേവനം അനുസരിച്ച് സേവകത്വം ഉള്ളവനുണ്ട്. അവനവന്റെ പഠിത്തമനുസരിച്ച് ഗുരുവായിരിക്കുന്നവനുണ്ട്. അവനവന്റെ ആശ്വാസം അനുസരിച്ച് ആശ്വസിപ്പിക്കുന്നവനുണ്ട്. ധാരാളമായി ദാനം ചെയ്യുന്നവനുണ്ട്. ഉത്സാഹത്തോടെ നേതാവായിരിക്കുന്നവനുണ്ട്. സന്തോഷത്തോടെ കരുണ കാണിക്കുന്നവനുണ്ട്. നിങ്ങളുടെ സ്നേഹം നിർവ്യാജമായിരിക്കണം.

തിന്മകളെ വെറുക്കുകയും നന്മകളെ അനുസരിക്കയും ചെയ്‌വിൻ. നിങ്ങളുടെ സഹോദരന്മാരെ സ്നേഹിപ്പിൻ. പരസ്പരം പ്രിയപ്പെടുവിൻ. അന്യോന്യം ആദരിക്കുന്നതിൽ മുമ്പന്മാരാകുവിൻ. ഉത്സാഹികളും മടിയില്ലാത്തവരും ആയിരിപ്പിൻ. ആത്മനാ തീക്ഷ്ണപ്പെടുവിൻ. നിങ്ങളുടെ കർത്താവിനെ സേവിപ്പിൻ. നിങ്ങളുടെ പ്രത്യാശയിൽ സന്തോഷിക്കയും ഞെരുക്കങ്ങളെ സഹിക്കയും സദാ പ്രാർത്ഥിക്കയും ചെയ്‌വിൻ. വിശുദ്ധന്മാരുടെ ആവശ്യം നിവർത്തിക്കയും, അതിഥികളെ സല്ക്കരിക്കയും ചെയ്‌വിൻ. നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ; അവരെ അനുഗ്രഹിപ്പിൻ; ശപിക്കരുത്. സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കയും കരയുന്നവരോടുകൂടി കരയുകയും ചെയ്‌വിൻ.

## 60
## നോമ്പിലെ അഞ്ചാം തിങ്കളാഴ്ച
## പ്രഭാതം

പ്രവൃത്തി 19:13-22

ചുറ്റി സഞ്ചരിച്ച് ഭൂതബാധകളെ അകറ്റിക്കൊണ്ടിരുന്ന ചില യീഹൂദന്മാർ 'പൌലോസിനാൽ പ്രസംഗിക്കപ്പെടുന്ന യേശുവിന്റെ നാമത്തിൽ നിങ്ങളെക്കൊണ്ട് ഞങ്ങൾ ആണയിടീക്കുന്നു' എന്ന് പറഞ്ഞ് ഭൂതബാധിതരെക്കൊണ്ട് കർത്താവായ യേശുവിന്റെ നാമത്തിൽ ആണയിടീക്കുവാൻ ആഗ്രഹിച്ചു. സ്കേവാ എന്ന് പേരുള്ള പ്രധാനാചാര്യനായ ഒരു യീഹൂദന്റെ പുത്രന്മാരായ ഏഴു പേർ ഇങ്ങനെ ചെയ്തുപോന്നു. ഒരു ദുഷ്ടപിശാച് അവരോട് 'യേശുവിനെ ഞാൻ അറിയുന്നു. പൌലോസിനെയും എനിക്കറിയാം. എന്നാൽ നിങ്ങൾ ആര്' എന്ന് ചോദിച്ചിട്ട് ആ പിശാചുബാധിതൻ അവരുടെ നേരെ ചാടിച്ചെന്ന് പിടികൂടി അടിപ്പെടുത്തി. അവർ നഗ്നന്മാരായി മുറിവേറ്റ് ആ ഭവനത്തിൽ നിന്ന് ഒളിച്ചോടിപ്പോകയും ചെയ്തു. ഇത് എപ്പേസോസിൽ പാർത്തിരുന്ന സകല യീഹൂദന്മാരും പുറജാതിക്കാരും അറിഞ്ഞു. അവരെല്ലാവരും ഭയപ്പെട്ടു. കർത്താവായ യേശുമിശിഹായുടെ നാമം മഹത്ത്വപ്പെടുകയും ചെയ്തു. വിശ്വാസികളിൽ പലരും ചെന്ന് തങ്ങൾ ചെയ്തുപോയ കുറ്റങ്ങളെ വിശദമായി അറിയിക്കയും ഏറ്റുപറകയും ചെയ്തു. ക്ഷുദ്രകർമ്മികളായ അനേകം പേർ തങ്ങളുടെ ഗ്രന്ഥങ്ങൾ കൊണ്ടുചെന്ന് ജനസമക്ഷത്തിൽ കൂട്ടിയിട്ട് ചുട്ടുകളഞ്ഞു. അവയുടെ വില അമ്പതിനായിരം വെള്ളിക്കാശ് എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ വലിയ ശക്തിയോടെ ദൈവവിശ്വാസം പ്രബലപ്പെട്ട് വർദ്ധിച്ചു. അനന്തരം പൌലോസ് മക്കേദൂനിയ മുഴുവനും ആഖായായിലും

ചുറ്റിസഞ്ചരിക്കണമെന്നും പിന്നീട് ഊർശ്ലേമിലേയ്ക്കു പോകണ മെന്നും അവിടെ ചെന്നതിനു ശേഷം റോമയും കൂടി കാണണമെന്നും നിശ്ചയിച്ചു. അവൻ തനിക്കു ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നവരിൽ തീമോത്തേയോസ്, ആറീസ്തോസ് എന്നീ രണ്ടുപേരെ അയച്ചിട്ട് കുറെ ക്കാലം ആസ്യായിൽ താമസിച്ചു.

റോമർ 9:14-21

ആകയാൽ നാം എന്തു പറയട്ടെ! ദൈവത്തിന്റെ പക്കൽ അനീതി യുണ്ടെന്നോ? ഒരിക്കലുമില്ല. എന്തെന്നാൽ അവിടന്ന് മൂശയോട് ഇങ്ങനെ കല്പിച്ചിരിക്കുന്നു. 'ഞാൻ ആരെ അനുഗ്രഹിക്കുവാൻ ഇച്ഛി ക്കുന്നുവോ അവനെ അനുഗ്രഹിക്കും. കനിയുവാൻ ഇച്ഛിക്കുന്നവനിൽ കനിയും.' ആകയാൽ ഇച്ഛിക്കുന്നവനാലല്ല; ഓടുന്നവനാലുമല്ല; കാരു ണ്യവാനായ ദൈവത്താലത്രേ (സംഗതി നിർവ്വഹിക്കപ്പെടുന്നത്). 'എന്റെ ശക്തി നിന്നിൽ ദർശിപ്പിക്കുവാനും എന്റെ നാമം ഭൂമിയിൽ പ്രസിദ്ധമാകുവാനുമായി ഞാൻ നിന്നെ നിറുത്തിയിരിക്കുന്നു' എന്ന് തിരുവെഴുത്തിൽ പെറവോനോടു പറഞ്ഞിരിക്കുന്നു. അങ്ങനെ ദൈവം ഇച്ഛിക്കുന്നവനെ അനുഗ്രഹിക്കയും, ഇച്ഛിക്കുന്നവനെ കഠിനനാക്കു കയും ചെയ്യുന്നു. പിന്നെ അവിടന്ന് കുറ്റപ്പെടുത്തുന്നതെന്തിന്; അവി ടത്തെ ഇഷ്ടത്തിനു വിരോധമായി നില്പാനാരുണ്ട് എന്ന് നീ ചോദി ക്കുമായിരിക്കാം. അല്ലയോ മനുഷ്യാ! ദൈവത്തോടു പ്രത്യുത്തരം പറ യുന്ന നീ ആര്? നിർമ്മിതവസ്തു നിർമ്മാതാവിനോട് 'നീ എന്തി നെന്നെ നിർമ്മിച്ചു' എന്ന് ചോദിക്കുമോ? അല്ലെങ്കിൽ ഒരേ കുഴമ ണ്ണിൽനിന്നുതന്നെ ശ്രേഷ്ഠവും ഹീനവുമായ രണ്ടു വിധം പാത്രങ്ങ ളെയും ഉണ്ടാക്കുവാൻ തന്റെ കളിമണ്ണിന്മേൽ കുശവന് അധികാരമി ല്ലയോ?

## 61

## നോമ്പിലെ അഞ്ചാം ചൊവ്വാഴ്ച

## പ്രഭാതം

പ്രവൃത്തി 18:18-28

പൌലോസ് അവിടെ വളരെനാൾ താമസിച്ചതിന്റെ ശേഷം സഹോ ദരന്മാരോടു യാത്ര പറഞ്ഞ് സൂറിയായിലേക്കു പോകുവാൻ കപ്പൽ കയറി. പ്രിസ്കീലായും ആക്കീലോസും കൂടെപോയി. ആക്കീലോസ് എന്നവന് ഒരു നേർച്ച ഉണ്ടായിരുന്നതുകൊണ്ട് കൻക്രേയാസിൽ വെച്ച് തല ക്ഷൗരം ചെയ്തിട്ടാണ് പോയത്. അവർ എപ്പേസോസിൽ എത്തി. പൌലോസ് സംഘാലയത്തിൽ പ്രവേശിച്ച് യീഹൂദന്മാരോടു സംസാ

രിച്ചു. അവൻ തങ്ങളുടെ അടുക്കൽ ദീർഘമായി താമസിക്കണമെന്നുള്ള അവരുടെ അപേക്ഷയെ സ്വീകരിക്കാതെ, 'ഊർശ്ലേമിൽ വരുന്ന പെരുന്നാളിനു പതിവനുസരിച്ചു ഞാൻ സംബന്ധിക്കേണ്ടിയിരിക്കുന്നു. ദൈവം ഇഷ്ടപ്പെടുന്നെങ്കിൽ ഇനിയും ഞാൻ നിങ്ങളുടെ അടുക്കൽ വരാം' എന്ന് പറഞ്ഞു. ആക്കീലോസിനെയും പ്രിസ്ക്കീലായെയും അവൻ എപ്പേസോസിൽ വിട്ടുംവച്ച് കപ്പൽ കയറി കേസറിയായിലേക്കു പോയി. അവൻ അവിടെ എത്തി, സഭയുടെ കുശലം ചോദിച്ചിട്ട് അന്ത്യോഖ്യയിലേക്കു പോയി. പ്രധാന ദിവസങ്ങൾ അവൻ അവിടെ താമസിച്ച ശേഷം ക്രമേണ ഗാലാത്തിയ, പ്രൂഗിയാ എന്നീ ദേശങ്ങളിൽ സഞ്ചരിച്ച് ശിഷ്യന്മാരെയെല്ലാം സ്ഥിര(ചിത്ത)രാക്കി. അലക്സന്ത്രിയാക്കാരനും വാഗ്വൈഭവവും പുസ്തകപരിചയവും ഉള്ളവനുമായ അപ്പോലൊ എന്ന് പേരുള്ള ഒരു യീഹൂദൻ എപ്പേസോസിൽ ചെന്നു. ഇവൻ കർത്താവിന്റെ മാർഗ്ഗത്തിൽ ഉപദേശം ലഭിച്ചവനായിരുന്നു. യോഹന്നാന്റെ മാമൂദീസായിലല്ലാതെ മറ്റു യാതൊന്നിലും അനുഭവമില്ലാതിരിക്കേ ആത്മനാ അവൻ തിളച്ച് യേശുവിനെക്കുറിച്ച് പൂർണ്ണമായി സംസാരിക്കയും ഉപദേശിക്കയും ചെയ്തു. അവൻ സംഘാലയത്തിൽ പരസ്യമായി സംസാരിച്ചു തുടങ്ങി. ആക്കീലോസും പ്രിസ്കീലായും അവന്റെ സംസാരം കേട്ടിട്ട് അവനെ തങ്ങളുടെ വീട്ടിലേക്കു കൊണ്ടുപോയി, കർത്താവിന്റെ മാർഗ്ഗം പൂർണ്ണമായി അവനു തെളിയിച്ചുകൊടുത്തു. അവൻ ആഖായിലേക്കു പോകുവാൻ ഇച്ഛിച്ചപ്പോൾ അവർ അവനെ പ്രോത്സാഹിപ്പിക്കയും സ്വീകരിപ്പാനായി ശിഷ്യന്മാർക്ക് എഴുതി അയയ്ക്കുകയും ചെയ്തു. അവൻ അവിടെ എത്തി, വിശ്വാസികളായ എല്ലാവർക്കും കൃപാപുരസ്സരം വളരെ സഹായങ്ങൾ ചെയ്തു. എങ്ങനെയെന്നാൽ യേശുവിനെക്കുറിച്ച് അദ്ദേഹം മിശിഹാ തന്നെയാകുന്നുവെന്ന് തിരുവെഴുത്തുകളിൽ നിന്ന് തെളിയിച്ചുകൊണ്ട് പുരുഷാരങ്ങളുടെ മുമ്പിൽ വച്ച് യീഹൂദന്മാർക്ക് വിരോധമായി ശക്തിയോടെ വാദിച്ചു.

റോമർ 1:26-32

തന്നിമിത്തം ദൈവം അവരെ അപമാനകരങ്ങളായ ഹീനവികാരങ്ങളിൽ സമർപ്പിച്ചു. അവരുടെ സ്ത്രീകൾ സ്വാഭാവികമായുള്ള പെരുമാറ്റം ഭേദപ്പെടുത്തി അസ്വാഭാവികമായ വിധത്തിൽ പെരുമാറി. പിന്നെ അങ്ങനെതന്നെ അവരുടെ പുരുഷന്മാരും സ്ത്രീകളോടുള്ള സ്വാഭാവിക പെരുമാറ്റം വിട്ട് പരസ്പരം ദുർവ്വികാരത്തിൽ ജ്വലിച്ച് പുരുഷനോടു പുരുഷൻ ലജ്ജാകരമായുള്ളത് പ്രവർത്തിച്ചു. തങ്ങളുടെ തെറ്റിന് അനുരൂപമായ പ്രതിഫലം അവരവർതന്നെ കൈക്കൊള്ളുകയും

ചെയ്തു. ദൈവത്തെ അറിവാൻ സ്വയം വിചാരിക്കാഞ്ഞതിന് തക്ക വിധം, സകല അനീതിയും, വ്യഭിചാരവും, കഠിനതയും, ദുഷ്ടതയും, അത്യാഗ്രഹവും, അസൂയയും, കൊലപാതകവും, തർക്കവും, ചതിവും, ദുർവ്വിചാരങ്ങളും, ഈർഷ്യയും, കുരളയും നിറഞ്ഞവരായും, ദൈവദ്വേഷികളും, പരിഹാസികളും, അഹംഭാവികളും, ആത്മപ്രശംസികളും, ദോഷൈകദൃക്കുകളും, ബുദ്ധിഹീനരും, മാതാപിതാക്കന്മാരെ അനുസരിക്കാത്തവരുമായും; നിയമലംഘികളും, സ്നേഹമില്ലാത്തവരും, ഇണക്കമില്ലാത്തവരും, കരുണയില്ലാത്തവരും ആയും; ന്യായമല്ലാത്ത വിധം, പ്രവർത്തിപ്പാൻ ദൈവം അവരെ നികൃഷ്ടബോധത്തിനായി സമർപ്പിച്ചു കളഞ്ഞു. ഇങ്ങനെ ചെയ്യുന്നവർ മരണശിക്ഷയ്ക്കു യോഗ്യരാകുന്നു എന്നുള്ള ദൈവവിധിയെ അറിഞ്ഞുകൊണ്ട് അവർ അങ്ങനെ ചെയ്യുന്നുവെന്ന് മാത്രമല്ല; അങ്ങനെ ചെയ്യുന്നവരോടു സഹകരിക്കയും ചെയ്യുന്നു.

## 62
## നോമ്പിലെ അഞ്ചാം ബുധനാഴ്ച
## പ്രഭാതം

പ്രവൃത്തി 20:29-38

ഞാൻ പൊയ്ക്കഴിഞ്ഞാൽ ആട്ടിൻകൂട്ടത്തോടു ദയയില്ലാത്ത ഉഗ്ര ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടന്നുകൂടുമെന്നും തങ്ങളെ അനുഗമിക്കുമാറ് ശിഷ്യന്മാരെ ഇളക്കിമറിക്കുന്ന വികടഭാഷികളായ മനുഷ്യർ നിങ്ങളുടെ ഇടയിൽതന്നെ ഉണ്ടാകുമെന്നും എനിക്കറിയാം. രാവും പകലും ഇടവിടാതെ മൂന്നു സംവത്സരക്കാലം നിങ്ങളിൽ ഓരോരുത്തനോടും കണ്ണുനീരോടുകൂടി ഉപദേശിച്ചവയെ നിങ്ങൾ ഉണർവ്വോടെ ഓർക്കണം. ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിലും, അഭിവൃദ്ധിപ്പെടുത്തി വിശുദ്ധന്മാരുടെ സംഘത്തിൽ നിങ്ങൾക്ക് അവകാശം തരുന്ന അവന്റെ കൃപാവചനത്തിലും ഭരമേല്പിക്കുന്നു. വെള്ളിയിലോ സ്വർണ്ണത്തിലോ വസ്ത്രത്തിലോ ഞാൻ മോഹിച്ചിട്ടില്ല. എന്റെയും കൂടെയുള്ളവരുടെയും ആവശ്യത്തിന് എന്റെ ഈ കൈകൾ ജോലി ചെയ്തുവെന്ന് നിങ്ങൾക്കറിയാമല്ലോ. അദ്ധ്വാനിക്കയും പ്രാപ്തിഹീനർക്കു വേണ്ടി ശ്രമിക്കയും 'വാങ്ങുന്നവനെക്കാളധികം കൊടുക്കുന്നവൻ ഭാഗ്യവാനാകുന്നു' എന്ന് കർത്താവായ യേശു പറഞ്ഞിട്ടുള്ള വാക്കുകളെ ഓർക്കുകയും ചെയ്യേണ്ടതാകുന്നു എന്നിപ്രകാരം സകലവും ഞാൻ നിങ്ങളോടറിയിച്ചിരിക്കുന്നു. ഇങ്ങനെ പറഞ്ഞിട്ട് അവൻ മുട്ടുകുത്തി പ്രാർത്ഥിച്ചു. മറ്റുള്ളവരും അവനോടൊരുമിച്ചു പ്രാർത്ഥിച്ചു. എല്ലാവരിലും വലിയ കരച്ചിൽ ഉണ്ടായി. അവർ

അവനെ ആശ്ലേഷിക്കയും ചുംബിക്കയും ചെയ്തു. എന്തെന്നാൽ വീണ്ടും തന്റെ മുഖം കാണുവാൻ തരമാവുകയില്ലെന്ന് അവൻ പറഞ്ഞതു നിമിത്തം അവർ അത്യധികം സങ്കടപ്പെട്ടു. അവർ കപ്പൽ വരെ അവനെ അനുഗമിക്കയും ചെയ്തു.

*(പ്രവൃത്തി 5:1–6)*

*ഹാനനിയ എന്ന് പേരുള്ള ഒരുവനും ശഫീറ എന്നു പേരുള്ള അവന്റെ ഭാര്യയും കൂടി സ്വന്ത നിലം വിറ്റു. അവൻ ഭാര്യയുടെ അറിവോടുകൂടി അതിന്റെ വിലയിൽ കുറെ എടുത്ത് ഒളിച്ചുവെയ്ക്കയും ബാക്കി കൊണ്ടുവന്നു ശ്ലീഹന്മാരുടെ കാല്ക്കൽ വെയ്ക്കയും ചെയ്തു. ശെമവൂൻ അവനോട് ഹാനനിയാ! പരിശുദ്ധാത്മാവിനോടു വ്യാജം പറവാനും, നിലത്തിന്റെ വിലയിൽ കുറെ (എടുത്തു) ഒളിച്ചുവെയ്പാനും തക്കവിധം സാത്താൻ നിന്റെ ഹൃദയത്തെ ഇപ്രകാരം പ്രേരിപ്പിച്ചതെന്ത്? അതു വില്ക്കപ്പെടുന്നതിനു മുമ്പും നിന്റേതല്ലായിരുന്നുവോ? വില്ക്കപ്പെട്ടതിന്റെ ശേഷവും അതിന്റെ വിലയിന്മേൽ നിനക്കധികാരമുണ്ടായിരുന്നല്ലോ. പിന്നെ ഇങ്ങനെ പ്രവർത്തിപ്പാൻ നിനക്കു തോന്നിയതെന്ത്? നീ മനുഷ്യരോടല്ല, ദൈവത്തോടത്രേ വ്യാജം പറഞ്ഞത് എന്ന് പറഞ്ഞു. ഹാനനിയ ഈ വചനങ്ങൾ കേട്ടമാത്രയിൽ (നിലത്തു) വീണു മരിച്ചുപോയി. ഇതു കേട്ടവർക്കെല്ലാം വലിയ ഭീതിയുണ്ടാകയും ചെയ്തു. അനന്തരം, അവരിൽ യുവാക്കന്മാർ എഴുന്നേറ്റ് അവനെ മൂടി പൊതിഞ്ഞ് കൊണ്ടുപോയി മറവു ചെയ്തു.*

1 കൊരിന്ത്യർ 10:1–13

എന്നാൽ സഹോദരന്മാരേ! നിങ്ങൾ ഇതറിയണമെന്ന് ഞാനാഗ്രഹിക്കുന്നു. നമ്മുടെ പിതാക്കന്മാരെല്ലാവരും മേഘത്തിൻകീഴിൽ സ്ഥിതി ചെയ്തു. അവരെല്ലാവരും സമുദ്ര(തല)ത്തിൽകൂടി യാത്ര ചെയ്തു. എല്ലാവരും മൂശ മുഖാന്തരം മേഘത്തിലും സമുദ്രത്തിലും സ്നാനം ചെയ്തു. എല്ലാവരും ആത്മികമായ ഏക ഭക്ഷ്യം ഭക്ഷിച്ചു. എല്ലാവരും ആത്മികമായ ഏകപാനീയം കുടിച്ചു. അവരെ അനുഗമിച്ചുകൊണ്ടിരുന്ന ആത്മികശിലയിൽനിന്ന് അവർ (വെള്ളം) കുടിച്ചു. ആ ശില മിശിഹായാകുന്നു. എങ്കിലും അവരിൽ മിക്ക പേരിലും ദൈവം പ്രസാദിച്ചില്ല. അതുകൊണ്ട് അവർ വനത്തിൽവച്ച് നിപതിച്ചുപോയി. അവർ ആഗ്രഹിച്ചതുപോലെ നാം തിന്മകളെ ആശിക്കാതിരിപ്പാൻ തക്കവിധം അവർ നമുക്കു ദൃഷ്ടാന്തമായി തീർന്നിരിക്കുന്നു. അവരിൽ ചിലർ വിഗ്രഹാരാധന ചെയ്തപോലെ നാം വിഗ്രഹാരാധകരാകരുത്. 'ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു; കളിപ്പാൻ എഴുന്നേറ്റു' എന്ന് എഴുതപ്പെട്ടിരിക്കുന്നുവല്ലോ. അവരിൽ ചിലർ വ്യഭിചാരം ചെയ്തതുപോലെ

നാം വ്യഭിചാരം ചെയ്യരുത്; ഒരു ദിവസത്തിൽ അവർ ഇരുപത്തിമൂവായിരം പേർ വീണുപോയി. അവരിൽ ചിലർ പരീക്ഷിച്ചതുപോലെ നാം മിശിഹായെ പരീക്ഷിക്കരുത്. അവർ സർപ്പങ്ങളാൽ നശിപ്പിക്കപ്പെട്ടു. അവരിൽ ചിലർ മുറുമുറുത്തതുപോലെ നിങ്ങൾ മുറുമുറുക്കരുത്. നാശകൻ മുഖാന്തരം അവർ നശിച്ചുപോയി. അവർക്കു സംഭവിച്ചവയെല്ലാം നമുക്കു ദൃഷ്ടാന്തമായിത്തീർന്നു. ലോകാവസാനം നമുക്ക് അടുത്തിരിക്കുന്നതിനാൽ നമുക്ക് ഉപദേശമായിട്ട് അവ എഴുതപ്പെടുകയും ചെയ്തു. എഴുന്നേറ്റു എന്ന് വിചാരിക്കുന്നവൻ ഇനി വീഴാതെ സൂക്ഷിക്കട്ടെ. മനുഷ്യസഹജമല്ലാത്ത ഒരു പരീക്ഷയും നിങ്ങൾക്കു വന്നുകൂടിയിട്ടില്ല. ദൈവം വിശ്വസ്തനാകുന്നു. പ്രാപ്തിക്കപ്പുറമായി നിങ്ങൾ പരീക്ഷിക്കപ്പെടുവാൻ തക്കവിധം അവിടന്ന് നിങ്ങളെ കൈവിടുകയില്ല. മറിച്ച് സഹിപ്പാൻ പ്രാപ്തിയുണ്ടാകത്തക്കവണ്ണം നിങ്ങളുടെ പരീക്ഷയ്ക്ക് അവിടന്ന് ഒഴികഴിവുണ്ടാക്കുകയും ചെയ്യും.

## 63

## നോമ്പിലെ അഞ്ചാം വ്യാഴാഴ്ച

## പ്രഭാതം

പ്രവൃത്തി 19:8-12

അതിനു ശേഷം പൌലോസ് സംഘാലയത്തിൽ പ്രവേശിച്ച് മൂന്നു മാസക്കാലം ദൈവരാജ്യത്തെക്കുറിച്ച് പരസ്യമായി പ്രസംഗിക്കയും ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. അവരിൽ ചിലർ കഠിനമായി വാദിക്കയും പുറജാതിസംഘത്തിന്റെ മുമ്പിൽ വച്ച് ദൈവമാർഗ്ഗത്തെ ദുഷിക്കയുംചെയ്തു. അപ്പോൾ പൌലോസ് അവരിൽ നിന്ന് വിട്ടുമാറി. ശിഷ്യന്മാരെ വേർതിരിച്ച് തൂറാനോസ് എന്ന് പേരുള്ള ഒരു മനുഷ്യന്റെ പാഠശാലയിൽ വച്ച് പ്രതിദിനം അവരോട് സംസാരിക്കയും ചെയ്തു. യീഹൂദരും പുറജാതികളുമായി ആസ്യായിൽ പാർത്തിരുന്നവരെല്ലാം കർത്താവിന്റെ വചനം കേൾക്കുവോളം, ഇതു രണ്ടു സംവത്സരത്തേക്കു നീണ്ടുനിന്നു. ദൈവം പൌലോസ് മുഖാന്തരം അസാമാന്യങ്ങളായ അത്ഭുതങ്ങൾ സാധിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്ന് വല്ല തുവ്വാലയോ വസ്ത്രശകലമോ കൊണ്ടുപോയി രോഗികളുടെമേൽ വയ്ക്കുകയും രോഗങ്ങൾ വിട്ടുമാറുകയും ചെയ്തിരുന്നു. (ഇതുപോലെ) പിശാചുക്കളും വിട്ടൊഴിഞ്ഞു.

കൊലോസ്യർ 3:1-17

നിങ്ങൾ മിശിഹായോടുകൂടി പുനരുത്ഥാനം ചെയ്തുവെങ്കിൽ മിശിഹായുടെ ഇരിപ്പിടമായ ദൈവത്തിന്റെ വലതുഭാഗത്തെ, മുകളിലുള്ള

തിനെ, അന്വേഷിപ്പിൻ. ഭൂമിയിലുള്ളതിനെയല്ല, മുകളിലുള്ളതിനെ ത്തന്നെ ചിന്തിപ്പിൻ. എന്തെന്നാൽ നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ മിശിഹായോടുകൂടി ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ മിശിഹാ പ്രത്യക്ഷപ്പെടുമ്പോൾ നിങ്ങളും അവിടത്തോടൊരുമിച്ച് പ്രഭാവത്തോടുകൂടി പ്രത്യക്ഷപ്പെടും. ആകയാൽ നിങ്ങളുടെ ഭൗമികാവയവങ്ങളായ വ്യഭിചാരം, അശുദ്ധി, ദുർവ്വികാരങ്ങൾ, ദുർമ്മോഹം, വിഗ്രഹാരാധനയ്ക്കു തുല്യമായ അത്യാഗ്രഹം എന്നിവയെ ഹനിക്കുവിൻ. ഇവ നിമിത്തമായിട്ടാകുന്നു അനുസരണമില്ലാത്ത മക്കളുടെമേൽ ദൈവകോപം വരുന്നത്. നിങ്ങളും മുമ്പ് അവയിൽ വർത്തിക്കയും ചരിക്കയും ചെയ്തിരുന്നു. ഇപ്പോൾ കോപം, ക്രോധം, ദുഷ്ടത, ദൂഷണം, അശുദ്ധസംഭാഷണം, എന്നിവയെല്ലാം നിങ്ങളിൽ നിന്ന് അകറ്റുവിൻ. നിങ്ങൾ അന്യോന്യം പൊളി പറയരുത്; പിന്നെയോ പൂർവ്വപുരുഷനെ, അവന്റെ സർവ്വ നടപടികളോടും കൂടി, പരിത്യജിക്കയും സ്രഷ്ടാവിന്റെ സാദൃശ്യത്തിൽ ജ്ഞാനത്താൽ പുതുതാക്കപ്പെടുന്ന നൂതനപുരുഷനെ ധരിക്കയും ചെയ്വിൻ. അവിടെ യീഹൂദനെന്നും പുറജാതിയെന്നുമില്ല. ചേലയെന്നും ചേലയില്ലായ്മയെന്നുമില്ല. യവനനെന്നും ബർബ്ബരനെന്നുമില്ല. ദാസനെന്നും സ്വതന്ത്രനെന്നുമില്ല. സകലരിലും സകലവും മിശിഹാ തന്നെ. ആകയാൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരെപ്പോലെ വിശുദ്ധരും വത്സലരുമായി മനസ്സലിവും കൃപയും ദയയും മനോവിനയവും ശാന്തതയും ദീർഘസഹിഷ്ണുതയും ധരിച്ചുകൊൾവിൻ. പരസ്പരം സഹിക്കയും ക്ഷമിക്കയും ചെയ്വിൻ. ഒരുവന് തന്റെ സഖാവിനോട് നീരസമുണ്ടെങ്കിൽ, മിശിഹാ നിങ്ങളോടു ക്ഷമിച്ചതുപോലെ തന്നെ, ക്ഷമിക്കണം. ഇവയ്ക്കെല്ലാറ്റിനും പുറമേ പരിപൂർണ്ണതാബന്ധമാകുന്ന സ്നേഹവും ഉണ്ടായിരിക്കണം. ഏകശരീരമായി തങ്കലേക്കു നിങ്ങൾ ആരാൽ വിളിക്കപ്പെട്ടുവോ, ആ മിശിഹായുടെ സമാധാനം നിങ്ങളുടെ ഹൃദയത്തെ നയിക്കട്ടെ. അവിടത്തെ വചനം സർവ്വജ്ഞാനസമൃദ്ധമായി നിങ്ങളിൽ സ്ഥിതിചെയ്യുവാൻ വേണ്ടി മിശിഹായെ സ്തുതിക്കുവിൻ. സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും നിങ്ങൾ പരസ്പരം പഠിപ്പിക്കയും ഉപദേശിക്കയും ചെയ്വിൻ. നന്ദിയോടുകൂടി ഹൃദയം കൊണ്ട് നിങ്ങൾ ദൈവത്തിനു കീർത്തനം പാടുകയും ചെയ്യുവിൻ. വാചാ കർമ്മണാ നിങ്ങൾ ചെയ്യുന്ന സകലവും നമ്മുടെ കർത്താവായ യേശുമിശിഹായുടെ നാമത്തിലായിരിക്കട്ടെ. അദ്ദേഹം മുഖാന്തരമായി പിതാവായ ദൈവത്തെ സ്തുതിക്കയും ചെയ്യുവിൻ.

## 64
## നോമ്പിലെ അഞ്ചാം വെള്ളിയാഴ്ച
## പ്രഭാതം

പ്രവൃത്തി 16:26-40

പെട്ടെന്ന് ഒരു വലിയ ഭൂകമ്പമുണ്ടായി. കാരാഗൃഹത്തിന്റെ അസ്തിവാരം കുലുങ്ങുകയും വാതിലുകളെല്ലാം തുറക്കപ്പെടുകയും എല്ലാവരുടെയും ബന്ധനങ്ങൾ അഴിഞ്ഞുപോകയും ചെയ്തു. കാവൽക്കാരൻ ഉറക്കമുണർന്ന് കാരാഗൃഹവാതിലുകൾ തുറന്നിരിക്കുന്നതായി കണ്ട് ബന്ധനസ്ഥർ ഒളിച്ചോടിപ്പോയിരിക്കുമെന്ന് കരുതി, വാൾ എടുത്ത് ആത്മഹത്യചെയ്‌വാൻ ഭാവിച്ചു. 'ഞങ്ങളെല്ലാവരും ഇവിടെയുണ്ട്. നിനക്കു നീ ദോഷമൊന്നും ചെയ്യരുത്' എന്ന് അവനോട് പൌലോസ് ഉറക്കെ വിളിച്ചുപറഞ്ഞു. അവർ വിളക്കു കൊളുത്തി വിറച്ചുകൊണ്ട് അകത്തേക്കു ചാടി കടന്ന് പൌലോസിന്റെയും ശീലായുടെയും കാല്ക്കൽ വീണു. പിന്നെ അവൻ അവരെ പുറത്തു കൊണ്ടുചെന്ന് 'യജമാനന്മാരേ! രക്ഷ പ്രാപിപ്പാൻ ഞാൻ എന്തുചെയ്യേണ്ടൂ' എന്ന് ചോദിച്ചു. 'കർത്താവായ യേശുമിശിഹായിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും' എന്ന് അവർ അവനോടു പറഞ്ഞു. പിന്നെ അവർ അവനോടും അവന്റെ കുടുംബത്തോടും കർത്താവിന്റെ വചനം സംസാരിച്ചു. അവൻ തൽക്ഷണം, ആ രാത്രിയിൽതന്നെ, അവരെ കൂട്ടിക്കൊണ്ടുപോയി. അടി കൊണ്ടുണ്ടായ മുറിവുകളെ കഴുകിയിട്ട് അവനും അവന്റെ ഭവനക്കാരെല്ലാവരും മാമൂദീസാ ഏല്ക്കുകയും ചെയ്തു. പിന്നെ അവൻ അവരെ തന്റെ ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോയി അവർക്കു ഭക്ഷണം കൊടുത്തു. അവനും അവന്റെ ഭവനക്കാരെല്ലാവരും ദൈവത്തിൽ വിശ്വസിച്ചതിനാൽ ആനന്ദിക്കയും ചെയ്തു. പ്രഭാതമായപ്പോൾ 'ഈ മനുഷ്യരെ വിട്ടയച്ചുകൊൾക' എന്ന് കാരാഗൃഹപ്രമാണിയോട് പറവാൻ അധികാരികൾ ദണ്ഡധാരികളെ അയച്ചു.

ആജ്ഞാനുസരണം കാരാഗൃഹപ്രമാണി അകത്തുചെന്ന് 'നിങ്ങളെ വിട്ടയപ്പാൻ പറഞ്ഞയച്ചിരിക്കുന്നതുകൊണ്ട് ഇപ്പോൾ നിങ്ങൾ സമാധാനമായി പുറപ്പെട്ടുകൊൾവിൻ' എന്ന് പൌലോസിനോടു പറഞ്ഞു. പൌലോസോ അവനോട് 'റോമാക്കാരായ ഞങ്ങളെ കുറ്റം കൂടാതെ ലോകസമക്ഷം അടിച്ച് കാരാഗൃഹത്തിൽ ഇട്ടു. ഇപ്പോൾ രഹസ്യമായി ഞങ്ങളെ പുറത്തുവിടുന്നുവോ? അങ്ങനെ വേണ്ട. അവർ തന്നെ വന്ന് ഞങ്ങളെ പുറത്തുവിടട്ടെ' എന്ന് പറഞ്ഞു. ദണ്ഡധാരികൾ ചെന്ന് അവർ പറഞ്ഞ വാക്കുകൾ അധികാരികളോടറിയിച്ചു. അവർ റോമാ

ക്കാരാകുന്നുവെന്ന് കേട്ടപ്പോൾ അധികാരികൾ ഭയപ്പെട്ടു. പിന്നെ അവർ ഇവരുടെ അടുക്കൽ വരികയും, പുറത്തിറങ്ങി പട്ടണംവിട്ടു പോകണമെന്ന് അപേക്ഷിക്കയും ചെയ്തു. അവർ കാരാഗൃഹത്തിൽ നിന്ന് പുറപ്പെട്ട് ലൂദിയായുടെ അടുക്കൽ ചെല്ലുകയും അവിടെയുള്ള സഹോദരന്മാരെ കണ്ട് ആശ്വസിപ്പിച്ചിട്ട് പുറപ്പെടുകയും ചെയ്തു.

*(പ്രവൃത്തി 16:16-23)*

*ഞങ്ങൾ പ്രാർത്ഥനാലയത്തിലേക്കു പോകുമ്പോൾ ഭാവിയെക്കുറിച്ച് അറിയിക്കുന്ന ഒരു പൈശാചികാത്മാവുള്ളവളും തന്നിമിത്തം സ്വന്തം യജമാനന്മാർക്ക് വലിയ ലാഭം വരുത്തിക്കൊണ്ടിരുന്നവളുമായ ഒരു യുവതിയെ കണ്ടുമുട്ടി. അവൾ പൌലോസിന്റെയും ഞങ്ങളുടെയും പിന്നാലെ വരികയും, 'ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാരാകുന്നു; ഇവർ രക്ഷാമാർഗ്ഗമാകുന്നു നിങ്ങളോട് ഉപദേശിക്കുന്നത്' എന്ന് വിളിച്ചു പറകയും ചെയ്തുകൊണ്ടിരുന്നു. അവൾ ഇങ്ങനെ വളരെ നാൾ കഴിച്ചു. പൌലോസ് നീരസപ്പെട്ട് 'നീ ഇവളെ വിട്ടു (പിരിഞ്ഞ്) പോകണമെന്ന് യേശുമിശിഹായുടെ നാമത്തിൽ ഞാൻ കല്പിക്കുന്നു' എന്ന് ആത്മാവിനോടായി പറയുകയും അത് ഉടൻ അവളെ വിട്ടുപോകയും ചെയ്തു. അവളുടെ യജമാനന്മാർ സ്വന്തം ആദായത്തിനുള്ള ആശാമാർഗ്ഗം ഇവളിൽ നിന്ന് പൊയ്പോയി എന്നു കണ്ടിട്ട് പൌലോസിനെയും ശീലായെയും പിടിച്ച് തെരുവിൽ കൊണ്ടുചെന്ന് പട്ടണാധികാരികളുടെയും പ്രമാണികളുടെയും അടുക്കൽ ഹാജരാക്കുകയും, 'യീഹൂദരായ ഇവർ ഞങ്ങളുടെ പട്ടണത്തെ ഇളക്കുന്നു' എന്നും 'റോമാക്കാരായ ഞങ്ങൾക്കു സ്വീകരിപ്പാനും പ്രവർത്തിപ്പാനും അനുവാദമില്ലാത്ത ആചാരങ്ങളെ കുറിച്ച് പ്രസംഗിക്കുന്നു' എന്നും പറകയും ചെയ്തു. അവർക്കെതിരായി ഒരു വലിയ പുരുഷാരവും അവിടെ കൂടി. അധികാരികൾ അവരെ ചമ്മട്ടികൊണ്ട് അടിപ്പാൻ സ്വവസ്ത്രം കീറിക്കൊണ്ടു കല്പിച്ചു. അധികമായി അടിപ്പിച്ച ശേഷം അവരെ കാരാഗൃഹത്തിൽ ഇടുകയും സൂക്ഷ്മതയോടെ കാത്തുകൊള്ളുവാൻ കാവല്ക്കാരനോടു കല്പിക്കയും ചെയ്തു.*

1 തീമൊത്തിയോസ് 1:1-20

നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെയും നമ്മുടെ പ്രത്യാശാസ്ഥാനമായ യേശുമിശിഹായുടെയും കല്പനപ്രകാരം, യേശുമിശിഹായുടെ ശ്ലീഹാ ആയ പൌലോസ് (എഴുതുന്നത്). വിശ്വാസപരമായി യഥാർത്ഥ പുത്രനായ തീമോത്തെയോസിന് നമ്മുടെ പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കർത്താവായ യേശുമിശിഹായിൽ നിന്നും കൃപയും കരുണയും സമാധാനവും (ഉണ്ടാകുമാറാകട്ടെ.) വിഭിന്നങ്ങ

ളായ ഉപദേശങ്ങളെ ഉണ്ടാക്കരുതെന്നും ദൈവവിശ്വാസത്തിന് അഭിവൃദ്ധിയല്ല, അധികമായി തർക്കങ്ങളെ ഉത്പാദിപ്പിക്കുന്ന കെട്ടുകഥകളെയും അന്തമില്ലാത്ത വംശചരിത്രങ്ങളെയും ശ്രദ്ധിക്കരുതെന്നും, എപ്പേസോസിൽ പാർത്തുകൊണ്ട് ഓരോരുത്തനോടും കല്പിക്കണമെന്നും, ഞാൻ മക്കേദൂനിയായിലേക്കു പോകുമ്പോൾ നിന്നോട് അപേക്ഷിച്ചിരുന്നുവല്ലോ. കല്പനയുടെ നിർവ്വഹണം, ശുദ്ധമായ ഹൃദയത്തോടും ഉത്തമ മനസ്സാക്ഷിയോടും സ്ഥിരവിശ്വാസത്തോടും കൂടിയുള്ള സ്നേഹമാകുന്നു. തങ്ങൾ പറയുന്നത് ഇന്നതെന്നും തർക്കിക്കുന്നത് ഇന്നതെന്നും മനസ്സിലാക്കാതെ, ന്യായപ്രമാണത്തിന്റെ ഉപദേഷ്ടാക്കളായിരിപ്പാനുള്ള ആഗ്രഹംകൊണ്ട് ചിലർ ഇവയിൽ നിന്ന് വ്യതിചലിച്ച് വ്യർത്ഥഭാഷണങ്ങൾക്കു വഴിപ്പെട്ടു. ന്യായപ്രമാണം നീതിമാന്മാരെ സംബന്ധിക്കുന്നതല്ല. അധർമ്മികളെയും, ധിക്കാരികളെയും, നീചന്മാരെയും, പാപികളെയും, കൊള്ളരുതാത്തവരെയും, അശുദ്ധരെയും, പിതാക്കന്മാരെ അടിക്കുന്നവരെയും, മാതാക്കളെ തല്ലുന്നവരെയും, കൊലപാതകികളെയും, വ്യഭിചാരികളെയും, പുരുഷമൈഥുനക്കാരെയും, മനുഷ്യമോഷ്ടാക്കളെയും, കള്ളന്മാരെയും, സത്യലംഘകന്മാരെയും, വിശ്വാസപൂർവ്വം എങ്കൽ സമർപ്പിതമായിരിക്കുന്ന വന്ദ്യനായ ദൈവത്തിന്റെ മഹനീയമായ ആ സുവിശേഷത്തിന്റെ സ്വാസ്ഥ്യോപദേശത്തിന് എതിരായിട്ടുള്ള സകലത്തെയും സംബന്ധിച്ചാകുന്നു നിയമിതമായിരിക്കുന്നത് അതറിഞ്ഞുകൊണ്ട് ഒരുവൻ ന്യായപ്രമാണം ആചരിച്ചാൽ അത് നല്ലതുതന്നെയാകുന്നുവെന്ന് നാം അറിയുന്നു. എന്നെ ശക്തിപ്പെടുത്തിയവനായ കർത്താവ് യേശുമിശിഹാ വിശ്വസ്തനെന്ന് ഗണിച്ച് അവിടത്തെ ശുശ്രൂഷയ്ക്ക് എന്നെ നിയമിച്ചതിനാൽ ഞാൻ അവിടത്തെ സ്തുതിക്കുന്നു. മുമ്പേ ഞാൻ നിന്ദാപരനും പീഡകനും പരിഹാസിയും ആയിരുന്നു. എന്നാൽ അവിശ്വാസിയായിരിക്കേ അറിയാതെ പ്രവർത്തിച്ചതാകകൊണ്ട് എനിക്കു കരുണ ലഭിച്ചു. നമ്മുടെ കർത്താവിന്റെ കൃപയും യേശുമിശിഹായിലുള്ള സ്നേഹവിശ്വാസങ്ങളും എന്നിൽ വർദ്ധിച്ചുവന്നു. യേശുമിശിഹാ പാപികളെ രക്ഷിപ്പാനായി ലോകത്തിലേക്കു വന്നുവെന്നുള്ള വചനം വിശ്വസനീയവും അംഗീകാര്യവും ആകുന്നു. ഞാൻ ആ പാപികളിൽ ഒന്നാമനുമാകുന്നു. നിത്യജീവനു വേണ്ടി തന്നിൽ വിശ്വസിക്കേണ്ടിയിരിക്കുന്നവർക്കു ദൃഷ്ടാന്തമായി മുമ്പനായ എന്നിൽ യേശുമിശിഹാ തന്റെ ദീർഘസഹിഷ്ണുതയെ മുഴുവനും പ്രദർശിപ്പിക്കുമാറ് കരുണ ചെയ്തു. ലോകനാഥനും അക്ഷയനും അദൃശ്യനും ഏകനുമായ ദൈവത്തിന് ബഹുമാനവും സ്തുതിയും ശാശ്വതമായിരിക്കട്ടെ. ആമ്മീൻ.

പ്രിയപുത്രനായ തീമോത്തെയോസേ! നിന്നെക്കുറിച്ചുണ്ടായ മുമ്പിലത്തെ ദീർഘദർശനങ്ങൾപ്രകാരം ഈ കല്പന നിന്നിൽ ഭരമേല്പിക്കുന്നു. അവയനുസരിച്ച് വിശ്വാസത്തോടും ഉത്തമ മനഃസാക്ഷിയോടുംകൂടെ ഈ സത്പ്രവൃത്തി ചെയ്യേണ്ടതാകുന്നു. ഇതിനെ സ്വയം ത്യജിച്ചവർ ഹൂമേനേയോസിനെപ്പോലെയും അലക്സന്ത്രോസിനെപ്പോലെയും വിശ്വാസവിഹീനരായി തീർന്നു. അവർ നിന്ദിക്കാതിരിപ്പാനുള്ള ശിക്ഷണത്തിനായി ഞാൻ അവരെ സാത്താനിൽ സമർപ്പിച്ചു.

**65**

## നോമ്പിലെ അഞ്ചാം ശനിയാഴ്ച
## വി.കുർബ്ബാന

പ്രവൃത്തി 5:33-42

ഈ വചനങ്ങൾ കേട്ടപ്പോൾ അവർ കോപംകൊണ്ട് ജ്വലിക്കയും (ഇവരെ) കൊല്ലുവാൻ ആലോചിക്കയും ചെയ്തു. (അപ്പോൾ) ന്യായപ്രമാണോപദേഷ്ടാവും സർവ്വ ജനങ്ങളാലും മാനിക്കപ്പെടുന്നവനും പ്രീശന്മാരിലൊരുവനുമായ ഗമാലിയേൽ എഴുന്നേറ്റ് ശ്ലീഹന്മാരെ അല്പനേരത്തേക്കു പുറത്തുകൊണ്ടുപോയി നിറുത്തുവാൻ കല്പിച്ചിട്ട് ഇപ്രകാരം പറഞ്ഞു. ‘ഇസ്രായേല്ക്കാരായ മനുഷ്യരേ! നിങ്ങൾ സൂക്ഷിച്ചുകൊൾവിൻ. ഈ മനുഷ്യരെ സംബന്ധിച്ച് എന്താണു ചെയ്യേണ്ടതെന്ന് ചിന്തിച്ചുനോക്കുവിൻ. എന്തെന്നാൽ കുറച്ചു മുമ്പ് തോദാ എന്നൊരുവൻ എഴുന്നേറ്റ് താൻ ഒരു മഹാനാണെന്ന് തന്നത്താൻ പറയുകയും ഏകദേശം നാനൂറു മനുഷ്യർ അവനെ അനുഗമിക്കയും (അനന്തരം) അവൻ വധിക്കപ്പെടുകയും അവന്റെ അനുഗാമികൾ ചിതറി നശിച്ചുപോകയും ചെയ്തു. അവനു ശേഷം ഗ്ലീലാക്കാരൻ യീഹൂദാ പേർവഴിചാർത്തൽ കാലത്ത് എഴുന്നേറ്റ് വളരെ ജനങ്ങളെ വശീകരിച്ചു. അവനും മരിച്ചു. അവന്റെ അനുഗാമികളും ചിതറിപ്പോയി. (എന്നാൽ) ഇപ്പോൾ ഞാൻ നിങ്ങളോടു പറയുന്നു: ഈ മനുഷ്യരിൽ നിന്ന് നിങ്ങളൊഴിയുകയും, അവരെ വിടുകയും ചെയ്വിൻ. ഇവരുടെ ആലോചനയും പ്രവൃത്തിയും മാനുഷികമെങ്കിൽ അഴിഞ്ഞു മാഞ്ഞു പൊയ്ക്കൊള്ളും. ദൈവികമെങ്കിൽ അതിനെ ഇല്ലായ്മ ചെയ്വാൻ നിങ്ങൾക്കു പ്രാപ്തിയുമില്ല. നിങ്ങൾ ദൈവത്തിനെതിരായി നിൽക്കുന്നുവെന്ന് വന്നുകൂടുകയും ചെയ്തേക്കാം.’ അവർ ഗമാലിയേലിനെ അനുസരിച്ചു. അനന്തരം അവർ ശ്ലീഹന്മാരെ വിളിച്ചുവരുത്തി അടിശിക്ഷ നല്കി; യേശുവിന്റെ നാമത്തിൽ (ഇനി മേലാൽ) സംസാരിക്കരുതെന്ന് കല്പി

ച്ചിട്ട് വിട്ടയയ്ക്കയും ചെയ്തു. യേശുവിന്റെ നാമം നിമിത്തം അപമാനം സഹിപ്പാൻ അർഹതയുണ്ടായതിൽ സന്തോഷിച്ചുകൊണ്ട് (ശ്ലീഹന്മാർ) അവിടെ നിന്ന് പോകയും ചെയ്തു. നിത്യവും മുടക്കം വരുത്താതെ ദേവാലയത്തിലും ഭവനത്തിലും വച്ച് ഉപദേശിക്കയും കർത്താവായ യേശുമിശിഹായെപ്പറ്റി പ്രസംഗിക്കയും ചെയ്തു.

1 തെസ്സലോനിക്യർ 2:13–20

ഞങ്ങളിൽനിന്ന് നിങ്ങൾ കൈക്കൊണ്ട ദൈവവചനത്തെ മനുഷ്യരുടെ വചനം പോലെയല്ല, സാക്ഷാൽ ദൈവവചനം പോലെതന്നെ കൈക്കൊണ്ടതിനാൽ ഞങ്ങൾ ദൈവത്തെ സദാ സ്തുതിക്കുന്നു. നിങ്ങളിലും (മറ്റു വിശ്വാസികളിലും) അത് പ്രവൃത്തിരൂപമായി വ്യാപരിക്കയും ചെയ്യുന്നു. എന്നാൽ സഹോദരന്മാരേ! യേശുമിശിഹായിൽ ഉൾപ്പെട്ട യീഹൂദ്യയിലെ ദൈവസഭകളോട് നിങ്ങൾ സദൃശ്യരായി തീർന്നിരിക്കുന്നു. എന്തെന്നാൽ അവർ യീഹൂദന്മാരിൽ നിന്ന് (അനുഭവിച്ചതു) പോലെ നിങ്ങളും നിങ്ങളുടെ വർഗ്ഗക്കാരിൽ നിന്ന് അനുഭവിച്ചുവല്ലോ. അവർ നമ്മുടെ കർത്താവായ യേശുമിശിഹായെ വധിക്കയും അവരിൽ നിന്നുള്ള ദീർഘദർശിമാരെയും ഞങ്ങളെയും പീഡിപ്പിക്കയും ചെയ്തു. അവർ ദൈവത്തെ പ്രസാദിപ്പിക്കുന്നില്ല. സകല മനുഷ്യർക്കും അവർ വിരോധികളായി തീർന്നുമിരിക്കുന്നു. എങ്ങനെയെന്നാൽ അവർ സ്വന്തപാപങ്ങളെ സദാ പൂരിപ്പിക്കുമാറ് വിജാതികൾ രക്ഷിക്കപ്പെടുവാൻ തക്കവിധം, അവരോട് സംസാരിക്കുന്നതു വിരോധിക്കുന്നു. അവസാനത്തോളം അവരുടെ മേൽ ദൈവകോപം പതിച്ചിരിക്കുന്നു. സഹോദരന്മാരേ! കുറച്ചു നേരത്തേക്ക് ഹൃദയംകൊണ്ടല്ല, മുഖംകൊണ്ട് ഞങ്ങൾക്കുണ്ടായ വേർപാടു മൂലം സ്നേഹാധിക്യത്താൽ നിങ്ങളുടെ മുഖം കാണുവാൻ ഞങ്ങൾ വളരെ താല്പര്യപ്പെട്ടു. പൌലോസായ ഞാൻ ഒന്നുരണ്ടു പ്രാവശ്യം നിങ്ങളുടെ അടുക്കൽ വരുവാൻ ആഗ്രഹിച്ചിട്ട് സാത്താൻ വിഘ്നപ്പെടുത്തി. നമ്മുടെ കർത്താവായ യേശുവിന്റെ വരവിൽ അവന്റെ മുമ്പാകെ ഞങ്ങളുടെ ആശയും സന്തോഷവും അഭിമാനമകുടവും നിങ്ങളല്ലാതെ മറ്റാര്? എന്തെന്നാൽ ഞങ്ങളുടെ മഹിമയും സന്തോഷവും നിങ്ങൾതന്നെയാകുന്നു.

66

# നോമ്പിലെ ആറാം ഞായറാഴ്ച
# (കുരുടൻ)
# സഭാദിനം
# വി.കുർബ്ബാന

1 പത്രോസ് 4:12–19

പ്രിയപ്പെട്ടവരേ! നിങ്ങൾക്കു വന്നുകൂടുന്ന പരീക്ഷകളിൽ ഒരു അന്യ സംഗതി സംഭവിക്കുന്നതുപോലെ നിങ്ങൾ വിസ്മയിക്കരുത്. എന്തെന്നാൽ അവയുണ്ടാകുന്നത് നിങ്ങളെ പരിശോധിക്കുവാനാകുന്നു. നിങ്ങൾ മിശിഹായുടെ കഷ്ടതകളിൽ സംബന്ധിക്കുന്നവരാകയാൽ സന്തോഷിപ്പിൻ. അപ്രകാരംതന്നെ അദ്ദേഹത്തിന്റെ മഹത്ത്വപ്രത്യക്ഷതയിങ്കൽ സന്തോഷിച്ചാനന്ദിപ്പാനും നിങ്ങൾക്കിടയാകും. മിശിഹായുടെ നാമത്തിനു വേണ്ടി നിങ്ങൾ നിന്ദിക്കപ്പെടുന്നുവെങ്കിൽ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു. എന്തെന്നാൽ ദൈവത്തിന്റെ മഹിതാത്മാവ് നിങ്ങളുടെ മേൽ ആവസിക്കും. നിങ്ങളിൽ ഒരുവൻ കൊലപാതകിയുടെയോ മോഷ്ടാവിന്റെയോ ദുഷ്കർമ്മിയുടെയോ നിലയിൽ കഷ്ടതയനുഭവിക്കുക മാത്രമരുത്. ക്രിസ്ത്യാനിയെപ്പോലെ കഷ്ടതയനുഭവിക്കുന്നുവെങ്കിൽ, ലജ്ജിക്കാതെ ആ നാമത്തിൽതന്നെ അവൻ ദൈവത്തെ സ്തുതിക്കണം. എന്തുകൊണ്ടെന്നാൽ ദൈവഭവനത്തിൽ നിന്ന് ന്യായവിധി ആരംഭിക്കുവാൻ കാലമായിരിക്കുന്നു. അതു നമ്മിൽ തുടങ്ങുകയാണെങ്കിൽ ദൈവത്തിന്റെ സുവിശേഷത്തെ അനുസരിക്കാത്തവരുടെ അവസാനം എന്തായിരിക്കും? നീതിമാൻ കഷ്ടിച്ചു രക്ഷപ്പെടുന്നെങ്കിൽ ദുഷ്ടന്റെയും പാപിയുടെയും സ്ഥിതി എന്തായിരിക്കും? അതുകൊണ്ട് ദൈവഹിതാനുസരണം കഷ്ടതയനുഭവിക്കുന്നവർ സത്ക്കർമ്മങ്ങളോടുകൂടി തങ്ങളുടെ ആത്മാക്കളെ വിശ്വസ്തനായ സൃഷ്ടാവിങ്കൽ എന്നപോലെ അവങ്കൽ സമർപ്പിക്കട്ടെ.

റോമർ 14:10–23

എന്നാൽ നീ നിന്റെ സഹോദരനെ കുറ്റപ്പെടുത്തുന്നതെന്ത്? അല്ലെങ്കിൽ നിന്റെ സഹോദരനെ ദുഷിക്കുന്നതെന്ത്? നാം എല്ലാവരും മിശിഹായുടെ സിംഹാസനത്തിൻ മുമ്പാകെ നില്ക്കുവാനുള്ളവരാകുന്നു. 'ഞാൻ ജീവനുള്ളവനാകുന്നു; സകല മുഴങ്കാലും എന്നെ വണങ്ങും; സകല നാവും എന്നെ സ്തുതിക്കും എന്ന് കർത്താവ് പറയുന്നു' എന്ന് എഴുതപ്പെട്ടിട്ടുമുണ്ട്. ആകയാൽ നമ്മിൽ ഓരോരുവനും അവനവന്റെ കാര്യത്തിന് ദൈവത്തിന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരും. ഇനി

മേൽ നാം പരസ്പരം കുറ്റപ്പെടുത്തരുത്. തന്റെ സഹോദരനു വിരുദ്ധതയുണ്ടാകാതിരിപ്പാൻ പ്രത്യേകം കരുതിക്കൊൾവിൻ! സ്വയം അശുദ്ധമായിട്ട് ഒന്നും തന്നെയില്ലെന്ന് കർത്താവായ യേശു മുഖാന്തരം ഞാനറിഞ്ഞും ബോദ്ധ്യപ്പെട്ടുമിരിക്കുന്നു. പക്ഷെ വല്ലതിനെക്കുറിച്ചും അശുദ്ധമെന്ന് വിചാരിക്കുന്നവനു മാത്രം അത് അശുദ്ധമായിത്തീരുന്നു. ഭക്ഷണം നിമിത്തം നിന്റെ സഹോദരനെ നീ ദുഃഖിപ്പിക്കുന്നുവെങ്കിൽ നീ വർത്തിക്കുന്നതു സ്നേഹത്തോടുകൂടിയല്ല; ആർക്കു വേണ്ടി മിശിഹാ മരിച്ചുവോ, അവനെ നീ നിന്റെ ഭക്ഷണം കൊണ്ട് നശിപ്പിക്കരുത്. നമ്മുടെ നന്മ ദൂഷ്യമാകുവാനിടയാകരുത്. എന്തെന്നാൽ ദൈവരാജ്യം ഭോജനമോ പാനീയമോ അല്ല. പിന്നെയോ നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമാകുന്നു. ഇവയോടുകൂടി മിശിഹായെ ശുശ്രൂഷിക്കുന്നവൻ ദൈവത്തെ പ്രീതിപ്പെടുത്തുന്നു. അവൻ മനുഷ്യസമക്ഷത്തിൽ സുസമ്മതനും ആയിത്തീരുന്നു. ഇപ്പോൾ നാം സമാധാനത്തിന്റെയും അന്യോന്യം ആത്മിയാഭിവൃദ്ധിയുടെയും പുറകെ ഓടണം. ഭക്ഷ്യത്തിനു വേണ്ടി ദൈവികപ്രവർത്തനത്തെ നാം നശിപ്പിക്കരുത്. എന്തെന്നാൽ സകലവും ശുദ്ധിയുള്ളതാകുന്നു. വിരുദ്ധതയോടെ ഭക്ഷിക്കുന്ന മനുഷ്യന് അതു ദോഷകരമാകുന്നു. മാംസം ഭക്ഷിക്കാതെയും വീഞ്ഞു കുടിക്കാതെയും സഹോദരനെ വിരുദ്ധനാക്കുന്ന മറ്റു യാതൊന്നും പ്രവർത്തിക്കാതെയും ഇരിക്കുന്നത് നല്ലതാകുന്നു. വിശ്വാസമുള്ളവനായ നീ അതിനെ ദൈവസന്നിധിയിൽ, നിന്റെ ഉള്ളിൽതന്നെ സൂക്ഷിച്ചുകൊൾക. താൻ തീർച്ചപ്പെടുത്തിയ സംഗതിയിൽ തന്നെത്തന്നെ കുറ്റപ്പെടുത്താത്തവൻ ധന്യനാകുന്നു. എന്തെന്നാൽ സംശയിച്ചുകൊണ്ട് ഭക്ഷിക്കുന്നവൻ അതു വിശ്വാസത്തോടുകൂടി ചെയ്യാത്തതിനാൽ കുറ്റക്കാരനായിപ്പോയി. വിശ്വാസത്തോടു കൂടി ചെയ്യാത്ത സകലവും പാപമാകുന്നു.

*(2 കൊറിന്ത്യർ 9:6–15; എഫേസ്യർ 5:1–14)*

*എന്നാൽ വെറുപ്പോടെ വിതയ്ക്കുന്നവൻ വെറുപ്പിനെ കൊയ്യും. സംതൃപ്തിയോടെ വിതയ്ക്കുന്നവൻ സംതൃപ്തിയെ കൊയ്യും. എല്ലാവരും അവനവന്റെ ഇഷ്ടാനുസരണം (ചെയ്യട്ടെ). സങ്കടത്തോടെയോ നിർബ്ബന്ധത്തോടെയോ അരുത്. എന്തെന്നാൽ സന്തോഷത്തോടെ ദാനം ചെയ്യുന്നവനെ ദൈവം സ്നേഹിക്കും. എല്ലാറ്റിനും എല്ലായ്പോഴും നിങ്ങൾ തൃപ്തരാവുകയും സർവ്വ സത്കർമ്മങ്ങളിലും അഭിവൃദ്ധിപ്പെടുകയും ചെയ്യുമാറ് സർവ്വ കൃപകളും നിങ്ങളിൽ വർഷിക്കുവാൻ ദൈവത്തിനു ശക്തിയുണ്ട്. 'അവിടന്ന് ദരിദ്രന്മാർക്ക് ചൊരിഞ്ഞു കൊടുത്തു. അവിടത്തെ നീതി ശാശ്വതമായിരിക്കുന്നു' എന്ന് എഴുത*

*പ്പെട്ടിട്ടുമുണ്ട്. വിതയ്ക്കുവാൻ വിത്തും ഭക്ഷിക്കുവാൻ ഭക്ഷ്യവും കൊടുക്കുന്നവൻ നിങ്ങൾക്കും തരികയും നിങ്ങളുടെ വിത്തിനെ പൊലിപ്പിക്കയും നിങ്ങളുടെ ധാർമ്മികഫലങ്ങളെ വർദ്ധിപ്പിക്കയും ചെയ്യും. ഇങ്ങനെ ഞങ്ങൾ മൂലം ദൈവത്തിനു സ്തോത്രം ഉണ്ടാക്കുന്ന സകല ഔദാര്യത്തോടുംകൂടി നിങ്ങൾ സകലതിലും ഐശ്വര്യവാന്മാരായിരിക്കും. ഈ ദാനശേഖരണം വിശുദ്ധന്മാരുടെ ദാരിദ്ര്യത്തെ തീർക്കുന്നതിനു പുറമേ, ദൈവത്തിന്റെ ബഹുസ്തോത്രങ്ങളെ വർദ്ധിപ്പിക്കയും ചെയ്യുന്നു. എന്തെന്നാൽ ഈ ദാനശേഖരം മൂലമുള്ള ശോധന നിമിത്തം നിങ്ങൾ മിശിഹായുടെ സുവിശേഷത്തെ സമ്മതിപ്പാൻ മനസ്സുവച്ചതിനാലും, വിശുദ്ധന്മാരോടും മറ്റ് എല്ലാവരോടുംകൂടി ഔദാര്യം മൂലം നിങ്ങൾ സംബന്ധിച്ചതിനാലും, അവർ ദൈവത്തെ സ്തുതിക്കയും നിങ്ങളിലുള്ള ദൈവകൃപാബാഹുല്യം നിമിത്തം, അധികസ്നേഹത്തോടെ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കയും ചെയ്യുന്നു. അവർണ്ണനീയമായ ദാനം നിമിത്തം ദൈവത്തിനു വന്ദനം.*

*എഫേ. 5:1–14*

*ആകയാൽ വത്സലസന്താനങ്ങൾ എന്നപോലെ നിങ്ങൾ ദൈവത്തെ അനുകരിപ്പിൻ! നിങ്ങൾ സ്നേഹത്തിൽ വസിപ്പിൻ. മിശിഹായും നമ്മെ സ്നേഹിക്കയും നമുക്കു വേണ്ടി ദൈവത്തിങ്കൽ സുഗന്ധാർത്ഥകമായ ഉപഹാരവും ബലിയുമായി തന്നെത്തന്നെ സമർപ്പിക്കയും ചെയ്തുവല്ലോ.*

*വ്യഭിചാരം, അശുദ്ധികൾ, അത്യാഗ്രഹം ഇവയുടെ ശബ്ദംപോലും നിങ്ങളുടെ ഇടയിൽ കേൾക്കരുത്. ഇതാണ് വിശുദ്ധന്മാർക്ക് ഉചിതം. നിന്ദനങ്ങളോ, ഭോഷവചനങ്ങളോ, പരിഹാസവാക്കുകളോ, കളിവാക്കുകളോ കേൾക്കപ്പെടരുത്. ഇവ അനാവശ്യങ്ങളാകുന്നു. ഇവയ്ക്കു പകരം സ്തോത്രമാണ് വേണ്ടത്. വ്യഭിചാരിക്കോ, മലിനനോ, വിഗ്രഹാരാധകനായ അത്യാഗ്രഹിക്കോ മിശിഹായുടെയും ദൈവത്തിന്റെയും രാജ്യത്തിന് അവകാശമില്ലെന്നുള്ളത് നിങ്ങൾ അറിഞ്ഞുകൊൾവിൻ. വ്യർത്ഥവാക്കുകൾകൊണ്ട് ഒരുവനും നിങ്ങളെ വഞ്ചിക്കരുത്. അനുസരണമില്ലാത്ത മക്കളുടെമേൽ ദൈവകോപം പതിക്കുന്നത് ഇവ മൂലമാകുന്നു. അതുകൊണ്ട് നിങ്ങൾ അവരുടെ കൂട്ടുകാരായിരിക്കരുത്. മുമ്പേ നിങ്ങൾ അന്ധകാരമായിരുന്നു. ഇപ്പോൾ നമ്മുടെ കർത്താവു മൂലം പ്രകാശമായിരിക്കുന്നു. ആകയാൽ പ്രകാശത്തിന്റെ സന്താനങ്ങളെപോലെ നടക്കുവിൻ. എന്തെന്നാൽ പ്രകാശത്തിന്റെ ഫലം, സകല നന്മയിലും നീതിയിലും സത്യത്തിലും വെളിപ്പെടുന്നു. നമ്മുടെ കർത്താവിന്റെ സന്നിധിയിൽ പ്രസാദമാകുന്നതെന്തെന്ന് വിവേ*

*ചിപ്പിൻ. നിങ്ങൾ നിഷ്ഫലങ്ങളായ അന്ധകാരകർമ്മങ്ങൾക്കു കൂട്ടുകാരാകാതെ അവയെ ശാസിക്കുവിൻ. അവർ ഗൂഢമായി പ്രവർത്തിക്കുന്നതു പറവാൻ പോലും അറയ്ക്കുന്നതാകുന്നു. സകലവും പ്രകാശത്താൽ ശാസിക്കപ്പെടുകയും പരസ്യമായിത്തീരുകയും ചെയ്യും. വെളിപ്പെട്ടിരിക്കുന്നതെല്ലാം പ്രകാശരൂപമാകുന്നു. ഇതിനെ ഉദ്ദേശിച്ചാണ് 'ഉറങ്ങുന്നവനേ! നീ ഉണർന്ന് മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേൽക്കുക. മിശിഹാ നിന്നെ പ്രകാശിപ്പിക്കും' എന്ന് പറഞ്ഞിരിക്കുന്നത്.*

## 67

## ഓശാന തിങ്കളാഴ്ച

## പ്രഭാതം

പ്രവൃത്തി 2:37-47

അവർ ഇതു കേട്ട് ഹൃദയം പിളർന്ന് 'സഹോദരന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടൂ' എന്ന് ശെമവൂനോടും ശേഷം ശ്ലീഹന്മാരോടും ചോദിച്ചു. ശെമവൂൻ അവരോടു പറഞ്ഞു: നിങ്ങൾ ഓരോരുത്തരും അനുതപിച്ച് പാപമോചനത്തിനായി കർത്താവായ യേശുവിന്റെ നാമത്തിൽ മാമ്മൂദീസാ ഏൽക്കുവിൻ. അപ്പോൾ പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കുണ്ടാകും. എന്തെന്നാൽ വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും ദൈവത്താൽ വിളിക്കപ്പെടുന്ന അകലെയുള്ള മറ്റ് ഏവർക്കും വേണ്ടി ഉണ്ടായിട്ടുള്ളതാകുന്നു.' മറ്റു പല വചനങ്ങളാലും സാക്ഷ്യപ്പെടുത്തിക്കൊണ്ട് 'ഈ കുടിലവംശത്തിൽ നിന്ന് നിങ്ങൾ രക്ഷപെട്ടുകൊള്ളുവിൻ' എന്ന് അവൻ അവരെ ഉദ്ബോധിപ്പിക്കയും ചെയ്തു. അവരിൽ ചിലർ തയ്യാറായി അവന്റെ വചനം അംഗീകരിക്കുകയും വിശ്വസിച്ച് മാമ്മൂദീസാ ഏല്ക്കുകയും ചെയ്തു. ആ ദിവസം മൂവായിരത്തോളം ആളുകൾ ചേർക്കപ്പെട്ടു. അവർ ശ്ലീഹന്മാരുടെ ഉപദേശം സദാ കേട്ടുകൊണ്ടും പ്രാർത്ഥനയിലും അപ്പംനുറുക്കലിലും ശ്രദ്ധയോടെ സംബന്ധിച്ചുകൊണ്ടും ഇരുന്നു. എല്ലാവർക്കും ഭയമായി. ശ്ലീഹന്മാർ മൂലം ഊർശ്ലേമിൽ ധാരാളം അടയാളങ്ങളും അദ്ഭുതങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. വിശ്വസിച്ചവരെല്ലാം ഒരുമിച്ചു കൂടുകയും അവരുടെ സർവ്വ സമ്പാദ്യങ്ങളും പൊതുവകയാക്കുകയും ചെയ്തു. സമ്പാദ്യമുണ്ടായിരുന്നവർ അതു വിറ്റ് ഓരോരുത്തർക്കും ആവശ്യം പോലെ വീതിച്ചുകൊടുത്തു. നിത്യവും ഏകമനസ്സായി ദേവാലയത്തിൽ ഉണ്ടായിരിക്കുകയും ഭവനത്തിൽ വച്ച് അപ്പം നുറുക്കൽ അനുഷ്ഠിക്കയും ആനന്ദത്തോടും ഹൃദയപരമാർത്ഥതയോടും കൂടി ആഹാരം കഴിക്കയും സകല ജനങ്ങളുടെയും കരുണ നേടി ദൈവത്തെ സ്തുതിക്കയും

ചെയ്തുകൊണ്ടിരുന്നു. കർത്താവ് രക്ഷാർഹരെ ദിനം പ്രതി സഭയിൽ ചേർക്കയും ചെയ്തു.

1 തെസ്സലോനിക്യർ 4:1-12

ഇനിയും സഹോദരന്മാരേ! നിങ്ങൾ എങ്ങനെ വർത്തിക്കയും ദൈവത്തെ പ്രീതിപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നുവെന്ന് ഞങ്ങളിൽ നിന്ന് ഗ്രഹിച്ചിച്ചപ്രകാരം നിങ്ങൾ പൂർവ്വാധികം വർദ്ധിച്ചു വരേണമെന്ന് നമ്മുടെ കർത്താവായ യേശുവിനെ ഉദ്ദേശിച്ച് ഞങ്ങൾ യാചിക്കയും അപേക്ഷിക്കയും ചെയ്യുന്നു. നമ്മുടെ കർത്താവായ യേശു മൂലം ഞങ്ങൾ നിങ്ങൾക്ക് ഏതെല്ലാം കല്പനകളെ തന്നുവെന്ന് നിങ്ങൾക്കറിയാമല്ലോ. ദൈവഹിതം നിങ്ങളുടെ വിശുദ്ധിയും സർവ്വവിധ വ്യഭിചാരപരിവർജ്ജനവും ആകുന്നു. നിങ്ങളിൽ ഓരോരുത്തനും ദൈവത്തെ അറിയാത്ത മറ്റു പുറജാതികളെപ്പോലെ അവനവന്റെ പാത്രത്തെ കാമവികാരപരമാക്കാതെ, വിശുദ്ധമായും ബഹുമാന്യമായും കരുതിക്കൊള്ളണം. ഈ വിഷയത്തെ അതിലംഘിച്ച് തന്റെ സഹോദരനിൽ അതിക്രമം പ്രവർത്തിക്കാൻ നിങ്ങളിലൊരുവനും തുനിയരുത്. എന്തെന്നാൽ ഞങ്ങൾ നിങ്ങളോടു മുമ്പേ സാക്ഷീകരിച്ചു പറഞ്ഞതുപോലെ ഇവയ്ക്കൊക്കെയും കർത്താവു പ്രതികാരം ചെയ്യുന്നതാകുന്നു. ദൈവം നിങ്ങളെ അശുദ്ധതയിലേക്കല്ല; വിശുദ്ധതയിലേക്കത്രേ വിളിച്ചിരിക്കുന്നത്. നിന്ദിക്കുന്നവൻ മനുഷ്യനെയല്ല; തന്റെ വിശുദ്ധാത്മാവിനെ നിങ്ങൾക്കു തന്നവനായ ദൈവത്തെയാകുന്നു നിന്ദിക്കുന്നത്. സഹോദരസ്നേഹത്തെക്കുറിച്ച് നിങ്ങൾക്കെഴുതേണ്ട ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ അന്യോന്യം സ്നേഹിപ്പാൻ നിങ്ങൾ ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകുന്നു. മക്കേദൂനിയാ മുഴുവനുമുള്ള സകല സഹോദരന്മാരോടും നിങ്ങൾ അങ്ങനെതന്നെ പ്രവർത്തിക്കയും ചെയ്യുന്നു. എന്നാൽ സഹോദരന്മാരേ! നിങ്ങൾ (അതിൽ) അഭിവൃദ്ധിപ്പെടണമെന്നും, പുറത്തുള്ളവരുടെ അടുക്കൽ മര്യാദയായി വർത്തിക്കുകയും ഒരുവനോടും ഒന്നും ആവശ്യപ്പെടാതിരിക്കയും ചെയ്യണമെന്ന് - ഞങ്ങൾ നിങ്ങളോടു കല്പിച്ചപ്രകാരം - അടങ്ങിപ്പാർത്ത് സ്വന്ത ജോലികളിൽ ഏർപ്പെട്ടിരിപ്പാൻ താല്പര്യമുണ്ടാകണമെന്നും സ്വന്ത കൈകൾകൊണ്ട് വേല ചെയ്യണമെന്നും ഞാൻ അപേക്ഷിക്കുന്നു.

## 68
## ഓശാന ചൊവ്വാഴ്ച
## പ്രഭാതം

പ്രവൃത്തി 21:1-12

അനന്തരം ഞങ്ങൾ അവരെ വിട്ടുപിരിഞ്ഞ് നേരെ കോ ദ്വീപിലേക്കു കപ്പലോടിച്ചു. പിറ്റേ ദിവസം റോദോസിലും അവിടെ നിന്ന് പാത്താറായിലും എത്തി. അവിടെ ഞങ്ങൾ പൂനിക്കിയിലേക്കു പോകുന്ന ഒരു കപ്പൽ കണ്ടെത്തി. അതിൽ കയറി (യാത്രചെയ്തു). ഞങ്ങൾ കുപ്രോസ് ദ്വീപിനടുത്തുചെന്ന് അതിനെ ഇടതുഭാഗത്തായി വിട്ടുകൊണ്ട് സൂറിയായിലേക്കു തിരിച്ച് അവിടെ സൂറിൽ എത്തി; എന്തെന്നാൽ ആ കപ്പലിൽനിന്ന് അവിടെ ചരക്കിറക്കേണ്ടിയിരുന്നു. അവിടെ ഞങ്ങൾ ശിഷ്യന്മാരെ കണ്ട് അവരോടുകൂടി ഏഴു ദിവസം താമസിച്ചു. അവർ ആത്മ(പ്രേരണ) ഹേതുവായിട്ട് പൌലോസിനോട് ഊർശ്ലേമിലേക്കു പോകരുതെന്ന് പറഞ്ഞു. അനന്തരം ഞങ്ങൾ യാത്ര പുറപ്പെട്ടു. എല്ലാവരും-അവരുടെ ഭാര്യമാരും കുട്ടികളും-കൂടി ഞങ്ങളോടൊരുമിച്ച് പട്ടണത്തിന് പുറത്തു വരെ വരികയും സമുദ്രതീരത്തു മുട്ടുകുത്തി പ്രാർത്ഥിക്കയും ചെയ്തു. ഞങ്ങൾ അന്യോന്യം ചുംബിച്ചിട്ട് കപ്പൽ കയറി. അവർ തങ്ങളുടെ വീടുകളിലേക്കു തിരിച്ചുപോകയും ചെയ്തു. സൂറിൽ നിന്ന് കപ്പൽ നീക്കി ആഖൂ പട്ടണത്തിൽ എത്തി. അവിടെയുള്ള സഹോദരന്മാരെ അഭിവാദനം ചെയ്ത് ഒരു ദിവസം അവരോടുകൂടി താമസിച്ചു. പിറ്റേ ദിവസം ഞങ്ങൾ പുറപ്പെട്ട് കേസറിയായിൽ എത്തി. സുവിശേഷകനായ പീലിപ്പോസിന്റെ വീട്ടിൽ ചെന്നു താമസിച്ചു. ഇവൻ ഏഴു പേരിലൊരുവനായിരുന്നു. ഇവന് ദീർഘദർശനം പറഞ്ഞുവന്നിരുന്ന നാലു കന്യകമാരായ പുത്രിമാരുമുണ്ടായിരുന്നു. ഞങ്ങൾ അവിടെ കുറേ നാൾ താമസിച്ചു. (അതിനിടയ്ക്ക്) യീഹൂദിൽനിന്ന് ആഗാബോസ് എന്ന് പേരുള്ള ഒരു ദീർഘദർശി വന്നു ചേർന്നു. അവൻ ഞങ്ങളുടെ അടുത്തുവന്ന് പൌലോസിന്റെ അരവാറെടുത്ത് സ്വന്തകൈകാലുകളെ കെട്ടിക്കൊണ്ട് 'ഈ അരവാറിന്റെ ഉടമസ്ഥനെ ഊർശ്ലേമിൽ വച്ച് യീഹൂദന്മാർ ഇപ്രകാരം ബന്ധിച്ച് പുറജാതികളുടെ കൈയിൽ ഏല്പിക്കുമെന്ന് പരിശുദ്ധാത്മാവ് പറയുന്നു' എന്ന് പറഞ്ഞു. ഈ വാക്കുകൾ കേട്ടപ്പോൾ ഞങ്ങളും ആ ദേശക്കാരും അവനോട് ഊർശ്ലേമിൽ പോകരുതെന്ന് അപേക്ഷിച്ചു.

*(പ്രവൃത്തി 21:1-14)*

*പ്രവൃത്തി 21:1-12 മുകളിൽ കാണുക*

*പ്രവൃത്തി 21:13-14*

*അപ്പോൾ പൌലോസ് 'നിങ്ങൾ കരഞ്ഞ് എന്റെ ഹൃദയത്തെ വ്യസനിപ്പിക്കുന്നതെന്ത്? ഞാൻ ഊർശ്ലേമിൽ ബന്ധിക്കപ്പെടുവാൻ മാത്രമല്ല, കർത്താവായ യേശുമിശിഹായുടെ നാമത്തിനു വേണ്ടി മരിപ്പാനുംകൂടി ഒരുങ്ങിയിരിക്കുന്നവനാണ്' എന്ന് പറഞ്ഞു. അദ്ദേഹം സമ്മതിക്കായ്കയാൽ 'കർത്താവിന്റെ ഇഷ്ടം നടക്കട്ടെ എന്നു പറഞ്ഞ് ഞങ്ങൾ അടങ്ങി.*

റോമർ 8:12-27

ഇപ്പോൾ സഹോദരന്മാരേ! നാം ശാരീരികമായി വർത്തിക്കേണ്ടതിന് ശരീരത്തോടല്ല കടപ്പെട്ടിരിക്കുന്നത്. എന്തെന്നാൽ ശാരീരികമായി ജീവിക്കുന്നുവെങ്കിൽ നിങ്ങൾ മരിക്കേണ്ടിയിരിക്കുന്നു. ആത്മാവു മൂലം ശാരീരികധർമ്മങ്ങളെ മരിപ്പിക്കുന്നുവെങ്കിൽ നിങ്ങൾ ജീവിക്കയും ചെയ്യും. ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവർ ദൈവസന്താനങ്ങളാകുന്നു. നിങ്ങൾ വീണ്ടും ഭയപ്പെടുവാൻ തക്കവണ്ണം ദാസത്വത്തിനുള്ള ആത്മാവിനെയല്ല പ്രാപിച്ചിട്ടുള്ളത്; പിന്നെയോ പിതാവിനെ, ഞങ്ങളുടെ പിതാവേ! എന്ന് വിളിക്കുവാൻ തക്കവിധം പുത്രത്വത്തിനുള്ള ആത്മാവിനെയത്രേ (പ്രാപിച്ചിരിക്കുന്നത്.) ഈ ആത്മാവ് നാം ദൈവത്തിന്റെ മക്കളാകുന്നുവെന്ന് നമ്മുടെ ആത്മാവിനു സാക്ഷ്യം നൽകുന്നു. നാം മക്കളാണെങ്കിൽ അവകാശികളാകുന്നു. ദൈവത്തിന്റെ അവകാശികളും യേശുമിശിഹായുടെ സമാവകാശികളും ആകുന്നു. നാം അവിടത്തോടുകൂടെ കഷ്ടതയനുഭവിച്ചാൽ അവിടത്തോടുകൂടി മഹത്ത്വം പ്രാപിക്കയും ചെയ്യും. ഈ കാലത്തെ കഷ്ടതകൾ നമ്മിൽ പ്രത്യക്ഷപ്പെടുവാൻ പോകുന്ന മഹത്ത്വത്തോടു തുലനം ചെയ്യത്തക്കവയല്ലെന്ന് ഞാൻ വിചാരിക്കുന്നു. സർവ്വസൃഷ്ടികളും ദൈവപുത്രന്മാരുടെ പ്രത്യക്ഷതയ്ക്ക് ആശയോടെ കാത്തിരിക്കുന്നു. എന്തെന്നാൽ സൃഷ്ടി മായയ്ക്കു കീഴ്പ്പെട്ടത് അതിന്റെ സ്വന്തമനസ്സാലെയല്ല. ദൈവപുത്രന്മാരുടെ മഹത്തരമായ സ്വാതന്ത്ര്യം വഴിയായി, നാശത്തിന്റെ അധീനതയിൽ നിന്ന് വിമുക്തമായിക്കൊള്ളുമെന്നുള്ള പ്രത്യാശയിന്മേൽ, കീഴ്പ്പെടുത്തകയാണുണ്ടായത്.

സർവ്വസൃഷ്ടികളും ഇപ്പോഴും നെടുവീർപ്പോടും വേദനയോടും കൂടി ഇരിക്കുന്നുവെന്ന് നാം അറിയുന്നു. അവ മാത്രമല്ല, ആത്മാവിന്റെ ആദ്യവരം ലഭിച്ചവരായ നാമും കൂടി ഉള്ളിൽ നെടുവീർപ്പിട്ടുകൊണ്ട് പുത്രസ്വീകരണത്തിനായി, നമ്മുടെ ശരീരങ്ങളുടെ വീണ്ടെടുപ്പിനായി, കാത്തിരിക്കുന്നു. പ്രത്യാശയോടെയാകുന്നു നാം ജീവിച്ചത്. കാണപ്പെടുന്ന പ്രത്യാശയാകട്ടെ (വാസ്തവത്തിൽ) പ്രത്യാശയല്ല; നാം അതിനെ

കാണുന്നുണ്ടെങ്കിൽ പിന്നെ എന്തിനു നാം കാത്തിരിക്കുന്നു? കാണപ്പെടാത്തതിനെ പ്രത്യാശിക്കയാണെങ്കിൽ നാം അതിനായി ക്ഷമയോടിരിക്കുന്നു. അങ്ങനെതന്നെ ഈ ആത്മാവും നമ്മുടെ ബലഹീനതയ്ക്കു സഹായിക്കുന്നു. എന്തെന്നാൽ ന്യായമായപ്രകാരം എന്തു പ്രാർത്ഥിക്കേണ്ടുവെന്ന് നാം അറിയുന്നില്ല; എങ്കിലും ഈ ആത്മാവ് അവർണ്യമായ നെടുവീർപ്പുകളോടുകൂടി നമുക്കു വേണ്ടി പ്രാർത്ഥിക്കുന്നു. എന്നാൽ ദൈവഹിതപ്രകാരം പരിശുദ്ധന്മാർക്കു വേണ്ടി പ്രാർത്ഥിക്കുന്ന ആത്മാവിന്റെ വിചാരം എന്താകുന്നുവെന്ന് ഹൃദയത്തെ പരിശോധിക്കുന്നവനേ അറിയൂ.

## 69
## ഓശാന ബുധനാഴ്ച
## പ്രഭാതം

പ്രവൃത്തി 14:8-19

ലുസ്ത്രാ പട്ടണത്തിൽ മാതൃഗർഭം മുതൽ മുടന്തനായ, ഒരിക്കലും നടന്നിട്ടില്ലാത്ത, കാലുകൾക്കു സ്വാധീനമില്ലാതിരുന്ന ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ പൌലോസ് സംസാരിക്കുന്നതു കേട്ടു. പൌലോസ് അവനെ കണ്ട് രക്ഷ പ്രാപിപ്പാൻ തക്കവിധമുള്ള വിശ്വാസം അവനിലുണ്ടെന്നറിഞ്ഞിട്ട് 'കർത്താവായ യേശുമിശിഹായുടെ നാമത്തിൽ നീ നിന്റെ കാലുകൾ ഊന്നി നില്ക്കുക എന്ന് ഞാൻ നിന്നോടു പറയുന്നു' എന്ന് ഉച്ചസ്വരത്തിൽ അവനോടു പറഞ്ഞു. അവൻ ചാടി എഴുന്നേറ്റ് നടക്കയും ചെയ്തു. ജനസമൂഹം പൌലോസിന്റെ പ്രവൃത്തി കണ്ടിട്ട് 'ദേവന്മാർ മനുഷ്യരൂപത്തിൽ നമ്മുടെ അടുക്കലേക്ക് ഇറങ്ങിവന്നിരിക്കുന്നു' എന്ന് ആ ദേശഭാഷയിൽ വിളിച്ചു പറഞ്ഞു. അവർ ബർന്നാബായ്ക്ക് ഇന്ദ്രനെന്നും പൌലോസ് ആദ്യപ്രാസംഗികനായിരുന്നതുകൊണ്ട് അവനു ബുധനെന്നും പേരു വിളിച്ചു. പട്ടണത്തിനു പുറത്തുണ്ടായിരുന്ന ഇന്ദ്രക്ഷേത്രത്തിലെ പൂജകൻ, അവർ പാർത്തിരുന്ന ഗൃഹത്തിന്റെ പടിവാതില്ക്കൽ (ഏതാനും) കാളകളെയും (കുറെ) മാലകളും കൊണ്ടുവന്ന് അവർക്കായി ബലി കഴിപ്പാൻ ആഗ്രഹിച്ചു. എന്നാൽ ബർന്നാബായും പൌലോസും ഈ സംഗതി കേട്ട് തങ്ങളുടെ വസ്ത്രങ്ങളെ വലിച്ചു കീറിക്കൊണ്ട് ചാടി പുറപ്പെട്ട് ജനസമൂഹത്തിന്റെ മുമ്പിൽ ചെന്ന് ഇപ്രകാരം വിളിച്ചുപറഞ്ഞു: 'മനുഷ്യരേ! നിങ്ങളെന്തു ചെയ്യുന്നു? നിങ്ങൾ വ്യർത്ഥകാര്യങ്ങളെ വിട്ട് ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അവയിലുള്ള സകലത്തെയും സൃഷ്ടിച്ചവനായ ജീവനുള്ള ദൈവത്തിങ്കലേക്കു തിരിയണമെന്ന് നിങ്ങളോട് പ്രസംഗിക്കുന്ന ഞങ്ങളും,

നിങ്ങളെപ്പോലെ തന്നെ (കേവലം) വികാരപ്രകൃതികളാകുന്നു. മുൻ തലമുറകളിൽ, സകല ജാതികളെയും യഥേഷ്ടം നടപ്പാൻ ദൈവം വിട്ടിരുന്നു. അപ്പോഴും അവിടന്ന് തന്നെപ്പറ്റി തെളിയിക്കാതിരുന്നിട്ടില്ല. എങ്ങനെയെന്നാൽ, ആകാശത്തിൽ നിന്നുകൊണ്ട് അവിടന്ന് അവർക്കു നന്മ ചെയ്തുകൊണ്ടിരുന്നു. മഴ പെയ്യിച്ച് യഥാകാലം ഫലങ്ങളെ പോഷിപ്പിച്ചു. സംരക്ഷണ ചെയ്ത് ഹൃദയാനന്ദം നല്കുകയും ചെയ്തു'. ഇങ്ങനെ പറഞ്ഞിട്ട് അവർ ആരും തങ്ങൾക്കായി പൂജകൾ കഴിക്കേണ്ട എന്ന് ബലമായി ജനങ്ങളെ തടഞ്ഞു. എന്നാൽ ഇക്കാനോനിൽ നിന്നും അന്തിയോഖ്യായിൽ നിന്നും യീഹൂദന്മാർ വന്ന് ജനങ്ങളെ പ്രേരിപ്പിച്ച് പൌലോസിനെ കല്ലുകൊണ്ട് എറിഞ്ഞുവീഴിച്ചു. മരിച്ചുവെന്നു വിചാരിച്ച് പട്ടണത്തിൽ നിന്ന് പുറത്തേക്ക് വലിച്ചിഴയ്ക്കുകയും ചെയ്തു. ശിഷ്യന്മാർ പൌലോസിനു ചുറ്റും കൂടി. അവൻ എഴുന്നേറ്റ് പട്ടണത്തിൽ പ്രവേശിക്കയും ചെയ്തു

ഗലാത്യർ 5:13–26

സഹോദരന്മാരേ! നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടവരാകുന്നു. നിങ്ങളുടെ സ്വാതന്ത്ര്യം ജഡികകാര്യങ്ങളിൽ മാത്രം ഉപയോഗിക്കാതെ സ്നേഹപൂർവ്വം പരസ്പരം കീഴ്പ്പെട്ടിരിക്കുവിൻ. 'നീ നിന്നെ എന്നതുപോലെതന്നെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കണം' എന്നുള്ള ഒറ്റ വാക്യത്തിൽ ന്യായപ്രമാണം മുഴുവനും അടങ്ങുന്നു. നിങ്ങൾ പരസ്പരം കുടിക്കയും തിന്നുകയും ചെയ്യുന്നുവെങ്കിൽ ഒരുവൻ മൂലമായി മറ്റൊരുവൻ അവസാനിച്ചുപോകാതെ സൂക്ഷിച്ചുകൊൾവിൻ. ആത്മികമായി ചരിപ്പിൻ. ശാരീരികാഭിലാഷങ്ങളെ ഒരിക്കലും പൂരിപ്പിക്കരുതെന്ന് ഞാൻ പറയുന്നു. എന്തെന്നാൽ ശരീരം അഭിലഷിക്കുന്നത് ആത്മാവിന് ദോഷകരമായിട്ടുള്ളതിനെയാണ്. ആത്മാവ് അഭിലഷിക്കുന്നത് ശരീരത്തിനു ദോഷകരമായിട്ടുള്ളതിനെയുമാകുന്നു. നിങ്ങൾ ഇഛിക്കുന്നതു പ്രവർത്തിക്കാതിരിക്കത്തക്കവണ്ണം അവ രണ്ടും പരസ്പരവിരുദ്ധങ്ങളാകുന്നു. ആത്മികമായിരിക്കുന്നുവെങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിന് അധീനരല്ല. വ്യഭിചാരം, മാലിന്യം, കാമുകത്വം, വിവാദം, ഉദ്വേഗം, വിഗ്രഹാരാധന, ആഭിചാരകർമ്മങ്ങൾ, ശത്രുത്വം, ക്രോധം, ശാഠ്യം, അനൈക്യം, ഭിന്നത, അസൂയ, വധം, ലഹരി, ലമ്പടത്വം, എന്നിവയും ഇതുപോലെയുള്ള മറ്റു വകകളും ശാരീരികകർമ്മങ്ങളാണെന്ന് വെളിവാകുന്നു. ഈവിധ കർമ്മങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നവർ ദൈവരാജ്യത്തെ അർഹിക്കുന്നില്ലെന്ന് മുമ്പേ പറഞ്ഞിട്ടുള്ളതുപോലെ, ഇപ്പോഴും ഞാൻ പറയുന്നു. ആത്മിയഫലങ്ങളോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘസഹിഷ്ണുത, അലിവ്,

ഉത്തമത്വം, വിശ്വാസ്യത, വിനയം, സഹനം, എന്നിവയാകുന്നു. ഇവയ്ക്കെതിരായ നിയമം ഉണ്ടായിട്ടില്ല. മിശിഹായുടെ ആളുകൾ സ്വശരീരങ്ങളെ അതിന്റെ സകല വികാരാഭിലാഷങ്ങളോടുകൂടി കുരിശിൽ തറച്ചിരിക്കുന്നു. ആയതുകൊണ്ട് നാം ആത്മാവു മൂലം ജീവിക്കുകയും ആത്മാവിനെ അനുസരിക്കയും ചെയ്യണം. നാം അന്യോന്യം നിന്ദിക്കയും അന്യോന്യം അസൂയപ്പെടുകയും ചെയ്യുന്ന വ്യഥാഭിമാനികൾ ആയിരിക്കരുത്.

## 70
## ഓശാന വ്യാഴാഴ്ച
### പ്രഭാതം

പ്രവൃത്തി 16:16–26

ഞങ്ങൾ പ്രാർത്ഥനാലയത്തിലേക്കു പോകുമ്പോൾ ഭാവിയെക്കുറിച്ച് അറിയിക്കുന്ന ഒരു പൈശാചികാത്മാവുള്ളവളും തന്നിമിത്തം സ്വന്തം യജമാനന്മാർക്ക് വലിയ ലാഭം വരുത്തിക്കൊണ്ടിരുന്നവളുമായ ഒരു യുവതിയെ കണ്ടുമുട്ടി. അവൾ പൌലോസിന്റെയും ഞങ്ങളുടെയും പിന്നാലെ വരികയും, 'ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാരാകുന്നു; ഇവർ രക്ഷാമാർഗ്ഗമാകുന്നു നിങ്ങളോട് ഉപദേശിക്കുന്നത്' എന്ന് വിളിച്ചു പറകയും ചെയ്തുകൊണ്ടിരുന്നു. അവൾ ഇങ്ങനെ വളരെ നാൾ കഴിച്ചു. പൌലോസ് നീരസപ്പെട്ട് 'നീ ഇവളെ വിട്ടു (പിരിഞ്ഞ്) പോകണമെന്ന് യേശുമിശിഹായുടെ നാമത്തിൽ ഞാൻ കല്പിക്കുന്നു' എന്ന് ആത്മാവിനോടായി പറയുകയും അത് ഉടൻ അവളെ വിട്ടുപോകയും ചെയ്തു. അവളുടെ യജമാനന്മാർ സ്വന്തം ആദായത്തിനുള്ള ആശാമാർഗ്ഗം ഇവളിൽ നിന്ന് പൊയ്പോയി എന്നു കണ്ടിട്ട് പൌലോസിനെയും ശീലായെയും പിടിച്ച് തെരുവിൽ കൊണ്ടു ചെന്ന് പട്ടണാധികാരികളുടെയും പ്രമാണികളുടെയും അടുക്കൽ ഹാജരാക്കുകയും, 'യീഹൂദരായ ഇവർ ഞങ്ങളുടെ പട്ടണത്തെ ഇളക്കുന്നു' എന്നും 'റോമാക്കാരായ ഞങ്ങൾക്കു സ്വീകരിപ്പാനും പ്രവർത്തിപ്പാനും അനുവാദമില്ലാത്ത ആചാരങ്ങളെ കുറിച്ച് പ്രസംഗിക്കുന്നു' എന്നും പറകയും ചെയ്തു. അവർക്കെതിരായി ഒരു വലിയ പുരുഷാരവും അവിടെ കൂടി. അധികാരികൾ അവരെ ചമ്മട്ടികൊണ്ട് അടിപ്പാൻ സ്വവസ്ത്രം കീറിക്കൊണ്ടു കല്പിച്ചു. *അധികമായി അടിപ്പിച്ച ശേഷം അവരെ കാരാഗൃഹത്തിൽ ഇടുകയും സൂക്ഷ്മതയോടെ കാത്തുകൊള്ളുവാൻ കാവല്ക്കാരനോടു കല്പിക്കയും ചെയ്തു. ആജ്ഞാനുസരണം അവൻ അവരെ കൊണ്ടുചെന്ന് കാലുകളെ വിലങ്ങുകൾകൊണ്ട് ബന്ധിച്ച് കാരാഗൃഹത്തിന്റെ ഉള്ളറയിൽ ഇട്ട് അടച്ചു. അർദ്ധരാത്രിക്ക്*

*പൌലോസും ശീലായും ദൈവത്തെ പ്രാർത്ഥിക്കയും സ്തുതിക്കയും ചെയ്തുകൊണ്ടിരുന്നു. മറ്റു തടവുകാർ അതുകേട്ടുകൊണ്ടുമിരുന്നു. പെട്ടെന്ന് ഒരു വലിയ ഭൂകമ്പമുണ്ടായി. കാരാഗൃഹത്തിന്റെ അസ്തിവാരം കുലുങ്ങുകയും വാതിലുകളെല്ലാം തുറക്കപ്പെടുകയും എല്ലാവരുടെയും ബന്ധനങ്ങൾ അഴിഞ്ഞുപോകയും ചെയ്തു.*

*(പ്രവൃത്തി 16:23-40)*

*16:23-26 മുകളിൽ കാണുക*

*16:27-40*

*കാവൽക്കാരൻ ഉറക്കമുണർന്ന് കാരാഗൃഹവാതിലുകൾ തുറന്നിരിക്കുന്നതായി കണ്ട് ബന്ധനസ്ഥർ ഒളിച്ചോടിപ്പോയിരിക്കുമെന്ന് കരുതി, വാൾ എടുത്ത് ആത്മഹത്യചെയ്‌വാൻ ഭാവിച്ചു. 'ഞങ്ങളെല്ലാവരും ഇവിടെയുണ്ട്. നിനക്കു നീ ദോഷമൊന്നും ചെയ്യരുത്' എന്ന് അവനോട് പൌലോസ് ഉറക്കെ വിളിച്ചുപറഞ്ഞു. അവർ വിളക്കു കൊളുത്തി വിറച്ചുകൊണ്ട് അകത്തേക്കു ചാടി കടന്ന് പൌലോസിന്റെയും ശീലായുടെയും കാല്ക്കൽ വീണു. പിന്നെ അവൻ അവരെ പുറത്തു കൊണ്ടു ചെന്ന് 'യജമാനന്മാരേ! രക്ഷ പ്രാപിപ്പാൻ ഞാൻ എന്തുചെയ്യേണ്ടൂ' എന്ന് ചോദിച്ചു. 'കർത്താവായ യേശുമിശിഹായിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും' എന്ന് അവർ അവനോടു പറഞ്ഞു. പിന്നെ അവർ അവനോടും അവന്റെ കുടുംബത്തോടും കർത്താവിന്റെ വചനം സംസാരിച്ചു. അവൻ തൽക്ഷണം, ആ രാത്രിയിൽതന്നെ, അവരെ കൂട്ടിക്കൊണ്ടുപോയി. അടി കൊണ്ടുണ്ടായ മുറിവുകളെ കഴുകിയിട്ട് അവനും അവന്റെ ഭവനക്കാരെല്ലാവരും മാമൂദീസാ ഏല്ക്കുകയും ചെയ്തു. പിന്നെ അവൻ അവരെ തന്റെ ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുപോയി അവർക്കു ഭക്ഷണം കൊടുത്തു. അവനും അവന്റെ ഭവനക്കാരെല്ലാവരും ദൈവത്തിൽ വിശ്വസിച്ചതിനാൽ ആനന്ദിക്കയും ചെയ്തു. പ്രഭാതമായപ്പോൾ 'ഈ മനുഷ്യരെ വിട്ടയച്ചു കൊൾക' എന്ന് കാരാഗൃഹപ്രമാണിയോട് പറവാൻ അധികാരികൾ ദണ്ഡധാരികളെ അയച്ചു.*

*ആജ്ഞാനുസരണം കാരാഗൃഹപ്രമാണി അകത്തുചെന്ന് 'നിങ്ങളെ വിട്ടയപ്പാൻ പറഞ്ഞയച്ചിരിക്കുന്നതുകൊണ്ട് ഇപ്പോൾ നിങ്ങൾ സമാധാനമായി പുറപ്പെട്ടുകൊൾവിൻ' എന്ന് പൌലോസിനോടു പറഞ്ഞു. പൌലോസോ അവനോട് 'റോമാക്കാരായ ഞങ്ങളെ കുറ്റം കൂടാതെ ലോകസമക്ഷം അടിച്ച് കാരാഗൃഹത്തിൽ ഇട്ടു. ഇപ്പോൾ രഹസ്യമായി ഞങ്ങളെ പുറത്തുവിടുന്നുവോ? അങ്ങനെ വേണ്ട. അവർ തന്നെ വന്ന് ഞങ്ങളെ പുറത്തുവിടട്ടെ' എന്ന് പറഞ്ഞു. ദണ്ഡധാരികൾ ചെന്ന്*

*അവർ പറഞ്ഞ വാക്കുകൾ അധികാരികളോടറിയിച്ചു. അവർ റോമാക്കാരാകുന്നുവെന്ന് കേട്ടപ്പോൾ അധികാരികൾ ഭയപ്പെട്ടു. പിന്നെ അവർ ഇവരുടെ അടുക്കൽ വരികയും, പുറത്തിറങ്ങി പട്ടണംവിട്ടു പോകണമെന്ന് അപേക്ഷിക്കയും ചെയ്തു. അവർ കാരാഗൃഹത്തിൽ നിന്ന് പുറപ്പെട്ട് ലൂദിയായുടെ അടുക്കൽ ചെല്ലുകയും അവിടെയുള്ള സഹോദരന്മാരെ കണ്ട് ആശ്വസിപ്പിച്ചിട്ട് പുറപ്പെടുകയും ചെയ്തു.*

2 കൊരിന്ത്യർ 6:1-11

സഹപ്രവർത്തകരെപ്പോലെ ഞങ്ങൾ നിങ്ങളോടപേക്ഷിക്കുന്നു. നിങ്ങൾക്കു ലഭിച്ച ദൈവകൃപ വ്യർത്ഥമായി പോകരുതേ! 'ശുഭകാലത്തിൽ ഞാൻ നിനക്ക് ഉത്തരം നല്കി' എന്നും 'രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു' എന്നും പറയപ്പെട്ടിരിക്കുന്നു. ഇതാ, ഇതു തന്നെ ശുഭകാലം; ഇതുതന്നെ രക്ഷാദിവസം. നിങ്ങൾ വല്ലതിലും വല്ലവർക്കും വിരുദ്ധതയ്ക്കിടകൊടുത്തിട്ട് ഞങ്ങളുടെ ശുശ്രൂഷയിൽ മാലിന്യം സഭവിക്കാതിരിപ്പാൻ വേണ്ടി സർവ്വദാ ദൈവസേവകന്മാരാണ് ഞങ്ങളെന്ന് സ്വയം വിശദപ്പെടുത്തുന്നു. അത് വലിയ ക്ഷാമം, ഞെരുക്കങ്ങൾ, ബുദ്ധിമുട്ടുകൾ, തടവുകൾ, പ്രഹരങ്ങൾ, ബന്ധനങ്ങൾ, കലഹങ്ങൾ, പ്രയത്നം, ജാഗരണം, ഉപവാസം, ശുദ്ധത, ജ്ഞാനം, ദീർഘസഹിഷ്ണുത, അലിവ്, പരിശുദ്ധാത്മാവ്, നിഷ്കളങ്കസ്നേഹം, സത്യവചനം, ദൈവശക്തി, എന്നിവയിലും, വലത്തും ഇടത്തും ഉള്ള നീതിയാകുന്ന ആയുധത്തിലും, മാനാപമാനങ്ങളിലും സൽകീർത്തി ദുഷ്കീർത്തികളിലും (ഉൾപ്പെട്ടും) ആകുന്നു. പിന്നെയും, ഞങ്ങൾ വഞ്ചകരെപ്പോലെ ആയിത്തീർന്നിട്ടും സത്യവാന്മാരായും, അപരിചിതരെപ്പോലെ ഇരുന്നിട്ടും സുപരിചിതരായും, മൃതരെപ്പോലെ ഇരുന്നിട്ടും ജീവിച്ചിരിക്കുന്നവരായും, ശിക്ഷിക്കപ്പെടുന്നവരെപ്പോലെ ഇരുന്നിട്ടും മരിക്കാത്തവരായും, ദുഃഖിതരെപ്പോലെ ഇരുന്നിട്ടും എപ്പോഴും സന്തോഷിക്കുന്നവരായും, ദരിദ്രരെപ്പോലെ ഇരുന്നിട്ടും പലരെയും ധനികരാക്കുന്നവരായും, ഒന്നും ഇല്ലാത്തവരെപ്പോലെ ഇരുന്നിട്ടും സകലവും കൈവശമുള്ളവരായും തീർന്നിരിക്കുന്നു.

**71**

## നാല്പതാം വെള്ളിയാഴ്ച

## വി.കുർബ്ബാന

1 പത്രോസ് 1:13-22

അതുകൊണ്ട് നിങ്ങൾ അകമേ അര മുറുക്കി പൂർണ്ണമായിട്ട് ഉണർന്നിരിക്കയും കർത്താവായ യേശുമിശിഹായുടെ പ്രത്യക്ഷതയിൽ

നിങ്ങൾക്കു വരുവാൻ പോകുന്ന സന്തോഷത്തെ പ്രത്യാശിക്കയും ചെയ്‌വിൻ. അത് അനുസരണമുള്ള മക്കളെപ്പോലെ ആയിരിക്കണം. മുമ്പുണ്ടായിരുന്ന അജ്ഞാനം മൂലമുള്ള അഭിലാഷത്തിൽ ഇനി നിങ്ങൾ സംബന്ധിക്കരുത്. പിന്നെയോ നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും സർവ്വ നടപടികളിലും പരിശുദ്ധരായിരിപ്പിൻ. എന്തെന്നാൽ 'ഞാൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിപ്പിൻ' എന്ന് എഴുതപ്പെട്ടിരിക്കുന്നു. പക്ഷപാതമില്ലാത്തവനും ഓരോരുവനെയും പ്രവൃത്തികൾക്കു തക്കവിധം വിധിക്കുന്നവനുമായവനെ പിതാവെന്ന് വിളിക്കുന്നുവെങ്കിൽ നിങ്ങൾ ഈ പ്രവാസകാലത്ത് ഭയ ഭക്തികളോടു കൂടി നടന്നുകൊൾവിൻ. പിതാക്കന്മാർവഴിയായി പ്രാപിച്ച വ്യർത്ഥകർമ്മങ്ങളിൽ നിന്ന് നിങ്ങൾ രക്ഷ പ്രാപിച്ചത് നശ്വരമായ വെള്ളിയോ, സ്വർണ്ണമോ മൂലമല്ല. പിന്നെയോ മിശിഹായെന്ന നിർമ്മലവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം മൂലമാണെന്ന് അറിയുവിൻ. അവിടന്ന് ലോകാരംഭത്തിനു മുമ്പുതന്നെ ഇതിനു മുൻകൂട്ടി നിയമിതനായിരുന്നു. നിങ്ങൾക്കായി അന്ത്യകാലത്തിൽ അവിടന്ന് വെളിപ്പെടുകയും ചെയ്തു. നിങ്ങളുടെ വിശ്വാസവും പ്രത്യാശയും തന്നിൽ സ്ഥിതിചെയ്യത്തക്കവിധം, തന്നെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉദ്ധരിക്കയും മഹിമപ്പെടുത്തുകയും ചെയ്തവനായ ദൈവത്തിൽ അവിടന്നു വഴിയായി നിങ്ങൾ വിശ്വസിച്ചവരാണല്ലോ. സത്യത്തെ അനുസരിക്കുന്നതു മൂലം നിങ്ങളുടെ ആത്മാക്കൾ വിശുദ്ധമായിരിക്കണം; നിർമ്മലവും പൂർണ്ണവുമായ ഹൃദയത്തോടെ പരസ്പരം സ്നേഹിപ്പാൻ തക്കവിധം നിഷ്കപടമായ പൂർണ്ണസ്നേഹമുള്ളതുമായിരിക്കണം.

റോമർ 13:11–14:9

ഇതു കൂടി നിങ്ങൾ അറിഞ്ഞുകൊൾവിൻ. ഇത് നാം ഉറക്കത്തിൽ നിന്ന് ഉണർന്നിരിക്കേണ്ട കാലവും സമയവുമാകുന്നു. എന്തെന്നാൽ നമ്മുടെ രക്ഷ നാം വിശ്വസിച്ച കാലത്തേക്കാൾ കൂടുതലായി ഇപ്പോൾ അടുത്തിരിക്കുന്നു. രാത്രി കഴിഞ്ഞുപോയി; പകൽ സമീപിച്ചു; ആകയാൽ നാം അന്ധകാരകർമ്മങ്ങളെ നമ്മിൽ നിന്ന് നീക്കിയിട്ട് പ്രകാശത്തിന്റെ ആയുധം ധരിക്കണം. പകൽ സമയത്തെന്നപോലെ നാം മര്യാദയായി വർത്തിക്കണം. വിളയാട്ടം, ലഹരി, അശുദ്ധശയനം, അസൂയ, പ്രതിവാദം ഇവയൊന്നും അരുത്. പിന്നെയോ, നമ്മുടെ കർത്താവായ യേശുമിശിഹായെ ധരിച്ചുകൊൾവിൻ! ശാരീരികാഭിലാഷങ്ങളിൽ നിങ്ങൾ ശ്രദ്ധിക്കരുത്.

വിശ്വാസത്തിൽ ബലഹീനനായിരിക്കുന്നവനെ സഹായിപ്പിൻ.

നിങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ടാകരുത്. ചിലർ സകലവും ഭക്ഷിക്കാമെന്ന് വിശ്വസിക്കുന്നു. ബലഹീനനാകട്ടെ സസ്യം ഭക്ഷിക്കുന്നു. (ഒന്നു) ഭക്ഷിക്കുന്നവൻ (അതു) ഭക്ഷിക്കാത്തവനെ നിന്ദിക്കരുത്. ഭക്ഷിക്കാത്തവൻ ഭക്ഷിക്കുന്നവനിൽ കുറ്റം ആരോപിക്കയുമരുത്. എന്തെന്നാൽ ദൈവം അവനെ കൈക്കൊണ്ടിരിക്കുന്നു. സ്വന്തമല്ലാത്ത ദാസനെ കുറ്റപ്പെടുത്തുന്ന നീ ആര്? അവൻ നില്ക്കുന്നത് അവന്റെ യജമാനനു വേണ്ടിയാകുന്നു. അവൻ വീഴുന്നതും അവന്റെ യജമാനനു വേണ്ടിയാകുന്നു. അവനെ (നിലയ്ക്കു) നിറുത്തുവാൻ അവന്റെ യജമാനനു പ്രാപ്തിയുള്ളതുകൊണ്ട് അവൻ നില്ക്കുകതന്നെ ചെയ്യും. ഒരാൾ ഒരു ദിവസത്തേക്കാൾ (മറ്റൊരു) ദിവസത്തിനു പ്രാധാന്യം കല്പിക്കുന്നു. മറ്റൊരാൾ എല്ലാ ദിവസങ്ങൾക്കും പ്രാധാന്യം കല്പിക്കുന്നു. ഓരോരുവനും സ്വന്തനിരൂപണത്താൽ നിശ്ചയിച്ചുകൊള്ളട്ടെ. (ഒരു) ദിവസത്തെ ആദരിക്കുന്നവൻ അവന്റെ കർത്താവിനു വേണ്ടി ആദരിക്കുന്നു. (ഒരു) ദിവസത്തെ ആദരിക്കാതിരിക്കുന്നവനും അവന്റെ കർത്താവിനു വേണ്ടി ആദരിക്കാതിരിക്കുന്നു. ഭക്ഷിക്കുന്നവൻ അവന്റെ കർത്താവിനു വേണ്ടി ഭക്ഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്യുന്നു. ഭക്ഷിക്കാത്തവൻ അവന്റെ കർത്താവിനു വേണ്ടി ഭക്ഷിക്കാതിരിക്കുന്നു. അവനും ദൈവത്തെ സ്തുതിക്കുന്നു. എന്തെന്നാൽ നമ്മിൽ ആരും തനിക്കായിത്തന്നെ ജീവിക്കുന്നില്ല. ആരും തനിക്കായിത്തന്നെ മരിക്കുന്നുമില്ല. നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനായി ജീവിക്കുന്നു; മരിക്കുന്നുവെങ്കിൽ കർത്താവിനായി മരിക്കുന്നു. അതുകൊണ്ട് ജീവിച്ചിരിക്കുന്നുവെങ്കിലും മരിക്കുന്നുവെങ്കിലും നാം നമ്മുടെ കർത്താവിന്റെ (ആളുകൾ) ആകുന്നു. മരിച്ചവർക്കും ജീവിക്കുന്നവർക്കും കർത്താവായിരിപ്പാൻ വേണ്ടി മിശിഹാ മരിക്കയും ജീവിച്ച് പുനരുത്ഥാനം ചെയ്കയും ചെയ്തു.

## 72
## ലാസറിന്റെ ശനിയാഴ്ച
## വി.കുർബ്വാന

1 പത്രോസ് 2:6–10

'ശ്രേഷ്ഠവും മാന്യവുമായ മൂലക്കല്ലിനെ ഞാൻ ഇതാ സെഹിയോനിൽ സ്ഥാപിക്കുന്നു. അതിൽ വിശ്വസിക്കുന്നവനു ലജ്ജിക്കേണ്ടി വരികയില്ല' എന്ന് തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നു. വിശ്വസിക്കുന്ന നിങ്ങൾക്ക് ഈ മാന്യത ലഭിച്ചിരിക്കുന്നു. അനുസരിക്കാത്തവർക്കോ അത് ഇടർച്ചക്കല്ലും തടങ്കൽപാറയുമാകുന്നു. അവർ വചനത്തെ അനുസരിക്കാത്തതിനാൽ അതിൽ തട്ടി വീഴുന്നു. അതിന് അവർ നിയമിത

രായുമിരിക്കുന്നു. നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ ശ്രേഷ്ഠമായ പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ മഹത്ത്വങ്ങളെ അറിയിപ്പാൻ തെരഞ്ഞെടുക്കപ്പെട്ട രാജകീയ പുരോഹിതവർഗ്ഗവും പരിശുദ്ധജനവും രക്ഷിതസംഘവുമാകുന്നു. മുമ്പേ നിങ്ങൾ സ്വജനമായി ഗണിക്കപ്പെട്ടിരുന്നില്ല. ഇപ്പോഴോ ദൈവജനമായിരിക്കുന്നു. മുമ്പ് നിങ്ങൾക്കു കരുണ ലഭിച്ചിരുന്നില്ല. ഇപ്പോഴോ നിങ്ങളുടെമേൽ കരുണ ചൊരിയപ്പെട്ടിരിക്കുന്നു.

### എഫേസ്യർ 1:15-2:7

നമ്മുടെ കർത്താവായ യേശുമിശിഹായിലുള്ള നിങ്ങളുടെ വിശ്വാസത്തെയും സകല വിശുദ്ധന്മാരോടുമുള്ള സ്നേഹത്തെയും കേട്ടിട്ട് ഞാനും നിങ്ങൾക്കു വേണ്ടി നിരന്തരമായി (ദൈവത്തെ) സ്തുതിക്കുന്നു. നമ്മുടെ കർത്താവായ യേശുമിശിഹായുടെ ദൈവവും മഹത്ത്വമുള്ള പിതാവുമായവൻ, തന്നെക്കുറിച്ചുള്ള ബോധം വഴിയായി ജ്ഞാനദർശനങ്ങളുടെ ആത്മാവിനെ നിങ്ങൾക്കു തരേണ്ടതിനും തന്റെ വിളിയുടെ പ്രത്യാശ, വിശുദ്ധന്മാരുടെ ഇടയിൽ തനിക്കുള്ള അവകാശമഹൈശ്വര്യം, വിശ്വാസികളായിരിക്കുന്ന നമ്മിൽ വ്യാപൃതമായിരിക്കുന്ന മഹാശക്തിപ്രകാരം ഉള്ള തന്റെ ശക്തി മഹിമകളുടെ ശ്രേഷ്ഠത, എന്നിവയെന്തെന്ന് അറിയുവാൻ തക്കവിധം, നിങ്ങളുടെ അന്തർനേത്രങ്ങൾ തെളിയേണ്ടതിനുമായി, എന്റെ പ്രാർത്ഥനകളിൽ നിരന്തരമായി ഞാൻ നിങ്ങളെ സ്മരിക്കയും ചെയ്യുന്നു. അവിടന്ന് (ആ ശക്തി) മിശിഹായിൽ പ്രയോഗിച്ച് മരിച്ചവരുടെ ഇടയിൽ നിന്ന് അവിടത്തെ ഉദ്ധരിക്കയും, എല്ലാ അർക്കോസന്മാർക്കും ശൂൽത്തൊനന്മാർക്കും ഹൈലന്മാർക്കും മോറാവോസന്മാർക്കും മേലായും, ഈ ലോകത്തിൽ മാത്രമല്ല, ആ ലോകത്തിലും, പ്രസിദ്ധമായിരിക്കുന്ന സകല നാമത്തിനും മേലായും, സ്വർഗ്ഗത്തിൽ തന്റെ വലതുഭാഗത്ത് ഇരുത്തുകയും, സർവ്വവും അവിടത്തെ ചുവിട്ടടിയിലാക്കുകയും, സർവ്വോപരിസ്ഥനായ അവിടത്തെ സഭയ്ക്കു തലയായി നൽകുകയും ചെയ്തു. (സഭ) അവിടത്തെ ശരീരവും എല്ലാറ്റിലും എല്ലാറ്റിനെയും പൂർത്തീകരിക്കുന്നവന്റെ പൂർണ്ണതയുമാകുന്നു.

നിങ്ങൾ പാപങ്ങൾ മൂലവും അക്രമങ്ങൾ മൂലവും മൃതരായി തീർന്നിരുന്നു. ഐഹികരീത്യാ, അനുസരണമില്ലാത്ത മക്കളിൽ വ്യാപരിക്കുന്ന ആത്മാവാകുന്ന അന്തരീക്ഷാധികാരിയുടെ ഇഷ്ടാനുസരണം, നിങ്ങൾ മുമ്പ് അവയിൽ തന്നെ, വർത്തിച്ചുമിരുന്നു. നാമും മുമ്പ് ശാരീരികാഭിലാഷങ്ങൾ മൂലം, ആ കർമ്മങ്ങളിൽതന്നെ ചരിക്കയും, ശരീരത്തിന്റെയും മനസ്സിന്റെയും അഭീഷ്ടങ്ങളെ നിവർത്തിക്കയും ചെയ്തി

രുന്നു. മറ്റുള്ളവരെപ്പോലെ നാമും കോപത്തിന്റെ പൂർണ്ണസന്താനങ്ങ ളായിരുന്നു.

എന്നാൽ കരുണാസമ്പന്നനായ ദൈവം, നമ്മെ അത്യധികമായി സ്നേഹിച്ചതുകൊണ്ട് നാം പാപങ്ങൾകൊണ്ട് മൃതരായിരുന്നപ്പോൾ, മിശിഹായോടുകൂടി ജീവിപ്പിക്കയും, സ്വകൃപയാൽ നമ്മെ രക്ഷിക്കയും ചെയ്തു. അവിടത്തെ കൃപാസമ്പന്നതയുടെ ശ്രേഷ്ഠതയെയും, യേശു മിശിഹാ വഴിയായി നമുക്കു സിദ്ധിച്ച ദയവിനെയും, ഭാവിലോകത്തിനു കാണിച്ചുകൊടുക്കുമാറ് യേശുമിശിഹായോടുകൂടി, അവിടന്നു വഴി യായിത്തന്നെ, നമ്മെ ഉദ്ധരിക്കയും സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു.

## 73

## നാല്പതു സഹദേന്മാരുടെ ഓർമ്മ

(മാർച്ച് 9 ശനിയാഴ്ചയോ ഞായറാഴ്ചയോ ആയി വന്നാൽ അന്നു തന്നെയും, അല്ലെങ്കിൽ 14-ാം തീയതിക്കകമുള്ള ശനിയാഴ്ചയോ ഞായ റാഴ്ചയോ ഈ ഓർമ്മ നടത്തണം)

### വി.കുർബ്ബാന

പ്രവൃത്തി 4:19-31

(അപ്പോൾ) ശെമവൂൻകീപ്പായും യോഹന്നാനും അവരോട് 'ഞങ്ങൾ ദൈവത്തെക്കാളധികം നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ നീതിയോ എന്ന് വിധിപ്പിൻ. ഞങ്ങൾ കാണുകയും കേൾക്കു കയും ചെയ്തിട്ടുള്ളതു പറയാതിരിപ്പാൻ ഞങ്ങൾക്കു നിവൃത്തിയില്ല' എന്ന് പറഞ്ഞു. സംഭവിച്ച സംഗതിയെക്കുറിച്ച് ജനങ്ങളെല്ലാവരും ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നതിനാൽ ഇവർ ശിക്ഷിപ്പാൻ വഴി കാണാതെ അവരെ ശാസിച്ചു വിട്ടയച്ചു. ഈ അത്ഭുതസുഖം പ്രാപിച്ച മനുഷ്യൻ നാല്പതു വയസ്സിലധികമുള്ളവനുമായിരുന്നു. അവർ വിട്ട യക്കപ്പെട്ട ശേഷം തങ്ങളുടെ സഹോദരന്മാരുടെ അടുക്കൽ ചെന്ന്, ആചാര്യന്മാരും കാശീശന്മാരും പറഞ്ഞതെല്ലാം അറിയിച്ചു. അതു കേട്ട പ്പോൾ അവർ ഒരുമിച്ച് ദൈവത്തിങ്കലേക്കു ശബ്ദമുയർത്തി ഇപ്രകാരം പറഞ്ഞു: 'കർത്താവേ! അങ്ങ് ആകാശത്തെയും ഭൂമിയെയും സമുദ്ര ങ്ങളെയും ഇവയിലുള്ള സകലത്തെയും സൃഷ്ടിച്ച ദൈവമാകുന്നു വല്ലോ. അന്യജാതികൾ കലഹിച്ചതും, സ്വജാതികൾ വ്യർത്ഥമായുള്ള തിനെ ചിന്തിച്ചതും എന്തിനെന്നും, ഭൂമിയിലെ രാജാക്കന്മാരും അധി കാരികളും എഴുന്നേറ്റ് കർത്താവിനും അഭിഷിക്തനും വിരോധമായി കൂടിയാലോചന ചെയ്തുവെന്നും, സ്വന്തം ദാസനായ ദാവീദിന്റെ

വായ്കൊണ്ട് പരിശുദ്ധാത്മാവു മൂലം പറയിച്ചവനും അങ്ങുതന്നെയാണല്ലോ. സംഭവിക്കണമെന്ന് അവിടത്തെ കൈയാലും ഇഷ്ടത്താലും മുമ്പുകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള സകലവും സാധിതമാകുവാൻ, അങ്ങയാൽ അഭിഷിക്തനായ അങ്ങയുടെ പരിശുദ്ധപുത്രൻ യേശുവിന് വിരോധമായി, ഹേരോദേസും, പീലാത്തോസും, പുറജാതികളും, ഇസ്രായേൽസംഘവും, ഈ പട്ടണത്തിൽ സത്യമായി ഒരുമിച്ചുകൂടി. കർത്താവേ! ഇപ്പോഴും അവരുടെ ഭീഷണികൾ നോക്കണമേ. അവിടത്തെ പരിശുദ്ധ പുത്രനായ യേശുവിന്റെ നാമത്തിൽ സുഖങ്ങളും, വിസ്മയങ്ങളും, അത്ഭുതങ്ങളും ഉണ്ടാകുവാൻ കൈയ് നീട്ടിത്തന്നുകൊണ്ട് അവിടത്തെ ദാസന്മാർക്ക് വചനത്തെ പരസ്യമായി പ്രസംഗിപ്പാൻ കൃപ നല്കണമേ.' അവർ (ഇങ്ങനെ) അപേക്ഷിക്കയും പ്രാർത്ഥിക്കയും ചെയ്തപ്പോൾ കൂടിയിരുന്ന സ്ഥലം കുലുങ്ങി; എല്ലാവരും പരിശുദ്ധാത്മാവുകൊണ്ട് നിറഞ്ഞു. ദൈവവചനത്തെ പരസ്യമായി സംസാരിച്ചു.

*(പ്രവൃത്തി 4:19-33)*

*(അപ്പോൾ) ശെമവൂൻകീപ്പായും യോഹന്നാനും അവരോട് 'ഞങ്ങൾ ദൈവത്തെക്കാളധികം നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ നീതിയോ എന്ന് വിധിപ്പിൻ. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തിട്ടുള്ളതു പറയാതിരിപ്പാൻ ഞങ്ങൾക്കു നിവൃത്തിയില്ല' എന്ന് പറഞ്ഞു. സംഭവിച്ച സംഗതിയെക്കുറിച്ച് ജനങ്ങളെല്ലാവരും ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നതിനാൽ ഇവർ ശിക്ഷിപ്പാൻ വഴി കാണാതെ അവരെ ശാസിച്ചു വിട്ടയച്ചു. ഈ അത്ഭുതസുഖം പ്രാപിച്ച മനുഷ്യൻ നാല്പതു വയസ്സിലധികമുള്ളവനുമായിരുന്നു. അവർ വിട്ടയക്കപ്പെട്ട ശേഷം തങ്ങളുടെ സഹോദരന്മാരുടെ അടുക്കൽ ചെന്ന്, ആചാര്യന്മാരും കാശീശന്മാരും പറഞ്ഞതെല്ലാം അറിയിച്ചു. അതു കേട്ടപ്പോൾ അവർ ഒരുമിച്ച് ദൈവത്തിങ്കലേക്കു ശബ്ദമുയർത്തി ഇപ്രകാരം പറഞ്ഞു: 'കർത്താവേ! അങ്ങ് ആകാശത്തെയും ഭൂമിയെയും സമുദ്രങ്ങളെയും ഇവയിലുള്ള സകലത്തെയും സൃഷ്ടിച്ച ദൈവമാകുന്നുവല്ലോ. അന്യജാതികൾ കലഹിച്ചതും, സ്വജാതികൾ വ്യർത്ഥമായുള്ളതിനെ ചിന്തിച്ചതും എന്തിനെന്നും, ഭൂമിയിലെ രാജാക്കന്മാരും അധികാരികളും എഴുന്നേറ്റ് കർത്താവിനും അഭിഷിക്തനും വിരോധമായി കൂടിയാലോചന ചെയ്തുവെന്നും, സ്വന്തം ദാസനായ ദാവീദിന്റെ വായ്കൊണ്ട് പരിശുദ്ധാത്മാവു മൂലം പറയിച്ചവനും അങ്ങുതന്നെയാണല്ലോ. സംഭവിക്കണമെന്ന് അവിടത്തെ കൈയാലും ഇഷ്ടത്താലും മുമ്പുകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള സകലവും സാധിതമാകുവാൻ, അങ്ങ*

*യാൽ അഭിഷിക്തനായ അങ്ങയുടെ പരിശുദ്ധപുത്രൻ യേശുവിന് വിരോധമായി, ഹേറോദേസും, പീലാത്തോസും, പുറജാതികളും, ഇസ്രായേൽസംഘവും, ഈ പട്ടണത്തിൽ സത്യമായി ഒരുമിച്ചുകൂടി. കർത്താവേ! ഇപ്പോഴും അവരുടെ ഭീഷണികൾ നോക്കണമേ. അവിടത്തെ പരിശുദ്ധ പുത്രനായ യേശുവിന്റെ നാമത്തിൽ സുഖങ്ങളും, വിസ്മയങ്ങളും, അത്ഭുതങ്ങളും ഉണ്ടാകുവാൻ കൈയ് നീട്ടിത്തന്നു കൊണ്ട് അവിടത്തെ ദാസന്മാർക്ക് വചനത്തെ പരസ്യമായി പ്രസംഗിപ്പാൻ കൃപ നല്കണമേ.' അവർ (ഇങ്ങനെ) അപേക്ഷിക്കയും പ്രാർത്ഥിക്കയും ചെയ്തപ്പോൾ കൂടിയിരുന്ന സ്ഥലം കുലുങ്ങി; എല്ലാവരും പരിശുദ്ധാത്മാവുകൊണ്ട് നിറഞ്ഞു. ദൈവവചനത്തെ പരസ്യമായി സംസാരിച്ചു.*

*വിശ്വസിച്ചവരായ ജനക്കൂട്ടത്തിന് ഏകമനസ്സും ഏകാഭിപ്രായവുമാണുണ്ടായിരുന്നത്. അവരിലൊരുവനും, അവനവന്റെ സമ്പാദ്യങ്ങളെ കുറിച്ച് സ്വന്തമെന്നു പറഞ്ഞിരുന്നില്ല. പിന്നെയോ അവർക്കുണ്ടായിരുന്നത് സകലവും പൊതുവകയായിരുന്നു. ശ്ലീഹന്മാർ യേശു മിശിഹായുടെ പുനരുത്ഥാനത്തെ കുറിച്ച് വലിയ ശക്തിയോടെ സാക്ഷ്യപ്പെടുത്തിക്കൊണ്ടിരുന്നു. വലിയ കൃപ അവരിലെല്ലാവരിലുമുണ്ടായിക്കൊണ്ടുമിരുന്നു.*

റോമർ 8:28–9:5

ദൈവത്തെ സ്നേഹിക്കുന്നവർക്ക്, വിളിക്കപ്പെട്ടവരാൽ നിയുക്തരായവർക്ക്, നന്മയ്ക്കായി അവിടന്ന് എല്ലാറ്റിലും സഹായിക്കുന്നുവെന്ന് നാം അറിയുന്നു. അവിടന്ന് അവരെ മുൻകൂട്ടി അറിഞ്ഞിട്ട്, തന്റെ പുത്രൻ അനേക സഹോദരന്മാർക്ക് ആദ്യജാതനായിരിപ്പാൻ വേണ്ടി, ആ പുത്രന്റെ സ്വരൂപത്തിൽ അവരെ രൂപീകരിച്ചു. അവിടന്നു മുൻകൂട്ടി രൂപീകരിച്ചവരെത്തന്നെ വിളിക്കയും, വിളിച്ചവരെത്തന്നെ നീതീകരിക്കയും, നീതീകരിച്ചവരെത്തന്നെ മഹിമപ്പെടുത്തുകയും ചെയ്തു. ആകയാൽ ഇവയെക്കുറിച്ച് നാം എന്തു പറയേണ്ടൂ? ദൈവം നമുക്ക് അനുകൂലിയെങ്കിൽ (പിന്നെ) ആരു നമ്മെ പ്രതികൂലിക്കും. അവിടന്ന് സ്വന്തപുത്രനിൽ ദയവു കാണിക്കാതെ, നമുക്കെല്ലാവർക്കുമായി (ആ പുത്രനെ) സമർപ്പിച്ചെങ്കിൽ, സർവ്വവും അവിടത്തോടൊരുമിച്ച് നമുക്ക് എങ്ങനെ നല്കാതിരിക്കും? ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരോട് എതിർത്തു നില്പാൻ ആരുണ്ട്? നീതീകരിക്കുന്നവൻ ദൈവമാകുന്നു. കുറ്റം ചുമത്തുന്നവൻ ആര്? മിശിഹാ മരിക്കയും പുനരുത്ഥാനപ്പെടുകയും ചെയ്തിട്ട് ദൈവത്തിന്റെ വലതുഭാഗത്തിരുന്ന് നമുക്കു വേണ്ടി അപേക്ഷിക്കുന്നു. മിശിഹായുടെ സ്നേഹത്തിൽ നിന്ന്

എന്നെ വേർതിരിപ്പാൻ ആരുണ്ട്? ഞെരുക്കമോ? വിലങ്ങോ? പീഡയോ? പട്ടിണിയോ? നഗ്നതയോ? ആപത്തോ? വാളോ? 'അങ്ങയെക്കുറിച്ചു ഞങ്ങൾ നിത്യവും മരിക്കുന്നു. അറക്കുവാനുള്ള ആടുകൾ എന്നപോലെ ഞങ്ങൾ ഗണിക്കപ്പെട്ടു' എന്ന് എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ ഞങ്ങളെ സ്നേഹിച്ചവൻ മൂലം ഇവയിലൊക്കെയും ഞങ്ങൾ വിജയം പ്രാപിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ മരണമാകട്ടെ, ജീവനാകട്ടെ, മാലാഖമാരാകട്ടെ, ശൂൽത്തോനന്മാരാകട്ടെ, ഹൈലന്മാരാകട്ടെ, ഇപ്പോഴുള്ളവയാകട്ടെ, വരുവാനുള്ളവയാകട്ടെ, ഉയരമാകട്ടെ, താഴ്ചയാകട്ടെ, മറ്റൊരു സൃഷ്ടിയാകട്ടെ, (ഇവയിലൊന്നിനും) നമ്മുടെ കർത്താവായ യേശുമിശിഹാ വഴിയായുള്ള ദൈവപ്രേമത്തിൽനിന്ന് എന്നെ വേർപിരിപ്പാൻ കഴികയില്ല എന്ന് എനിക്കു ബോദ്ധ്യമായിരിക്കുന്നു.

ഞാൻ മിശിഹായെ മുൻനിറുത്തി സത്യം പറയുന്നു. വ്യാജം പറയുന്നതല്ല. എനിക്കു വലിയ ദുഃഖമുണ്ടെന്നും എന്റെ ഹൃദയവേദന അടങ്ങുന്നില്ലെന്നും എന്റെ മനഃസാക്ഷി പരിശുദ്ധാത്മാവിനെ മുൻനിറുത്തി എന്നെക്കുറിച്ചു സാക്ഷ്യം വഹിക്കുന്നു. ഇസ്രായേൽക്കാരാകുന്ന എന്റെ ശാരീരിക സഹോദരന്മാർക്കും ചാർച്ചക്കാർക്കും വേണ്ടി ഞാൻതന്നെ മിശിഹാ മൂലം ഉപഹാരമായിത്തീരുവാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പുത്രത്വവും മഹത്ത്വവും ഉടമ്പടികളും ന്യായപ്രമാണവും ശുശ്രൂഷയും വാഗ്ദത്തങ്ങളും പിതാക്കന്മാരും അവർക്കുള്ളത്. അവരിൽനിന്ന് മിശിഹാ ശാരീരികമായി പ്രത്യക്ഷപ്പെട്ടു. അദ്ദേഹം സർവ്വോപരിസ്ഥനായ ദൈവമാകുന്നു. സ്തുതികളും വന്ദനങ്ങളും അവിടത്തേക്കു ശാശ്വതമായി ഭവിക്കട്ടെ. ആമ്മീൻ.

*(റോമർ 8:31–39)*

*ആകയാൽ ഇവയെക്കുറിച്ച് നാം എന്തു പറയേണ്ടൂ? ദൈവം നമുക്ക് അനുകൂലിയെങ്കിൽ (പിന്നെ) ആരു നമ്മെ പ്രതികൂലിക്കും. അവിടന്ന് സ്വന്തപുത്രനിൽ ദയവു കാണിക്കാതെ, നമുക്കെല്ലാവർക്കുമായി (ആ പുത്രനെ) സമർപ്പിച്ചെങ്കിൽ, സർവ്വവും അവിടത്തോടൊരുമിച്ച് നമുക്ക് എങ്ങനെ നല്കാതിരിക്കും? ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരോട് എതിർത്തു നില്പാൻ ആരുണ്ട്? നീതീകരിക്കുന്നവൻ ദൈവമാകുന്നു. കുറ്റം ചുമത്തുന്നവൻ ആര്? മിശിഹാ മരിക്കയും പുനരുത്ഥാനപ്പെടുകയും ചെയ്തിട്ട് ദൈവത്തിന്റെ വലതുഭാഗത്തിരുന്ന് നമുക്കു വേണ്ടി അപേക്ഷിക്കുന്നു. മിശിഹായുടെ സ്നേഹത്തിൽ നിന്ന് എന്നെ വേർതിരിപ്പാൻ ആരുണ്ട്? ഞെരുക്കമോ? വിലങ്ങോ? പീഡയോ? പട്ടിണിയോ? നഗ്നതയോ? ആപത്തോ? വാളോ? 'അങ്ങയെക്കുറിച്ചു ഞങ്ങൾ നിത്യവും മരിക്കുന്നു. അറക്കുവാനുള്ള ആടുകൾ എന്നപോലെ*

*ഞങ്ങൾ ഗണിക്കപ്പെട്ടു' എന്ന് എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ ഞങ്ങളെ സ്നേഹിച്ചവൻ മൂലം ഇവയിലൊക്കെയും ഞങ്ങൾ വിജയം പ്രാപിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ മരണമാകട്ടെ, ജീവനാകട്ടെ, മാലാഖമാരാകട്ടെ, ശൂൽത്തോനന്മാരാകട്ടെ, ഹൈലന്മാരാകട്ടെ, ഇപ്പോഴുള്ളവയാകട്ടെ, വരുവാനുള്ളവയാകട്ടെ, ഉയരമാകട്ടെ, താഴ്ചയാകട്ടെ, മറ്റൊരു സൃഷ്ടിയാകട്ടെ, (ഇവയിലൊന്നിനും) നമ്മുടെ കർത്താവായ യേശുമിശിഹാ വഴിയായുള്ള ദൈവപ്രേമത്തിൽനിന്ന് എന്നെ വേർപിരിപ്പാൻ കഴികയില്ല എന്ന് എനിക്കു ബോദ്ധ്യമായിരിക്കുന്നു.*

**74**

## ദൈവമാതാവിനോടുള്ള വചനിപ്പു പെരുന്നാൾ (മാർച്ച് 25)

## വി.കുർബ്ബാന

1 യോഹന്നാൻ 3:2–17

വത്സലരേ! നാം ഇപ്പോൾ ദൈവസന്താനങ്ങളാകുന്നു. നാം എന്തായി തീരേണ്ടിയിരിക്കുന്നുവെന്ന് ഇതുവരെ വെളിപ്പെട്ടിട്ടില്ല. അവിടന്ന് വെളിപ്പെടുമ്പോഴാകട്ടെ, നാം തനിക്കു സദൃശരാകുമെന്നും യഥാസ്ഥിതിയിൽ നാം തന്നെ കാണുമെന്നും അറിയുന്നു. അവിടന്നിൽ ഈ പ്രത്യാശയുള്ള ഏവനും താൻ നിർമ്മലനായിരിക്കുന്നതുപോലെതന്നെ സ്വയം നിർമ്മലീകരിക്കുന്നു. പാപം ചെയ്യുന്നവനോ അധർമ്മം ചെയ്യുന്നു. പാപമെല്ലാം അധർമ്മമാകുന്നു. നമ്മുടെ പാപങ്ങളെ വഹിപ്പാൻ അവിടന്നു പ്രത്യക്ഷപ്പെട്ടുവെന്നും തന്നിൽ പാപമില്ലെന്നും നിങ്ങൾക്കറിയാം. തന്നിൽ വസിക്കുന്ന ഒരുവനും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്ന ഒരുവനും അവിടത്തെ കണ്ടിട്ടുള്ളവനല്ല; അറിഞ്ഞിട്ടുള്ളവനുമല്ല. എന്റെ മക്കളേ! ഒരുവനും നിങ്ങളെ വഞ്ചിക്കരുത്. മിശിഹാ ധർമ്മിഷ്ടനാകുന്നപ്രകാരം ധർമ്മം ചെയ്യുന്നവൻ ധർമ്മിഷ്ടനാണ്. പാപം ചെയ്യുന്നവൻ സാത്താനിൽ നിന്നുണ്ടായവനാകുന്നു. എന്തെന്നാൽ സാത്താൻ ആദിമുതലേ പാപിയാകുന്നു. സാത്താന്റെ പ്രവൃത്തികളെ ഇല്ലാതാക്കുവാൻ വേണ്ടി ദൈവപുത്രൻ പ്രത്യക്ഷപ്പെട്ടു. ദൈവത്തിൽ നിന്ന് ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല. എന്തെന്നാൽ അവനിലുള്ളത് അവിടത്തെ ബീജമാകുന്നു. ദൈവത്തിൽ നിന്ന് ജനിച്ചവനാകയാൽ അവനു പാപം ചെയ്യുവാൻ സാദ്ധ്യമല്ല. ഇതിനാൽ ദൈവസന്താനങ്ങൾ സാത്താന്റെ സന്താനങ്ങളിൽ നിന്ന് വേർതിരിക്കപ്പെടുന്നു. ധർമ്മം ആചരിക്കാതെയും സ്വന്തസഹോദരനെ സ്നേഹിക്കാതെയും ഇരിക്കുന്ന ഒരുവനും ദൈവസംബന്ധിയല്ല. ആദിമുതലേ നിങ്ങൾ കേട്ട കല്പന പരസ്പരം സ്നേഹിക്കണമെന്നതാണ

ല്ലോ. ദുഷ്ടസംബന്ധിയും സ്വന്തസഹോദരനെ വധിച്ചവനുമായ കായേനെപ്പോലെ ആകരുത്. എന്തു കാരണം കൊണ്ട് അവൻ സഹോദരനെ വധിച്ചു? അവന്റെ പ്രവൃത്തി അധാർമ്മികവും സഹോദരന്റെ പ്രവൃത്തികൾ ധാർമ്മികവും ആയിരുന്നതുകൊണ്ടല്ലയോ? എന്റെ സഹോദരന്മാരേ! ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ നിങ്ങൾ അത്ഭുതപ്പെടരുത്. സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ മരണത്തെ വിട്ട് ജീവങ്കലേക്കു മാറിയിരിക്കുന്നുവെന്ന് നമുക്കറിയാം. സ്വന്തസഹോദരനെ സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു. സ്വന്തസഹോദരനെ ദ്വേഷിക്കുന്ന ഏവനും കൊലപാതകിയാകുന്നു. കൊലപാതകിയായ ഒരുവനിലും നിത്യജീവന് വസിപ്പാൻ സാധിക്കയില്ലെന്ന് നിങ്ങൾക്കറിയാമല്ലോ. അവിടന്നു നമുക്കു വേണ്ടി സ്വന്തപ്രാണൻ അർപ്പിച്ചതിനാൽ നമ്മോടുള്ള തന്റെ സ്നേഹം നമുക്കറിയാം. നാമും നമ്മുടെ സഹോദരന്മാർക്കു വേണ്ടി നമ്മുടെ പ്രാണനെ അർപ്പിക്കേണ്ടതാകുന്നു. ലൌകികസമ്പാദ്യമുള്ളവൻ സ്വന്തസഹോദരനു മുട്ടുള്ളതായി കണ്ടിട്ട് അവന്റെ നേരെ ദയവു കാണിക്കാതിരുന്നാൽ അവനിൽ ദൈവസ്നേഹം എങ്ങനെയുണ്ടാകും?

എബ്രായർ 6:13–7:10

ദൈവം അബ്രാഹാമിനോടു വാഗ്ദാനം ചെയ്തപ്പോൾ, തന്നെക്കാൾ വലിയവനെക്കൊണ്ട് ശപഥം ചെയ്വാൻ ഇല്ലാതിരുന്നതുകൊണ്ട് തന്നെക്കൊണ്ടുതന്നെ ശപഥം ചെയ്ത് 'ഞാൻ നിന്നെ അനുഗ്രഹിക്കു'മെന്നും 'ഞാൻ നിന്നെ വർദ്ധിപ്പിക്കു'മെന്നും പറഞ്ഞു. അങ്ങനെ അവൻ ദീർഘക്ഷമയോടിരുന്ന് വാഗ്ദത്തഫലം പ്രാപിക്കയും ചെയ്തു. മനുഷ്യരോ തങ്ങളെക്കാൾ വലിയവനെക്കൊണ്ട് ആണയിടുന്നു. തങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന സകല തർക്കങ്ങൾക്കും ആണയാൽ തീർച്ചയായ അവസാനമുണ്ടാക്കുന്നു. തന്റെ വാഗ്ദാനം മാറ്റമില്ലാത്തതാണെന്ന് അതിന്റെ അവകാശികളെ പ്രത്യേകമായി കാണിപ്പാൻ ആഗ്രഹിച്ചിട്ട് അവിടന്ന് ശപഥത്താൽ അതിനെ ഉറപ്പിച്ചു. അത് ദൈവത്തിനു നുണ പറയുവാനാകാത്തതും മാറ്റമില്ലാത്തതുമായ ആ രണ്ടു കാര്യങ്ങളാൽ, തന്നിൽ അഭയം പ്രാപിച്ചവരായ നമുക്ക് വലിയ ആശ്വാസമുണ്ടാകുവാനും നമുക്കായി വാഗ്ദാനം ചെയ്യപ്പെട്ട പ്രത്യാശയെ നാം മുറുകെ പിടിക്കുവാനുമാകുന്നു.

ആ പ്രത്യാശ നമുക്കു നങ്കൂരസദൃശമാണ്. അതു നമ്മുടെ ആത്മാവിനെ ഇളകാതെ പിടിച്ചുകൊണ്ടിരിക്കുന്നു. അതു തിരശ്ശീലയ്ക്കകത്തു പ്രവേശിക്കയും ചെയ്യുന്നു. അവിടെ യേശു നമുക്കു വേണ്ടി മുൻകൂട്ടി പ്രവേശിക്കയും മല്ക്കിസ്ദേക്കിനെപ്പോലെ എന്നേക്കും മഹാപുരോ

ഹിതനായി തീരുകയും ചെയ്തിരിക്കുന്നു.

ഈ മൽക്കിസ്ദേക്ക് ശോലീം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പൂജകനുമാകുന്നു. അബ്രാഹാം രാജാക്കന്മാരെ വധിച്ചിട്ട് തിരിച്ചുവന്നപ്പോൾ മൽക്കിസ്ദേക്ക് അവനെ എതിരേൽക്കുകയും അനുഗ്രഹിക്കയും ചെയ്തു. അബ്രാഹാം കൈവശമുണ്ടായിരുന്ന സകലത്തിലും നിന്ന് അവനു ദശാംശം കൊടുത്തു. മൽക്കിസ്ദേക്ക് എന്ന പേരിന് നീതിനിഷ്ഠനായ രാജാവെന്നും ശോലീംരാജാവെന്നതിന് സമാധാനപാലകനെന്നും അർത്ഥമാകുന്നു. അവന്റെ പിതാവിനെയോ മാതാവിനെയോ ജീവിതാരംഭത്തെയോ ജീവവസാനത്തെയോ കുറിച്ച് വംശാവലിയിൽ എഴുതപ്പെട്ടിട്ടില്ല. ദൈവപുത്രനു സദൃശമായി അവന്റെ പ്രധാനാചാര്യത്വം ശാശ്വതമായിരിക്കുന്നു. പിതാക്കന്മാരുടെ തലവനായ അബ്രാഹാം അവനു ദശാംശങ്ങളും ആദ്യഫലങ്ങളും കൊടുത്തുവെന്നുള്ളതിനാൽ അവൻ എത്ര മഹാനായിരുന്നുവെന്ന് നോക്കുവിൻ! പൌരോഹിത്യം സ്വീകരിച്ചിരുന്ന ലേവിപുത്രന്മാർക്ക് ജനങ്ങളിൽ നിന്ന്, അബ്രാഹാമിന്റെ ഔരസ സന്താനങ്ങളായിരുന്ന സ്വന്തസഹോദരങ്ങളിൽനിന്ന്, ദശാംശം വാങ്ങുവാൻ ന്യായപ്രമാണകല്പനയുണ്ടായിരുന്നു. ആ വംശാവലിയിൽ പേരില്ലാത്തവൻ അബ്രാഹാമിനോടു ദശാംശം വാങ്ങുകയും വാഗ്ദത്തം പ്രാപിച്ച അവനെ അനുഗ്രഹിക്കയും ചെയ്തു. താണവൻ തന്നെക്കാൾ ഉയർന്നവനാൽ അനുഗ്രഹിക്കപ്പെടുന്നുവെന്നുള്ളത് തർക്കമറ്റ സംഗതിയാകുന്നു. ഇവിടെ ദശാംശം വാങ്ങുന്നത് മരണമുള്ള മനുഷ്യരാകുന്നു; അവിടെയോ, ജീവിച്ചിരിക്കുന്നവനെന്ന് തിരുവെഴുത്തിൽ സാക്ഷ്യമുള്ളവനാകുന്നു. ദശാംശം വാങ്ങിക്കൊണ്ടിരുന്ന ലേവിയും അബ്രാഹാം വഴിയായി ദശാംശം കൊടുത്തുവെന്ന് ഒരുവിധത്തിൽ പറയാം. എന്തെന്നാൽ അവന്റെ പിതാവിനെ മൽക്കിസ്ദേക്ക് എതിരേറ്റപ്പോൾ അവൻ ആ പിതാവിന്റെ ഉദരത്തിലുണ്ടായിരുന്നു.

## 75

## ഓശാന ഞായറാഴ്ച

## കുരുത്തോല വാഴ്വിന്റെ ക്രമം

1 യോഹന്നാൻ 2:7-17

പ്രിയരേ! പുതിയ കല്പനയല്ല, ആദി മുതൽ നിങ്ങൾക്കുണ്ടായിരുന്ന പഴയ കല്പനയാണ് ഞാൻ നിങ്ങൾക്കെഴുതുന്നത്. പഴയ കല്പനയോ നിങ്ങൾ കേട്ട വചനമാകുന്നു. വീണ്ടും പുതിയ കല്പന ഞാൻ നിങ്ങൾക്കെഴുതുന്നു. ആ കല്പന അവിടന്നിലും നിങ്ങളിലും

യഥാർത്ഥമായിട്ടുള്ളതാകുന്നു. ഇരുൾ നീങ്ങിപ്പോയി. സത്യപ്രകാശം കാണപ്പെട്ടും തുടങ്ങി. ആയതുകൊണ്ട് പ്രകാശത്തിൽ സ്ഥിതി ചെയ്യുന്നുവെന്ന് പറകയും തന്റെ സഹോദരനെ ദ്വേഷിക്കയും ചെയ്യുന്നവൻ ഇപ്പോഴും ഇരുളിൽ സ്ഥിതിചെയ്യുന്നു. സ്വന്തസഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു. അവനിൽ വിരുദ്ധതയില്ല. സ്വന്തസഹോദരനെ ദ്വേഷിക്കുന്നവനാകട്ടെ ഇരുളിൽ സ്ഥിതി ചെയ്യുന്നു. ഇരുളിൽത്തന്നെ നടക്കുകയും ചെയ്യുന്നു. ഇരുൾ അവന്റെ കണ്ണുകളെ അന്ധമാക്കിയിരിക്കയാൽ താൻ എവിടേക്കു പോകുന്നുവെന്ന് അവൻ അറിയുന്നില്ല. മക്കളേ! അവിടത്തെ നാമം മൂലം നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കയാൽ ഞാൻ നിങ്ങൾക്കെഴുതുന്നു. പിതാക്കന്മാരേ! ആദി മുതൽ ഉണ്ടായിരുന്നവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്കെഴുതുന്നു. യുവാക്കന്മാരേ! നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാൽ ഞാൻ നിങ്ങൾക്കെഴുതുന്നു. പൈതങ്ങളേ! നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്കെഴുതി. പിതാക്കന്മാരേ! നിങ്ങൾ ആദി മുതലുള്ളവനെ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾക്കെഴുതി. യുവാക്കളേ! നിങ്ങൾ ബലവാന്മാരാകയാലും ദൈവവചനം നിങ്ങളിൽ വസിച്ചിരിക്കുന്നതിനാലും ദുഷ്ടനെ ജയിച്ചിരിക്കയാലും ഞാൻ നിങ്ങൾക്കെഴുതി. ലോകത്തെയും അതിലുള്ള യാതൊന്നിനെയും നിങ്ങൾ സ്നേഹിക്കരുത്. എന്തെന്നാൽ ലോകത്തെ സ്നേഹിക്കുന്നവനിൽ പിതാവിന്റെ സ്നേഹമില്ല. എന്തുകൊണ്ടെന്നാൽ ലോകത്തിലുള്ള സകലവും ശാരീരികാഭിലാഷവും നേത്രാഭിലാഷവും ലൌകികാഭിമാനവും ആകുന്നു. അവ പിതാവിൽ നിന്നല്ല; ലോകത്തിൽ നിന്നുണ്ടായവയാണ്. ലോകവും അതിന്റെ അഭിലാഷവും നശ്വരമാണ്. ദൈവഹിതം ആചരിക്കുന്നവനോ, ശാശ്വതനായി സ്ഥിതിചെയ്യുന്നു.

### റോമർ 11:13-24

എന്നാൽ പുറജാതികളായ നിങ്ങളോടു ഞാൻ പറയുന്നു. പുറജാതികളുടെ ശ്ലീഹായായ ഞാൻ, എന്റെ സ്വജനങ്ങളെ ശുഷ്കാന്തിപ്പെടുത്തിയിട്ട് അവരിൽ ചിലരെ രക്ഷിക്കാൻ സാധിച്ചേക്കാം എന്നുവച്ച് എന്റെ സേവനത്തെ പുകഴ്ത്തുന്നു. അവരുടെ വീഴ്ച ലോകത്തിനു രമ്യതയായിത്തീർന്നെങ്കിൽ, അവരുടെ പുനരാഗമനം മരിച്ചവർക്കുള്ള പുനരുത്ഥാനം എന്നുള്ളതല്ലാതെ മറ്റെന്താണ്? ആദ്യഫലം വിശുദ്ധമെങ്കിൽ അതിൽ നിന്ന് ഉത്ഭവിച്ചതും അങ്ങനെതന്നെ (ഇരിക്കും). വേരു വിശുദ്ധമെങ്കിൽ കൊമ്പുകളും അങ്ങനെതന്നെ (ഇരിക്കും). കൊമ്പുകളിൽ ചിലത് കണ്ടിച്ചു കളഞ്ഞിട്ട് അവയുടെ സ്ഥാനങ്ങളിൽ

കാട്ടുസൈത്താകുന്ന നീ ഒട്ടിക്കപ്പെടുകയും (സാക്ഷാൽ) സൈത്തിന്റെ വേരിനും കൊഴുപ്പിനും പങ്കുകാരനായി തീരുകയും ചെയ്തുവെങ്കിൽ (ആ ആദ്യ) കൊമ്പുകളുടെ നേരെ നീ അഹങ്കരിച്ച് അഭിമാനിക്കരുത്. നീ അഹങ്കരിക്കുന്നുവെങ്കിലോ, നീ വേരിനെയല്ല, വേരു നിന്നെയാണു വഹിച്ചിരിക്കുന്നത്. 'ഞാൻ കൊമ്പുകളുടെ സ്ഥാനങ്ങളിൽ ഒട്ടിച്ചു ചേർക്കപ്പെടുവാനായിട്ടാണ് അവ കണ്ടിക്കപ്പെട്ടത് എന്ന് നീ പറയുമായിരിക്കാം. ശരി. അവർ വിശ്വസിക്കായ്കകൊണ്ടാണ് കണ്ടിക്കപ്പെട്ടത്. നീയോ വിശ്വാസംകൊണ്ട് നിലകൊണ്ടു. ഉള്ളിൽ അഹങ്കിക്കാതെ ഭയപ്പെട്ടുകൊൾക. എന്തെന്നാൽ ദൈവം സ്വാഭാവിക കൊമ്പുകളോടു ദയവു ചെയ്തിട്ടില്ലായെങ്കിൽ, നിന്നോടും ദയ ചെയ്യാതിരുന്നേക്കാം. അതുകൊണ്ട് ദൈവത്തിന്റെ ദയയും കാഠിന്യവും കാണുക. വീണുപോയവരോടു കാഠിന്യവും, നിന്നോടു ദയയും തന്നെ. ആ ദയയിൽതന്നെ നീ നിലനിന്നാൽ (കൊള്ളാം). അല്ലെങ്കിൽ നീയും മുറിക്കപ്പെടും. അവർ വിശ്വാസഹീനതയിൽതന്നെ സ്ഥിതിചെയ്യാതിരുന്നാൽ അവരും ഒട്ടിക്കപ്പെടും. എന്തെന്നാൽ വീണ്ടും അവരെ ഒട്ടിച്ചുചേർപ്പാൻ ദൈവം പ്രാപ്തനാകുന്നു. പ്രകൃത്യാ കാട്ടുസൈത്തായതിൽ നിന്ന് മുറിക്കപ്പെട്ട നീ സ്വന്തപ്രകൃതത്തിനു വിരുദ്ധമായ സാക്ഷാൽ സൈത്തിനോട് ഒട്ടിക്കപ്പെട്ടുവെങ്കിൽ, അവർ ഒട്ടിക്കപ്പെട്ടാൽ എത്രയോ നന്നായിരിക്കും.

## വി.കുർബ്ബാന

(കുരുത്തോല വാഴ്‌വിന്റെ വായനകൾ തന്നെ)

*(1 യോഹന്നാൻ 5:1-12)*

*യേശു, മിശിഹായാകുന്നു എന്ന് വിശ്വസിക്കുന്ന ഏവനും ദൈവജാതനാകുന്നു. ജനകനെ സ്നേഹിക്കുന്ന ഏവനും, അവിടന്നിൽ നിന്ന് ജാതനായവനെയും സ്നേഹിക്കുന്നു. നാം ദൈവത്തെ സ്നേഹിക്കയും അവിടത്തെ കല്പനകളെ ആചരിക്കയും ചെയ്യുമ്പോൾ, ഇതിനാൽ, നാം ദൈവസന്താനങ്ങളെയും സ്നേഹിക്കുന്നുവെന്ന് നമുക്കറിയാം. നാം അവിടത്തെ കല്പനകളെ ആചരിക്കുന്നതാണ് ദൈവത്തോടുള്ള സ്നേഹം. അവിടത്തെ കല്പനകൾ ഭാരമേറിയവയല്ല. ദൈവജാതനായ ഏവനും ലോകത്തെ ജയിക്കുന്നു. ലോകവിജയിയായ ജയം നമ്മുടെ വിശ്വാസമാകുന്നു. യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നവനല്ലാതെ മറ്റാരാണ് ലോകത്തെ ജയിക്കുന്നത്? ആ യേശുമിശിഹാ വെള്ളത്താലും രക്തത്താലും (ആത്മാവിനാലും) എഴുന്നള്ളിയവനാണ്. വെള്ളത്താൽ മാത്രമല്ല, വെള്ളത്താലും രക്തത്താലും ആത്മാവിനാലും ആകുന്നു. ആത്മാവു സത്യമാകുന്നു. അതു തന്നെ*

*സാക്ഷ്യം നൽകുന്നു. (സ്വർഗ്ഗത്തിൽ സാക്ഷികൾ മൂന്നുണ്ട്. പിതാവും വചനവും വിശുദ്ധാത്മാവും. അവ മൂന്നും ഒന്നാകുന്നു). ഭൂമിയിൽ സാക്ഷികൾ മൂന്നുണ്ട്. ആത്മാവും വെള്ളവും രക്തവും. അവ മൂന്നും ഏകമായിരിക്കുന്നു. നാം മനുഷ്യസാക്ഷ്യം സ്വീകരിക്കുന്നെങ്കിൽ മഹത്തായ ദൈവസാക്ഷ്യം എത്രയോ അധികമായി സ്വീകരിക്കേണ്ടതാകുന്നു. ദൈവസാക്ഷ്യം അവിടന്ന് സ്വപുത്രനെക്കുറിച്ച് സാക്ഷീകരിച്ചിട്ടുള്ളതുതന്നെയാകുന്നു. ദൈവത്തിന്റെ പുത്രനെ വിശ്വസിക്കുന്ന ഏവന്റെയും ഉള്ളിൽ ഈ സാക്ഷ്യം ഉണ്ട്. ദൈവത്തെ വിശ്വസിക്കാത്ത ഏവനെയും ദൈവം സ്വപുത്രനെക്കുറിച്ച് സാക്ഷിച്ചിട്ടുള്ള സാക്ഷ്യത്തെ വിശ്വസിക്കായ്കയാൽ കള്ളനാക്കി തീർത്തിരിക്കുന്നു. ആ സാക്ഷ്യം, ദൈവം നമുക്കു നിത്യജീവൻ നല്കി; ആ ജീവൻ അദ്ദേഹത്തിന്റെ പുത്രനിൽ സ്ഥിതിചെയ്യുന്നു എന്നുള്ളതാകുന്നു. പുത്രനെ സ്വീകരിച്ചിരിക്കുന്ന ഏവനും ജീവനെയും സ്വീകരിച്ചരിക്കുന്നു. ദൈവപുത്രനെ സ്വീകരിച്ചിട്ടില്ലാത്ത ഒരുവനും ജീവനില്ല.*

*(റോമർ 8:18–25; എഫേസ്യർ 6:1–24)*

*ഈ കാലത്തെ കഷ്ടതകൾ നമ്മിൽ പ്രത്യക്ഷപ്പെടുവാൻ പോകുന്ന മഹത്ത്വത്തോടു തുലനം ചെയ്യത്തക്കവയല്ലെന്ന് ഞാൻ വിചാരിക്കുന്നു. സർവ്വസൃഷ്ടികളും ദൈവപുത്രന്മാരുടെ പ്രത്യക്ഷതയ്ക്ക് ആശയോടെ കാത്തിരിക്കുന്നു. എന്തെന്നാൽ സൃഷ്ടി മായയ്ക്കു കീഴ്പ്പെട്ടത് അതിന്റെ സ്വന്തമനസ്സാലെയല്ല. ദൈവപുത്രന്മാരുടെ മഹത്തരമായ സ്വാതന്ത്ര്യം വഴിയായി, നാശത്തിന്റെ അധീനതയിൽ നിന്ന് വിമുക്തമായിക്കൊള്ളുമെന്നുള്ള പ്രത്യാശയിന്മേൽ, കീഴ്പ്പെടുത്തകയാണുണ്ടായത്.*

*സർവ്വസൃഷ്ടികളും ഇപ്പോഴും നെടുവീർപ്പോടും വേദനയോടും കൂടി ഇരിക്കുന്നുവെന്ന് നാം അറിയുന്നു. അവ മാത്രമല്ല, ആത്മാവിന്റെ ആദ്യവരം ലഭിച്ചവരായ നാമും കൂടി ഉള്ളിൽ നെടുവീർപ്പിട്ടുകൊണ്ട് പുത്രസ്വീകരണത്തിനായി, നമ്മുടെ ശരീരങ്ങളുടെ വീണ്ടെടുപ്പിനായി, കാത്തിരിക്കുന്നു. പ്രത്യാശയോടെയാകുന്നു നാം ജീവിച്ചത്. കാണപ്പെടുന്ന പ്രത്യാശയാകട്ടെ (വാസ്തവത്തിൽ) പ്രത്യാശല്ല; നാം അതിനെ കാണുന്നുണ്ടെങ്കിൽ പിന്നെ എന്തിനു നാം കാത്തിരിക്കുന്നു? കാണപ്പെടാത്തതിനെ പ്രത്യാശിക്കയാണെങ്കിൽ നാം അതിനായി ക്ഷമയോടിരിക്കുന്നു.*

*എഫേ. 6:1–24*

*ബാലന്മാരേ! നിങ്ങൾ കർത്താവിനെ ഓർത്ത് നിങ്ങളുടെ മാതാപിതാക്കന്മാരെ അനുസരിപ്പിൻ. എന്തെന്നാൽ അതു നീതിയാകുന്നു.*

*'നിനക്കു നന്മ വരുവാനും നീ ഭൂമിയിൽ ദീർഘായുസ്സായിരിപ്പാനുമായി നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക' എന്നുള്ളത് പ്രതിജ്ഞയോടുകൂടിയ പ്രഥമകല്പനയാകുന്നു. പിതാക്കന്മാരേ! നിങ്ങൾ സ്വസന്താനങ്ങളെ കോപിപ്പിക്കാതെ കർത്താവിന്റെ ശിക്ഷണവും ഉപദേശവുംകൊണ്ട് വളർത്തുവിൻ. ദാസന്മാരേ! മിശിഹായെ എന്നപോലെതന്നെ സ്വന്തശാരീരിക യജമാനന്മാരെ ഭയത്തോടും വിറയലോടും പരമാർത്ഥഹൃദയത്തോടും കൂടി അനുസരിപ്പിൻ. നിങ്ങൾ മനുഷ്യർക്കു കാണുവാൻ തക്കവിധം പ്രസാദിപ്പിച്ചാൽ പോരാ. പിന്നെയോ, ദൈവഹിതം അനുഷ്ഠിക്കുന്ന മിശിഹാദാസന്മാരെപ്പോലെ വേണം. മനുഷ്യർക്ക് എന്നപോലെയല്ല; കർത്താവിന് എന്നപോലെ നിങ്ങൾ പൂർണ്ണഹൃദയത്തോടുകൂടി സ്നേഹപൂർവ്വം അവർക്കു ശുശ്രൂഷ നടത്തുവിൻ. ദാസനായാലും സ്വതന്ത്രനായാലും ഓരോരുവൻ ചെയ്യുന്ന നന്മയ്ക്ക് കർത്താവിൽ നിന്ന് പ്രതിഫലം ലഭിക്കുമെന്ന് നിങ്ങളറിയണം. യജമാനന്മാരേ! നിങ്ങൾക്കും യജമാനൻ സ്വർഗ്ഗത്തിൽ ഉണ്ടെന്നും അവിടത്തേക്കു പക്ഷപാതമില്ലെന്നും നിങ്ങൾക്കറിയാവുന്നതുകൊണ്ട് അങ്ങനെതന്നെ നിങ്ങളുടെ ദാസന്മാരോടു പ്രവർത്തിക്കയും അവരുടെ കുറ്റം ക്ഷമിക്കയും ചെയ്വിൻ.*

*ഇനിയും എന്റെ സഹോദരന്മാരേ! നമ്മുടെ കർത്താവിനാലും അവിടത്തെ മഹാബലത്താലും നിങ്ങൾ ശക്തി പ്രാപിപ്പിൻ. ആകെൽക്കറുസ്സായുടെ തന്ത്രങ്ങളെ എതിർത്തുനില്പാൻ പ്രാപ്തരാകേണ്ടതിന് സകല ദൈവികായുധങ്ങളെയും ധരിച്ചുകൊൾവിൻ. എന്തെന്നാൽ നിങ്ങളുടെ പോരാട്ടം മാംസത്തോടോ രക്തത്തോടോ അല്ല. അർക്കോസന്മാരോടും ശാലീത്തോനന്മാരോടും അന്ധകാരമയമായ ഇഹലോകത്തിലെ അധിപന്മാരോടും ആകാശത്തിൻകീഴുള്ള ദുരാത്മാക്കളോടും ആകുന്നു. അതുകൊണ്ട് ദുഷ്ടനോട് എതിർത്തുനില്പാൻ പ്രാപ്തരാകേണ്ടതിനും സർവ്വഥാ ഒരുങ്ങിനില്ക്കേണ്ടതിനുമായി സകല ദൈവികായുധങ്ങളും ധരിച്ചുകൊൾവിൻ. നിങ്ങൾ എഴുന്നേൽക്കുവിൻ. സത്യംകൊണ്ട് അര മുറുക്കുവിൻ. നീതിയാകുന്ന പടച്ചട്ട ധരിപ്പിൻ. സമാധാനപരമായ ഏവൻഗേലിയോനു വേണ്ടിയുള്ള ഒരുക്കത്തെ നിങ്ങൾ കാലുകൾക്കു ചെരിപ്പാക്കുവിൻ. ദുഷ്ടന്റെ ആഗ്നേയാസ്ത്രങ്ങളെയെല്ലാം കെടുത്തുവാൻ പ്രാപ്തരാകേണ്ടതിന് ഇവയ്ക്കു പുറമേ വിശ്വാസമാകുന്ന പരിച നിങ്ങൾ എടുക്കുവിൻ. രക്ഷയാകുന്ന പടത്തൊപ്പി ധരിക്കയും ദൈവവചനമാകുന്ന ആത്മീയവാൾ പിടിക്കയും ചെയ്വിൻ. സകല പ്രാർത്ഥനകളാലും സകല അപേക്ഷകളാലും സദാ ആത്മനാ പ്രാർത്ഥിപ്പിൻ. സകല വിശുദ്ധന്മാർക്കും വേണ്ടി ഇടവിടാതെ പ്രാർത്ഥി*

*ക്കയും അപേക്ഷിക്കയും ചെയ്തുകൊണ്ട് എല്ലാ നേരവും പ്രാർത്ഥന യിൽതന്നെ ജാഗരിക്കുവിൻ. ഞാൻ ശ്രംഖലാബന്ധത്തോടുകൂടി ഏതൊ ന്നിന്റെ സ്ഥാനാപതിയായിരിക്കുന്നുവോ, ആ സുവിശേഷമർമ്മത്തെ പരസ്യമായി ഉദ്ഘോഷിക്കുവാനും, ഞാൻ സംസാരിക്കേണ്ടുംവിധം സധൈര്യം സംസാരിപ്പാനും തക്കവിധം, വായ് തുറക്കുമ്പോൾ എനിക്കു വചനം ലഭിക്കുവാൻ, എനിക്കു വേണ്ടിയും പ്രാർത്ഥിപ്പിൻ. എന്റെ വസ്തുതയും പ്രവൃത്തിയും, വത്സലസഹോദരനും കർത്താ വിന്റെ വിശ്വസ്തശുശ്രൂഷകനുമായ തുക്കീക്കോസ് വേണ്ടുംവിധം നിങ്ങളെ അറിയിക്കും. എന്റെ വസ്തുത നിങ്ങൾ അറിവാനും നിങ്ങ ളുടെ ഹൃദയങ്ങളെ ആശ്വസിപ്പിക്കുവാനും തന്നെയാകുന്നു നിങ്ങളുടെ അടുക്കലേക്ക് ഞാൻ ഇവനെ അയയ്ക്കുന്നത്. പിതാവായ ദൈവത്തിൽ നിന്നും നമ്മുടെ കർത്താവായ യേശുമിശിഹായിൽ നിന്നും സഹോദ രന്മാർക്കു സമാധാനവും വിശ്വാസപൂർവ്വമായ സ്നേഹവും ഉണ്ടാക ട്ടെ. നമ്മുടെ കർത്താവായ യേശുമിശിഹായെ അക്ഷയമായി സ്നേഹി ക്കുന്ന എല്ലാവരിലും കൃപ ഉണ്ടാകുമാറാകട്ടെ. ആമ്മീൻ.*

**76**

## ഹാശായുടെ തിങ്കൾ

### പ്രഭാതം

പ്രവൃത്തി 25:6-12

പെസ്തോസ് ഊർശ്ലേമിൽ എട്ടോ പത്തോ ദിവസം താമസിച്ചശേഷം കേസറിയായിലേക്കു പോയി. പിറ്റേ ദിവസം അവൻ ന്യായാസനത്തിൽ ഇരുന്ന് പൌലോസിനെ കൊണ്ടുവരുവാൻ കല്പിച്ചു. അദ്ദേഹം വന്ന പ്പോൾ ഊർശ്ലേമിൽ നിന്ന് വന്ന യീഹൂദന്മാർ ചുറ്റും നിന്നുകൊണ്ട് തങ്ങൾക്കു തെളിയിപ്പാൻ കഴിയാത്തവയായ പല കഠിനകുറ്റങ്ങൾ അദ്ദേ ഹത്തിന്റെ മേൽ ആരോപിച്ചു. പൌലോസ് യീഹൂദന്മാരുടെ ന്യായപ്ര മാണത്തോടാകട്ടെ കേസറിനോടാകട്ടെ താൻ ഒരു കുറ്റവും ചെയ്തി ട്ടില്ല എന്ന് പ്രതിവദിച്ചപ്പോൾ, പെസ്തോസ് യീഹൂദന്മാർക്കു ഗുണം ചെയ്വാൻ ആഗ്രഹിക്കുന്നതുകൊണ്ട് പൌലോസിനോട് 'നിനക്ക് ഊർശ്ലേമിൽ പോകുന്നതും അവിടെ വച്ച് എന്റെ മുമ്പാകെ ഈ സംഗ തികളക്കുറിച്ച് വിസ്തരിക്കുന്നതും സമ്മതമാണോ' എന്ന് ചോദിച്ചു. പൌലോസ് 'ഞാൻ കേസറിന്റെ ന്യായാസനത്തിങ്കൽ നിൽക്കുന്നു. ഇവിടെത്തന്നെയാകുന്നു ഞാൻ വിസ്തരിക്കപ്പെടേണ്ടത്. അങ്ങേക്കു നല്ലവണ്ണം അറിയാവുന്നപ്രകാരം ഞാൻ യീഹൂദന്മാരോട് ഒരു കുറ്റവും ചെയ്തിട്ടില്ല. ഞാൻ കുറ്റമോ, മരണയോഗ്യമായ വല്ലതുമോ പ്രവർത്തി ച്ചിട്ടുണ്ടെങ്കിൽ, മരണത്തിൽ നിന്നൊഴിയാനാവശ്യപ്പെടുന്നില്ല. എന്നാൽ

ഇവരാരോപിക്കുന്ന കുറ്റമൊന്നും എന്നിലില്ലെങ്കിൽ, ആരും എന്നെ അവർക്കു വെറുതെ ഏല്പിച്ചുകൊടുക്കുന്നതല്ല. ഞാൻ കേസറിനെ അഭയം പ്രാപിക്കുന്നു' എന്ന് ഉത്തരം പറഞ്ഞു. അപ്പോൾ പെസ്തോസ് തന്റെ ആലോചനക്കാരുമായി സംസാരിച്ചിട്ട് 'നീ കേസറിനെ അഭയം പ്രാപിച്ചുവല്ലോ. കേസറിന്റെ അടുക്കലേക്കുതന്നെ പോകാം' എന്ന് പറഞ്ഞു.

എബ്രായർ 1:6–2:4

പിന്നെയും, തന്റെ പ്രഥമപുത്രനെ ലോകത്തിലേക്ക് ആനയിച്ചപ്പോൾ 'ദൈവദൂതന്മാരെല്ലാവരും അവനെ വന്ദിക്കും' എന്നും പറഞ്ഞിരിക്കുന്നു. മാലാഖമാരെ കുറിച്ച് 'അവിടന്ന് മാലാഖമാരെ ആത്മമാത്രന്മാരായും സേവകരെ അഗ്നിജ്വാലയായും സൃഷ്ടിച്ചു' എന്നിങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. പുത്രനെ കുറിച്ചോ: 'ദൈവമേ! നിന്റെ സിംഹാസനം ശാശ്വതമായത്. നിന്റെ രാജദണ്ഡ് നീതിയുള്ള ചെങ്കോൽ. നീ നീതിയെ സ്നേഹിക്കയും അനീതിയെ ദ്വേഷിക്കയും ചെയ്തിരിക്കയാൽ, നിന്റെ ദൈവം നിന്റെ സഖാക്കളെ കവിഞ്ഞ് ആനന്ദതൈലംകൊണ്ട് ദൈവമായി നിന്നെ അഭിഷേകം ചെയ്തു.' 'ആദിയിൽ നീ ഭൂമിയുടെ അടിസ്ഥാനമിട്ടു; ആകാശം നിന്റെ കൈവേലയാകുന്നു. ഇവ നശിച്ചുപോകും; നീ നിലനില്ക്കും. അവയെല്ലാം വസ്ത്രംപോലെ പഴകിപ്പോകും. ഒരു പുതപ്പു പോലെ അവയെ നീ മടക്കും. അവയ്ക്കു മാറ്റം സംഭവിക്കും. നീ യഥാസ്ഥിതിയിൽതന്നെയിരിക്കും. നിന്റെ വത്സരങ്ങൾ അവസാനിക്കയില്ല' എന്നും പറഞ്ഞിരിക്കുന്നു. ' ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുന്നതുവരെ നീ എന്റെ വലതുഭാഗത്ത് ഇരിക്കുക' എന്ന് അവിടന്ന് മാലാഖമാരിൽ ആരോടെങ്കിലും എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ? അവരെല്ലാം രക്ഷാർഹരായി ഭവിക്കുന്നവരുടെ പരിചരണത്തിനായി അയയ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ?

ആകയാൽ വീണുപോകാതിരിക്കുവാൻ, കേട്ടിട്ടുള്ള കാര്യങ്ങളിൽ പ്രത്യേകം സൂക്ഷ്മതയുള്ളവരായിരിപ്പാൻ നാം ചുമതലപ്പെട്ടവരാകുന്നു. മാലാഖമാരാൽ പറയപ്പെട്ട വചനം യഥാർത്ഥമാക്കപ്പെടുകയും അതു കേട്ട ശേഷം ധിക്കരിച്ചവനെല്ലാം നീതിയുക്തമായ പ്രതിഫലം അനുഭവിക്കയും ചെയ്തിട്ടുണ്ടെങ്കിൽ, നമ്മുടെ കർത്താവ് സംസാരിക്കാൻ തുടങ്ങിയതും അവിടന്നിൽനിന്ന് കേട്ടവർ നമ്മിൽ ഉറപ്പിച്ചിട്ടുള്ളതുമായ നമ്മുടെ രക്ഷാവിഷയങ്ങളെ അഗണ്യമാക്കിയാൽ നമുക്ക് എങ്ങനെ രക്ഷപെടാൻ കഴിയും? അടയാളങ്ങളാലും അദ്ഭുതങ്ങളാലും പലവിധ ശക്തിപ്രവർത്തനങ്ങളാലും തിരുഹിതാനുസരണം നല്കിയ

പരിശുദ്ധാത്മാവാലും അവയെ ദൈവം സാക്ഷ്യപ്പെടുത്തിയിട്ടുള്ളവ യാണ്.

## 77

## ഹാശായുടെ ചൊവ്വ

### പ്രഭാതം

1 യോഹന്നാൻ 1:1–10

ആദിമുതൽ ഉണ്ടായിരുന്നവനും, ഞങ്ങൾ കേൾക്കുകയും, സ്വന്ത കണ്ണുകളാൽ കാണുകയും, ഞങ്ങൾ നോക്കുകയും, സ്വന്തകൈകളാൽ സ്പർശിക്കുകയും ചെയ്ത, ജീവവചനമാകുന്നവനെപ്പറ്റി ഞങ്ങൾ നിങ്ങ ളോടറിയിക്കുന്നു. (ആ) ജീവൻ പ്രത്യക്ഷപ്പെട്ടു. ഞങ്ങൾ കണ്ടു. ഞങ്ങൾ സാക്ഷികളുമാകുന്നു. പിതാവിങ്കൽ ആയിരുന്നതും ഞങ്ങൾക്കു പ്രത്യ ക്ഷപ്പെട്ടതുമായ നിത്യജീവനെ ഞങ്ങൾ നിങ്ങളുടെ അടുക്കൽ പ്രസം ഗിക്കുന്നു. നിങ്ങൾക്ക് ഞങ്ങളോടു സംബന്ധമുണ്ടാകുവാനായി ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തിട്ടുള്ളത് നിങ്ങളോട് അറി യിക്കുന്നു. ഞങ്ങളുടെ സംബന്ധമോ പിതാവിനോടും അവിടത്തെ പുത്രനായ യേശുമിശിഹായോടുമാകുന്നു. നിങ്ങളിലുള്ള ഞങ്ങളുടെ സന്തോഷം പൂർണ്ണമായിരിക്കുവാൻവേണ്ടി ഇവയെ നിങ്ങൾക്ക് എഴു തുന്നു. ഞങ്ങൾ അവിടന്നിൽനിന്ന് കേട്ടതും നിങ്ങളോട് അറിയിക്കു ന്നതുമായ സുവിശേഷം ഇതാകുന്നു: ദൈവം പ്രകാശമാകുന്നു; അവിടന്നിൽ അന്ധകാരം അശേഷമില്ല. 'ഞങ്ങൾക്ക് അവിടത്തോടു സംബന്ധമുണ്ട്' എന്ന് നാം പറയുകയും അന്ധകാരത്തിൽ ചരിക്കു കയും ചെയ്യുന്നുവെങ്കിൽ നാം നുണയന്മാരാകുന്നു; സത്യത്തിൽ നടക്കുന്നവരല്ല. അവിടന്ന് പ്രകാശത്തിൽ ആയിരിക്കുന്നതുപോലെ നാമും പ്രകാശത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു പരസ്പരസംബ ന്ധമുണ്ട്. അവിടത്തെ പുത്രനായ യേശുവിന്റെ രക്തം സകല പാപ ങ്ങളിലുംനിന്ന് നമ്മെ ശുദ്ധീകരിക്കുന്നു. നമുക്കു പാപമില്ലെന്ന് പറ ഞ്ഞാൽ നാം ആത്മവഞ്ചന ചെയ്കയാകുന്നു. നമ്മിൽ സത്യമില്ലാതാ വുകയും ചെയ്യും. നാം നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ, നമ്മുടെ പാപങ്ങളെ ക്ഷമിപ്പാനും സകല അധർമ്മങ്ങളിലുംനിന്ന് നമ്മെ ശുദ്ധീകരിപ്പാനും തക്കവിധം അവൻ വിശ്വസ്തനും നീതിമാനുമാകു ന്നു. *നാം പാപം ചെയ്തിട്ടില്ലെന്ന് പറയുന്നുവെങ്കിൽ നാം അവിടത്തെ നുണയനാക്കുന്നു. അവിടത്തെ വചനം നമ്മിൽ ഇല്ലാതെയുമാകുന്നു.*

എബ്രായർ 2:5–18

നാം പ്രസ്താവിക്കുന്ന ഭാവിലോകത്തെ അവിടന്നു മാലാഖമാർക്കു

കീഴ്പ്പെടുത്തിയിട്ടില്ല. 'നിന്നാൽ സ്മരിക്കപ്പെടുവാൻ തക്കവിധം മനുഷ്യരാര്? നിന്നാൽ ദർശിക്കപ്പെടുവാൻ തക്കവിധം മനുഷ്യസന്താനവും എന്ത്? നീ അവനെ മാലാഖമാരിൽ നിന്ന് അല്പം താഴ്ത്തി. മഹത്ത്വവും ബഹുമാനവും അവനെ ചൂടിച്ചു. സ്വഹസ്തസൃഷ്ടികളിൽ നീ അവനെ അധികാരപ്പെടുത്തി. സകലവും നീ അവന്റെ ചുവട്ടടിയിലാക്കുകയും ചെയ്തു' എന്നിങ്ങനെ ഗ്രന്ഥം സാക്ഷ്യം നൽകുന്നു. സകലത്തെയും കീഴ്പ്പെടുത്തി എന്നുള്ളതുകൊണ്ട് കീഴ്പ്പെടാത്തതായി ഒന്നും വിട്ടിട്ടില്ല. എന്നാൽ ഇപ്പോൾ ഇതുവരെയും സകലവും അവിടത്തേക്കു കീഴ്പ്പെട്ടിരിക്കുന്നതായി നാം കാണുന്നില്ല. മാലാഖമാരിൽ നിന്ന് അല്പം താണവൻ യേശുവാണെന്ന് മരണകഷ്ടത നിമിത്തം നാം അറിയുന്നു. അവിടത്തെ മഹത്ത്വവും ബഹുമാനവും ചൂടിച്ചിരിക്കുന്നു. ദൈവം സ്വന്തകൃപയാൽ സകലർക്കും വേണ്ടി മരണം അനുഭവിച്ചുവല്ലോ. സർവ്വവും സ്വന്തകൈയിൽ വഹിച്ചിരിക്കുന്നവനും സകലത്തെയും നിലനിറുത്തുന്നവനും, അനേകം സന്താനങ്ങളെ സ്വപ്രഭാവത്തിലേക്കു ആനയിച്ചവനുമായവന് അവരുടെ രക്ഷാനാഥനെ കഷ്ടതാനുഭവങ്ങൾകൊണ്ട് പൂരിപ്പിക്കേണ്ടത് ഉചിതമായിരുന്നു. ശുദ്ധികർത്താവും ശുദ്ധീകൃതരും സർവ്വവും ഒരുവനിൽനിന്നുണ്ടായവരാണ്. അതുകൊണ്ട് അവരെ തന്റെ സഹോദരന്മാരെന്ന് വിളിപ്പാൻ അവിടന്ന് ലജ്ജിച്ചില്ല. 'ഞാൻ നിന്റെ നാമത്തെക്കുറിച്ച് എന്റെ സഹോദരന്മാരെ അറിയിക്കും. സഭയുടെ നടുവിൽ ഞാൻ നിന്നെ മഹത്ത്വപ്പെടുത്തും' എന്നും 'ഞാൻ അവനെ ശരണം പ്രാപിക്കും' എന്നും 'ഇതാ ഞാനും, ദൈവം എനിക്കു നല്കിയ പുത്രന്മാരും' എന്നും അവിടന്നു പറഞ്ഞു. സന്താനങ്ങൾ രക്തമാംസങ്ങൾ ചേർന്നവരായിരുന്നതുകൊണ്ട് അവിടന്നും അതുപോലെതന്നെ അവയോട് ചേർന്നു. അതു മരണാധികാരിയായ സാത്താനെ സ്വന്തമരണത്താൽ ഇല്ലായ്മ ചെയ്വാനും ആയുഷ്കാലം മുഴുവൻ മരണഭീതിയാൽ അടിമത്തത്തിന് അധീനരായിരുന്നവരെ മോചിപ്പിക്കുവാനുമായിരുന്നു. അവിടന്ന് മാലാഖമാരുടെ (പ്രകൃതിയെ) അല്ല, അബ്രാഹാമിന്റെ സന്തതിയുടെ പ്രകൃതിയെ അത്രേ സ്വീകരിച്ചത്. ആകയാൽ കാരുണ്യവാനും ദൈവകാര്യങ്ങളിൽ വിശ്വസ്ത മഹാപുരോഹിതനും ആയിരിപ്പാനും ജനങ്ങളുടെ പാപങ്ങൾക്കു പരിഹാരം വരുത്തുവാനും തക്കവിധം അവിടത്തേക്ക് സകലത്തിലും സ്വന്തസഹോദരന്മാരോടു സദൃശ്യപ്പെടേണ്ടിയിരുന്നു. അവിടന്ന് കഷ്ടതയനുഭവിക്കയും പരീക്ഷിക്കപ്പെടുകയും ചെയ്തതുകൊണ്ട് പരീക്ഷിക്കപ്പെടുന്നവരെ സഹായിപ്പാൻ ശക്തിയുള്ളവനാകുന്നു.

## 78

# ഹാശായുടെ ബുധൻ

## പ്രഭാതം

പ്രവൃത്തി 9:22-31

ശാവോലോ അധികം ശക്തി പ്രാപിച്ച് 'യേശു തന്നെയാകുന്നു മിശിഹാ' എന്ന് തെളിയിച്ചുകൊണ്ട് ദർമ്മസൂക്കിൽ പാർത്തിരുന്ന യീഹൂദന്മാരെ ഇളക്കി. ഇങ്ങനെ ദിവസങ്ങൾ വളരെ കഴിഞ്ഞു. യീഹൂദന്മാർ അവനെ വധിക്കുവാനായി ഒരു ചതിവു ചെയ്‌വാൻ ആലോചിച്ചു. അവനെ ചതിവിൽ വധിക്കുവാൻ വേണ്ടി അവർ രാവും പകലും പട്ടണവാതില്ക്കൽ കാത്തുനിന്നിരുന്ന വിവരം അവന് അറിവു കിട്ടി. ശിഷ്യന്മാർ അവനെ രാത്രിയിൽ ഒരു കുട്ടയിലാക്കി കോട്ടമതിൽ കടത്തിവിട്ടു. പിന്നെ അവൻ ഊർശ്ലേമിൽ പോയി ശിഷ്യന്മാരോട് ചേരുവാനാഗ്രഹിച്ചു. എന്നാൽ അവരെല്ലാവരും 'ഇവൻ ഒരു ശിഷ്യൻതന്നെ' എന്ന് വിശ്വസിക്കാതെ ഭയപ്പെട്ടു. എന്നാൽ ബർന്നാബാ അവനെ ശ്ലീഹന്മാരുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോയി. വഴിയിൽ വച്ച് അവൻ കർത്താവിനെ കണ്ടതും കർത്താവ് അവനോടു സംസാരിച്ചതും ദർമ്മസൂക്കിൽ അവൻ-യേശുവിന്റെ നാമത്തിൽ-പരസ്യമായി സംസാരിച്ചതും വിശദമായി പറഞ്ഞു കേൾപ്പിക്കയും ചെയ്തു. പിന്നെയും അവൻ ഊർശ്ലേമിൽ അവരുടെ ഇടയിൽ വന്നുംപോയുമിരുന്നു. യേശുവിന്റെ നാമത്തിൽ പരസ്യമായി പ്രസംഗിക്കയും യവനഭാഷ അറിയാവുന്ന യീഹൂദന്മാരോട് വാദപ്രതിവാദം നടത്തുകയും ചെയ്തിരുന്നു. യീഹൂദന്മാർ അവനെ വധിക്കുവാൻ ആഗ്രഹിച്ചു. സഹോദരന്മാർ അതറിഞ്ഞ് രാത്രിയിൽ അവനെ കേസറിയായിലേക്കു കൊണ്ടുപോയി. അവിടെ നിന്ന് തർസോസിലേക്കും അയച്ചു. എങ്കിലും യീഹൂദിലെയും ഗ്ലീലായിലെയും ശൊമറീനിലെയും സഭയ്ക്കു സമാധാനമുണ്ടായിരുന്നു. അവ അഭിവൃദ്ധിപ്പെട്ടും ദൈവഭക്തിയിൽ ചരിച്ചും പരിശുദ്ധാത്മാവിന്റെ ആശ്വസനത്താൽ വർദ്ധിച്ചും വന്നു.

*(പ്രവൃത്തി 19:21-41)*

*അനന്തരം പൌലോസ് മക്കേദൂനിയ മുഴുവനും ആഖായായിലും ചുറ്റിസഞ്ചരിക്കണമെന്നും പിന്നീട് ഊർശ്ലേമിലേക്കു പോകണമെന്നും അവിടെ ചെന്നതിനു ശേഷം റോമയും കൂടി കാണണമെന്നും നിശ്ചയിച്ചു. അവൻ തനിക്കു ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നവരിൽ തീമോത്തേയോസ്, ആറീസ്തോസ് എന്നീ രണ്ടുപേരെ അയച്ചിട്ട് കുറെക്കാലം ആസ്യായിൽ താമസിച്ചു.*

*എന്നാൽ ആയിടയ്ക്ക് ദൈവമാർഗ്ഗത്തെക്കുറിച്ച് അവിടെ ഒരു വലിയ ബഹളമുണ്ടായി. ദിമിത്രിയോസ് എന്ന് പേരുള്ള ഒരു തട്ടാൻ അവിടെയുണ്ടായിരുന്നു. അവൻ അർത്തേമീസ് ദേവിക്കു വെള്ളികൊണ്ട് ക്ഷേത്രങ്ങളുണ്ടാക്കി സ്വന്തതൊഴിൽക്കാർക്ക് വലിയ ആദായം വരുത്തിക്കൊണ്ടിരുന്നു. അവൻ ആ തൊഴിൽക്കാരെയും അവരോടുകൂടി വേല ചെയ്തിരുന്നവരെയും എല്ലാം ഒരുമിച്ചു വിളിച്ചുകൂട്ടിയിട്ട് അവരോട് ഇപ്രകാരം പറഞ്ഞു: 'മനുഷ്യരേ! നമ്മുടെ ആദായമെല്ലാം ഈ വേലയിൽ നിന്നാണെന്ന് നിങ്ങൾക്കറിയാമല്ലോ. ഈ പൌലോസ് മനുഷ്യഹസ്തങ്ങളാൽ ഉണ്ടാക്കപ്പെടുന്ന ദേവന്മാർ, ദേവന്മാരല്ല എന്ന് പറഞ്ഞുകൊണ്ട് എപ്പേസോസുകാരെ മാത്രമല്ല, ആസ്യാ മുഴുവനെയും സമ്മതിപ്പിച്ച് മറിച്ചുകളഞ്ഞുവെന്നുള്ളത് നിങ്ങൾ കണ്ടിട്ടും കേട്ടിട്ടുമുള്ളതാണല്ലോ. അങ്ങനെ നമ്മുടെ തൊഴിൽ ആക്ഷേപിക്കപ്പെട്ട് നിന്നുപോയേക്കും. മാത്രമല്ല, മഹാദേവിയായ ആർത്തേമീസിന്റെ ക്ഷേത്രം നിസ്സാരമായി ഗണിക്കപ്പെടുകയും ആസ്യ മുഴുവനും സകല ജാതികളും വന്ദിക്കുന്ന ഈ ദേവി നിന്ദിക്കപ്പെടുകയും ചെയ്യും.' ഇതു കേട്ട് അവർ കോപാവിഷ്ടരായി, 'എപ്പേസോസ്കാരുടെ ആർത്തേമീസ് വലിയവകളാകുന്നു' എന്ന് ഉച്ചസ്വരത്തിൽ വിളിച്ചുപറഞ്ഞു. പട്ടണമെല്ലാം ക്ഷോഭിച്ചു. അവർ ഓടിച്ചെന്ന് പൌലോസിന്റെ സഹചരന്മാരും മക്കേദൂനിയാക്കാരുമായ ഗായോസിനേയും ആറിസ്തർക്കോസിനെയും പിടിച്ചുകൊണ്ട് രംഗസ്ഥലത്തേക്കു പോന്നു.*

*പൌലോസ് രംഗസ്ഥലത്ത് പ്രവേശിപ്പാൻ ആഗ്രഹിച്ചപ്പോൾ ശിഷ്യന്മാർ തടുത്തു. ആസ്യായിലെ പ്രധാനികൾ അവന്റെ സ്നേഹിതന്മാരായിരുന്നു. അതുകൊണ്ട് അവരും ആളയച്ച് താൻ രംഗസ്ഥലത്ത് പ്രവേശിപ്പാൻ തുനിയരുതെന്നപേക്ഷിച്ചു. രംഗസ്ഥലത്തുണ്ടായിരുന്ന പുരുഷാരം എത്രയും ക്ഷോഭിച്ചിരുന്നതുകൊണ്ട് പലരും പല വിധത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അവരിൽ അധികംപേരും എന്തിനാണ് വന്നുകൂടിയതെന്നുപോലും അറിഞ്ഞിരുന്നില്ല. അവിടെയുണ്ടായിരുന്ന യീഹൂദജനങ്ങൾ, തങ്ങളുടെ കൂട്ടത്തിൽ നിന്ന് അലെക്സന്ത്രോസ് എന്ന് പേരുള്ള ഒരു യീഹൂദനെ നിർദ്ദേശിക്കയാൽ അവൻ എഴുന്നേറ്റ് ആംഗ്യം കാണിച്ചിട്ട് ജനങ്ങളോട് പ്രതിവാദിപ്പാൻ തുടങ്ങി. അവൻ യീഹൂദനെന്നറിഞ്ഞപ്പോൾ അവരെല്ലാവരും കൂടി ഏകദേശം രണ്ടു മണിക്കൂർ നേരത്തേക്ക് 'എപ്പേസോസുകാരുടെ അർത്തേമീസ് വലിയവളാകുന്നു' എന്ന് ഐകകണ്ഠ്യമായി അട്ടഹസിച്ചു. പട്ടണത്തിലെ അധികാരി ഇപ്രകാരം പറഞ്ഞുകൊണ്ട് അവരെ സമാധാനപ്പെടുത്തി. 'എപ്പേസൂസ്കാരായ മനുഷ്യരേ! എപ്പേസോസുകാരുടെ നഗരി വലി*

*യവളായ അർത്തേമീസിന്റെ പരിചാരികയാണെന്നുള്ളതും അവളുടെ ബിംബം ആകാശത്ത് നിന്നിറങ്ങിയതാണെന്നുള്ളതും അറിയാത്തവൻ മനുഷ്യരിൽ ആരെങ്കിലുമുണ്ടോ. അതുകൊണ്ട് ഇതിന് എതിരു പറവാൻ ആർക്കും കഴിയാത്തതിനാൽ നിങ്ങൾ തിടുക്കമായി ഒന്നും ചെയ്യാതെ അടങ്ങിപ്പാർക്കേണ്ടതാകുന്നു. നിങ്ങൾ പിടിച്ച ഇവർ ക്ഷേത്രങ്ങളെ കൊള്ളചെയ്യുകയോ ദേവിയെ ദുഷിക്കയോ ചെയ്തവരല്ല. എന്നാൽ ഈ ദിമിത്രിയോസിനും അവന്റെ കൂട്ടുകാർക്കും വല്ലവനുമായി വ്യവഹരിക്കേണ്ടതുണ്ടെങ്കിൽ, ഇതാ പട്ടണത്തിൽ ദേശാധിപതിയുണ്ട്. അവർ ചെന്ന് പരസ്പരം വ്യവഹരിക്കട്ടെ. മറ്റു വല്ലതുമാണാവശ്യമെങ്കിൽ, ന്യായപ്രമാണത്താൽ സ്വീകരിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തുവച്ച് സംഘത്താൽ തീരുമാനിക്കപ്പെടാവുന്നതാണ്. കലഹകാരികൾ എന്നപോലെ ശിക്ഷിക്കപ്പെടുവാൻ തക്കവിധം അപകടത്തിലാണ് ഇപ്പോൾ നമ്മുടെ നില. ഇന്നത്തെ ഇക്കൂട്ടത്തെ സംബന്ധിച്ചു സമാധാനം പറയുവാൻ നമുക്കു നിവൃത്തിയില്ല. എന്തെന്നാൽ നാം അനാവശ്യമായി കൂടുകയും, കാരണം കൂടാതെ ക്ഷോഭിക്കയും ചെയ്തിരിക്കുന്നു.' ഇങ്ങനെ പറഞ്ഞ് അവൻ സംഘത്തെ പിരിച്ചുവിട്ടു.*

കൊലോസ്യർ 1:9–15

ആകയാൽ അതു കേട്ട നാൾ മുതൽ നിങ്ങൾ ന്യായാനുസരണം വർത്തിക്കാനും, സകല സൽപ്രവൃത്തികളാലും നിങ്ങൾ ദൈവഹിതാനുവർത്തികളായി തീർന്ന് ഫലം പുറപ്പെടുവിക്കാനും, ദൈവിക ജ്ഞാനത്താൽ വളർന്നു വരുവാനും, സർവ്വസഹിഷ്ണുയോടും ദീർഘശാന്തതയോടുംകൂടി അവിടത്തെ മഹാമഹിമയനുസരിച്ച് സർവ്വ ശക്തികളാലും ശക്തമായിത്തീരുവാനും, പ്രകാശത്തിൽ പരിശുദ്ധന്മാർക്കുള്ള അവകാശത്തിന്റെ ഓഹരിക്കു നമ്മെ യോഗ്യരാക്കി തീർക്കുകയും, അന്ധകാരത്തിന്റെ അധികാരത്തിൽ നിന്ന് നമ്മെ രക്ഷിക്കയും, തന്റെ വത്സലപുത്രന്റെ രാജ്യത്തിലേക്കു നമ്മെ നയിക്കുകയും ചെയ്ത പിതാവായ ദൈവത്തെ സന്തോഷത്തോടെ നിങ്ങൾ സ്തോത്രം ചെയ്‌വാനുമായി, ആത്മാവിന്റെ സകല ജ്ഞാനത്തോടും സകല വിവേകത്തോടും കൂടി ദൈവഹിതത്തെകുറിച്ചുള്ള അറിവുകൊണ്ട് നിങ്ങൾ നിറയുവാൻ തക്കവിധം, നിങ്ങൾക്കു വേണ്ടി ഞങ്ങൾ ഇടവിടാതെ പ്രാർത്ഥിക്കയും അപേക്ഷിക്കയും ചെയ്യുന്നു. ആ വത്സലപുത്രൻ മൂലം നമുക്കു രക്ഷയും പാപമോചനവും ഉണ്ടാകുന്നു. അവിടന്ന് അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വ സൃഷ്ടികൾക്കും ആദ്യനും ആകുന്നു.

*(കൊലോസ്യർ 1:9–23)*

*ആകയാൽ അതു കേട്ട നാൾ മുതൽ നിങ്ങൾ ന്യായാനുസരണം വർത്തിക്കാനും, സകല സൽപ്രവൃത്തികളാലും നിങ്ങൾ ദൈവഹിതാനുവർത്തികളായി തീർന്ന് ഫലം പുറപ്പെടുവിക്കാനും, ദൈവിക ജ്ഞാനത്താൽ വളർന്നു വരുവാനും, സർവ്വസഹിഷ്ണുയോടും ദീർഘശാന്തതയോടുംകൂടി അവിടത്തെ മഹാമഹിമയനുസരിച്ച് സർവ്വ ശക്തികളാലും ശക്തമായിത്തീരുവാനും, പ്രകാശത്തിൽ പരിശുദ്ധന്മാർക്കുള്ള അവകാശത്തിന്റെ ഓഹരിക്കു നമ്മെ യോഗ്യരാക്കി തീർക്കുകയും അന്ധകാരത്തിന്റെ അധികാരത്തിൽ നിന്ന് നമ്മെ രക്ഷിക്കയും തന്റെ വത്സലപുത്രന്റെ രാജ്യത്തിലേക്കു നമ്മെ നയിക്കുകയും ചെയ്ത പിതാവായ ദൈവത്തെ സന്തോഷത്തോടെ നിങ്ങൾ സ്തോത്രം ചെയ്‌വാനുമായി ആത്മാവിന്റെ സകല ജ്ഞാനത്തോടും സകല വിവേകത്തോടും കൂടി ദൈവഹിതത്തെകുറിച്ചുള്ള അറിവുകൊണ്ട് നിങ്ങൾ നിറയുവാൻ തക്കവിധം നിങ്ങൾക്കു വേണ്ടി ഞങ്ങൾ ഇടവിടാതെ പ്രാർത്ഥിക്കയും അപേക്ഷിക്കയും ചെയ്യുന്നു. ആ വത്സലപുത്രൻ മൂലം നമുക്കു രക്ഷയും പാപമോചനവും ഉണ്ടാകുന്നു. അവിടന്ന് അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വ സൃഷ്ടികൾക്കും ആദ്യനും ആകുന്നു.*

*സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലവും, ദൃശ്യവും അദൃശ്യവുമായതൊക്കെയും, അവിടന്ന് സൃഷ്ടിച്ചു. മൌത്ബേന്മാരെയും മോറാവോസന്മാരെയും അർക്കോസന്മാരെയും ശുൽത്തോനന്മാരെയും സകലരെയും അവിടന്ന് അവിടത്തേക്കു വേണ്ടി സൃഷ്ടിച്ചു. അവിടന്ന് സകലത്തിനും ആദ്യനാകുന്നു. അവിടന്നു മൂലം സകലവും നിലനിൽക്കുന്നു. അവിടന്ന് സകലത്തിലും ആദ്യനായിരിക്കത്തക്കവണ്ണം തലവനും മരിച്ചവരുടെ ഇടയിൽനിന്നുള്ള ആദ്യജാതനും ആകയാൽ സഭയാകുന്ന ശരീരത്തിന്റെ തലയുമാകുന്നു. അവിടന്നിൽ സർവ്വസംപൂർണ്ണതയും സ്ഥിതിചെയ്‌വാനും അവിടന്നു മൂലം സകലവും തന്നിൽ രമ്യതപ്പെടുത്തുവാനും (പിതാവ്) ആഗ്രഹിച്ചു. ഭൂമിയിലുള്ളതിനെയും സ്വർഗ്ഗത്തിലുള്ളതിനെയും അവിടന്നു മുഖാന്തരം, അവിടത്തെ കുരിശിന്റെ രക്തത്താൽ, സമാധാനപ്പെടുത്തുകയും ചെയ്തു.*

*മുമ്പ് ദുഷ്കർമ്മങ്ങൾ മൂലം മനസ്സുകൊണ്ട് അന്യന്മാരും ശത്രുക്കളും ആയിരുന്ന നിങ്ങളെയും തന്റെ മാംസശരീരംകൊണ്ടും മരണംകൊണ്ടും ഇപ്പോൾ സമാധാനപ്പെടുത്തി. അത് നിങ്ങൾ ദൃഢമായ അസ്തിവാരത്തോടുകൂടി, സ്വർഗ്ഗത്തിനു കീഴുള്ള സർവ്വ സൃഷ്ടികളുടെയിടയിലും പ്രസംഗിക്കപ്പെട്ടിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുള്ളതും, പൌലോസായ*

*ഞാൻ ശുശ്രൂഷിക്കുന്നതുമായ ഏവൻഗേലിയോന്റെ ബന്ധത്തിൽ അചഞ്ചലരായി, (ഇങ്ങനെ) നിങ്ങൾ വിശ്വാസത്തിൽ സുസ്ഥിരരായി നിന്നാൽ, നിർമ്മലരും നിഷ്കളങ്കരുമായ വിശുദ്ധരായി തന്റെ മുമ്പാകെ നിങ്ങളെ നിറുത്തിക്കൊള്ളുവാൻ വേണ്ടിയാകുന്നു.*

**79**

## പെസഹാ

## വി.കുർബ്ബാന

പ്രവൃത്തി 1:15–20

അപ്പോൾ അവിടെ നൂറ്റിയിരുപതുപേരോളം ചേർന്ന ഒരാൾക്കൂട്ടമുണ്ടായിരുന്നു. ശെമവൂൻകീപ്പാ ശിഷ്യന്മാരുടെ മദ്ധ്യത്തിൽ (എഴുന്നേറ്റു) നിന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'സഹോദരന്മാരായ മനുഷ്യരേ! യേശുവിനെ ബന്ധിച്ചവർക്കു മാർഗ്ഗദർശിയായിത്തീർന്ന യീഹൂദായെക്കുറിച്ച് പരിശുദ്ധാത്മാവിനാൽ, ദാവീദു മുഖാന്തരം, മുൻകൂട്ടി അറിയിക്കപ്പെട്ടിട്ടുള്ള വചനം നിവർത്തിക്കപ്പെടേണ്ടതു തന്നെയായിരുന്നു. അവനും ഞങ്ങളോടുകൂടെ എണ്ണപ്പെട്ടിട്ടുള്ളവനും ശുശ്രൂഷയുടെ പങ്കുള്ളവനുമായിരുന്നു. അവൻ അധർമ്മത്തിന്റെ പ്രതിഫലം കൊടുത്ത് ഒരു നിലം വാങ്ങിച്ചു. കമിഴ്ന്നടിച്ചു നിലത്തു വീണു. നടുവേ പിളർന്ന് കുടൽ മുഴുവൻ പുറത്തു ചാടി. ഈ സംഗതി ഊർശ്ലേം നിവാസികൾ എല്ലാവരും അറിഞ്ഞു. ദേശഭാഷയിൽ ആ നിലത്തിന് ഹക്കൽദ്മൊ എന്ന് പേരുണ്ടായി. രക്തനിലം എന്നാകുന്നു അതിന്റെ അർത്ഥം. 'അവന്റെ ഭവനം ശൂന്യമായി തീരട്ടെ; അതിലാരും വസിക്കാതിരിക്കട്ടെ; അവന്റെ ഉദ്യോഗം മറ്റൊരാൾ കൈയേല്ക്കട്ടെ' എന്നിങ്ങനെ സങ്കീർത്തനപുസ്തകത്തിലും എഴുതപ്പെട്ടിരിക്കുന്നു.

1 കൊരിന്ത്യർ 11:23–34

ഞാൻ നിങ്ങളെ ഏല്പിച്ചിട്ടുള്ളത് നമ്മുടെ കർത്താവിൽ നിന്ന് എനിക്കു കിട്ടിയിട്ടുള്ളതാണ്. അതെന്തെന്നാൽ, നമ്മുടെ കർത്താവായ യേശു ഏല്പിക്കപ്പെട്ട രാത്രിയിൽ അപ്പം എടുത്തു വാഴ്ത്തി മുറിച്ചിട്ട് 'നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ; ഇതു നിങ്ങൾക്കു വേണ്ടി മുറിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. എന്റെ ഓർമ്മയ്ക്കായിട്ട് ഇപ്രകാരം നിങ്ങൾ ചെയ്തുകൊൾവിൻ' എന്ന് പറഞ്ഞു. അപ്രകാരംതന്നെ അത്താഴം കഴിഞ്ഞതിന്റെ ശേഷം പാനപാത്രം കൊടുത്തിട്ട് 'ഈ പാനപാത്രം എന്റെ രക്തംകൊണ്ടുള്ള പുതിയനിയമം ആകുന്നു. എന്റെ ഓർമ്മയ്ക്കായിട്ട് നിങ്ങൾ കുടിക്കുമ്പോഴൊക്കെയും ഇപ്രകാരം ചെയ്തുകൊൾവിൻ' എന്ന് പറഞ്ഞു. നിങ്ങൾ ഈ അപ്പം ഭക്ഷിക്കയും ഈ പാനപാത്ര

ത്തിൽ (നിന്ന്) പാനം ചെയ്കയും ചെയ്യുമ്പോഴെല്ലാം നമ്മുടെ കർത്താവിന്റെ മരണത്തെ, അവിടത്തെ വരവു വരെ, ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട് അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കയും അവിടത്തെ പാനപാത്രത്തിൽ നിന്ന് കുടിക്കയും ചെയ്യുന്നവൻ കർത്താവിന്റെ രക്തവും ശരീരവും സംബന്ധിച്ച് കുറ്റക്കാരനാകുന്നു. അതുകൊണ്ട് ആരായാലും സ്വയം പരിശോധിച്ചതിനു ശേഷം വേണം ഈ അപ്പം ഭക്ഷിക്കയും ഈ പാനപാത്രത്തിൽ നിന്ന് കുടിക്കയും ചെയ്വാൻ. എന്തെന്നാൽ, അയോഗ്യതയോടെ അതു ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നവന് കർത്താവിന്റെ ശരീരത്തെ വിവേചിക്കായ്കയാൽ അത് കുറ്റകരമായി തീരുന്നു. ഇതു നിമിത്തം നിങ്ങളിൽ പലരും രോഗികളും ബലഹീനരുമായി തീരുന്നു. നിദ്രയിലാകുന്നവരും വളരെയുണ്ട്. നാം ആത്മവിചാരണ നടത്തിയിരുന്നെങ്കിൽ ശിക്ഷിക്കപ്പെടുകയില്ലായിരുന്നു. നാം നമ്മുടെ കർത്താവിനാൽ വിസ്തരിക്കപ്പെടുമ്പോഴോ, ലോകത്തോടുകൂടി ദണ്ഡവിധി അനുഭവിക്കാതിരിപ്പാൻ ശിക്ഷിക്കപ്പെടും. സഹോദരന്മാരേ! ഇനി നിങ്ങൾ ഭക്ഷണത്തിന് ഒരുമിച്ചു കൂടുമ്പോൾ അന്യോന്യം കാത്തിരിപ്പിൻ. നിങ്ങൾ ഒരുമിച്ചു കൂടുന്നത് ശിക്ഷാർഹമായി തീരാതിരിപ്പാനായി വിശപ്പുള്ളവൻ തന്റെ വീട്ടിൽവച്ച് ഭക്ഷിച്ചുകൊള്ളട്ടെ. ശേഷം കാര്യങ്ങളെക്കുറിച്ച് ഞാൻ വന്നിട്ട് ആജ്ഞാപിച്ചുകൊള്ളാം.

*(1 കൊരിന്ത്യർ 5:1-8; 1 കൊരിന്ത്യർ 11:23-34)*

*1 കൊരി. 5:1-8*

*നിങ്ങളുടെ ഇടയിൽ വ്യഭിചാരമുള്ളതായി തീർച്ചയായി കേൾക്കുന്നു. പുത്രനു തന്റെ പിതൃഭാര്യയെ പ്രാപിക്കാമെന്നുള്ളിടത്തോളം-ഇങ്ങനെയുള്ള വ്യഭിചാരവൃത്തി-പുറജാതികളുടെ ഇടയിൽ പോലും കേട്ടിട്ടില്ല. (എന്നിട്ടും) നിങ്ങൾ അഭിമാനത്തോടെ ഇരിക്കുന്നു. ഈ പ്രവൃത്തി ചെയ്തവൻ നിങ്ങളുടെ ഇടയിൽ നിന്ന് നീക്കപ്പെടുവാൻ നിങ്ങൾ പ്രത്യേകിച്ചു വ്യസനിച്ചുമില്ല. ഞാൻ ശീരീരികമായി നിങ്ങളിൽ നിന്ന് അകന്നും (എന്നാൽ) ആത്മീയമായി നിങ്ങളോടടുത്തും സ്ഥിതിചെയ്യുന്നവനാകയാൽ അടുത്തിരിക്കുന്നവനെന്നപോലെ അങ്ങനെ ചെയ്തവനെക്കുറിച്ച് ഇപ്രകാരം വിധി കല്പിച്ചിരിക്കുന്നു. നമ്മുടെ കർത്താവായ യേശുമിശിഹായുടെ നാമത്തിൽ നിങ്ങളെല്ലാവരും ഒരുമിച്ചു കൂടണം. അവിടത്തെ ശക്തിയോടുകൂടി ആത്മീയമായി ഞാനും നിങ്ങളോടുകൂടി ഉണ്ടായിരിക്കും. കർത്താവായ യേശുമിശിഹായുടെ ദിവസത്തിൽ ആത്മരക്ഷ ലഭിപ്പാൻ വേണ്ടി അവന്റെ ശരീരത്തെ നശിപ്പിക്കുവാൻ തക്കവിധം അവനെ നിങ്ങൾ സാത്താനായി*

*വിട്ടുകൊടുക്കണം. നിങ്ങളുടെ അഹംഭാവം നന്നല്ല; 'അല്പം പുളിച്ച മാവ്, മാവു മുഴുവനെയും പുളിപ്പിക്കുന്നു' എന്ന് നിങ്ങൾക്കറിഞ്ഞുകൂടയോ? നിങ്ങൾ പുളിക്കാത്തവരായിരിക്കുന്നപ്രകാരം പുതിയമാവ് ആകേണ്ടതിന് പഴയ പുളിച്ചമാവിനെ നിങ്ങളിൽ നിന്ന് നീക്കിക്കളവിൻ. എന്തുകൊണ്ടെന്നാൽ നമ്മുടെ പെസഹാ നമുക്കു വേണ്ടി അറുക്കപ്പെട്ട മിശിഹായാകുന്നു. അതുകൊണ്ട് നാം പഴയ പുളിച്ചമാവുകൊണ്ടല്ല; തിന്മയും ദുഷ്ടതയും ആകുന്ന പുളിച്ചമാവുകൊണ്ടുമല്ല; വെടിപ്പും വിശുദ്ധിയുമാകുന്ന പുളിച്ചമാവുകൊണ്ടാകുന്നു പെരുന്നാൾ ആചരിക്കേണ്ടത്.*

*1 കൊരി. 11:23–34 മുകളിൽ കാണുക*

## കാൽ കഴുകലിന്റെ ക്രമം

1 പത്രോസ് 3:17–22

നിങ്ങൾ ദുഷ്പ്രവൃത്തി ചെയ്യുമ്പോഴല്ല, സത്പ്രവൃത്തികൾ ചെയ്യുമ്പോൾ, ഞെരുക്കങ്ങൾ അനുഭവിക്കണമെന്നാണ് ദൈവഹിതമെങ്കിൽ, അതു നിങ്ങൾക്കു ഗുണകരമാകുന്നു. എന്തെന്നാൽ നിങ്ങളെ ദൈവത്തോടു സമീപിപ്പിക്കുവാൻ തക്കവിധം, പാപികൾക്കു വേണ്ടി, നീതിമാനായ മിശിഹായും നമ്മുടെ പാപങ്ങൾക്കു വേണ്ടിത്തന്നെ ഒരു പ്രാവശ്യം മരിച്ചു. അവിടന്ന് ശാരീരികമായി മരിക്കയും ആത്മികമായി ജീവിക്കയും ചെയ്തു. പണ്ട് നോഹിന്റെ കാലത്ത് അനുതാപത്തിലുള്ള പ്രത്യാശ മൂലമായി പെട്ടകമുണ്ടാകട്ടെ എന്ന് ദൈവത്തിന്റെ ദീർഘസഹിഷ്ണുത കല്പിച്ചതിനെ അനുസരിക്കാതിരുന്നവരും പാതാളത്തിൽ ബന്ധിക്കപ്പെട്ടിരുന്നവരുമായ ആത്മാക്കളോട് അവിടന്ന് പ്രസംഗിച്ചു. ആ പെട്ടകത്തിൽ എട്ടാളുകൾ മാത്രമാണ് പ്രവേശിക്കയും വെള്ളത്തിൽനിന്ന് രക്ഷ പ്രാപിക്കയും ചെയ്തത്. അതിന് സദൃശമായിത്തന്നെ നിങ്ങളും മാമോദീസാ മൂലം രക്ഷ പ്രാപിക്കുന്നു. അത് അഴുക്കിൽ നിന്ന് ശരീരത്തെ കഴുകുന്നതുകൊണ്ടല്ല. നിർമ്മലമായ മനഃസാക്ഷിയോടുകൂടി ദൈവത്തെയും യേശുമിശിഹായുടെ പുനരുത്ഥാനത്തെയും ഏറ്റുപറയുന്നതുകൊണ്ടാകുന്നു. അവിടന്ന് സ്വർഗ്ഗത്തിൽ പ്രവേശിച്ച് ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. മാലാഖമാരും ശാലീത്തോനന്മാരും ഹൈലാവോസന്മാരും അവിടത്തേക്കു കീഴ്പ്പെടുകയും ചെയ്തു.

എബ്രായർ 10:21–29

ദൈവഭവനത്തിൽ അദ്ധ്യക്ഷനായി ഒരു മഹാപുരോഹിതനും നമുക്കുണ്ട്. ആകയാൽ തളിക്കപ്പെട്ട ഹൃദയത്തോടെ ദുർമ്മനസ്സാക്ഷിയിൽ

നിന്ന് നിർമ്മലീകൃതരായും, ശരീരം വിശുദ്ധജലത്താൽ കഴുകപ്പെട്ടവരായും, സത്യഹൃദയത്തോടും വിശ്വാസപ്രത്യാശയോടും കൂടി നാം അവിടത്തെ സമീപിക്കണം. നമ്മുടെ പ്രത്യാശയാകുന്ന വിശ്വാസത്തിൽ നാം ദൃഢമായി സ്ഥിതിചെയ്യണം; വ്യതിചലിക്കരുത്. നമ്മോടു വാഗ്ദാനം ചെയ്തവൻ വിശ്വസ്തനാകുന്നു. സ്നേഹത്തിനും സത്പ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ നാം അന്യോന്യം സൂക്ഷിക്കണം. ചിലർ ചെയ്യാറുള്ളതു പോലെ നമ്മുടെ സഭായോഗത്തെ നാം ഉപേക്ഷിക്കരുത്. ആ ദിവസം അടുത്തുവെന്ന് നിങ്ങൾ കാണുംതോറും അധികമായി പരസ്പരം പ്രബോധിപ്പിക്കുവിൻ.

ഒരുവൻ സത്യജ്ഞാനം കൈക്കൊണ്ടതിനു ശേഷം, മനഃപൂർവ്വം പാപം ചെയ്താൽ, പിന്നെ പാപരിഹാർത്ഥം അർപ്പിക്കപ്പെടുവാൻ ബലിയില്ല. ഭയങ്കരമായ ന്യായവിധിയും ശത്രുക്കളെ ഭക്ഷിച്ചുകളയുന്ന ക്രോധാഗ്നിയും വരുവാൻ പോകുന്നു. മൂശയുടെ ന്യായപ്രമാണത്തെ ലംഘിച്ചവൻ, രണ്ടുമൂന്നു സാക്ഷികളുടെ വാക്കിന്മേൽ നിഷ്കരുണം മരണം പ്രാപിക്കുന്നുവെങ്കിൽ, ദൈവപുത്രനെ ചവിട്ടിക്കളകയും, തന്നെ ശുദ്ധീകരിച്ച അവിടത്തെ നിയമരക്തത്തെ സാധാരണക്കാരുടേതുപോലെ ഗണിക്കയും, കൃപാപരമായ ആത്മാവിനെ അപമാനിക്കയും ചെയ്തവൻ, എത്ര കൂടുതലായി ശിക്ഷ അനുഭവിക്കുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?

*(എബ്രായർ 10:19-29)*

*എബ്രാ. 10:19-20*

*ആകയാൽ എന്റെ സഹോദരന്മാരേ! യേശുവിന്റെ രക്തത്താൽ വിശുദ്ധസ്ഥലത്തേക്കുള്ള പ്രവേശനത്തിന് മുഖപ്രസന്നതയും, അവിടത്തെ ശരീരമാകുന്ന തിരശ്ശീലയാൽ ഇപ്പോൾ നമുക്കായി പുതുക്കിയ രക്ഷാമാർഗ്ഗവും നമുക്കുണ്ട്.*

*ദൈവഭവനത്തിൽ അദ്ധ്യക്ഷനായി ഒരു മഹാപുരോഹിതനും നമുക്കുണ്ട്. ആകയാൽ തളിക്കപ്പെട്ട ഹൃദയത്തോടെ ദുർമ്മനസ്സാക്ഷിയിൽ നിന്ന് നിർമ്മലീകൃതരായും, ശരീരം വിശുദ്ധജലത്താൽ കഴുകപ്പെട്ടവരായും, സത്യഹൃദയത്തോടും വിശ്വാസപ്രത്യാശയോടും കൂടി നാം അവിടത്തെ സമീപിക്കണം. നമ്മുടെ പ്രത്യാശയാകുന്ന വിശ്വാസത്തിൽ നാം ദൃഢമായി സ്ഥിതിചെയ്യണം; വ്യതിചലിക്കരുത്. നമ്മോടു വാഗ്ദാനം ചെയ്തവൻ വിശ്വസ്തനാകുന്നു. സ്നേഹത്തിനും സത്പ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ നാം അന്യോന്യം സൂക്ഷിക്കണം. ചിലർ ചെയ്യാറുള്ളതു പോലെ നമ്മുടെ സഭായോഗത്തെ നാം ഉപേക്ഷിക്കരുത്. ആ ദിവസം അടുത്തുവെന്ന് നിങ്ങൾ കാണുംതോറും*

*അധികമായി പരസ്പരം പ്രബോധിപ്പിക്കുവിൻ.*

*ഒരുവൻ സത്യജ്ഞാനം കൈക്കൊണ്ടതിനു ശേഷം, മനഃപൂർവ്വം പാപം ചെയ്താൽ, പിന്നെ പാപരിഹാർത്ഥം അർപ്പിക്കപ്പെടുവാൻ ബലിയില്ല. ഭയങ്കരമായ ന്യായവിധിയും ശത്രുക്കളെ ഭക്ഷിച്ചുകളയുന്ന ക്രോധാഗ്നിയും വരുവാൻ പോകുന്നു. മൂശയുടെ ന്യായപ്രമാണത്തെ ലംഘിച്ചവൻ, രണ്ടുമൂന്നു സാക്ഷികളുടെ വാക്കിന്മേൽ നിഷ്കരുണം മരണം പ്രാപിക്കുന്നുവെങ്കിൽ, ദൈവപുത്രനെ ചവിട്ടിക്കളകയും, തന്നെ ശുദ്ധീകരിച്ച അവിടത്തെ നിയമരക്തത്തെ സാധാരണക്കാരുടേതുപോലെ ഗണിക്കയും, കൃപാപരമായ ആത്മാവിനെ അപമാനിക്കയും ചെയ്തവൻ, എത്ര കൂടുതലായി ശിക്ഷ അനുഭവിക്കുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?*

**80**

## ദുഃഖവെള്ളിയാഴ്ച

### പ്രഭാതം

പ്രവൃത്തി 22:30–23:16

പിറ്റേ ദിവസം യീഹൂദന്മാർ അവന്റെ മേൽ ചുമത്തുന്ന കുറ്റം എന്താണെന്ന് സൂക്ഷ്മമായി അറിവാൻ ആഗ്രഹിച്ച് സഹസ്രാധിപതി അവനെ അഴിച്ചുവിടുകയും പ്രധാനാചാര്യന്മാരും പ്രധാനികളുടെ സഭ ആകമാനവും വരുവാൻ കല്പിക്കയും ചെയ്തു. അനന്തരം പൌലോസിനെ കൊണ്ടുവന്ന് അവരുടെ മുമ്പിൽ നിറുത്തി.

പൌലോസ് ആ സഭയെ ഉറ്റുനോക്കിക്കൊണ്ട് 'എന്റെ സഹോദരന്മാരായ മനുഷ്യരേ! ഞാൻ ഇന്നേവരെ എല്ലാവിധത്തിലും ഉത്തമമായ മനഃസാക്ഷിയോടുകൂടി ദൈവസമക്ഷത്തിൽ നടന്നിരിക്കുന്നു' എന്ന് പറഞ്ഞു. അപ്പോൾ ആചാര്യനായ ഹാനനിയ തന്റെ അരികെ നിന്നിരുന്നവരോട് അവന്റെ മുഖത്തടിപ്പാൻ കല്പിച്ചു. പൌലോസ് അവനോട് 'വെള്ള തേക്കപ്പെട്ട ചുവരേ! ദൈവം നിന്നെ ശിക്ഷിക്കട്ടെ. ന്യായപ്രമാണപ്രകാരം വിസ്തരിപ്പാനിരിക്കുന്ന നീ അതിനെ ലംഘിച്ച് എന്നെ അടിപ്പാൻ കല്പിക്കുന്നുവോ' എന്ന് ചോദിച്ചു. അവിടെ നിന്നിരുന്നവർ അവനോട് 'ദൈവികാചാര്യനെ ദുഷിക്കുന്നുവോ' എന്ന് ചോദിച്ചു. പൌലോസ് 'എന്റെ സഹോദരന്മാരേ! അദ്ദേഹം ആചാര്യനാണെന്ന് ഞാനറിഞ്ഞില്ല. നീ നിന്റെ ജാതിത്തലവനെ ശപിക്കരുത് എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ' എന്ന് പറഞ്ഞു. ജനങ്ങളിൽ ചിലർ സാദൂക്യപക്ഷക്കാരും ചിലർ പ്രീശപക്ഷക്കാരും ആകുന്നുവെന്നറിഞ്ഞ് പൌലോസ് 'സഹോദരന്മാരേ! ഞാൻ ഒരു പ്രീശന്റെ പുത്രനായ പ്രീശനാകുന്നു.

മരിച്ചവരുടെ പുനരുത്ഥാനത്തിലുള്ള പ്രത്യാശ നിമിത്തം ഞാൻ ന്യായ വിസ്താരത്തിലകപ്പെട്ടിരിക്കുന്നു' എന്ന് ആ കൂട്ടത്തോട് വിളിച്ചുപറ ഞ്ഞു. അപ്പോൾ പ്രീശന്മാരും സാദൂക്യരും തമ്മിൽ ഇടഞ്ഞു, പുരു ഷാരം ഭിന്നിച്ചു. എന്തെന്നാൽ സാദൂക്യർ പുനരുത്ഥാനവും മാലാഖ മാരും ആത്മാവും ഇല്ലെന്ന് പറയുന്നു. പ്രീശന്മാരാകട്ടെ അവയെല്ലാം ഉണ്ടെന്നു സമ്മതിക്കുന്നു. ഇങ്ങനെ ഒരു വലിയ കോലാഹലം ഉണ്ടാ യപ്പോൾ പ്രീശന്മാരുടെ ഭാഗത്തുനിന്ന് ചില ശാസ്ത്രജ്ഞന്മാർ എഴു ന്നേറ്റു വാദിക്കയും 'ഈ മനുഷ്യനിൽ ഞങ്ങൾ യാതൊരു ദോഷവും കാണുന്നില്ല, ആത്മാവോ, മാലാഖായോ, അവനോടു സംസാരിച്ചെ ങ്കിൽ അതിലെന്താണുള്ളത്' എന്ന് പറകയും ചെയ്തു. (ഇങ്ങനെ) കലഹം ഊർജ്ജിതമായപ്പോൾ പൌലോസ് പിളർക്കപ്പെട്ടേക്കുമോ എന്ന് ഭയപ്പെട്ടിട്ട് അവരുടെ നടുവിൽ ചെന്ന് അവനെ പിടിച്ച് പാളയ ത്തിലേക്കു കൊണ്ടുപോകുവാൻ സഹസ്രാധിപൻ പടയാളികളെ കല്പി ച്ചയച്ചു. രാത്രിയായപ്പോൾ കർത്താവ് പൌലോസിന് പ്രത്യക്ഷപ്പെട്ട് അവനോട് 'നീ ധൈര്യമവലംബിക്കുക. എപ്രകാരം ഊർശ്ലേമിൽ നീ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയതുപോലെതന്നെ റൂമിയിലും സാക്ഷ്യപ്പെടുത്തേണ്ടിയിരിക്കുന്നു എന്ന് പറഞ്ഞു. പ്രഭാതമായപ്പോൾ യീഹൂദന്മാരിൽ ചിലർ ഒരുമിച്ചുകൂടി പൌലോസിനെ വധിക്കാതെ തങ്ങൾ ഭക്ഷിക്കയോ പാനം ചെയ്കയോ ഇല്ലെന്ന് ശപഥം ചെയ്തു. ഇങ്ങനെ ശപഥം ചെയ്തവർ നാല്പതുപേരിലധികമുണ്ടായിരുന്നു. അവർ ആചാര്യന്മാരുടെയും കാശീശന്മാരുടെയും അടുക്കൽചെന്ന് 'പൌലോസിനെ വധിക്കാതെ, യാതൊന്നും ആസ്വദിക്കയില്ലെന്ന് ഞങ്ങൾ കഠിനശപഥം ചെയ്തിരിക്കുന്നു. (അതിനാൽ) ഇപ്പോൾ നിങ്ങളും സംഘാലയപ്രമാണികളുംകൂടി അവന്റെ സംഗതി സൂക്ഷ്മ മായി പരിശോധിപ്പാൻ ഭാവിക്കുന്ന മട്ടിൽ അവനെ അടുക്കൽ കൊണ്ടു വരുവാൻ സഹസ്രാധിപനോടു അപേക്ഷിപ്പിൻ. നിങ്ങളുടെ അടുക്ക ലേക്കു എത്തുംമുമ്പേതന്നെ അവനെ വധിപ്പാനാണ് ഞങ്ങൾ ഒരുങ്ങി യിരിക്കുന്നത്' എന്ന് പറഞ്ഞു. പൌലോസിന്റെ സഹോദരിപുത്രൻ ഈ ചതിവു മനസ്സിലാക്കി പാളയത്തിൽ പ്രവേശിച്ച് പൌലോസിനെ അറിയിച്ചു.

### 1 കൊരിന്ത്യർ 1:18-31

നശിച്ചവർക്ക് കുരിശ് എന്ന വാക്ക് ഭോഷത്വമാണ്. രക്ഷിതരായ നമുക്കോ അതു ദൈവശക്തിയുമാകുന്നു. എന്തെന്നാൽ 'ഞാൻ ജ്ഞാനികളുടെ ജ്ഞാനത്തെ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ ആലോ ചനയെ ദുർബ്ബലപ്പെടുത്തുകയും ചെയ്യും' എന്ന് എഴുതപ്പെട്ടിരിക്കു

ന്നു. ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? ഇഹത്തിലെ താർക്കികനും എവിടെ? ഇതാ, ദൈവം ഐഹികജ്ഞാനത്തെ മൂഢത്വമാക്കില്ലയോ? എന്തെന്നാൽ സ്വന്തജ്ഞാനം കാരണമായി, ദൈവികജ്ഞാനം വഴിക്ക് ലോകം ദൈവത്തെ അറിയാത്തതതിനാൽ, വിശ്വാസികളെ പ്രസംഗമെന്ന ഭോഷത്വം മൂലമായി രക്ഷിക്കണമെന്ന് ദൈവം നിശ്ചയിച്ചു. യീഹൂദന്മാർ അടയാളങ്ങൾ ആവശ്യപ്പെടുന്നു. വീജാതിയർ ജ്ഞാനം അന്വേഷിക്കുന്നു. ഞങ്ങളോ കുരിശിൽ തറയ്ക്കപ്പെട്ട മിശിഹായെക്കുറിച്ചു പ്രസംഗിക്കുന്നു. അത് യീഹൂദന്മാർക്ക് വിരുദ്ധമാകുന്നു. വിജാതിയർക്ക് ഭോഷത്വമായി (തോന്നുകയും ചെയ്യുന്നു). വിളിക്കപ്പെട്ടവരായ യീഹൂദന്മാർക്കും വിജാതിയർക്കും മിശിഹാ ദൈവികശക്തിയും ദൈവികജ്ഞാനവുമാകുന്നു. ദൈവത്തിന്റെ മൂഢത മനുഷ്യാതീതമായ ജ്ഞാനവും ദൈവത്തിന്റെ ദുർബ്ബലത മനുഷ്യാതീതമായ ബലവുമാകുന്നു. സഹോദരന്മാരേ! നിങ്ങളിൽ (പ്രവർത്തിതമായ) വിളിയെ (സൂക്ഷിച്ചു)നോക്കുവിൻ! ലൌകികജ്ഞാനികൾ നിങ്ങളിൽ വളരെയില്ല. ബലവാന്മാരും വളരെയില്ല. കുലീനന്മാരും അപൂർവ്വം. ജ്ഞാനികളെ ലജ്ജിപ്പിക്കുവാനായി ദൈവം ലോകത്തിലെ മൂഢന്മാരെ തിരഞ്ഞെടുത്തു. ബലവാന്മാരെ ലജ്ജിപ്പിക്കുവാനായി ലോകത്തിലെ ദുർബ്ബലന്മാരെ തിരഞ്ഞെടുത്തു. പ്രമാണികളെ അപ്രമാണികളാക്കുവാൻ വേണ്ടി ഇഹത്തിലെ കുലഹീനന്മാരെയും നിസ്സാരന്മാരെയും തിരഞ്ഞെടുത്തു. അത് ഒരുവനും അവിടത്തെ സന്നിധിയിൽ ആത്മപ്രശംസ ചെയ്യാതിരിപ്പാനാകുന്നു. അവിടന്നു മൂലമായി നിങ്ങളും, നമുക്കു ദൈവികജ്ഞാനവും നീതിയും വിശുദ്ധിയും രക്ഷയും ആയി പരിണമിച്ച യേശുമിശിഹായിൽ (സംബന്ധിതർ) ആയി. 'അഭിമാനിക്കുന്നവർ കർത്താവിൽ അഭിമാനിക്കട്ടെ' എന്ന് എഴുതപ്പെട്ടിരിക്കുന്നു.

*(എബ്രായർ 9:11–14; 1 കൊരിന്ത്യർ 1:18–31)*

*എബ്രാ. 9:11–14*

*എന്നാൽ മിശിഹാ വന്നിട്ട് താൻ പ്രവർത്തിച്ച നന്മകൾക്കു മഹാപുരോഹിതനായിത്തീർന്നു; കൈപ്പണിയല്ലാത്തതും ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതും വലിയതും പൂർണ്ണവുമായ കൂടാരത്തിൽ പ്രവേശിച്ചു. അത് കൊറ്റനാടുകളുടെയോ കാളക്കിടാക്കളുടെയോ രക്തത്തോടുകൂടിയല്ല, സ്വന്തരക്തത്തോടുകൂടിത്തന്നെ, ഒരു പ്രാവശ്യം വിശുദ്ധസ്ഥലത്തു പ്രവേശിക്കയും ശാശ്വതരക്ഷ സാധിക്കയും ചെയ്തു. കൊറ്റനാടുകളുടെയും കാളക്കിടാക്കളുടെയും രക്തവും പശുക്കിടാവിന്റെ ഭസ്മവും അശുദ്ധരുടെ മേൽ തളിക്കയും അത് അവർക്കു ജഡികശുദ്ധി വരുത്തുകയും ചെയ്തിരുന്നുവെങ്കിൽ, നിത്യാത്മാവു മൂലം ദൈവ*

*ത്തിനു തന്നെത്തന്നെ നിഷ്കളങ്കമായി സമർപ്പിച്ച മിശിഹായുടെ രക്തം, ജീവനുള്ള ദൈവത്തെ നമുക്ക് ആരാധിക്കുവാൻ ഇടയാകുമാറ് നിർജ്ജീവകർമ്മങ്ങളിൽ നിന്ന് നമ്മുടെ മനഃസാക്ഷിയെ എത്രയോ അധികമായി ശുദ്ധീകരിക്കും?*

*നശിച്ചവർക്ക് കുരിശ് എന്ന വാക്ക് ഭോഷത്വമാണ്. രക്ഷിതരായ നമുക്കോ അതു ദൈവശക്തിയുമാകുന്നു. എന്തെന്നാൽ 'ഞാൻ ജ്ഞാനികളുടെ ജ്ഞാനത്തെ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ ആലോചനയെ ദുർബ്ബലപ്പെടുത്തുകയും ചെയ്യും' എന്ന് എഴുതപ്പെട്ടിരിക്കുന്നു. ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? ഇഹത്തിലെ താർക്കികനും എവിടെ? ഇതാ, ദൈവം ഐഹികജ്ഞാനത്തെ മൂഢത്വമാക്കില്ലയോ? എന്തെന്നാൽ സ്വന്തജ്ഞാനം കാരണമായി, ദൈവികജ്ഞാനം വഴിക്ക് ലോകം ദൈവത്തെ അറിയാത്തതതിനാൽ, വിശ്വാസികളെ പ്രസംഗമെന്ന ഭോഷത്വം മൂലമായി രക്ഷിക്കണമെന്ന് ദൈവം നിശ്ചയിച്ചു. യീഹൂദന്മാർ അടയാളങ്ങൾ ആവശ്യപ്പെടുന്നു. വീജാതിയർ ജ്ഞാനം അന്വേഷിക്കുന്നു. ഞങ്ങളോ കുരിശിൽ തറയ്ക്കപ്പെട്ട മിശിഹായെക്കുറിച്ചു പ്രസംഗിക്കുന്നു. അത് യീഹൂദന്മാർക്ക് വിരുദ്ധമാകുന്നു. വിജാതിയർക്ക് ഭോഷത്വമായി (തോന്നുകയും ചെയ്യുന്നു). വിളിക്കപ്പെട്ടവരായ യീഹൂദന്മാർക്കും വിജാതിയർക്കും മിശിഹാ ദൈവികശക്തിയും ദൈവികജ്ഞാനവുമാകുന്നു. ദൈവത്തിന്റെ മൂഢത മനുഷ്യാതീതമായ ജ്ഞാനവും ദൈവത്തിന്റെ ദുർബ്ബലത മനുഷ്യാതീതമായ ബലവുമാകുന്നു. സഹോദരന്മാരേ! നിങ്ങളിൽ (പ്രവർത്തിതമായ) വിളിയെ (സൂക്ഷിച്ചു)നോക്കുവിൻ! ലൌകികജ്ഞാനികൾ നിങ്ങളിൽ വളരെയില്ല. ബലവാന്മാരും വളരെയില്ല. കുലീനന്മാരും അപൂർവ്വം. ജ്ഞാനികളെ ലജ്ജിപ്പിക്കുവാനായി ദൈവം ലോകത്തിലെ മൂഢന്മാരെ തിരഞ്ഞെടുത്തു. ബലവാന്മാരെ ലജ്ജിപ്പിക്കുവാനായി ലോകത്തിലെ ദുർബ്ബലന്മാരെ തിരഞ്ഞെടുത്തു. പ്രമാണികളെ അപ്രമാണികളാക്കുവാൻ വേണ്ടി ഇഹത്തിലെ കുലഹീനന്മാരെയും നിസ്സാരന്മാരെയും തിരഞ്ഞെടുത്തു. അത് ഒരുവനും അവിടത്തെ സന്നിധിയിൽ ആത്മപ്രശംസ ചെയ്യാതിരിപ്പാനാകുന്നു. അവിടന്നു മൂലമായി നിങ്ങളും, നമുക്കു ദൈവികജ്ഞാനവും നീതിയും വിശുദ്ധിയും രക്ഷയും ആയി പരിണമിച്ച യേശുമിശിഹായിൽ (സംബന്ധിതർ) ആയി. 'അഭിമാനിക്കുന്നവർ കർത്താവിൽ അഭിമാനിക്കട്ടെ' എന്ന് എഴുതപ്പെട്ടിരിക്കുന്നു.*

## സ്ലീബാവന്ദനം

1 പത്രോസ് 2:18-25

ദാസന്മാരേ! നിങ്ങൾ ഭയഭക്തിയോടുകൂടി യജമാനന്മാർക്കു കീഴ്പ്പെടുവിൻ. അത് ഉത്തമന്മാർക്കും ശാന്തന്മാർക്കും മാത്രം പോരാ; കഠിനന്മാർക്കും ഉപദ്രവികൾക്കും കൂടി കീഴ്പ്പെടുവിൻ. എന്തെന്നാൽ അന്യായമായി തങ്ങളുടെ മേൽ വരുന്ന ദുഃഖങ്ങളെ ഉത്തമ മനസ്സാക്ഷി മൂലം സഹിക്കുന്നവർക്ക് ദൈവസന്നിധിയിൽ കൃപയുണ്ടാകും. സ്വാപരാധങ്ങൾ മൂലമായി ഞെരുക്കങ്ങൾ സഹിക്കുന്നവർക്ക് എന്താണു മഹിമയുള്ളത്. നന്മ ചെയ്തിട്ട് നിങ്ങൾക്കു ഞെരുക്കം ഉണ്ടാകയും അതു നിങ്ങൾ സഹിക്കയും ചെയ്യുമ്പോൾ ദൈവസമക്ഷത്തിൽ നിങ്ങളുടെ മഹിമ വർദ്ധിക്കും. ഇതിനായി തന്നെയാകുന്നു നിങ്ങളെ വിളിച്ചിരിക്കുന്നത്. എന്തെന്നാൽ മിശിഹായും നമുക്കു വേണ്ടി മരിക്കയും അവിടത്തെ പിന്തുടരുവാനായിട്ട് ഈ ദൃഷ്ടാന്തം നമുക്കായി തരികയും ചെയ്തു. അവിടന്നു പാപം ചെയ്തില്ല. അവിടത്തെ വായിൽ വഞ്ചന കാണപ്പെട്ടുമില്ല. അവിടന്നു നിന്ദിക്കപ്പെട്ടിട്ടും നിന്ദിച്ചില്ല. കഷ്ടതയനുഭവിച്ചിട്ടും നീരസപ്പെട്ടില്ല. ധർമ്മിഷ്ഠനായ ന്യായാധിപങ്കൽ തന്റെ വിധിയെ സമർപ്പിച്ചു. പാപദൃഷ്ടിയിൽ മൃതരായി ഭവിച്ചിട്ട് തന്റെ നീതി മൂലം നാം ജീവിക്കുമാറ് അവിടന്നു നമ്മുടെ പാപങ്ങളെയെല്ലാം വഹിക്കയും സ്വശരീരം മുഖാന്തരം കുരിശിൽ കയറ്റുകയും ചെയ്തു. അവിടന്നു സഹിച്ച വേദനകളാലാണ് നിങ്ങൾക്കു സൌഖ്യം ലഭിച്ചത്. നിങ്ങൾ ആടുകൾക്കു സമം വ്യതിചലിച്ചുപോയിരുന്നു. ഇപ്പോഴോ സ്വന്തം ആത്മാക്കളുടെ ഇടയനും ഭരണകർത്താവുരലയവങ്കലേക്ക് നിങ്ങൾ തിരിഞ്ഞിരിക്കുന്നു.

ഗലാത്യർ 2:21-3:14, 6:11-18

ദൈവകൃപയെ ഞാൻ നിരസിക്കുന്നില്ല; നീതീകരണം ന്യായപ്രമാണം മൂലമാണെങ്കിൽ മിശിഹായുടെ മരണം വ്യർത്ഥമാണല്ലോ.

ബുദ്ധിഹീനരായ ഗലാത്യരേ! ഇതാ, യേശുമിശിഹാ കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നതായി നിങ്ങളുടെ ദൃഷ്ടിക്കു മുമ്പിൽ ചിത്രീകരിച്ചിരിക്കേ നിങ്ങളെ വ്യാമോഹിപ്പിച്ചതാര്? ഇതുമാത്രം നിങ്ങളിൽ നിന്നറിവാൻ ഞാനാഗ്രഹിക്കുന്നു. നിങ്ങൾക്ക് ആത്മാവു ലഭിച്ചത് ന്യായപ്രമാണത്തിന്റെ ആചരണത്താലോ, അതോ, വിശ്വാസത്തിന്റെ അനുസരണത്താലോ? നിങ്ങൾ ഇത്ര ഭോഷന്മാരോ! നിങ്ങൾ ആത്മാവിൽ ആരംഭിച്ചിട്ട് ഇപ്പോൾ ജഡത്തിൽ അവസാനിപ്പിക്കുന്നുവോ? ഇതെല്ലാം നിങ്ങൾ സഹിച്ചത് വെറുതെയോ? വെറുതെയെങ്കിൽ വിശേഷംതന്നെ!

നിങ്ങൾക്ക് ആത്മാവിനെ നല്കുകയും നിങ്ങളിൽ അത്ഭുതശക്തികളെ പ്രവർത്തിക്കയും ചെയ്തവൻ ന്യായപ്രമാണത്തിന്റെ ആചരണത്താലാണോ, വിശ്വാസത്തിന്റെ അനുസരണത്താലോ, അങ്ങനെ ചെയ്തത്? 'അബ്രാഹാം ദൈവത്തെ വിശ്വസിച്ചു; അത് അവനിൽ നീതിയായി ഗണിക്കപ്പെട്ടു.' അതുകൊണ്ട് വിശ്വാസികളാരോ അവരാണ് അബ്രാഹാമിനു പുത്രന്മാരെന്ന് അറിഞ്ഞുകൊൾവിൻ. വിജാതികൾ നീതീകരിക്കപ്പെടുന്നത് വിശ്വാസത്താലാണെന്ന് ദൈവം മുൻകൂട്ടി അറിഞ്ഞതുകൊണ്ട് വിശുദ്ധപുസ്തകത്തിൽ പറഞ്ഞിട്ടുള്ളതുപോലെ 'സകല ജാതികളും നിന്നാൽ അനുഗ്രഹിക്കപ്പെടും' എന്ന് അബ്രാഹാമിനെ മുൻകൂട്ടി അറിയിച്ചു. അതിനാൽ വിശ്വാസികൾ വിശ്വാസിയായ അബ്രാഹാം മൂലം അനുഗ്രഹിക്കപ്പെടുന്നു. 'ഈ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നവ മുഴുവനും ആചരിക്കാത്ത ഏവനും ശാപഗ്രസ്തനാകുന്നു' എന്ന് എഴുതപ്പെട്ടിരിക്കുന്നതുകൊണ്ട് ന്യായപ്രമാണം ആചരിക്കുന്നവരെല്ലാം ശാപഗ്രസ്തരായി ഭവിക്കുന്നു. ഒരുവനും ന്യായപ്രമാണം മൂലം ദൈവത്തിന്റെ അടുക്കൽ നീതീകരിക്കപ്പെടുകയില്ല എന്നുള്ളത് സ്പഷ്ടമാകുന്നു. എന്തെന്നാൽ 'നീതിമാൻ വിശ്വാസംകൊണ്ടാണ് ജീവിക്കുന്നത്' എന്ന് എഴുതപ്പെട്ടിരിക്കുന്നു. ന്യായപ്രമാണം വിശ്വാസപരമല്ല. പിന്നെയോ അതിൽ എഴുതിയിരിക്കുന്നവയെ ആചരിക്കുന്നവൻ, അവ മൂലം ജീവിക്കും. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്ന് മിശിഹാ നമ്മെ വിലയ്ക്കു വാങ്ങുകയും നമുക്കു വേണ്ടി ശാപമായി തീരുകയും ചെയ്തു. 'മരത്തിൽ തൂക്കപ്പെടുന്ന ഏവനും ശപിക്കപ്പെട്ടവനാകുന്നു' എന്ന് എഴുതിയിരിക്കുന്നുവല്ലോ. അത് യേശുമിശിഹാ വഴിയായി അബ്രാഹാമിന്റെ അനുഗ്രഹം വിജാതികളിൽ ഉണ്ടാവുകയും വിശ്വാസത്താൽ ആത്മാവിന്റെ വാഗ്ദത്തം നമുക്കു ലഭിക്കയും ചെയ്‌വാൻ വേണ്ടിയാകുന്നു.

ഗലാ. 6:11–18

എഴുതപ്പെട്ടവ ഞാൻ സ്വഹസ്തംകൊണ്ട് എഴുതിയവയാണെന്ന് കാണുവിൻ. ശാരീരികമായി പ്രശംസിപ്പാനിച്ഛിക്കുന്നവൻ മിശിഹായുടെ കുരിശു മൂലം പീഡിപ്പിക്കപ്പെടാതിരിപ്പാനായി മാത്രമാകുന്നു ചേലാകർമ്മം കൈക്കൊള്ളുവാൻ നിങ്ങളെ നിർബ്ബന്ധിക്കുന്നത്. ചേലാകർമ്മമേറ്റവർതന്നെയും ന്യായപ്രമാണത്തെ ആചരിക്കുന്നില്ല. നിങ്ങൾ ചേല ആചരിക്കണമെന്ന് അവർ ഇച്ഛിക്കുന്നത് നിങ്ങളുടെ ശരീരം വഴിയായി തങ്ങൾ പ്രശംസിക്കപ്പെടുന്നതിനാണ്. എന്നാൽ നമ്മുടെ കർത്താവായ യേശുമിശിഹായുടെ കുരിശിൽ അല്ലാതെ അഭിമാനിക്കുവാൻ എനിക്കിടയാവാതിരിക്കട്ടെ. എന്തെന്നാൽ അവിടന്നു മൂലമായി ലോകം

എനിക്കും ഞാൻ ലോകത്തിനും കുരിശിൽ തറയ്ക്കപ്പെട്ടവരായിരിക്കുന്നു. ചേലയും ചേലയില്ലായ്മയും നിസ്സാരമാകുന്നു. പുതിയ സൃഷ്ടിയാണ് സാരമായിട്ടുള്ളത്. ഈ മാർഗ്ഗത്തെ അനുസരിക്കുന്നവരിലും ദൈവത്തിന്റെ ഇസ്രായേലിലും സമാധാനവും കരുണയും ഉണ്ടായിരിക്കട്ടെ. ഇനി ആരും എന്നെ ബുദ്ധിമുട്ടിക്കരുത്. എന്തെന്നാൽ നമ്മുടെ കർത്താവായ യേശുമിശിഹായുടെ വടിവുകൾ എന്റെ ശരീരത്തിൽ ഞാൻ വഹിച്ചിരിക്കുന്നു. സഹോദരന്മാരേ! നമ്മുടെ കർത്താവായ യേശുമിശിഹായുടെ കൃപ നിങ്ങളിൽ സ്ഥിതിചെയ്യുമാറാകട്ടെ. ആമ്മീൻ.

*(ഗലാത്യർ 2:20–3:14, 6:11–18)*

*ഗലാ. 2:20*

*ഞാൻ മിശിഹായോടു കൂടി കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു. ഇനിമേൽ ഞാനല്ല ജീവിക്കുന്നത്. പിന്നെയോ മിശിഹായാണ് എന്നിൽ ജീവിക്കുന്നത്. ഇപ്പോൾ ഞാൻ ശരീരമുള്ളവനായി ജീവിക്കുന്നത്, എന്നെ സ്നേഹിക്കയും എനിക്കു വേണ്ടി സ്വപ്രാണനെ ത്യജിക്കയും ചെയ്ത ദൈവപുത്രനിലുള്ള വിശ്വാസത്താലാകുന്നു.*

*ഗലാ. 2:21–3:14 മുകളിൽ നോക്കുക*

**81**

## അറിയിപ്പിന്റെ ശനിയാഴ്ച
## വി.കുർബ്വാന

പ്രവൃത്തി 3:11–21

(മുടന്തൻ) ശെമവൂനോടും യോഹന്നാനോടും ചേർന്ന് നില്ക്കവേ, സർവ്വജനങ്ങളും വിസ്മയിച്ചുകൊണ്ട് ശ്ലേമൂന്റേത് എന്ന് പറയപ്പെടുന്ന മണ്ഡപത്തിൽ ഓടിയെത്തി. ശെമവൂൻ അതു കണ്ടിട്ട് അവരോട് ഇപ്രകാരം പറഞ്ഞു: 'ഇസ്രായേല്ക്കാരായ മനുഷ്യരേ! ഇതേപ്പറ്റി നിങ്ങൾ അത്ഭുതപ്പെടുന്നതെന്തിന്? ഞങ്ങൾ സ്വശക്തിയോ സ്വാധികാരമോ ഉപയോഗിച്ച് ഇവനെ നടക്കുമാറാക്കിയിരിക്കാമെന്നു (വിചാരിച്ച്) തുറിച്ചു നോക്കുന്നതെന്തിന്? അബ്രാഹാമിന്റെയും, ഇസ്ഹാക്കിന്റെയും, യാക്കോബിന്റെയും ദൈവം, (അഥവാ) നമ്മുടെ പിതാക്കന്മാരുടെ ദൈവം, തന്റെ പുത്രനായ യേശുവിനെ മഹത്ത്വപ്പെടുത്തി. അവനെ നിങ്ങൾ പീലാത്തോസിന്റെ മുമ്പാകെ ഏല്പിക്കയും, വിട്ടയപ്പാൻ അവൻ ന്യായമായി നിശ്ചയിക്കേ, (നിങ്ങൾ) മറുത്തുപറകയും ചെയ്തു. നിങ്ങളോ പരിശുദ്ധനും നീതിമാനുമായവനെ ഉപേക്ഷിക്കയും കൊലപാതകിയായ മനുഷ്യനെ നിങ്ങൾക്കു വിട്ടുകിട്ടണമെന്ന് അപേക്ഷിക്കയും ചെയ്തു. ജീവനായകനെ നിങ്ങൾ ഹനിച്ചുകളഞ്ഞു. ദൈവം

മരിച്ചവരുടെ ഇടയിൽ നിന്ന് അവിടത്തെ എഴുന്നേല്പിച്ചു. ഞങ്ങളെല്ലാവരും അതിനു സാക്ഷികളുമാകുന്നു. അവിടന്ന് തന്റെ നാമത്തിലുള്ള (ഇവന്റെ) വിശ്വാസം മൂലം, നിങ്ങൾ കാണുകയും അറിയുകയും ചെയ്യുന്ന ഇവന് ബലവും സുഖവും നല്കി. ആ വിശ്വാസം തന്നെ, നിങ്ങളെല്ലാവരുടെയും മുമ്പിൽ വച്ച് ഈ സ്വസ്ഥത ഇവനു കൊടുക്കുകയും ചെയ്തു. എങ്കിലും ഇപ്പോൾ എന്റെ സഹോദരന്മാരേ! നിങ്ങളുടെ തലവന്മാർ പ്രവർത്തിച്ചതുപോലെ നിങ്ങളും അറിവില്ലായ്മയാൽ ഇതു പ്രവർത്തിച്ചുവെന്ന് ഞാനറിയുന്നു. ദൈവം, തന്റെ മിശിഹാ കഷ്ടതയനുഭവിക്കുമെന്ന് സകല ദീർഘദർശിമാരും മൂലം, മുൻകൂട്ടി അറിയിച്ചിട്ടുള്ളതിനെ ഇപ്രകാരം നിവർത്തിച്ചു. ആകയാൽ നിങ്ങളുടെ പാപങ്ങൾ നീക്കം ചെയ്യപ്പെടുവാനും, കർത്താവിന്റെ സന്നിധിയിൽ നിന്ന് ആശ്വാസകാലങ്ങൾ ലഭിക്കുവാനും, നിങ്ങൾക്കു വേണ്ടി നിയമിക്കപ്പെട്ടിരുന്ന യേശുമിശിഹായെ നിങ്ങളുടെ അടുക്കലേക്കയപ്പാനുമായി അനുതപിച്ച് മാനസാന്തരപ്പെട്ടുകൊൾവിൻ. ദൈവം ആദിമുതലുള്ള തന്റെ പരിശുദ്ധ ദീർഘദർശിമാർ മുഖാന്തരം സംസാരിച്ചിട്ടുള്ള സംഗതികളുടെയും കാലനിവൃത്തിവരെ സ്വർഗ്ഗം അവിടത്തെ കൈക്കൊള്ളേണ്ടതാകുന്നു.

*(1 പത്രോസ് 3:13-22)*

*നന്മകളിൽ തീക്ഷ്ണതയുള്ളവരായിരുന്നാൽ നിങ്ങളോടു തിന്മ ചെയ്‌വാൻ ആരുള്ളൂ. നീതിക്കു വേണ്ടി കഷ്ടത സഹിക്കേണ്ടിവന്നാൽ നിങ്ങൾ ധന്യന്മാർ. ഭയപ്പെടുത്തുന്നവരെ ഭയപ്പെടുകയോ ചഞ്ചലിക്കയോ അരുത്. കർത്താവായ യേശുമിശിഹായെ നിങ്ങൾ ഹൃദയത്തിൽ ശുദ്ധീകരിപ്പിൻ. വിശ്വാസത്തിന്റെ പ്രത്യാശയെക്കുറിച്ച് ചോദിക്കുന്ന ഏവനോടും ഭക്ത്യാദരപുരസ്സരം ഉത്തരം പറവാൻ തയ്യാറായിരിപ്പിൻ. ദുഷ്ടമനുഷ്യരെക്കുറിച്ച് എന്നപോലെ നിങ്ങളെ അപവദിക്കുന്നവർ മിശിഹായിലുള്ള നിങ്ങളുടെ സദാചാരങ്ങളെ പഴിക്കുന്നവർക്കു സമം ലജ്ജിക്കുമാറ് നിങ്ങൾക്ക് ഉത്തമ മനഃസാക്ഷി ഉണ്ടായിരിക്കണം. നിങ്ങൾ ദുഷ്പ്രവൃത്തി ചെയ്യുമ്പോഴല്ല, സത്പ്രവൃത്തികൾ ചെയ്യുമ്പോൾ, ഞെരുക്കങ്ങൾ അനുഭവിക്കണമെന്നാണ് ദൈവഹിതമെങ്കിൽ, അതു നിങ്ങൾക്കു ഗുണകരമാകുന്നു. എന്തെന്നാൽ നിങ്ങളെ ദൈവത്തോടു സമീപിപ്പിക്കുവാൻ തക്കവിധം, പാപികൾക്കു വേണ്ടി, നീതിമാനായ മിശിഹായും നമ്മുടെ പാപങ്ങൾക്കു വേണ്ടിത്തന്നെ ഒരു പ്രാവശ്യം മരിച്ചു. അവിടന്ന് ശാരീരികമായി മരിക്കയും ആത്മികമായി ജീവിക്കയും ചെയ്തു. പണ്ട് നോഹിന്റെ കാലത്ത് അനുതാപത്തിലുള്ള പ്രത്യാശ മൂലമായി പെട്ടകമുണ്ടാകട്ടെ എന്ന് ദൈവത്തിന്റെ ദീർഘസ*

*ഹിഷ്ണുത കല്പിച്ചതിനെ അനുസരിക്കാതിരുന്നവരും പാതാളത്തിൽ ബന്ധിക്കപ്പെട്ടിരുന്നവരുമായ ആത്മാക്കളോട് അവിടന്ന് പ്രസംഗിച്ചു. ആ പെട്ടകത്തിൽ എട്ടാളുകൾ മാത്രമാണ് പ്രവേശിക്കയും വെള്ളത്തിൽനിന്ന് രക്ഷ പ്രാപിക്കയും ചെയ്തത്. അതിന് സദൃശമായിത്തന്നെ നിങ്ങളും മാമോദീസാ മൂലം രക്ഷ പ്രാപിക്കുന്നു. അത് അഴുക്കിൽ നിന്ന് ശരീരത്തെ കഴുകുന്നതുകൊണ്ടല്ല. നിർമ്മലമായ മനഃസാക്ഷിയോടുകൂടി ദൈവത്തെയും യേശുമിശിഹായുടെ പുനരുത്ഥാനത്തെയും ഏറ്റുപറയുന്നതുകൊണ്ടാകുന്നു. അവിടന്ന് സ്വർഗ്ഗത്തിൽ പ്രവേശിച്ച് ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. മാലാഖമാരും ശാലീത്തോനന്മാരും ഹൈലാവോസന്മാരും അവിടത്തേക്കു കീഴ്പ്പെടുകയും ചെയ്തു.*

റോമർ 6:1-11; എബ്രായർ 13:20, 21

അതുകൊണ്ട് നാം എന്താണ് പറയേണ്ടത്? കൃപ വർദ്ധിപ്പാൻ പാപത്തിൽതന്നെ ഇരിക്കണമെന്നോ? ഒരിക്കലും പാടില്ല. എന്തെന്നാൽ പാപത്തിന്റെ (ദൃഷ്ടിയിൽ) മൃതരായ നാം പിന്നെയും അതിൽതന്നെ ജീവിക്കുന്നതെങ്ങനെ? അല്ലെങ്കിൽ യേശുമിശിഹായിൽ മാമൂദീസാ മുങ്ങിയവരായ നാം അവിടത്തെ മരണത്തിലാണ് മാമൂദീസാ മുങ്ങിയതെന്ന് നിങ്ങൾ അറിയുന്നില്ലയോ? യേശുമിശിഹാ അവിടത്തെ പിതാവിന്റെ പ്രഭാവത്തോടു കൂടി മരിച്ചവരുടെ ഇടയിൽനിന്ന് പുനരുത്ഥാനം ചെയ്തപ്രകാരംതന്നെ, നാമും പുതിയ ജീവനിൽ സഞ്ചരിപ്പാൻ, മാമൂദീസാരൂപമായ മരണത്താൽ, അവിടത്തോടൊരുമിച്ച് സംസ്കരിക്കപ്പെടുകയും ചെയ്തു. അവിടത്തെ മരണത്തിന്റെ സാദൃശ്യത്തിൽ നാം തന്നോടൊരുമിച്ചു സംസ്കരിക്കപ്പെട്ടുവെങ്കിൽ തന്റെ പുനരുത്ഥാനത്തിലും നാം അങ്ങനെതന്നെ പുനരുത്ഥാനം ചെയ്യും. നാം ഇനി പാപത്തെ സേവിക്കാതിരിക്കുവാൻ, പാപശരീരം നശിച്ചു പോകുവാൻ വേണ്ടി, നമ്മുടെ പഴയ പുരുഷൻ അവിടത്തോടൊരുമിച്ച് കുരിശിൽ തറക്കപ്പെട്ടുവെന്ന് നാം അറിയുന്നു. എന്തെന്നാൽ മരിച്ചവൻ പാപത്തിൽ നിന്ന് വിമുക്തനായിരിക്കുന്നു. അതുകൊണ്ട് നാം മിശിഹായോടുകൂടി മരിച്ചുവെങ്കിൽ, മിശിഹായോടു കൂടിത്തന്നെ ജീവിക്കുമെന്ന് വിശ്വസിക്കണം. എന്തെന്നാൽ മിശിഹാ മരിച്ചവരുടെ ഇടയിൽനിന്ന് പുനരുത്ഥാനം ചെയ്തുവെന്നും ഇനി മരിക്കയില്ലെന്നും മൃതി തന്റെ മേൽ അധികാരം വഹിക്കയില്ലെന്നും നാം അറിയുന്നു. അവിടന്നു മരിച്ചത് പാപത്തിനുവേണ്ടിയും, ഒരു പ്രാവശ്യവുമാകുന്നു. അവിടന്നു ജീവിച്ചിരിക്കുന്നത് ദൈവത്തിനായുമാകുന്നു. അപ്രകാരം തന്നെ, നിങ്ങളും പാപത്തിന്റെ (ദൃഷ്ടിയിൽ) മരിച്ചവരാകുന്നുവെന്നും

നമ്മുടെ കർത്താവായ യേശുമിശിഹാ മൂലം ദൈവത്തിന്റെ (ദൃഷ്ടിയിൽ) ജീവിക്കുന്നവരാകുന്നുവെന്നും സ്വയം ഗണിക്കുവിൻ.

എബ്രാ. 13:20, 21

നിത്യനിയമത്തിന്റെ രക്തത്താൽ ആട്ടിൻപറ്റത്തിന്റെ വലിയ ഇടയനായ നമ്മുടെ കർത്താവ്, യേശുമിശിഹായെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉദ്ധരിച്ചവനും സമാധാനപരനുമായ ദൈവം, തന്റെ ഇഷ്ടത്തെ ആചരിക്കുമാറ് നിങ്ങളെ സകല സത്പ്രവൃത്തിയിലും പൂർണ്ണമാക്കട്ടെ. തന്റെ സന്നിധിയിൽ പ്രീതികരമായിട്ടുള്ളത് അവിടന്ന് യേശുമിശിഹായിലൂടെ നമ്മിൽ പ്രവർത്തിക്കട്ടെ. തനിക്കു സ്തുതി ശാശ്വതമായിരിക്കട്ടെ. ആമ്മീൻ.

*(റോമർ 6:1-14)*

*അതുകൊണ്ട് നാം എന്താണ് പറയേണ്ടത്? കൃപ വർദ്ധിപ്പാൻ പാപത്തിൽതന്നെ ഇരിക്കണമെന്നോ? ഒരിക്കലും പാടില്ല. എന്തെന്നാൽ പാപത്തിന്റെ (ദൃഷ്ടിയിൽ) മൃതരായ നാം പിന്നെയും അതിൽതന്നെ ജീവിക്കുന്നതെങ്ങനെ? അല്ലെങ്കിൽ യേശുമിശിഹായിൽ മാമൂദീസാ മുങ്ങിയവരായ നാം അവിടത്തെ മരണത്തിലാണ് മാമൂദീസാ മുങ്ങിയതെന്ന് നിങ്ങൾ അറിയുന്നില്ലയോ? യേശുമിശിഹാ അവിടത്തെ പിതാവിന്റെ പ്രഭാവത്തോടു കൂടി മരിച്ചവരുടെ ഇടയിൽനിന്ന് പുനരുത്ഥാനം ചെയ്തപ്രകാരംതന്നെ, നാമും പുതിയ ജീവനിൽ സഞ്ചരിപ്പാൻ, മാമൂദീസാരൂപമായ മരണത്താൽ, അവിടത്തോടൊരുമിച്ച് സംസ്കരിക്കപ്പെടുകയും ചെയ്തു. അവിടത്തെ മരണത്തിന്റെ സാദൃശ്യത്തിൽ നാം തന്നോടൊരുമിച്ചു സംസ്കരിക്കപ്പെട്ടുവെങ്കിൽ തന്റെ പുനരുത്ഥാനത്തിലും നാം അങ്ങനെതന്നെ പുനരുത്ഥാനം ചെയ്യും. നാം ഇനി പാപത്തെ സേവിക്കാതിരിക്കുവാൻ, പാപശരീരം നശിച്ചു പോകുവാൻ വേണ്ടി, നമ്മുടെ പഴയ പുരുഷൻ അവിടത്തോടൊരുമിച്ച് കുരിശിൽ തറക്കപ്പെട്ടുവെന്ന് നാം അറിയുന്നു. എന്തെന്നാൽ മരിച്ചവൻ പാപത്തിൽ നിന്ന് വിമുക്തനായിരിക്കുന്നു. അതുകൊണ്ട് നാം മിശിഹായോടുകൂടി മരിച്ചുവെങ്കിൽ, മിശിഹായോടു കൂടിത്തന്നെ ജീവിക്കുമെന്ന് വിശ്വസിക്കണം. എന്തെന്നാൽ മിശിഹാ മരിച്ചവരുടെ ഇടയിൽനിന്ന് പുനരുത്ഥാനം ചെയ്തുവെന്നും ഇനി മരിക്കയില്ലെന്നും മൃതി തന്റെ മേൽ അധികാരം വഹിക്കയില്ലെന്നും നാം അറിയുന്നു. അവിടന്നു മരിച്ചത് പാപത്തിനുവേണ്ടിയും, ഒരു പ്രാവശ്യവുമാകുന്നു. അവിടന്നു ജീവിച്ചിരിക്കുന്നത് ദൈവത്തിനായുമാകുന്നു. അപ്രകാരം തന്നെ, നിങ്ങളും പാപത്തിന്റെ (ദൃഷ്ടിയിൽ) മരിച്ചവരാകുന്നുവെന്നും നമ്മുടെ കർത്താവായ യേശുമിശിഹാ മൂലം ദൈവത്തിന്റെ (ദൃഷ്ടി*

*യിൽ) ജീവിക്കുന്നവരാകുന്നുവെന്നും സ്വയം ഗണിക്കുവിൻ.*

*ആകയാൽ പാപം, നിങ്ങളുടെ മർത്ത്യശരീരത്തിൽ, അതിന്റെ മോഹങ്ങൾക്കു കീഴ്പ്പെടുമാറ് വാഴരുത്. നിങ്ങളുടെ അവയവങ്ങളെ, പാപത്തിന് അനീതിയുടെ ആയുധമായി ഒരുക്കരുത്. പിന്നെയോ മരിച്ചവരിൽ നിന്ന് ജീവിച്ച ആളുകളെ പോലെ, ദൈവത്തിനു നിങ്ങളെത്തന്നെ ഒരുക്കുവിൻ. നിങ്ങളുടെ അവയവങ്ങൾ ദൈവനീതിക്ക് ആയുധമായിരിക്കണം. നിങ്ങൾ ന്യായപ്രമാണത്തിനു കീഴിലല്ല, കൃപയ്ക്കു കീഴിലാകയാൽ പാപം നിങ്ങളുടെ മേൽ അധികാരം വഹിക്കയില്ല.*

## ശുബ്ക്കോനോ ക്രമം

1 യോഹന്നാൻ 4:11–21

പ്രിയരേ! ദൈവം ഇങ്ങനെ നമ്മെ സ്നേഹിച്ചുവെങ്കിൽ നാമും പരസ്പരം സ്നേഹിപ്പാൻ ചുമതലപ്പെട്ടവരാകുന്നു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. എന്നാൽ നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. അവിടത്തെ സ്നേഹം നമ്മിൽ പൂർണ്ണമായിരിക്കയും ചെയ്യും. നാം തന്നിലും അവിടന്ന് നമ്മിലും വസിക്കുന്നുവെന്ന് ഇതിനാൽ നമുക്കറിയാം. അവിടന്ന് സ്വന്ത ആത്മാവിനെ നമുക്കു തന്നിരിക്കുന്നു. പിതാവ് സ്വപുത്രനെ ലോകരക്ഷിതാവായി അയച്ചുവെന്ന് ഞങ്ങൾ കണ്ടു. അതിന് ഞങ്ങൾ സാക്ഷ്യം വഹിക്കയും ചെയ്യുന്നു. യേശു ദൈവപുത്രനാകുന്നുവെന്ന് സമ്മതിക്കുന്ന ഏവരിലും ദൈവം വസിക്കുന്നു. അവൻ ദൈവത്തിലും വസിക്കുന്നു. ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം വിശ്വസിച്ചും അറിഞ്ഞുമിരിക്കുന്നു. ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്ന ഏവനും ദൈവത്തിൽ വസിക്കുന്നു. ന്യായവിധിദിവസത്തിൽ നമുക്കു മുഖപ്രസാദമുണ്ടാകുമെന്നുള്ളതിനാൽ അവിടത്തെ സ്നേഹം നമ്മിൽ പൂർണ്ണമായിരിക്കുന്നു. എന്തെന്നാൽ അവിടന്ന് ഇരുന്നതുപോലെതന്നെ നാമും ലോകത്തിൽ ഇരിക്കുന്നു. സ്നേഹത്തിൽ ഭയം സ്ഥിതിചെയ്യുന്നില്ല. പിന്നെയോ പൂർണ്ണസ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു. അപകടാവസ്ഥയിലാണ് ഭയം സ്ഥിതിചെയ്യുന്നത്. ഭയപ്പെടുന്നവൻ സ്നേഹപൂർണ്ണനല്ല. ആകയാൽ ദൈവം ആദ്യം നമ്മെ സ്നേഹിച്ചതിനാൽ നാമും തന്നെ സ്നേഹിക്കണം. ഒരുവൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് പറകയും തന്റെ സഹോദരനെ ദ്വേഷിക്കയും ചെയ്താൽ അവൻ കള്ളനാകുന്നു. എന്തെന്നാൽ ദൃശ്യനായ സഹോദരനെ സ്നേഹിക്കാത്തവന് അദൃശ്യനായ ദൈവത്തെ സ്നേഹിപ്പാൻ എങ്ങനെ കഴിയും? ദൈവത്തെ സ്നേഹിക്കുന്ന ഏവനും സ്വസഹോദരനെയും സ്നേഹിക്കണമെന്നുള്ള ഈ കല്പന നാം

അവിടന്നിൽനിന്ന് സ്വീകരിച്ചിരിക്കുന്നു.

1 കൊരിന്ത്യർ 13:4–10

സ്നേഹം ദീർഘസഹിഷ്ണുതയുള്ളതും ദയവുള്ളതുമാകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല. സ്നേഹം കലഹിക്കുന്നില്ല. ഗർവ്വിക്കുന്നില്ല. അതു നിന്ദ്യമായതു പ്രവർത്തിക്കുന്നില്ല. തൻകാര്യം അന്വേഷിക്കുന്നില്ല. നീരസപ്പെടുന്നില്ല. ദൂഷ്യമായിട്ടുള്ളതു വിചാരിക്കുന്നുമില്ല. അത് അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. അത് സകലവും സഹിക്കുന്നു. സകലവും വിശ്വസിക്കുന്നു. സകലവും ആശംസിക്കുന്നു. സകലവും അനുഭവിക്കുന്നു. സ്നേഹം ഒരിക്കലും അധഃപതിക്കയില്ല. ദീർഘദർശനങ്ങൾ ഇല്ലാതായിപ്പോകും. ഭാഷകൾ നിന്നുപോകും. അറിവ് മാഞ്ഞുപോകും. നാം അറിയുന്നത് ഭാഗികം മാത്രമാണ്. നമ്മുടെ ദീർഘദർശനവും ഭാഗികമാണ്. പൂർണ്ണമായിട്ടുള്ളത് വരുമ്പോൾ ഭാഗികം മാത്രമായിരുന്നത് മാഞ്ഞുപോകും.

*(1 കൊരിന്ത്യർ 13:1–13)*

*സ്നേഹം ദീർഘസഹിഷ്ണുതയുള്ളതും ദയവുള്ളതുമാകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല. സ്നേഹം കലഹിക്കുന്നില്ല. ഗർവ്വിക്കുന്നില്ല. അതു നിന്ദ്യമായതു പ്രവർത്തിക്കുന്നില്ല. തൻകാര്യം അന്വേഷിക്കുന്നില്ല. നീരസപ്പെടുന്നില്ല. ദൂഷ്യമായിട്ടുള്ളതു വിചാരിക്കുന്നുമില്ല. അത് അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. അത് സകലവും സഹിക്കുന്നു. സകലവും വിശ്വസിക്കുന്നു. സകലവും ആശംസിക്കുന്നു. സകലവും അനുഭവിക്കുന്നു. സ്നേഹം ഒരിക്കലും അധഃപതിക്കയില്ല. ദീർഘദർശനങ്ങൾ ഇല്ലാതായിപ്പോകും. ഭാഷകൾ നിന്നുപോകും. അറിവ് മാഞ്ഞുപോകും. നാം അറിയുന്നത് ഭാഗികം മാത്രമാണ്. നമ്മുടെ ദീർഘദർശനവും ഭാഗികമാണ്. പൂർണ്ണമായിട്ടുള്ളത് വരുമ്പോൾ ഭാഗികം മാത്രമായിരുന്നത് മാഞ്ഞുപോകും.*

**82**

## ഉയിർപ്പിന്റെ ഞായറാഴ്ച

## സ്ലീബാ ആഘോഷം

1 പത്രോസ് 5:5–14

യുവാക്കളേ! നിങ്ങൾ കാശീശന്മാരെ (വൃദ്ധന്മാരെ) അനുസരിപ്പിൻ. അന്യോന്യം മാനസികവിനയത്തെ ശക്തിപൂർവ്വം ധരിക്കയും ചെയ്വിൻ! എന്തെന്നാൽ ദൈവം നിഗളികൾക്കു വിരോധിയും വിനീതർക്കു കൃപ നല്കുന്നവനുമാകുന്നു. ആകയാൽ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ വേണ്ടി നിങ്ങൾ ദൈവത്തിന്റെ ശക്തിയുള്ള

കൈക്കു കീഴിൽ വിനയപ്പെടുവിൻ. അവൻ നിങ്ങളെക്കുറിച്ച് ജാഗ്രതയോടെ ഇരിക്കുന്നതിനാൽ നിങ്ങളുടെ സർവ്വ ചിന്താകുലവും അവനിൽ സമർപ്പിക്കുവിൻ. നിങ്ങൾ ഉണർവ്വോടും ഓർമ്മയോടും കൂടിയിരിപ്പിൻ. എന്തെന്നാൽ നിങ്ങളുടെ ശത്രുവായ സാത്താൻ സിംഹത്തെപ്പോലെ അലറിക്കൊണ്ട് ആരെ പിടിച്ചുവിഴുങ്ങേണ്ടുവെന്ന് അന്വേഷിച്ചു നടക്കുന്നു. നിങ്ങൾ വിശ്വാസത്തിൽ ദൃഢപ്പെട്ട് അവനോട് എതിർത്തു നില്പിൻ. ലോകത്തിലുള്ള നിങ്ങളുടെ സഹോദരന്മാരും ഈ കഷ്ടതകൾതന്നെ നേരിടുന്നുവെന്ന് അറിയുകയും ചെയ്വിൻ. യേശുമിശിഹാ മൂലം തന്റെ നിത്യമഹത്ത്വത്തിലേക്കു ഞങ്ങളെ വിളിച്ചവനും ഈ നിസ്സാരമായ ഞെരുക്കങ്ങളെ സഹിച്ചുകൊണ്ട് തന്നിൽ എന്നേക്കും ശക്തിപ്പെട്ടും സ്ഥിരപ്പെട്ടും ഉറച്ചും നില്പാൻ, ഞങ്ങൾക്കു (കൃപ) നല്കിയ കൃപാലുവുമായ ദൈവത്തിന് മഹത്ത്വവും ആധിപത്യവും ബഹുമാനവും ശാശ്വതമായിരിക്കട്ടെ. ആമ്മീൻ.

ഏതിൽ നിങ്ങൾ സ്ഥിതിചെയ്യുന്നുവോ അതാകുന്നു ദൈവത്തിന്റെ യഥാർത്ഥ കൃപ എന്ന് ഉദ്ബോധിപ്പിക്കയും സാക്ഷീകരിക്കയും ചെയ്തുകൊണ്ട് ഞാൻ വിചാരിക്കുന്ന പ്രകാരം ചുരുക്കമായി വിശ്വസ്ത സഹോദരനായ സിൽവാനോസ് മുഖാന്തരം നിങ്ങൾക്ക് എഴുതിയിരിക്കുന്നു. ബാബേലിലുള്ള തിരഞ്ഞെടുക്കപ്പെട്ട സഭയും എന്റെ പുത്രനായ മർക്കോസും നിങ്ങളുടെ കുശലം അന്വേഷിക്കുന്നു. വിശുദ്ധ ചുംബനത്താൽ നിങ്ങൾ പരസ്പരം കുശലം അന്വേഷിപ്പിൻ. മിശിഹായിലുൾപ്പെട്ടിരിക്കുന്ന നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടാകുമാറാകട്ടെ. ആമ്മീൻ.

### റോമർ 16:1–26

*എന്നാൽ കൻക്രേയോസ് സഭയുടെ പരിചാരികയും നമ്മുടെ സഹോദരിയുമായ പൂബിയെ ഞാൻ നിങ്ങളെ ഏല്പിക്കുന്നു. വിശുദ്ധന്മാർക്ക് ഉചിതമായ വിധത്തിൽ നിങ്ങൾ ഇവളെ കർത്താവിനെ ഓർത്തു കൈക്കൊള്ളുകയും അവൾ ആവശ്യപ്പെടുന്ന സർവ്വകാര്യത്തിലും, അവളെ സഹായിക്കയും ചെയ്യണം. എന്തെന്നാൽ അവൾ പലർക്കും എനിക്കുതന്നെയും ഉപകാരിയായിരുന്നവളാണ്. യേശുമിശിഹായുടെ കാര്യത്തിൽ എനിക്കു സഹകാരികളായിരുന്ന പ്രിസ്ക്കീലായുടെയും ആക്കേലോസിന്റെയും കുശലം അന്വേഷിപ്പിൻ. അവർ എന്റെ പ്രാണനു വേണ്ടി സ്വന്തകഴുത്തുകളെ കൊടുത്തവരാകുന്നു. അവർക്കു ഞാൻ മാത്രമല്ല, പുറജാതികളുടെ സഭകളെല്ലാം നന്ദി പറയുന്നു. അവരുടെ ഭവനത്തിലുള്ള സഭയുടെ കുശലം അന്വേഷിപ്പിൻ. ആഖായായുടെ ആദ്യഫലമായി മിശിഹായ്ക്കു (കിട്ടിയവനും)*

*പ്രിയ വത്സലനുമായ എപ്പെനെത്തോസിന്റെ കുശലവും അന്വേഷിപ്പിൻ. നിങ്ങൾക്കു വേണ്ടി വളരെ ബുദ്ധിമുട്ടിയവളായ മാറിയായുടെയും കുശലം അന്വേഷിപ്പിൻ. എന്റെ ബന്ധുക്കളും എന്നോടുകൂടി ബന്ധനത്തിൽ കിടന്നവരുമായ അന്ത്രോനീക്കോസിന്റെയും യോനിയായുടെയും കുശലം അന്വേഷിപ്പിൻ. അവർ ശ്ലീഹന്മാരുടെ ഇടയിൽ വിഖ്യാതന്മാരും എനിക്കു മുമ്പേ മിശിഹായിൽ വിശ്വസിച്ചവരുമാകുന്നു. കർത്താവിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവനായ അമ്പേലോസിന്റെ കുശലവും അന്വേഷിപ്പിൻ. മിശിഹായുടെ കാര്യത്തിൽ ഞങ്ങൾക്കു സഹപ്രവർത്തകനായിരുന്ന ഉർബാനോസിന്റെയും പ്രിയപ്പെട്ട എസ്താക്കോസിന്റെയും കുശലവും അന്വേഷിപ്പിൻ. നമ്മുടെ കർത്താവിനാൽ തിരഞ്ഞെടുക്കപ്പെട്ടവനായ അപ്പേലിയുടെ കുശലവും അന്വേഷിപ്പിൻ. അറിസ്തോബോലോസിന്റെ കുടുംബക്കാരുടെ കുശലവും അന്വേഷിപ്പിൻ. എന്റെ ബന്ധുവായ ഹേറോദിയോന്റെയും കുശലം അന്വേഷിപ്പിൻ. നമ്മുടെ കർത്താവിൽ വിശ്വസിച്ചവരായ നർക്കീസോസ് കുടുംബക്കാരുടെ കുശലം അന്വേഷിപ്പിൻ. നമ്മുടെ കർത്താവിനു വേണ്ടി അദ്ധ്വാനിച്ച സ്ത്രീകളായ ത്രുപ്പോനായുടെയും ത്രുപ്പോസായുടെയും കുശലം അന്വേഷിപ്പിൻ. നമ്മുടെ കർത്താവിനു വേണ്ടി വളരെ പ്രയാസപ്പെട്ടവളും എനിക്കു പ്രിയപ്പെട്ടവളുമായ പർസീസിന്റെ കുശലവും അന്വേഷിപ്പിൻ. നമ്മുടെ കർത്താവാൽ തിരഞ്ഞെടുക്കപ്പെട്ടവനായ റൂപ്പോസിന്റെയും എനിക്കും അമ്മയായിത്തീർന്ന അവന്റെ അമ്മയുടെയും കുശലം അന്വേഷിപ്പിൻ. ആസുൻക്രീത്തോസിന്റെയും പ്ലേഗോന്റെയും ദെർമായുടെയും പത്രോബായുടെയും ഹെർമിയുടെയും അവരുടെ കൂടെയുള്ള സഹോദരന്മാരുടെയും കുശലം അന്വേഷിപ്പിൻ. പീലോലോഗോസിന്റെയും യൂലിയായുടെയും നീറോസിന്റെയും അവന്റെ സഹോദരിയുടെയും ഓലുംപായുടെയും അവരുടെ കൂടെയുള്ള സകല വിശുദ്ധന്മാരുടെയും കുശലം അന്വേഷിപ്പിൻ. വിശുദ്ധചുംബനത്താൽ അന്യോന്യം കുശലപ്രശ്നം ചെയ്വിൻ. മിശിഹായുടെ സർവ്വ സഭകളും നിങ്ങളോടു കുശലം ചോദിക്കുന്നു.* എന്നാൽ സഹോദരന്മാരേ! നിങ്ങൾ പഠിച്ച ഉപദേശത്തിനെതിരായി ഭിന്നതകളും വിരുദ്ധതകളും ഉണ്ടാക്കുന്നവരിൽ നിന്ന് അകന്നിരിക്കുവാൻ സൂക്ഷിച്ചുകൊള്ളണമെന്നപേക്ഷിക്കുന്നു. എന്തെന്നാൽ അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ യേശുമിശിഹായെ അല്ല, സ്വന്തം ഉദരത്തെയത്രേ സേവിക്കുന്നത്. അവർ മംഗലവാക്കുകളാലും സ്തുതികളാലും പരമാർത്ഥികളുടെ ഹൃദയത്തെ വഞ്ചിക്കുന്നു. എന്നാൽ നിങ്ങളുടെ അനുസരണം സകല മനുഷ്യരും അറിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഞാൻ

നിങ്ങളെക്കുറിച്ച് സന്തോഷിക്കയും നിങ്ങൾ നന്മകളിൽ ബുദ്ധിമാന്മാരും തിന്മകളിൽ പരമാർത്ഥികളും ആയിരിപ്പാൻ ഇച്ഛിക്കയും ചെയ്യുന്നു. സമാധാനദാതാവായ ദൈവം സാത്താനെ വേഗം നിങ്ങളുടെ പാദങ്ങളുടെ കീഴെ (ഇട്ട്) ഞെരിച്ചുകളയട്ടെ. നമ്മുടെ കർത്താവായ യേശുമിശിഹായുടെ കൃപ നിങ്ങളിലെല്ലാവരിലും ഉണ്ടാകുമാറാകട്ടെ. എന്റെ സഹകാരിയായ തീമോഥെയോസും എന്റെ ചാർച്ചക്കാരായ ലൂക്കിയോസ്, ഈയ്യാസോൻ, സൂസിപ്പത്രോസ് ഇവരും നിങ്ങളുടെ കുശലം അന്വേഷിക്കുന്നു. നമ്മുടെ കർത്താവിന്റെ നാമത്തിൽ ഈ ലേഖനമെഴുതുന്ന തർത്തിയോസായ ഞാനും നിങ്ങളുടെ കുശലം അന്വേഷിക്കുന്നു. എനിക്കും സഭയ്ക്കു മുഴുവനും ആതിഥ്യം നല്കുന്ന ഗായോസ് നിങ്ങളുടെ കുശലം അന്വേഷിക്കുന്നു. നഗരത്തിലെ കാര്യവിചാരകനായ ഏറസ്തോസും സഹോദരനായ കോവർത്തോസും നിങ്ങളുടെ കുശലം അന്വേഷിക്കുന്നു.

പൂർവ്വകാലം മുതൽ മറവായിരുന്നതും ഇക്കാലത്ത് ദീർഘദർശിമാരുടെ പുസ്തകങ്ങൾ മൂലം വെളിപ്പെട്ടതും നിത്യനായ ദൈവത്തിന്റെ കല്പന മൂലം വിശ്വാസത്തിന്റെ അനുസരണത്തിനായി സകല ജാതികളും അറിഞ്ഞതുമായ, രഹസ്യത്തിന്റെ പ്രത്യക്ഷതപ്രകാരം യേശുമിശിഹായെക്കുറിച്ച് ഉദ്ഘോഷിക്കപ്പെട്ട എന്റെ സുവിശേഷത്തിൽ നിങ്ങളെ സുസ്ഥിരമാക്കുവാൻ കഴിയുന്നവനും, അദ്വിതീയനായ ജ്ഞാനിയുമായ ദൈവത്തിന് യേശുമിശിഹാ വഴിയായി എന്നെന്നേക്കും മഹത്ത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

*(റോമർ 16:1-16)*

*മുകളിൽ കാണുക*

## വി.കുർബ്ബാന

പ്രവൃത്തി 2:22-43

*നൊസ്രാതുകാരനായ യേശു, അവിടന്നു മുഖാന്തരം തന്നെ, നിങ്ങളുടെ ഇടയിൽ ദൈവത്താൽ പ്രവർത്തിച്ച ശക്തികളും അടയാളങ്ങളും അത്ഭുതങ്ങളുംകൊണ്ട് നിങ്ങളും അറിഞ്ഞിരിക്കുന്നപ്രകാരം, ദൈവികമനുഷ്യനായി പ്രത്യക്ഷപ്പെട്ടു. ദൈവത്തിന്റെ ഭാവിജ്ഞാനത്താലും സ്വാഭിപ്രായത്താലും, അക്കാര്യത്തിനുതന്നെ, നിയമിതനായിരുന്ന അവിടത്തെ നിങ്ങൾ അധർമ്മികളുടെ കൈയിൽ ഏല്പിക്കുകയും കുരിശിൽ തറച്ച് വധിക്കയും ചെയ്തു. മൃത്യുലോകത്തിന് അദ്ദേഹത്തെ അടക്കിക്കൊള്ളുവാൻ കഴിയാഞ്ഞതുകൊണ്ട് ദൈവം ഉയിർത്തെഴുന്നേല്പിക്കുകയും മൃത്യുബന്ധനങ്ങളെ അഴിച്ചുകളകയും*

*ചെയ്തു. ദാവീദ് അവിടത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'എനിക്ക് ഇളക്കം വരാതിരിപ്പാൻ എന്റെ വലതുഭാഗത്തിരിക്കുന്ന കർത്താവിനെ എല്ലായ്പോഴും ഞാൻ മുൻകൂട്ടി കണ്ടുകൊണ്ടിരുന്നു. അതുകൊണ്ട് എന്റെ ഹൃദയം ആഹ്ലാദിച്ചു; സ്തുതി ആനന്ദിപ്പിച്ചു; ആശയിൽ ശരീരം വിശ്രമിക്കയും ചെയ്യും. എന്തെന്നാൽ അങ്ങ് എന്റെ ആത്മാവിനെ പാതാളത്തിൽ വിട്ടുകളകയില്ല; സ്വന്തം പുണ്യവാനെ നാശം കാണുവാൻ വിടുകയുമില്ല. രക്ഷാമാർഗ്ഗത്തെ അങ്ങ് എനിക്കു കാണിച്ചുതന്നു. അവിടത്തെ സന്നിധാനത്തിൽ ആനന്ദംകൊണ്ട് എന്നെ നിറയ്ക്കും.' സഹോദരന്മാരായ മനുഷ്യരേ! പൂർവ്വപിതാവായ ദാവീദിനെക്കുറിച്ച് നിങ്ങളോട് വെളിവായി പറഞ്ഞുകൊള്ളട്ടെ. അവൻ മരിക്കയും അടക്കപ്പെടുകയും ചെയ്തു. അവന്റെ ശവകുടീരം, ഇന്നും നമ്മുടെ സമീപത്ത് സ്ഥിതിചെയ്യുന്നു. എന്നാൽ അവിടന്ന് ഒരു ദീർഘദർശിയായിരുന്നതുകൊണ്ടും 'നിന്റെ സന്താനങ്ങളിൽ നിന്ന് ഒരുവനെ നിന്റെ സിംഹാസനത്തിന്മേൽ ഇരുത്തും' എന്ന് ദൈവം ചെയ്തിട്ടുള്ള ശപഥം അറിഞ്ഞിരുന്നവനാകയാലും, താൻ ഭാവിയെ (മുൻകൂട്ടി) കണ്ടിട്ട് മിശിഹായുടെ പുനരുത്ഥാനത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു. 'അവന്റെ പ്രാണൻ പാതാളത്തിൽ ഉപേക്ഷിക്കപ്പെട്ടില്ല. അവന്റെ ശരീരം നാശത്തെ ദർശിച്ചുമില്ല.' ഈ യേശുവിനെ ദൈവം പുനരുത്ഥാനം ചെയ്യിച്ചു. ഞങ്ങളെല്ലാവരും സാക്ഷികളുമാകുന്നു. ദൈവത്തിന്റെ വലതുഭാഗത്തേക്ക് അദ്ദേഹം ഉയർത്തപ്പെടുകയും പരിശുദ്ധാത്മാവിനെക്കുറിച്ച് പിതാവിൽ നിന്ന് വാഗ്ദത്തം പ്രാപിക്കയും (ഇങ്ങനെ) ഇപ്പോൾ നിങ്ങളാൽ കാണപ്പെടുകയും കേൾക്കപ്പെടുകയും ചെയ്യുന്ന ഈ വരത്തെ ചൊരിഞ്ഞു തരികയും ചെയ്തിരിക്കുന്നു. എന്നാൽ ദാവീദ് സ്വർഗ്ഗത്തിൽ കയറിയില്ല. അവിടന്ന് ഇങ്ങനെ പറയുന്നു. 'ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കി തീർക്കുവോളം, നീ എന്റെ വലതുഭാഗത്തിരിക്ക എന്ന് കർത്താവ് എന്റെ കർത്താവിനോട് പറഞ്ഞു. 'ആകയാൽ നിങ്ങൾ കുരിശിൽ തൂക്കിയവനായ ഈ യേശുവിനെ ദൈവം, കർത്താവും മിശിഹായും ആക്കിയിരിക്കുന്നു എന്ന് ഇസ്രായേൽകുടുംബമൊക്കെയും സൂക്ഷ്മമായിട്ട് അറിഞ്ഞുകൊള്ളട്ടെ.'*

അവർ ഇതു കേട്ട് ഹൃദയം പിളർന്ന് 'സഹോദരന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടൂ' എന്ന് ശെമവൂനോടും ശേഷം ശ്ലീഹന്മാരോടും ചോദിച്ചു. ശെമവൂൻ അവരോടു പറഞ്ഞു: നിങ്ങൾ ഓരോരുത്തരും അനുതപിച്ച് പാപമോചനത്തിനായി കർത്താവായ യേശുവിന്റെ നാമത്തിൽ മാമ്മൂദീസാ ഏൽക്കുവിൻ. അപ്പോൾ പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കുണ്ടാകും. എന്തെന്നാൽ വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ

മക്കൾക്കും ദൈവത്താൽ വിളിക്കപ്പെടുന്ന അകലെയുള്ള മറ്റ് ഏവർക്കും വേണ്ടി ഉണ്ടായിട്ടുള്ളതാകുന്നു.' മറ്റു പല വചനങ്ങളാലും സാക്ഷ്യപ്പെടുത്തിക്കൊണ്ട് 'ഈ കുടിലവംശത്തിൽ നിന്ന് നിങ്ങൾ രക്ഷപെട്ടുകൊള്ളുവിൻ' എന്ന് അവൻ അവരെ ഉദ്ബോധിപ്പിക്കയും ചെയ്തു. അവരിൽ ചിലർ തയ്യാറായി അവന്റെ വചനം അംഗീകരിക്കുകയും വിശ്വസിച്ച് മാമൂദീസാ ഏല്ക്കുകയും ചെയ്തു. ആ ദിവസം മൂവായിരത്തോളം ആളുകൾ ചേർക്കപ്പെട്ടു. അവർ ശ്ലീഹന്മാരുടെ ഉപദേശം സദാ കേട്ടുകൊണ്ടും പ്രാർത്ഥനയിലും അപ്പംനുറുക്കലിലും ശ്രദ്ധയോടെ സംബന്ധിച്ചുകൊണ്ടും ഇരുന്നു. എല്ലാവർക്കും ഭയമായി. ശ്ലീഹന്മാർ മൂലം ഊർശ്ലേമിൽ ധാരാളം അടയാളങ്ങളും അദ്ഭുതങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു.

*(പ്രവൃത്തി 2:22-36)*

*മുകളിൽ കാണുക*

1 കൊറിന്ത്യർ 15:20-28

ഇപ്പോൾ മിശിഹാ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് നിദ്ര പ്രാപിച്ചവർക്ക് ആദ്യഫലമായിതീർന്നിരിക്കുന്നു. മനുഷ്യൻ മൂലം മരണം ഉണ്ടായതുപോലെതന്നെ മനുഷ്യൻ മൂലം മരിച്ചവർക്കു പുനരുത്ഥാനവുമുണ്ടാകുന്നു. ആദാം മൂലം സകല മനുഷ്യരും മരിക്കുന്നതുപോലെതന്നെ, മിശിഹാ മൂലം സകലരും ജീവിക്കുന്നു. അത് ഓരോരുവനും അവനവന്റെ മുറയനുസരിച്ചായിരിക്കും. മിശിഹാ ആദ്യഫലം. പിന്നീട് അവിടത്തെ പുനരാഗമനത്തിൽ മിശിഹായ്ക്കുള്ളവർ. അവിടന്ന് സകല വാഴ്ചകളും അധികാരങ്ങളും ശക്തികളും നശിപ്പിക്കയും രാജത്വം പിതാവായ ദൈവത്തിൽ സമർപ്പിക്കയും ചെയ്യുമ്പോൾ അവസാനം സംഭവിക്കും. എന്തെന്നാൽ സകല ശത്രുക്കളെയും തന്റെ പാദപീഠമാക്കുവോളം അവിടന്ന് വാഴേണ്ടിയിരിക്കുന്നു. ഒടുവിലത്തെ ശത്രുവായ മരണം നീങ്ങിപ്പോകും. സകലത്തെയും അവിടത്തെ പാദങ്ങൾക്കു കീഴിലാക്കി. സകലവും അവിടത്തേക്കു കീഴ്പ്പെടുന്നുവെന്ന് പറഞ്ഞാൽ, സകലവും അവിടത്തേക്കു കീഴ്പ്പെടുത്തി കൊടുത്തവൻ ഒഴികെ എന്ന് സ്പഷ്ടമാണ്. സകലവും തനിക്കു കീഴ്പ്പെട്ടതിനു ശേഷം, അവയെ തനിക്കു കീഴ്പ്പെടുത്തി തന്നവന് പുത്രൻ സ്വയം കീഴ്പ്പെടുന്നു. അത് ആ ദൈവം സർവ്വത്തിലും സർവ്വവും ആയിത്തീരേണ്ടതിനാകുന്നു.

*(1 കൊറിന്ത്യർ 15:1-19)*

*സഹോദരന്മാരേ! ഞാൻ അറിയിച്ചതും നിങ്ങൾ അംഗീകരിച്ചതും*

*ആശ്രയിച്ചതുമായ സുവിശേഷത്തെ അറിയിക്കുന്നു. നിങ്ങൾ വിശ്വ സിച്ചത് വെറുതെയല്ലെങ്കിൽ, ഏതുവചനത്താലാണ് ഞാനറിയിച്ച തെന്ന് നിങ്ങൾ ഓർക്കുന്ന പക്ഷം, അതുമൂലമായി നിങ്ങൾക്കു രക്ഷ ലഭിക്കും. ഞാൻ സ്വീകരിച്ചപ്രകാരം ഇതു നിങ്ങളെ ഭരമേല്പിച്ചിട്ടുണ്ട ല്ലോ. അതായത് മിശിഹാ തിരുവെഴുത്തിൻപ്രകാരം നമ്മുടെ പാപ ങ്ങൾക്കു വേണ്ടി മരിക്കയും, തിരുവെഴുത്തിൻ പ്രകാരം സംസ്കരിക്ക പ്പെട്ട് മൂന്നാം ദിവസം പുനരുത്ഥാനം ചെയ്കയും, കീപ്പായ്ക്കും പിന്നെ പന്ത്രണ്ടു പേർക്കും പ്രത്യക്ഷനാവുകയും ചെയ്തു. അനന്തരം അഞ്ഞൂ റിലധികം സഹോദരന്മാർക്ക് ഒരുമിച്ചു പ്രത്യക്ഷനായി. അവരിൽ പലരും ഇപ്പോഴും ഉണ്ട്. ചിലർ നിദ്രപ്രാപിച്ചുപോയി. അനന്തരം അവിടത്തെ യാക്കോബും പിന്നെ ശ്ലീഹന്മാരും കണ്ടു. എല്ലാവർക്കും ഒടുവിലായി അകാലപ്രജാതുല്യനായ എനിക്കും പ്രത്യക്ഷനായി. ഞാൻ ശ്ലീഹന്മാരിൽ നിസ്സാരനാകുന്നു. ദൈവസഭയെ ഞാൻ പീഡിപ്പിച്ചിട്ടുള്ളതുകൊണ്ട് ശ്ലീഹാ എന്ന് വിളിക്കപ്പെടുവാൻ യോഗ്യ നല്ല. ഞാൻ ഈ സ്ഥിതിയിൽ ഇരിക്കുന്നത് ദൈവകൃപയാലാകുന്നു. എന്നോടുള്ള അവിടത്തെ കൃപ വ്യർത്ഥമായി തീർന്നിട്ടില്ല. എന്തെ ന്നാൽ അവരെല്ലാവരെക്കാളുമധികം ഞാൻ അദ്ധ്വാനിച്ചു. അതു ഞാന ല്ല. എന്റെ കൂടെയുള്ള അവിടത്തെ കൃപയാകുന്നു. ആകയാൽ ഞാനാ കട്ടെ, അവരാകട്ടെ, ഞങ്ങൾ ഇപ്രകാരം പ്രസംഗിക്കുന്നു; ഇപ്രകാരം നിങ്ങൾ വിശ്വസിക്കയും ചെയ്തു. മിശിഹാ മരിച്ചവരുടെ ഇടയിൽ നിന്ന് ഉത്ഥാനം ചെയ്തുവെന്ന് പ്രസംഗിക്കപ്പെടുന്ന സ്ഥിതിക്ക് മരിച്ച വർക്കു പുനരുത്ഥാനം ഇല്ലെന്ന് പറയുന്ന ചിലർ നിങ്ങളിൽ ഉണ്ടായി രിക്കുന്നതെന്താണ്? മരിച്ചവർക്കു പുനരുത്ഥാനമില്ലെങ്കിൽ മിശിഹായും പുനരുത്ഥാനം ചെയ്തിട്ടില്ല. മിശിഹാ പുനരുത്ഥാനം ചെയ്തില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാകുന്നു. നിങ്ങളുടെ വിശ്വാസവും വ്യർത്ഥമാകുന്നു. ദൈവം മിശിഹായെ ഉദ്ധരിക്കാതിരിക്കേ ഉദ്ധ രിച്ചുവെന്ന് ഞങ്ങൾ സാക്ഷി പറഞ്ഞതുകൊണ്ട് ഞങ്ങൾ ദൈവത്തിന്റെ കള്ളസാക്ഷികളായി കാണപ്പെടുകയും ചെയ്യും. മരിച്ചവർ ഉത്ഥാനം ചെയ്കയില്ലെങ്കിൽ മിശിഹായും പുനരുത്ഥാനം ചെയ്തിട്ടില്ല. മിശിഹാ പുനരുത്ഥാനം ചെയ്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം പാഴാകുന്നു. ഇതുവരെയും നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ തന്നെ സ്ഥിതിചെയ്യു ന്നു. പക്ഷേ മിശിഹായിൽ (വിശ്വസിച്ചു) നിദ്ര പ്രാപിച്ചവർകൂടിയും നശിച്ചു പോയിരിക്കുമോ? നാം മിശിഹായിൽ പ്രത്യാശ വെച്ചിരിക്കു ന്നത് ഈ ആയുഷ്കാലത്തേക്കു മാത്രമാണെങ്കിൽ സകല മനുഷ്യരെ ക്കാളും നാം ദുർഭഗന്മാരാകുന്നു.*

## 83
## ഹേവോറെ തിങ്കൾ
## വി.കുർബ്ബാന

1 പത്രോസ് 2:18–25

**ദുഃഖവെള്ളിയാഴ്ച സ്ലീബാ വന്ദനം കാണുക.**

*(1 പത്രോസ് 5:1–8)*

*സഹകാശീശോയും, മിശിഹായുടെ കഷ്ടാനുഭവങ്ങൾക്കു സാക്ഷിയും പ്രത്യക്ഷപ്പെടുവാനിരിക്കുന്ന അവിടത്തെ മഹത്ത്വത്തിനു സംബന്ധിയുമായ ഞാൻ നിങ്ങളുടെ ഇടയിലുള്ള കാശീശന്മാരോട പേക്ഷിക്കുന്നു. നിങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ ആട്ടിൻപ റ്റത്തെ ആത്മികമായി പാലിക്കയും ഭരിക്കയും ചെയ്വിൻ. അത് നിർബ്ബന്ധ ത്തോടെയല്ല; മനഃപൂർവ്വമായിരിക്കണം. നീചലാഭങ്ങളെ കരുതാതെ, നിങ്ങളുടെ പൂർണ്ണമനസ്സോടുമായിരിക്കണം. ആട്ടിൻപറ്റത്തിന്റെ ഉട മസ്ഥന്മാരെപ്പോലെയാകാതെ അവർക്കു നല്ല മാതൃക നൽകുവാൻ തക്കവിധമായിരിക്കണം. എന്നാൽ പ്രധാന ഇടയൻ പ്രത്യക്ഷപ്പെടു മ്പോൾ തന്നിൽനിന്ന് അക്ഷയമായ മഹിമാകീരിടം നിങ്ങൾക്കു കിട്ടും. യുവാക്കളേ! നിങ്ങൾ കാശീശന്മാരെ (വൃദ്ധന്മാരെ) അനുസരിപ്പിൻ. അന്യോന്യം മാനസികവിനയത്തെ ശക്തിപൂർവ്വം ധരിക്കയും ചെയ്വിൻ! എന്തെന്നാൽ ദൈവം നിഗളികൾക്കു വിരോധിയും വിനീ തർക്കു കൃപ നല്കുന്നവനുമാകുന്നു. ആകയാൽ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ വേണ്ടി നിങ്ങൾ ദൈവത്തിന്റെ ശക്തിയുള്ള കൈക്കു കീഴിൽ വിനയപ്പെടുവിൻ. അവൻ നിങ്ങളെക്കുറിച്ച് ജാഗ്രത യോടെ ഇരിക്കുന്നതിനാൽ നിങ്ങളുടെ സർവ്വ ചിന്താകുലവും അവനിൽ സമർപ്പിക്കുവിൻ. നിങ്ങൾ ഉണർവ്വോടും ഓർമ്മയോടും കൂടി യിരിപ്പിൻ. എന്തെന്നാൽ നിങ്ങളുടെ ശത്രുവായ സാത്താൻ സിംഹ ത്തെപ്പോലെ അലറിക്കൊണ്ട് ആരെ പിടിച്ചുവിഴുങ്ങേണ്ടുവെന്ന് അന്വേ ഷിച്ചു നടക്കുന്നു.*

റോമർ 6:12–23

ആകയാൽ പാപം, നിങ്ങളുടെ മർത്ത്യശരീരത്തിൽ, അതിന്റെ മോഹ ങ്ങൾക്കു കീഴ്പ്പെടുമാറ് വാഴരുത്. നിങ്ങളുടെ അവയവങ്ങളെ, പാപ ത്തിന് അനീതിയുടെ ആയുധമായി ഒരുക്കരുത്. പിന്നെയോ മരിച്ചവ രിൽ നിന്ന് ജീവിച്ച ആളുകളെ പോലെ, ദൈവത്തിനു നിങ്ങളെത്തന്നെ ഒരുക്കുവിൻ. നിങ്ങളുടെ അവയവങ്ങൾ ദൈവനീതിക്ക് ആയുധമായി രിക്കണം. നിങ്ങൾ ന്യായപ്രമാണത്തിനു കീഴിലല്ല, കൃപയ്ക്കു കീഴി

ലാകയാൽ പാപം നിങ്ങളുടെ മേൽ അധികാരം വഹിക്കയില്ല. എന്നാലെന്ത്? നാം ന്യായപ്രമാണത്തിനു കീഴിലല്ല, കൃപയ്ക്കു കീഴിലാകയാൽ പാപം ചെയ്കയെന്നോ? ഒരുനാളുമരുത്. നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നെ ആർക്കായി ഒരുക്കുന്നുവോ, ആയവനെ അനുസരിക്കുന്ന ദാസന്മാരാണ് നിങ്ങളെന്ന് അറിയുന്നില്ലയോ. അതു പാപത്തിനായാലും ശരി, നീതിയുടെ അനുസരണത്തിനായാലും ശരി. എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാരായിരുന്നിട്ടും തങ്ങളിൽ സമർപ്പിതമായ ഉപദേശത്തിന്റെ മാതൃകയെ ഹൃദയപൂർവ്വമായി അനുസരിക്കയും, പാപത്തിൽ നിന്ന് മുക്തരായി നീതിക്കു കീഴ്പ്പെടുകയും ചെയ്തിരിക്കുന്നതിനാൽ ദൈവത്തിനു വന്ദനം. നിങ്ങളുടെ ശരീരത്തിന്റെ ബലഹീനത നിമിത്തം ഞാൻ മനുഷ്യരീതിയിൽ പറയുന്നു. അശുദ്ധിയുടെയും അനീതിയുടെയും അടിമത്തത്തിന് സ്വന്തം അവയവങ്ങളെ നിങ്ങൾ ഒരുക്കിയതുപോലെതന്നെ, ഇപ്പോൾ നീതിയുടെയും വിശുദ്ധിയുടെയും അടിമത്തത്തിനു സ്വന്തം അവയവങ്ങളെ ഒരുക്കുവിൻ. എന്തെന്നാൽ നിങ്ങൾ പാപത്തിനു ദാസന്മാരായിരുന്നപ്പോൾ നീതിക്ക് അധീനരായിരുന്നു. ഇന്നു നിങ്ങൾക്കു ലജ്ജ തോന്നുന്ന (ആ സംഗതി)കൊണ്ട് അന്ന് നിങ്ങൾക്ക് എന്തനുഭവമാണ് ഉണ്ടായിരുന്നത്? അതിന്റെ അവസാനം മരണമാണല്ലോ. ഇപ്പോൾ നിങ്ങൾ പാപത്തിൽ നിന്ന് വിമുക്തരായി ദൈവത്തിനു ദാസന്മാരായി തീർന്നിരിക്കുന്നു. അതിനാൽ നിങ്ങൾക്കു വിശുദ്ധാനുഭവങ്ങളുണ്ട്. അവയുടെ അവസാനം നിത്യജീവനാകുന്നു. പാപത്തിന്റെ ലാഭമാകട്ടെ മരണമാണ്. ദൈവത്തിന്റെ വരം നമ്മുടെ കർത്താവായ യേശുമിശിഹാ മൂലം നിത്യജീവനുമാകുന്നു.

## 84

## ഹേവോറെ ചൊവ്വ

## വി.കുർബ്ബാന

പ്രവൃത്തി 13:26-39

അല്ലയോ സഹോദരന്മാരേ! അബ്രഹാമിന്റെ വംശസന്താനങ്ങളേ! അവരോടു ചേർന്നുള്ള ദൈവഭക്തന്മാരേ! നിങ്ങൾക്കുതന്നെയാകുന്നു ജീവവചനം അയയ്ക്കപ്പെട്ടത്. എന്നാൽ ഊർശ്ലേംനിവാസികളും അവരുടെ പ്രധാനികളും (കൂടി) ആ വചനത്തെയും ശാബതു തോറും വായിക്കപ്പെട്ടിരുന്ന ദീർഘദർശനഗ്രന്ഥങ്ങളെയും (കുറിച്ച്) അറിയാതെ, അവിടത്തെ ശിക്ഷിക്കയും (അങ്ങനെ) എഴുതപ്പെട്ടിരുന്ന സകലവും നിവർത്തിക്കയും ചെയ്തു. വധാർഹമായ ഒരു കാരണവും

കാണാതിരിക്കേ (തന്നെ) അവിടത്തെ വധിക്കണമെന്ന് അവർ പീലാത്തോസിനോടപേക്ഷിച്ചു. എഴുപ്പെട്ടിരുന്നത് സർവ്വവും നിർവ്വഹിച്ചതിനു ശേഷം, അവർ അവിടത്തെ കുരിശിൽ നിന്നിറക്കി ഒരു കല്ലറയിൽ സംസ്കരിച്ചു. എന്നാൽ ദൈവം അവിടത്തെ മരിച്ചവരുടെ ഇടയിൽ നിന്നുദ്ധരിച്ചു. അവിടന്ന് ഗ്ലീലായിൽനിന്ന് തന്നോടു കൂടി ഊർശ്ലേമിലേക്കു പോന്നവർക്ക് വളരെ നാളേക്കു പ്രത്യക്ഷപ്പെട്ടു. അവരത്രേ ഇപ്പോൾ ജനങ്ങളുടെ മുമ്പിൽ അവിടത്തേക്കു സാക്ഷികളായിരിക്കുന്നത്. ദൈവം യേശുവിനെ ഉദ്ധരിച്ചതിനാൽ (അങ്ങനെ) അവിടന്നു നമ്മുടെ പിതാക്കന്മാരോടു ചെയ്തിരുന്ന വാഗ്ദത്തത്തെ, അവരുടെ മക്കളായ നമുക്കായി നിവർത്തിച്ചുവെന്ന് ഞങ്ങളും ഇതാ നിങ്ങളോടറിയിക്കുന്നു. 'നീ എന്റെ പുത്രനാകുന്നു. ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചു' എന്നിങ്ങിനെ രണ്ടാം സങ്കീർത്തനത്തിൽ എഴുതപ്പെട്ടിട്ടുമുണ്ടല്ലോ. 'ദാവീദിലുള്ള വിശ്വാസമായ കൃപ ഞാൻ നിങ്ങളിലും പതിപ്പിക്കു'മെന്ന് പറഞ്ഞിട്ടുള്ളതിൻപ്രകാരം വീണ്ടും നാശമനുഭവിക്കാതിരിപ്പാൻ അവിടത്തെ ഇപ്രകാരം ദൈവം മരിച്ചവരുടെ ഇടയിൽ നിന്ന് ഉദ്ധരിച്ചു. 'സ്വന്തം പുണ്യവാനെ നാശം കാണ്മാൻ അങ്ങ് സമ്മതിച്ചിട്ടില്ല' എന്ന് വേറൊരിടത്തും പറഞ്ഞിട്ടുണ്ട്. ദാവീദ് തന്റെ വംശത്തിൽ ദൈവഹിതമനുഷ്ഠിച്ച് നിദ്രപ്രാപിച്ചു. അവൻ പിതാക്കന്മാരോടു കൂടി ചേർക്കപ്പെട്ട് നാശം പ്രാപിക്കയും ചെയ്തു. ദൈവത്താൽ ഉദ്ധരിക്കപ്പെട്ടവനോ നാശം പ്രാപിച്ചില്ല. ആകയാൽ സഹോദരന്മാരേ! അവിടന്നു മൂലമായിത്തന്നെ നിങ്ങൾക്കു വേണ്ടി പാപമോചനം പ്രസംഗിക്കപ്പെടുന്നുവെന്നും അവിടന്നിൽ വിശ്വസിക്കുന്നവരെല്ലാം താൻ മൂലം (തന്നെ) മൂശയുടെ ന്യായപ്രമാണത്താൽ നീതികരിക്കപ്പെടുവാൻ സാധിക്കാതിരുന്ന സകലത്തിൽ നിന്നും നീതീകരിക്കപ്പെടുന്നുവെന്നും അറിഞ്ഞുകൊൾവിൻ.

### എഫേസ്യർ 6:10-24

*ഇനിയും എന്റെ സഹോദരന്മാരേ! നമ്മുടെ കർത്താവിനാലും അവിടത്തെ മഹാബലത്താലും നിങ്ങൾ ശക്തി പ്രാപിപ്പിൻ. ആകെൽക്കറുസ്സായുടെ തന്ത്രങ്ങളെ എതിർത്തുനില്പാൻ പ്രാപ്തരാകേണ്ടതിന് സകല ദൈവികായുധങ്ങളെയും ധരിച്ചുകൊൾവിൻ. എന്തെന്നാൽ നിങ്ങളുടെ പോരാട്ടം മാംസത്തോടോ രക്തത്തോടോ അല്ല. അർക്കോസന്മാരോടും ശാലീത്തോനന്മാരോടും അന്ധകാരമയമായ ഇഹലോകത്തിലെ അധിപന്മാരോടും ആകാശത്തിൻകീഴുള്ള ദുരാത്മാക്കളോടും ആകുന്നു. അതുകൊണ്ട് ദുഷ്ടനോട് എതിർത്തുനില്പാൻ പ്രാപ്തരാകേണ്ടതിനും സർവ്വഥാ ഒരുങ്ങിനില്ക്കേണ്ടതിനുമായി സകല ദൈവി*

*കായുധങ്ങളും ധരിച്ചുകൊൾവിൻ. നിങ്ങൾ എഴുന്നേൽക്കുവിൻ. സത്യം കൊണ്ട് അര മുറുക്കുവിൻ. നീതിയാകുന്ന പടച്ചട്ട ധരിപ്പിൻ. സമാധാനപരമായ ഏവൻഗേലിയോനു വേണ്ടിയുള്ള ഒരുക്കത്തെ നിങ്ങൾ കാലുകൾക്കു ചെരിപ്പാക്കുവിൻ. ദുഷ്ടന്റെ ആഗ്നേയാസ്ത്രങ്ങളെയെല്ലാം കെടുത്തുവാൻ പ്രാപ്തരാകേണ്ടതിന് ഇവയ്ക്കു പുറമേ വിശ്വാസമാകുന്ന പരിച നിങ്ങൾ എടുക്കുവിൻ. രക്ഷയാകുന്ന പടത്തൊപ്പി ധരിക്കയും ദൈവവചനമാകുന്ന ആത്മിയവാൾ പിടിക്കയും ചെയ്‌വിൻ. സകല പ്രാർത്ഥനകളാലും സകല അപേക്ഷകളാലും സദാ ആത്മനാ പ്രാർത്ഥിപ്പിൻ. സകല വിശുദ്ധന്മാർക്കും വേണ്ടി ഇടവിടാതെ പ്രാർത്ഥിക്കയും അപേക്ഷിക്കയും ചെയ്തുകൊണ്ട് എല്ലാ നേരവും പ്രാർത്ഥനയിൽതന്നെ ജാഗരിക്കുവിൻ. ഞാൻ ശ്രംഖലാബന്ധത്തോടുകൂടി ഏതൊന്നിന്റെ സ്ഥാനാപതിയായിരിക്കുന്നുവോ, ആ സുവിശേഷമർമ്മത്തെ പരസ്യമായി ഉദ്ഘോഷിക്കുവാനും, ഞാൻ സംസാരിക്കേണ്ടുംവിധം സധൈര്യം സംസാരിപ്പാനും തക്കവിധം, വായ് തുറക്കുമ്പോൾ എനിക്കു വചനം ലഭിക്കുവാൻ, എനിക്കു വേണ്ടിയും പ്രാർത്ഥിപ്പിൻ.* എന്റെ വസ്തുതയും പ്രവൃത്തിയും, വത്സലസഹോദരനും കർത്താവിന്റെ വിശ്വസ്തശുശ്രൂഷകനുമായ തൂക്കീക്കോസ് വേണ്ടുംവിധം നിങ്ങളെ അറിയിക്കും. എന്റെ വസ്തുത നിങ്ങൾ അറിവാനും നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിക്കുവാനും തന്നെയാകുന്നു നിങ്ങളുടെ അടുക്കലേക്ക് ഞാൻ ഇവനെ അയയ്ക്കുന്നത്. പിതാവായ ദൈവത്തിൽ നിന്നും നമ്മുടെ കർത്താവായ യേശുമിശിഹായിൽ നിന്നും സഹോദരന്മാർക്കു സമാധാനവും വിശ്വാസപൂർവ്വമായ സ്നേഹവും ഉണ്ടാകട്ടെ. നമ്മുടെ കർത്താവായ യേശുമിശിഹായെ അക്ഷയമായി സ്നേഹിക്കുന്ന എല്ലാവരിലും കൃപ ഉണ്ടാകുമാറാകട്ടെ. ആമ്മീൻ.

*(എഫേസ്യർ 6:10-20)*

*മുകളിൽ നോക്കുക*

## 85

## ഹേവോറെ ബുധൻ
## വി.കുർബ്ബാന

പ്രവൃത്തി 4:8-21

അപ്പോൾ ശെമവൂൻകീപ്പാ, പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞ് അവരോട് ഇപ്രകാരം പറഞ്ഞു: 'ജനങ്ങളുടെ പ്രമാണികളും ഇസ്രായേല്ക്കാരുടെ കാശീശന്മാരുമായുള്ളവരേ! കേട്ടുകൊൾവിൻ! രോഗിയായ ഒരു മനുഷ്യനുണ്ടായിട്ടുള്ള ഗുണത്തെക്കുറിച്ച് അവൻ എന്തിനാൽ സുഖ

പ്പെട്ടു എന്ന് നിങ്ങൾ ഇന്നു ഞങ്ങളെ വിസ്തരിക്കുന്നുവെങ്കിൽ നിങ്ങൾ കുരിശിച്ചവനും മരിച്ചവരുടെ ഇടയിൽ നിന്ന് ദൈവം ഉയിർപ്പിച്ചവനുമായ നൊസ്രാതുകാരൻ യേശുമിശിഹായുടെ നാമത്തിൽതന്നെ ഇതാ, ഇവൻ സ്വസ്ഥനായി നിങ്ങളുടെ മുമ്പിൽ നിൽക്കുന്നുവെന്നുള്ളത് നിങ്ങൾക്കും ഇസ്രായേൽജനങ്ങളെല്ലാവർക്കും അറിവായിരിക്കട്ടെ. പണിക്കാരായ നിങ്ങൾ ഉപേക്ഷിക്കുകയും, മൂലാധാരമായി തീരുകയും ചെയ്ത 'കല്ല്' അവിടന്നാകുന്നു. രക്ഷയ്ക്കു യോഗ്യമായി ആകാശത്തിൻകീഴിൽ വേറൊരു നാമം മനുഷ്യർക്കു നല്കപ്പെട്ടിട്ടില്ലാത്തതിനാൽ വേറൊരുവനിലും രക്ഷയില്ല.' ശെമവൂനും യോഹന്നാനും പരസ്യമായി പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ, ഇവർ പുസ്തകപരിചയമില്ലാത്തവരും, ഭോഷന്മാരുമായിരുന്നു എന്നറിഞ്ഞ് അവർ വിസ്മയിച്ച് ഇവർ യേശുവിനോടുകൂടി സഞ്ചരിച്ചിരുന്നുവെന്ന് മനസ്സിലാക്കി. എന്നാൽ സ്വസ്ഥത ലഭിച്ചവനായ ആ മുടന്തൻ, അവരോടുകൂടെ നിൽക്കുന്നതു കണ്ടിട്ട് വിരോധമായി ഒന്നും പറവാൻ ഇവർക്കു കഴിഞ്ഞുമില്ല. അപ്പോൾ ഇവർ, അവരെ തങ്ങളുടെ സംഘത്തിൽ നിന്ന് പുറത്താക്കുവാൻ കല്പിച്ചിട്ട് അന്യോന്യം 'ഈ മനുഷ്യരോട് നാം എന്തു ചെയ്യേണ്ടൂ? ഇതാ, ഇവർ മുഖാന്തരമുള്ള പരസ്യമായ അത്ഭുതം ഊർശ്ലേംനിവാസികളെല്ലാം അറിഞ്ഞുപോയി. ഇല്ലെന്നു പറവാൻ നമുക്കു കഴികയില്ല; എങ്കിലും ഈ വർത്തമാനം ജനങ്ങളിൽ അധികം പരക്കാതിരിപ്പാൻ, ഇനി ഈ നാമത്തിൽ മനുഷ്യരിലൊരുവനോടും, അവർ സംസാരിക്കരുതെന്ന് നമുക്ക് അവരെ ശാസിക്കാം' എന്ന് പറഞ്ഞു. പിന്നെ ഇവർ അവരെ വിളിച്ച് യേശുവിന്റെ നാമത്തിൽ ഒട്ടും സംസാരിക്കയും, ഉപദേശിക്കയും അരുതെന്ന് കല്പിച്ചു. (അപ്പോൾ) ശെമവൂൻകീപ്പായും യോഹന്നാനും അവരോട് 'ഞങ്ങൾ ദൈവത്തെക്കാളധികം നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ നീതിയോ എന്ന് വിധിപ്പിൻ. ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തിട്ടുള്ളതു പറയാതിരിപ്പാൻ ഞങ്ങൾക്കു നിവൃത്തിയില്ല' എന്ന് പറഞ്ഞു. സംഭവിച്ച സംഗതിയെക്കുറിച്ച് ജനങ്ങളെല്ലാവരും ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നതിനാൽ ഇവർ ശിക്ഷിപ്പാൻ വഴി കാണാതെ അവരെ ശാസിച്ചു വിട്ടയച്ചു.

### എബ്രായർ 3:1-13

സ്വർഗ്ഗീയവിളിയാൽ വിളിക്കപ്പെട്ട വിശുദ്ധ സഹോദരന്മാരേ! നമ്മുടെ വിശ്വാസത്തിന്റെ ശ്ലീഹായും നമ്മുടെ മതത്തിന്റെ മഹാപുരോഹിതനുമായ യേശുമിശിഹായെ നോക്കാം. മൂശ സ്വഭവനത്തിൽ സർവ്വത്ര വിശ്വാസ്യനായിരുന്നതുപോലെ (യേശുവും) തന്നെ നിയോഗിച്ച

വനോട് വിശ്വാസ്യനായിരുന്നു. ഭവനനിർമ്മാതാവിന്റെ മഹിമ നിർമ്മിതമായതിനെക്കാൾ കൂടുതലായിരിക്കുന്നതുപോലെതന്നെ (യേശു) വിന്റെ പ്രഭാവം മൂശയുടെ പ്രഭാവത്തെക്കാൾ മഹത്തായിരിക്കുന്നു. ഏതു ഭവനവും മനുഷ്യനാലാണ് നിർമ്മിക്കപ്പെടുന്നത്. എന്നാൽ സകലവും നിർമ്മിക്കുന്നവൻ ദൈവമാകുന്നു. താൻ പറയേണ്ടിയിരുന്നവയുടെ സാക്ഷ്യത്തിനായി, ഭവനം മുഴുവനിലും ദാസനെപ്പോലെ മൂശ വിശ്വസ്തനായിരുന്നു. മിശിഹായോ സ്വഭവനത്തിൽ പുത്രതുല്യനാകുന്നു. മുഖപ്രസാദവും അവിടന്നിലുള്ള പ്രത്യാശാഭിമാനവും അവസാനത്തോളം ദൃഢമായി പിടിച്ചാൽ നമുക്ക് അവിടത്തെ ഭവനമായിത്തീരാം. പരിശുദ്ധാത്മാവ് ഇപ്രകാരം പറഞ്ഞിട്ടുണ്ട്: 'ഇന്നു നിങ്ങൾക്ക് അവന്റെ ശബ്ദം കേൾക്കാമെങ്കിൽ, മുറുമുറുക്കുന്നവരെപ്പോലെയും വനത്തിൽ വച്ചുണ്ടായ പരീക്ഷാദിവസം പോലെയും, അവന് ക്രോധമുണ്ടാകുവാൻ തക്കവിധം സ്വഹൃദയത്തെ കഠിനമാക്കരുത്. (അവിടെ വച്ച്) നിങ്ങളുടെ പിതാക്കന്മാർ എന്നെ പരീക്ഷിക്കയും നാല്പതു സംവത്സരക്കാലം എന്റെ പ്രവൃത്തികളെ പരിശോധിച്ചുനോക്കുകയും ചെയ്തു. അതുകൊണ്ട് എനിക്ക് ആ തലമുറയോടു നീരസമുണ്ടായി. ഈ ജനങ്ങൾ ചഞ്ചലഹൃദയന്മാരാകുന്നുവെന്നും ഇവർ എന്റെ മാർഗ്ഗങ്ങളെ അറിഞ്ഞിട്ടില്ലെന്നും ഞാൻ പറഞ്ഞു. ഇവർ എന്റെ വിശ്രമസ്ഥാനത്തു പ്രവേശിക്കയില്ലെന്ന് ക്രോധപൂർവ്വം ഞാൻ ശപഥവും ചെയ്തു.' ആകയാൽ എന്റെ സഹോദരന്മാരേ! നിങ്ങളിൽ ഒരുവന്റെയും ഹൃദയം വിശ്വാസവിഹീനമായി ദുഷ്ടമായി തീർന്നിട്ട് നിങ്ങൾ ജീവനുള്ള ദൈവത്തിൽ നിന്ന് അകന്നുപോകാതെ സൂക്ഷിച്ചുകൊൾവിൻ. നിങ്ങളിലൊരുവനും പാപത്തിന്റെ വഞ്ചനയാൽ കഠിനപ്പെടാതിരിപ്പാൻ വേണ്ടി ഇന്ന് എന്ന് പറയപ്പെടുന്ന ദിവസം (ഉള്ള കാല)മത്രയും നിത്യവും പരസ്പരം പ്രബോധിപ്പിച്ചുകൊൾവിൻ.

**86**

## ഹേവോറെ വ്യാഴം

## വി.കുർബ്ബാന

1 യോഹന്നാൻ 4:19-5:15

ആകയാൽ ദൈവം ആദ്യം നമ്മെ സ്നേഹിച്ചതിനാൽ നാമും തന്നെ സ്നേഹിക്കണം. ഒരുവൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് പറകയും തന്റെ സഹോദരനെ ദ്വേഷിക്കയും ചെയ്താൽ അവൻ കള്ളനാകുന്നു. എന്തെന്നാൽ ദൃശ്യനായ സഹോദരനെ സ്നേഹിക്കാത്തവന് അദൃശ്യനായ ദൈവത്തെ സ്നേഹിപ്പാൻ എങ്ങനെ കഴിയും? ദൈവത്തെ

സ്നേഹിക്കുന്ന ഏവനും സ്വന്തസഹോദരനെയും സ്നേഹിക്കണമെന്നുള്ള ഈ കല്പന നാം അവിടന്നിൽനിന്ന് സ്വീകരിച്ചിരിക്കുന്നു.

യേശു, മിശിഹായാകുന്നുവെന്ന് വിശ്വസിക്കുന്ന ഏവനും ദൈവജാതനാകുന്നു. ജനകനെ സ്നേഹിക്കുന്ന ഏവനും, അവിടന്നിൽ നിന്ന് ജാതനായവനെയും സ്നേഹിക്കുന്നു. നാം ദൈവത്തെ സ്നേഹിക്കയും അവിടത്തെ കല്പനകളെ ആചരിക്കയും ചെയ്യുമ്പോൾ, ദൈവസന്താനങ്ങളെയും സ്നേഹിക്കുന്നുവെന്ന് നമുക്കറിയാം. നാം അവിടത്തെ കല്പനകളെ ആചരിക്കുന്നതാണ് ദൈവത്തോടുള്ള സ്നേഹം. അവിടത്തെ കല്പനകൾ ഭാരമേറിയവയല്ല. ദൈവജാതനായ ഏവനും ലോകത്തെ ജയിക്കുന്നു. ലോകവിജയിയായ ജയം നമ്മുടെ വിശ്വാസമാകുന്നു. യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നവനല്ലാതെ മറ്റാരാണ് ലോകത്തെ ജയിക്കുന്നത്? ആ യേശുമിശിഹാ വെള്ളത്താലും രക്തത്താലും (ആത്മാവിനാലും) എഴുന്നള്ളിയവനാണ്. വെള്ളത്താൽ മാത്രമല്ല, വെള്ളത്താലും രക്തത്താലും ആത്മാവിനാലും ആകുന്നു. ആത്മാവു സത്യമാകുന്നു. അതു തന്നെ സാക്ഷ്യം നൽകുന്നു. (സ്വർഗ്ഗത്തിൽ സാക്ഷികൾ മൂന്നുണ്ട്. പിതാവും വചനവും വിശുദ്ധാത്മാവും. അവ മൂന്നും ഒന്നാകുന്നു.) ഭൂമിയിൽ സാക്ഷികൾ മൂന്നുണ്ട്. ആത്മാവും വെള്ളവും രക്തവും. അവ മൂന്നും ഏകമായിരിക്കുന്നു. നാം മനുഷ്യസാക്ഷ്യം സ്വീകരിക്കുന്നെങ്കിൽ മഹത്തായ ദൈവസാക്ഷ്യം എത്രയോ അധികമായി സ്വീകരിക്കേണ്ടതാകുന്നു. ദൈവസാക്ഷ്യം അവിടന്ന് സ്വപുത്രനെക്കുറിച്ച് സാക്ഷീകരിച്ചിട്ടുള്ളതുതന്നെയാകുന്നു. ദൈവത്തിന്റെ പുത്രനെ വിശ്വസിക്കുന്ന ഏവന്റെയും ഉള്ളിൽ ഈ സാക്ഷ്യം ഉണ്ട്. ദൈവത്തെ വിശ്വസിക്കാത്ത ഏവനെയും ദൈവം സ്വപുത്രനെക്കുറിച്ച് സാക്ഷിച്ചിട്ടുള്ള സാക്ഷ്യത്തെ വിശ്വസിക്കായ്കയാൽ കള്ളനാക്കി തീർത്തിരിക്കുന്നു. ആ സാക്ഷ്യം, ദൈവം നമുക്കു നിത്യജീവൻ നല്കി; ആ ജീവൻ അവിടന്റെ പുത്രനിൽ സ്ഥിതിചെയ്യുന്നുവെന്നുള്ളതാകുന്നു. പുത്രനെ സ്വീകരിച്ചിരിക്കുന്ന ഏവനും ജീവനെയും സ്വീകരിച്ചരിക്കുന്നു. ദൈവപുത്രനെ സ്വീകരിച്ചിട്ടില്ലാത്ത ഒരുവനും ജീവനില്ല.

ദൈവുപുത്രന്റെ നാമം വിശ്വസിച്ചവരായ നിങ്ങൾക്ക് നിത്യജീവൻ ഉണ്ടെന്നറിവാൻ ഞാൻ ഇത് എഴുതിയതാണ്. അവിടത്തെ സന്നിധിയിൽ ഈ ധൈര്യം നമുക്കുണ്ട്. അവിടത്തെ ഇഷ്ടാനുസരണമുള്ള സർവ്വ യാചനയും അവിടന്നു കേൾക്കുന്നു. നാം അവിടത്തോട് എന്തെങ്കിലും യാചിച്ചാൽ താൻ നമ്മെ കേൾക്കുമെന്ന് നമുക്കു ബോദ്ധ്യമുണ്ടെങ്കിൽ, നാം ചെയ്തിട്ടുള്ള അപേക്ഷകൾ നേരത്തെ തന്നെ ഫലി

ച്ചിട്ടുണ്ട് എന്ന് നമുക്കാശിക്കാം.

*(1 യോഹന്നാൻ 5:13-21)*

*ദൈവപുത്രന്റെ നാമം വിശ്വസിച്ചവരായ നിങ്ങൾക്ക് നിത്യജീവൻ ഉണ്ടെന്നറിവാൻ ഞാൻ ഇത് എഴുതിയതാണ്. അവിടത്തെ സന്നിധിയിൽ ഈ ധൈര്യം നമുക്കുണ്ട്. അവിടത്തെ ഇഷ്ടാനുസരണമുള്ള സർവ്വ യാചനയും അവിടന്നു കേൾക്കുന്നു. നാം അവിടത്തോട് എന്തെങ്കിലും യാചിച്ചാൽ താൻ നമ്മെ കേൾക്കുമെന്ന് നമുക്കു ബോദ്ധ്യമുണ്ടെങ്കിൽ, നാം ചെയ്തിട്ടുള്ള അപേക്ഷകൾ നേരത്തെ തന്നെ ഫലിച്ചിട്ടുണ്ട് എന്ന് നമുക്കാശിക്കാം.*

*സ്വസഹോദരൻ മരണാർഹമല്ലാത്ത പാപം ചെയ്യുന്നതായി കണ്ടാൽ (അവനു വേണ്ടി) ഒരുവന് അപേക്ഷിക്കാം. മരണാർഹമായ പാപം ചെയ്യാത്തവർക്ക് രക്ഷ ലഭിക്കും. മരണാർഹമായ പാപമുണ്ട്. അതിനു വേണ്ടി ഒരുവനും അപേക്ഷിക്കാൻ ഞാൻ പറയുന്നില്ല. സകല അനീതിയും പാപമാകുന്നു. മരണാർഹമല്ലാത്ത പാപമുണ്ട്. ദൈവജാതനായ ഒരുവനും പാപം ചെയ്യുന്നില്ലെന്ന് നാം അറിയുന്നു. എന്തെന്നാൽ ദൈവജാതൻ സ്വയം കാക്കുന്നു. ദുഷ്ടൻ അവനെ സമീപിക്കുന്നില്ല. നാം ദൈവസംബന്ധികളാണെന്നും ലോകമാസകലം ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നുവെന്നും നാം അറിയുന്നു. ദൈവപുത്രൻ വന്നുവെന്നും, സത്യദൈവത്തെ അറിവാനും അവിടത്തെ പുത്രനായ യേശുമിശിഹായെന്ന സത്യവാനിൽ സ്ഥിതിചെയ്‌വാനും അവിടന്ന് നമുക്കു ബോധം നല്കിയെന്നും, നാം അറിയുന്നു. അവിടന്ന് സത്യദൈവവും നിത്യജീവനുമാകുന്നു. എന്റെ മക്കളേ! വിഗ്രഹാരാധനയിൽ നിന്ന് സ്വയം സൂക്ഷിച്ചുകൊൾവിൻ.*

എബ്രായർ 11:3-6

ദൈവവചനത്താൽ ലോകങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്നും ദൃശ്യമായവ അദൃശ്യമായവയിൽ നിന്ന് ഉണ്ടായിയെന്നും നാം തിരിച്ചറിയുന്നത് വിശ്വാസത്താലാണ്. വിശ്വാസത്താൽ ഹാബേൽ കായേന്റേതിനെക്കാൾ ശ്രേഷ്ഠമായ ബലി ദൈവത്തിനു കഴിച്ചു. അതു നിമിത്തം അവൻ നീതിമാനാണെന്ന് അവനെക്കുറിച്ചു സാക്ഷ്യമുണ്ടായി. ദൈവം അവന്റെ കാഴ്ചയെകുറിച്ചു സാക്ഷ്യം നൽകുകയും ചെയ്തു. അവൻ മരിച്ചിട്ടും ഇപ്പോഴും സംസാരിക്കുന്നു. വിശ്വാസം മൂലം ഹനൂഖ് എടുക്കപ്പെട്ടു. അവൻ മരണം അനുഭവിച്ചില്ല. ദൈവം അവനെ എടുത്തതിനാൽ കാണാതെയായി. എടുക്കപ്പെടുന്നതിനു മുമ്പ് അവൻ ദൈവത്തെ പ്രസാദിപ്പിച്ചുവെന്ന് അവനെക്കുറിച്ച് സാക്ഷ്യമുണ്ടായി. വിശ്വാസം കൂടാതെ

ഒരുവനും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല. ദൈവത്തെ സമീപിക്കുന്നവൻ (ദൈവം) ഉണ്ടെന്നും അവിടന്ന് തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നവനാണെന്നും വിശ്വസിക്കേണ്ടതാകുന്നു.

## 87

## ഹേവോറെ വെള്ളി

## വി.കുർബ്ബാന

1 പത്രോസ് 3:17-22

### പെസഹാവ്യാഴാഴ്ച കാൽകഴുകൽശുശ്രൂഷയുടെ വായന

എബ്രായർ 11:32-40

ഇനി ഞാൻ എന്തു പറയേണ്ടൂ? ഗദ്വൂൻ, ബോറോഖ്, ശെംശൂൻ, നപ്താഹ്, ദാവീദ്, ശ്മൂയേൽ എന്നിവരെക്കുറിച്ചും ശേഷം ദീർഘദർശിമാരെക്കുറിച്ചും വിവരിപ്പാൻ എനിക്കു സമയം പോരാ. അവർ വിശ്വാസത്താൽ രാജ്യങ്ങളെ ജയിച്ചു; നീതി പ്രവർത്തിച്ചു; വാഗ്ദത്തങ്ങൾ പ്രാപിച്ചു; സിംഹങ്ങളുടെ വായ് അടച്ചു; അഗ്നിയുടെ ശക്തി കെടുത്തി; വാളിന്റെ വായ്ത്തലയിൽ നിന്ന് രക്ഷ പ്രാപിച്ചു; ബലഹീനതകളിൽ ശക്തി പ്രാപിച്ചു; യുദ്ധത്തിൽ ബലവാന്മാരായി തീർന്നു; ശത്രുക്കളുടെ പാളയങ്ങളെ തകർത്തു. സ്ത്രീകൾക്ക് അവരുടെ മക്കളെ ഉദ്ധരിച്ചു കൊടുത്തു. മറ്റു ചിലർ പീഡയേറ്റു മരിച്ചു. തങ്ങൾക്കു ശ്രേഷ്ഠമായ പുനരുത്ഥാനമുണ്ടാകുമെന്നുള്ളതുകൊണ്ട് അതിൽ നിന്ന് രക്ഷപ്പെടുവാൻ അവർ ആഗ്രഹിച്ചില്ല. ചിലർ പരിഹാസങ്ങളിലും ചമ്മട്ടികൊണ്ടുള്ള പ്രഹരങ്ങളിലും ഉൾപ്പെട്ടു. ചിലർ ബന്ധനങ്ങളിലും തടവുകളിലും സമർപ്പിതരായി. ചിലർ കല്ലേറുകൊണ്ടു. ചിലർ അറക്കവാളിനാൽ അറക്കപ്പെട്ടു. ചിലർ വാളിന്റെ വായ്ത്തലയേറ്റു മരിച്ചു, ചിലർ ആട്ടിൻകുട്ടികളുടെയും കോലാടുകളുടെയും തോലുകൾ ധരിച്ചും ക്ലേശിച്ചും ഞെരുങ്ങിയും എരിഞ്ഞും ചുറ്റി സഞ്ചരിച്ചു. (ഇവരെ സ്വീകരിപ്പാൻ) ലോകത്തിനു യോഗ്യതയില്ലായിരുന്നു. അവർ വനത്തിലും പർവ്വതത്തിലും ഗുഹകളിലും ഭൂമിയിലെ വിള്ളലുകളിലും ഉഴന്നുകൊണ്ടിരുന്നു. വിശ്വാസത്താൽ സാക്ഷ്യം ലഭിച്ച ഇവരാരും വാഗ്ദത്ത(ഫലം) പ്രാപിച്ചില്ല. അതു നമ്മെ കൂടാതെ അവർ പരിപൂർണ്ണരാകാതിരിപ്പാൻ, ദൈവം നമ്മുടെ സഹായത്തിന് മുൻകൂട്ടി കടാക്ഷിച്ചതുകൊണ്ടാണ്.

## 88
## ഹേവോറെ ശനി
## വി.കുർബ്ബാന

പ്രവൃത്തി 26:19–25

അതുകൊണ്ട് അഗ്രീപ്പാരാജാവേ! ഞാൻ ആ സ്വർഗ്ഗീയദർശനത്തിനെതിരായി തർക്കിച്ചു നില്ക്കാതെ, ആദ്യമായി ദർമ്മസൂക്കിലുള്ളവരോടും ഊർശ്ലേമിലും യീഹൂദിലെ എല്ലാ നഗരങ്ങളിലുമുള്ളവരോടും പിന്നെ പുറജാതികളോടും 'നിങ്ങൾ അനുതപിച്ചു ദൈവത്തിങ്കലേക്കു തിരിയണ'മെന്നും 'അനുതാപത്തിനു യുക്തമായ പ്രവൃത്തികൾ ചെയ്യണ'മെന്നും ഞാൻ പ്രസംഗിച്ചു. ഇതു നിമിത്തമാണ് യീഹൂദന്മാർ ദേവാലയത്തിൽ വച്ച് എന്നെ പിടിക്കയും വധിക്കുവാൻ ആഗ്രഹിക്കയും ചെയ്തത്. എന്നാൽ ദൈവം ഇന്നുവരെ എന്നെ സഹായിച്ചു. ഇതാ, ഞാൻ നിന്ന് ചെറിയവർക്കും വലിയവർക്കും സാക്ഷ്യം നൽകുന്നു. മിശിഹാ കഷ്ടതയനുഭവിക്കുമെന്നും, അവിടന്നു മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനത്തിന്റെ ആദിഫലമായിരിക്കുമെന്നും അവിടന്ന് സ്വജനങ്ങളോടും പുറജാതികളോടും പ്രകാശത്തെ പ്രസംഗിക്കുമെന്നും, (ഇങ്ങനെ) സംഭവിക്കേണ്ടതായി മൂശയാലും ദീർഘദർശിമാരാലും പറയപ്പെട്ടിട്ടുള്ളവയല്ലാതെ മറ്റൊന്നും ഞാൻ പറയുന്നില്ല.'

പൌലോസ് ഇങ്ങനെ പ്രതിവാദിച്ചപ്പോൾ പെസ്തോസ്: 'പൌലേ! നിനക്കു ഭ്രാന്തുണ്ട്. അധികവിദ്യ നിന്നെ ഭ്രാന്തനാക്കിയിരിക്കുന്നു' എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അപ്പോൾ പൌലോസ്: 'ശ്രേഷ്ഠനായ പെസ്തോസേ! എനിക്കു ഭ്രാന്തില്ല. സത്യവും സുബോധമുള്ളതുമായ വാക്കുകളത്രേ ഞാൻ പറയുന്നത് (എന്നു പറഞ്ഞു).

ഫിലിപ്യർ 2:1–11

മിശിഹായിൽ നിന്ന് ആശ്വാസനവും സ്നേഹത്തിൽ നിന്ന് സാന്ത്വനവും ആത്മാവിനോടു സംബന്ധവും അനുകമ്പയും കരുണയും നിങ്ങൾക്കുണ്ടെങ്കിൽ, ഏകാഭിപ്രായവും ഏകമായ സ്നേഹവും ഏകമനസ്സും ഏകവിചാരവും ഉള്ളവരായി തീർന്നിട്ട് എന്റെ സന്തോഷത്തെ പൂർണ്ണമാക്കുവിൻ. തർക്കത്താലോ ദുരഭിമാനത്താലോ നിങ്ങൾ ഒന്നും പ്രവർത്തിക്കാതെ, വിനീതഹൃദയത്തോടുകൂടി ഓരോരുത്തരും അവനവന്റെ സഖാവിനെ അവനവനെക്കാൾ വിശിഷ്ടനായി ഗണിക്കണം. ഓരോരുവനും സ്വന്തം കാര്യം മാത്രം പോരാ, സഖാവിന്റെ കാര്യം കൂടി നോക്കണം. യേശുമിശിഹായുടെ കാര്യം കൂടി നിങ്ങൾ

ഉള്ളിൽ വിചാരിപ്പിൻ. അവിടന്ന് ദൈവസദൃശനായിരിക്കെത്തന്നെ ആ ദൈവസാദൃശ്യത്തെ കാര്യമായി ഗണിക്കാതെ, സ്വയം നിസ്സാരനാക്കി, ദാസവേഷമെടുക്കുകയും മനുഷ്യസദൃശനായി തീരുകയും മനുഷ്യാ കൃതിയായി കാണപ്പെടുകയും, സ്വയം താഴുകയും മരണത്തോളം, കുരിശുമരണത്തോളം, അനുസരണം കാണിക്കയും ചെയ്തു. അതുകൊണ്ട് ആകാശത്തിലും ഭൂമിയിലും ഭൂമിക്കടിയിലും ഉള്ള സകല മുഴങ്കാലുകളും യേശുവിന്റെ നാമത്തെ വണങ്ങുകയും, ആ മിശിഹാ, കർത്താവാകുന്നുവെന്ന് പിതാവായ ദൈവത്തിന്റെ മഹിമയ്ക്കായി സകല നാവും ഏറ്റുപറകയും ചെയ്യത്തക്കവിധം, ദൈവം അവിടത്തെ വളരെ ഉയർത്തുകയും സകല നാമങ്ങളെക്കാൾ ശ്രേഷ്ഠമായ നാമം അവിടത്തേക്കു കൊടുക്കുകയും ചെയ്തു.

## 89

## പുതുഞായറാഴ്ച
## വി.കുർബ്ബാന

**ഹേവോറെ തിങ്കളാഴ്ചയുടെ വായനകൾ തന്നെ.**

**മാർ തോമാശ്ലീഹായുടെ ഓർമ്മയ്ക്കും ഇവ തന്നെ.**

*(1 പത്രോസ് 2:19–25)*

*ദുഃഖവെള്ളി സ്ലീബാവന്ദനവ് കാണുക*

*(2 തീമൊ. 2:1–13)*

*ആകയാൽ എന്റെ പുത്രാ! യേശുമിശിഹായിൽ നിന്നുള്ള കൃപയാൽ നീ ശക്തിപ്പെടുക. അനേക സാക്ഷികളുടെ മുമ്പാകെ നീ എന്നിൽ നിന്നു കേട്ട സംഗതികൾ, മറ്റുള്ളവർക്കും ഉപദേശിപ്പാൻ പ്രാപ്തിയുള്ള വിശ്വസ്തരായ ആളുകളെ ഭരമേല്പിക്കുക. യേശുമിശിഹായുടെ ഉത്തമ ഭടൻ എന്നപോലെ ഞെരുക്കങ്ങൾ സഹിക്കുക. തന്നെ തിരഞ്ഞെടുത്തവനെ പ്രസാദിപ്പിക്കുവാനായി, ഏതു യോദ്ധാവും (മറ്റു) ലോക കാര്യങ്ങളിൽ ഉൾപ്പെടാതിരിക്കുന്നു. ഒരുവൻ പോരാടുന്നപക്ഷം, അവന്റെ പോരാട്ടം നിയമാനുസരണമല്ലെങ്കിൽ കിരീടം കിട്ടുകയില്ല. പ്രയത്നിക്കുന്ന കർഷകനാണ് ആദ്യമേ ഫലം അനുഭവിക്കേണ്ടത്. ഞാൻ പറയുന്നത് മനസ്സിലാക്കുക. നമ്മുടെ കർത്താവ് സകലത്തിലും നിനക്കു പരിജ്ഞാനം നൽകും. എന്റെ ഏവൻഗേലിയോൻപ്രകാരം ദാവീദു സന്തതിയിൽ പെട്ടവനും മരിച്ചവരുടെ ഇടയിൽ നിന്ന് പുനരുത്ഥാനം ചെയ്തവനുമായ യേശുമിശിഹായെ ഓർത്തുകൊൾക. ആ ഏവൻഗേലിയോൻ മൂലം ദുഷ്ക്കർമ്മിക്കു സദൃശമായ ബന്ധനം വരെയുള്ള ഞെരുക്കങ്ങളെ ഞാൻ അനുഭവിക്കുന്നു. എന്നാൽ ദൈവവ*

*ചനം ബന്ധിതമായിട്ടില്ല. ഇതു നിമിത്തം, തിരഞ്ഞെടുക്കപ്പെട്ടവർ നിത്യ മഹത്ത്വത്തോടുകൂടെ യേശുമിശിഹാ മൂലമുള്ള രക്ഷയും പ്രാപിപ്പാൻ വേണ്ടി, ഞാൻ അവർക്കായി സകലവും സഹിക്കുന്നു. ഈ വചനം വിശ്വസനീയമാകുന്നു. അതായത് 'നാം അവിടത്തോടുകൂടെ മരിച്ചെങ്കിൽ, അവിടത്തോടുകൂടിത്തന്നെ ജീവിക്കയും ചെയ്യും. നാം സഹിക്കുമെങ്കിൽ അവിടത്തോടുകൂടി വാഴും. നാം അവിടത്തെ ഉപേക്ഷിച്ചാൽ അവിടന്ന് നമ്മെയും ഉപേക്ഷിക്കും. നാം അവിടത്തെ അവിശ്വസിച്ചാലും അവിടന്ന് സ്വന്ത വിശ്വാസ്യതയോടുകൂടിത്തന്നെ സ്ഥിതി ചെയ്യും. സ്വയം ഉപേക്ഷിപ്പാൻ അവിടത്തേക്കു നിവൃത്തിയില്ല.'*